KOTTAYAM PUBLIC LIBRARY

Call No. MA9 Acc.No. 28462

Author. ഗോപാലകൃഷ്ണപിള്ള K.N

Title കെ. സി. കേശവപിള്ളയുടെ
ലഘുകൃതികൾ

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# കേ. സീ. കേശവപിള്ളയുടെ
# ഖണ്ഡകൃതികൾ

(Malayalam)

# MINOR POEMS OF K. C. KESAVA PILLAI

*Edited*
*by his son*
**K. N. GOPALA PILLAI M. A.**

*Publishers:*
Sree Rama Vilasam Press & Book Depot
Quilon.

*Copyright to Publishers.*

Ist Impression June 1966.
Copies 1000.

Printed at S. R. V. Press, Quilon.

**Price Rs. 5.**

28462.

# കെ. സീ. കേശവപിള്ളയുടെ

# ഖണ്ഡകൃതികൾ

KOTTAYAM PUBLIC LIBRARY * KOTTAYAM.

പ്രസാധകൻ:

കെ. എൻ. ഗോപാലപിള്ള എം. ഏ.

പ്രകാശകർ:

ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ,

കൊല്ലം.

ഒന്നാംപതിപ്പ് - കാപ്പി 1000

[പകർപ്പവകാശം പ്രകാശകർക്ക്]

വില രൂപ 5.

# കേ. സീ. കേശവപിള്ള

(ജനുവരി 1868 — സെപ്റ്റംബർ 1913)

## കൃതികൾ

**A കഥകളി:**

ഹിരണ്യാസുരവധം
ശൂരപത്മാസുരവധം
ശ്രീകൃഷ്ണവിജയം

**B സംഗീതകൃതികൾ:**

സ്തവരത്നാവലി
സംഗീതമഞ്ജരി
ഈശ്വരസ്തോത്രം
ഗാനമാലിക ഒന്നാംഭാഗം
ഗാനമാലിക രണ്ടാംഭാഗം
അഭിനയഗാനമാലിക
സംഗീതമാലിക

**C പദ്യകൃതികൾ:**

പാർവ്വതീസ്വയംവരം
അമ്മാനപ്പാട്ട്
രുഗ്മിണീസ്വയംവരം
കമ്പടികളിപ്പാട്ട്
വൃകാസുരവധം—വഞ്ചിപ്പാട്ട്
സുരതവിധി—പാന
നാരായണനാമമാഹാത്മ്യം
കിളിപ്പാട്ട്
രാസക്രീഡ–ഊഞ്ഞാൽപ്പാട്ട്
കവിസമാജയാത്രാശതകം
കൊല്ലം പ്രദർശനവർണ്ണനം
ഭാഷാനാരായണീയം
സുഭാഷിതരത്നാകരം
ആങ്ഗലസാമ്രാജ്യം

**മഹാകാവ്യം:**

കേശവീയം

**ഖണ്ഡകൃതികൾ:**

ആസന്നമരണചിന്താശതകം
ശ്രീകാശിയാത്രാശതകം
ശാന്തിവിലാസം
ഷഷ്ടിപൂർത്തിഷഷ്ടി
മാനസോല്ലാസം
സാഹിത്യവിലാസം

**വ്യാഖ്യാനങ്ങൾ:**

ലക്ഷ്മണോപദേശം
അക്ബർ
ശ്രീകൃഷ്ണചരിതം മണിപ്രവാളം
ഒന്നും രണ്ടും സർഗ്ഗം
പഞ്ചതന്ത്രം രണ്ടാംതന്ത്രം

**തുള്ളൽപാട്ടുകൾ:**

മംഗല്യധാരണം
പള്ളിക്കെട്ടുവർണ്ണനം

**നാടകങ്ങൾ:**

രാഘവമാധവം
ലക്ഷ്മീകല്യാണം
സദാരാമ
വിക്രമോർവ്വശീയം

**കഥകൾ:**

സന്മാർഗ്ഗകഥകൾ
മാലതി

★

കേരളത്തിൽ മഹാകാവ്യപ്രസ്ഥാനം അതിന്റെ തനിരൂപത്തിൽ ഉടലെടുക്കുന്നതിനുമുൻപ് എഴുതപ്പെട്ടവയാണു് ഇതിലെ ഖണ്ഡകൃതികൾ മിക്കതും. ഖണ്ഡകാവ്യം അന്നു് വ്യവസ്ഥാപിതമായ ഒരു രൂപം കൈക്കൊണ്ടിരുന്നില്ല. പ്രഖ്യാതങ്ങളായ കഥാഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു് പലരും ഖണ്ഡകൃതികൾ എഴുതിവന്നിരുന്നതു്. ചുരുക്കം ചില കവികൾ നൂതനവിഷയങ്ങളിൽ ശ്രദ്ധപതിച്ചു. ഈ സമാഹാരത്തിലെ പല കവിതകളും ആ വർഗ്ഗത്തിൽപെട്ടവയാണു്. ശ്രീകാശിയാത്ര മലയാളത്തിൽ ആദ്യമായുണ്ടായ യാത്രാവിവരണഗ്രന്ഥമാണെന്നു തോന്നുന്നു. ആസന്നമരണചിന്താശതകം തികച്ചും സ്വതന്ത്രംതന്നെ. ഷഷ്ടിപൂർത്തിഷഷ്ടിയും തഥൈവ. ഖണ്ഡകാവ്യത്തിനു് താരതമ്യേന കൂടുതൽ പ്രചാരം സിദ്ധിച്ച കാലത്തു് എഴുതപ്പെട്ടതാണു് സാഹിത്യവിലാസം. അതു സാഹിത്യമഞ്ജരികൾക്കും മററും വഴിതെളിച്ചു. അങ്ങനെ ഖണ്ഡകാവ്യപ്രസ്ഥാനം സമ്പന്നമായി മുൻപോട്ടു ഗമിച്ചുവരികയാണു്.

വളരെക്കാലമായി അച്ചടിയില്ലാതിരുന്ന ഇതിലെ ചില കൃതികൾ തേടിപ്പിടിക്കാൻ ഒട്ടു പരിശ്രമം വേണ്ടിവന്നു. അവ ബാല്യകൃതികളാണെങ്കിലും സാഹിത്യത്തിനു് അവശ്യം വേണ്ട മുതൽക്കൂട്ടുകളാണെന്നു തോന്നുന്നു.

K. N. Gopala Pillai.

January 1964.

# വിഷയവിവരം


| | | | | പുറം |
|---|---|---|---|---|
| 1. | ജീവചരിത്രസംഗ്രഹം | | | 9 |
| 2. | ആസന്നമരണചിന്താശതകം | കൊല്ലവർഷം | 1070 | 51 |
| 3. | ശ്രീകാശിയാത്രാശതകം | ,, | 1072 | 91 |
| 4. | ശാന്തിവിലാസം | ,, | 1073 | 153 |
| 5. | നീതിവാക്യങ്ങൾ | ,, | 1075 | 173 |
| 6. | ഷഷ്ടിപൂർത്തിഷഷ്ടി | ,, | 1080 | 193 |
| 7. | മാനസോല്ലാസം | ,, | 1082 | 213 |
| 8. | സാഹിത്യവിലാസം | ,, | 1087 | 277 |



കേ. സീ. കേശവപിള്ള

ശ്രീ

# കേ. സീ. കേശവപിള്ള അവർകളുടെ ജീവചരിത്രം.

ജീവിച്ചിരിക്കുന്ന പശുവിൻെറ മുന്നാഴിപ്പാലിനെ മൂഴക്കാക്കി അളക്കുന്ന മനുഷ്യൻ "ചത്ത പശുവിൻെറ മുക്കുടം പാലിനെ"ക്കുറിച്ച് ദുഃഖിക്കണമെന്നതന്നെയാണു പ്രകൃതിയുടെ ശിക്ഷാനിയമം. ഈ നിയമത്തിലെ ശിക്ഷാവിധികളെ മനുഷ്യസന്തതികൾ ധാരാളം ഇപ്പോൾ അനുഭവിച്ചുകഴിഞ്ഞിട്ടുണ്ടെന്നുള്ളതിലേയ്ക്കു 'മ: ഭാ: ച:' മുതലായ റിപ്പോർട്ടുകൾ "അത്താറട്ടി"കളാണ്. ഈ ശിക്ഷാനിയമത്തിൽനിന്നു് രക്ഷകിട്ടണമെന്നു വിചാരിച്ചു് യഥാകാലം "വെള്ളിക്കോലാദികൾ നാഴികളും എല്ലാം കണക്കിനു തുല്യമാക്കി"വയ്ക്കാൻ ശ്രമിക്കുന്നവർ മഹാബലികളായിരുന്നാൽത്തന്നെയും സകലത്തിനും സങ്കോചവികാസങ്ങൾ വരുത്താൻ പ്രാപ്തന്മാരായ വാമനന്മാരിൽനിന്നു പീഡയുണ്ടാകയില്ലെന്നു് എന്താണു് നിശ്ചയം? കുന്നിശക്കച്ചവടമായാലും വില താഴ്ത്തിക്കിട്ടിയാൽ കൊള്ളാമെന്നു് അന്യായമായ സ്വകാര്യലാഭം മോഹിക്കുന്ന പറവുവരവുകാരന്മാർ കള്ളത്താപ്പുകളെ നാനാവിധമായി ഉപയോഗിച്ചു് കണക്കു പിണക്കാൻ ഉത്സാഹിക്കുന്നതു് പതിവാണല്ലോ. പക്ഷേ കേ. സീ. കേശവപിള്ള അവർകളുടെ മണിപ്രവാളവ്യാപാരത്തെ സൂക്ഷിച്ചു പരിശോധിച്ചിട്ടുള്ള പലരും അതിലുള്ള മണികളെ മുദ്രപ്പറവച്ചു് അളന്നു് കണക്കുകൾ തിട്ടപ്പെടുത്തി റിക്കാർഡാക്കീട്ടുണ്ടു്. "സരസഗായകകവിമണി" എന്നു് കവിസാർവ്വഭൗമനിൽനിന്നു് കല്പിച്ചുകിട്ടിയ സ്ഥാനപ്പേരിന്നു് അക്ഷരംപ്രതി അർഹനായ കേശവപിള്ള അവർകളുടെ മണിപ്രവാളവ്യാപാരചരിത്രത്തിൽ എൻെറ സ്വന്തമായ "മൂഴക്കോലും മുളനാഴിയും" ഉപയോഗിക്കാതെ

മേല്പറഞ്ഞ മുദ്രപ്പറക്കണക്കുകളെത്തന്നേ മുദ്രപ്പടി പ്രസ്താവിച്ചുകൊണ്ടാൽ വാമനപീഡയുണ്ടായാൽത്തന്നെയും അവസാനം മോക്ഷമുണ്ടെന്നു ധൈര്യപ്പെട്ടുകൊള്ളാമല്ലോ.

1076-ാമാണ്ടിനിടയ്ക്കു്, അന്നു മലയാളമനോരമയുടെ പത്രാധിപരായിരുന്ന കെ. ഐ. വറുഗീസുമാപ്പിള അവർകൾ കേശവപിള്ള അവർകളുടെ ജീവചരിത്രം മനോരമയിൽ പ്രസിദ്ധീകരിക്കാനായി എഴുതിഅയച്ചുകൊടുക്കണമെന്നു് എന്നോടാവശ്യപ്പെട്ടു. അതനുസരിച്ചു് ഒന്നെഴുതി അയയ്ക്കുകയും, അതിനെ ഒന്നുകൂടി വിസ്തരിച്ചു് ആയിടയ്ക്കു തന്നെ എഴുതിത്തീർക്കുകയുംചെയ്തു. പക്ഷേ അതിനെ പ്രസിദ്ധീകരിക്കാൻ ഇടയായില്ല. അതിൽ ആവശ്യമുള്ള ഭേദഗതികൾമാത്രം അവിടവിടെ ചെയ്തും 76-ാമാണ്ടേയ്ക്കിപ്പുറമുള്ള സംഭവങ്ങളെയുംകൂടി യഥാസന്ദർഭം കൂട്ടിച്ചേർത്തും എഴുതീട്ടുള്ളതാണു് ഈ ജീവചരിത്രസംക്ഷേപം.

ജീവിച്ചിരിക്കുന്ന ഒരാളുടെ ചരിത്രം തല്ക്കാലീനന്മാരായി ജീവിച്ചിരിക്കുന്ന ആളുകളെയല്ല അധികം രസിപ്പിക്കുന്നതു്. ഇതിനു കാരണം അവർക്കു് ജീവചരിത്രത്തിൽനിന്നു തന്നെ അറിയേണ്ട സംഗതികൾ വളരെക്കുറച്ചുമാത്രം ഉള്ളതായിരിക്കാം. എന്നാൽ സമാനകാലീനന്മാരുടെ ചരിത്രഗ്രഹണത്തിൽ കൗതുകമുള്ളവരും അനേകരുണ്ടു്. ഇതിനുകാരണം അവർക്കു് സമാനകാലീനന്മാരുടെ ഉൽക്കർഷത്തിൽ അനുമോദിക്കുന്നതിനുള്ള ഉൽസുകതയായിരിക്കാം. എങ്ങനെയായിരുന്നാലും ഇതരന്മാരുടെ അസൂയയേയും അതിക്രമിക്കയാൽ സർവ്വസമ്മതമെന്നു് സംശയംകൂടാതെ പറയാവുന്ന സരസകവിതചത്തെ സമ്പാദിച്ചിട്ടുള്ള ഒരു കവിസത്തമന്റെ ജീവചരിത്രം എല്ലാവർക്കും ഒരുപോലെ രസകരമായിവരാനേ വകയുള്ളു എന്നാണു് എന്റെ വിശ്വാസം. അങ്ങനെയുള്ള അപൂർവ്വം ചില മഹാകവികളിൽ ഒരാളായ കേ. സീ. കേശവപിള്ള അവർകളുടെ ജീവ

ചരിത്രത്തിൻെറ ഒരു സംഗ്രഹമാകുന്നു ഞാൻ ഇപ്പോൾ മഹാജനസമക്ഷം സമൎപ്പിക്കാൻ ഭാവിക്കുന്നതു്. ജീവിച്ചിരിക്കുന്ന ഒരാളുടെ ചരിത്രം ജീവചരിത്രമാകുമോ എന്നു സംശയിക്കുന്നവരുണ്ടെങ്കിൽ അവർ കേശവപിള്ള അവൎകളുടെ ജീവിതത്തിൽ ഒരു ദശവരെയുള്ള ചരിത്രഖണ്ഡമായി ഇതിനെ വിചാരിച്ചുകൊണ്ടാൽമതി.

ഈ ജീവചരിത്രം എഴുതാൻ എന്നെ പ്രേരിപ്പിച്ച കാരണങ്ങൾ ഒന്നുരണ്ടല്ല. ആദ്യം കേവലം വാസന കൊണ്ടും പിന്നീടു് ഐദംപൎയ്യേണയുള്ള പരിശ്രമത്താൽ ലബ്ധമായ അഭ്യാസബലംകൊണ്ടും ഉത്തരോത്തരം ഉൽകൃഷ്ടതരങ്ങളായ സ്വകീയകൃതികളാൽ "വാസനാസഹകൃതമായ അഭ്യാസംകൊണ്ടു് കവിതയ്ക്കു് എത്രമാത്രം ശ്ലാഘ്യത" വരുത്താമെന്നും, നിസ്തന്ദ്രതകൂടി ഉണ്ടെങ്കിൽ സ്വദേശീയൎക്കും സ്വഭാഷയ്ക്കും എത്രമാത്രം ഗുണം ചെയ്യാമെന്നും നമുക്കു് ദൃഷ്ടാന്തപ്പെടുത്തിത്തന്നിരിക്കുന്ന കേശവപിള്ള അവൎകളുടെ ശ്രമത്തെ ഇതരന്മാർ അറിയാതിരിക്കുന്നില്ലെന്നു് അദ്ദേഹത്തെത്തന്നെ ഗ്രഹിപ്പിച്ചു് ഈ വിഷയത്തിൽ അദ്ദേഹത്തെ വേണ്ടപോലെ പ്രോത്സാഹിപ്പിക്കണമെന്നുള്ള മോഹമാണു് എന്നെ ഇതെഴുതുന്നതിലേയ്ക്കു് ആദ്യമായി പ്രേരിപ്പിച്ചതു്. സ്വദേശാഭിമാനം സ്വദേശീയനായ ഒരാളുടെ ചരിത്രം എഴുതുന്നതിൽ എല്ലാവരെയും പ്രോത്സാഹിപ്പിക്കുന്ന ഒന്നാകയാൽ എന്നെ പ്രേരിപ്പിച്ച കാരണങ്ങളിൽ ഒന്നാക്കി ഞാൻ അതിനെ പറയുന്നില്ല. വാസനാബലം ധാരാളം ഉണ്ടായിരുന്നതിനാൽ സുപ്രാപമായിരുന്ന ഒരു അനന്യസുലഭമായ കവിയശസ്സിനെ അപൂൎണ്ണകൃതികളാൽ അപൂൎണ്ണമാക്കിത്തീൎത്തുകൊണ്ടു് ഇഹലോകത്തിൽനിന്നു് നിഷ്ക്രാന്തന്മാരായിഭവിച്ച വെണ്മണി നമ്പൂരിപ്പാട്ടു്, കൃഷ്ണൻവൈദ്യൻ മുതലായവരെപ്പോലെ "ഒന്നാംതരമൊരുമടിയാണേതിലും കാതലിമ്മേ" എന്നു്

തന്നെത്താൻ ശകാരിക്കുന്നതിൽ കൃതാൎത്ഥത ഭാവിക്കാത്ത സാക്ഷാൽകവികൾ സോത്സാഹന്മാരായിരുന്നാൽ ഭാഷയ്ക്കും തന്മൂലം ജനസമുദായത്തിനും എത്രമാത്രം ഗുണംചെയ്യാൻ കഴിയുമെന്നുള്ളതിലേയ്ക്കു് ഈ കവിയുടെ ചരിത്രം ഒരു നല്ല ദൃഷ്ടാന്തമാകയാൽ "കവിജാതിക്കു് പ്രത്യേകിച്ചും അസുലഭമായും" കവിയശഃപ്രാൎത്ഥികളാൽ അനുകരണീയമായും ഉള്ള ഒരു കാൎയ്യം ഈ ചരിത്രത്തിൽനിന്നു് അവൎക്കു് ഗ്രഹിക്കാമെന്നുള്ളതു് എന്നെ ഈ പ്രവൃത്തിക്കു വേണ്ടുവോളം ഉത്സാഹിപ്പിച്ചിട്ടുണ്ടു്. ഇപ്പോൾതന്നെ "നിലനില്ക്കുന്നതായ കവിപ്രതിഷ്ഠയെ ലഭിച്ചിരിക്കുന്ന" ഇദ്ദേഹത്തിന്റെ ജീവചരിത്രം എപ്പോഴെങ്കിലും കേരളീയൎക്കു് ജിജ്ഞാസാജനകമായി ഭവിക്കുമെന്നുള്ളതു് നിശ്ചയംതന്നെ. അങ്ങനെ ജിജ്ഞാസ ജനിക്കാവുന്ന ഭാവിസന്തതികൾ യക്ഷികഥകളും ഐതിഹ്യങ്ങളും അനുമാനങ്ങളുംകൊണ്ടു ബുദ്ധിമുട്ടാതെയും, ചിന്താമണിമന്ത്രവും ദേവികൊടുത്ത പഴവും പഴത്തിന്റെ തൊലിയുംകൊണ്ടു് തൃപ്തരാകാതെയും ഇരിക്കാൻ വാസ്തവചരിത്രത്തെ എഴുതിവയ്ക്കേണ്ടതു് ഇപ്പോഴുള്ളവരുടെ ചുമതലയും ആണല്ലോ. അതുകൊണ്ടാണു് "കേശവകവിശ്രേഷ്ഠ"ന്റെ ജീവചരിത്രത്തിൽ എനിക്കറിയാവുന്നിടത്തോളം സംഗതികളെ ഈവിധം കുറിച്ചുവയ്ക്കാമെന്നു് നിശ്ചയിച്ചതു്.

**കുടുംബം, ജനനം മുതലായവ:—**

കേ. സീ. കേശവപിള്ള അവൎകളുടെ സ്വദേശവും ജനനസ്ഥലവും കൊല്ലം പരവൂർ ആകുന്നു. ഇദ്ദേഹത്തിന്റെ കുടുംബം ശങ്കരൻചെമ്പകരാമൻ എന്ന സൎവ്വാധികാൎയ്യക്കാരുടെ ജനനത്താൽ അതിപ്രസിദ്ധിയെ സമ്പാദിച്ചിട്ടുള്ള 'വാഴവിള'വീടാകുന്നു. വാഴവിളവീട്ടുകാൎക്കു് "കണക്കു്" എന്നും, "ചെമ്പകരാമൻ" എന്നും രണ്ടു സ്ഥാനപ്പേരുകൾ ഉണ്ടെന്നുപറഞ്ഞാൽത്തന്നെ ഇതു് ഒരു ഉൽകൃഷ്ടകുടുംബ

മാണെന്നു് എല്ലാവൎക്കും ഊഹിക്കാമല്ലോ. ഈ കുടുംബത്തിൽ 1017-ാമാണ്ടു് ലക്ഷ്മിഅമ്മ എന്നൊരു സ്ത്രീ ജനിച്ചു. സുശീലയായ ഈ അമ്മയെ പരവൂർ വലിയവെളിച്ചത്തു വീട്ടിൽ രാമൻപിള്ള എന്നയാൾ 1035-ാമാണ്ടിൽ വിവാഹംചെയ്തു ഈ രാമൻപിള്ള അവർകൾ നല്ല ബുദ്ധിമാനും ധൎമ്മതല്പരനും ആയ ഒരാളായിരുന്നു. ഇദ്ദേഹത്തിനു കുറേക്കാലം പാൎവ്വത്യം മുതലായ ജോലികൾ ഉണ്ടായിരുന്നു. ഈ ദമ്പതിമാരുടെ ദ്വിതീയപുത്രനായി കേ. സീ. കേശവപിള്ള അവർകൾ 1043-ാമാണ്ടു് മകരമാസം 22-ാംതീയതി രോഹിണീനക്ഷത്രത്തിൽ ജനിച്ചു.

## വിദ്യാഭ്യാസവും കവിതാരംഭവും:-

അഞ്ചുവയസ്സിൽ വിദ്യാരംഭം ചെയ്യിക്ക എന്നുള്ള സാധാരണനടപ്പിനെ പ്രമാണിച്ചു് കേശവപിള്ള അവൎകളെ അഞ്ചാമത്തെ വയസ്സിൽ പരവൂർ സൎക്കാർ മലയാം പള്ളിക്കൂടത്തിൽ വിദ്യാരംഭം ചെയ്യിച്ചു. ഇപ്പോൾ സിദ്ധിച്ചിരിക്കുന്ന ശ്രേയസ്സിനെക്കുറിച്ചു് അപ്പോൾ അശേഷം ആശംസയില്ലായിരുന്നു. എങ്കിലും വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങളെ സൂക്ഷ്മമായി ഗ്രഹിച്ചിരുന്ന പിതാവിന്റെ അന്വേഷണംകൊണ്ടും സ്വാഭാവികമായ ബുദ്ധിശക്തികൊണ്ടും അചിരേണ ഗുരുക്കന്മാരുടെ വാത്സല്യത്തിനു പാത്രമായി ഭവിക്കത്തക്കവണ്ണം ഈ ബാലൻ വിദ്യയിൽ വൎദ്ധിച്ചുവന്നു. ഇങ്ങനെയുള്ള ഒരു ബാലനു് പ്രായേണ എല്ലാ ക്ലാസുകളിലേയും പ്രഥമസമ്മാനം ലഭിച്ചുവന്നതിനെക്കുറിച്ചു് ആശ്ചൎയ്യപ്പെടാനില്ലല്ലോ. പത്തോ പതിനൊന്നോ വയസ്സുവരെ ബാല്യകാലവിദ്യാഭ്യാസത്തിൽ സൎക്കാർപാഠശാലയിൽ കഴിച്ചുകൂട്ടിയശേഷം ക്രമമായി യാതൊരു ഗുരുവിന്റേയും ശിക്ഷയിലല്ലാതെ സ്വയം രാമായണാദിഗ്രന്ഥങ്ങളെ പരിശീലിച്ചുതുടങ്ങി. ഭക്തിയും കവിതാവാസനയും കുറച്ചൊരു രസികത്വവുംകൂടിയുള്ള ഒരു ഹിന്ദുബാലന്റെ ഹൃദയത്തെ

ഇത്ര ബലമായി ആകൎഷിക്കുന്ന ഒരു ഗ്രന്ഥം രാമായണം പോലെ വേറെ ഒന്നില്ല. വിശേഷിച്ചും, സംഗീതത്തിൽ കൂടി അല്പം വാസനയുള്ളവൎക്ക് ഒരിക്കലും ഒഴിച്ചുവയ്ക്കാൻ മനസ്സുവരാത്തവണ്ണം ദൃഢമായ ഒരു പ്രതിപത്തി ഈ ഗ്രന്ഥത്തെക്കുറിച്ചു തോന്നിപ്പോകുന്നതുമാണു്. ഇത്ര ഉൽകൃഷ്ട മായ ഒരു ഗ്രന്ഥത്തിൽ തൃഷ്ണയോടെ പരിശീലിച്ചതിൻെറ ഫലം ഇദ്ദേഹത്തിനു് താമസിയാതെതന്നെ ലഭിച്ചു. സംഗീതത്തിലുള്ള സഹജവാസനയും, അതിൽ അശ്രമമായി ലഭിച്ച അല്പമായ പരിചയവും, ബാല്യകാലത്തിലെ ഒരു ഉത്സാഹവുംകൂടി ഈ ബാലനെ കഥകളിഭ്രാന്തനാക്കിത്തീൎത്തു. ഇക്കാലത്തെ നാടകജ്വരത്തെക്കുറിച്ചു് അന്നു് ഒരു വാഗ്ഭടനും ഊഹംപോലും ഇല്ലായിരുന്നല്ലോ. എന്നാൽ കഴിയുന്നിടിക്കിലൊക്കെ കഥകളികണ്ടു രസിക്കാനും പാട്ടുകേട്ടു പഠിക്കാനുമായി ഈ കഥകളിഭ്രാന്തു് ബാല്യകാലത്തിൽ ഇദ്ദേഹത്തെ ഓടിച്ചുതുടങ്ങി. കൈയിൽ കിട്ടുന്ന ആട്ടക്കഥകളൊക്കെ വായിച്ചുതുടങ്ങി. ഇങ്ങനെ കുറേനാൾ ചെന്നപ്പോൾ തീരെ സഹിക്കാൻ പാടില്ലാതെയായി. സിദ്ധരൂപത്തിൻെറ ഗന്ധംപോലും ഇല്ല. എങ്കിലും ആട്ടക്കഥ ഒന്നെഴുതുകതന്നെ എന്നു നിശ്ചയിച്ചു. അക്കാലത്തെ നാടകാദ്യം കവിത്വം അതാണല്ലോ.

ഇങ്ങനെ,

"കല്യാണോദധി നിൎജ്ജരാന്വയവരൻ
മല്ലാരിഭക്തോത്തമൻ
സ്വൎല്ലോകാധിപനംബുസംഭവസുതാ-
കാന്താഗ്രജൻതാൻ നിജ
കല്യാണാംഗികളായ വല്ലഭകളോ-
ടുല്ലാസമോടാശു തൻ
സ്വൎല്ലോകേ സുഖമോടു വാണിതു
......................."

എന്നു തുടങ്ങി "പ്രഹ്ലാദചരിതം" എന്ന പേരോടുകൂടി ഒരാട്ടക്കഥ എഴുതിത്തുടങ്ങി. 14-ാമത്തെ വയസ്സിൽ കേവലം വാസനകൊണ്ടു് ഇങ്ങനെ കവിത തുടങ്ങിയ ബാലൻ "അഭിനവനാരായണഭട്ടതിരി"യാകുമെന്നു് ഒരു നല്ല ദീർഘദർശിക്കു് അന്നു് ഊഹിക്കാമായിരുന്നു. എന്നാൽ മേൽ കാണിച്ച ശ്ലോകത്തിലെ 'നിജ' 'ആശ്രു' മുതലായ പ്രയോഗങ്ങളെ കണ്ടാൽ സിദ്ധരൂപംപോലും അറിഞ്ഞുകൂടാത്ത ഈ ബാലനെക്കുറിച്ചു് അന്നു് ആരും അങ്ങനെ ഊഹിക്കാതിരുന്നതു് കുററമല്ല. എങ്കിലും ഏററത്താമസിയാതെ സർവ്വസമ്മതനായ ഒരു വിദ്വാൻ ഈ പ്രഹ്ലാദചരിതത്തെ കണ്ടു് തന്നെ ഒരു ദീർഘദർശനം പറയുകയുണ്ടായി എന്നു് വഴിയേ പ്രസ്താവിക്കുന്ന സംഗതിയിൽനിന്നു് വായനക്കാർക്കു ഗ്രഹിക്കാവുന്നതാണു്.

## സംസ്കൃതാഭ്യസനവും ഒരു ദീർഘദർശനവും:-

പ്രഹ്ലാദചരിതം ആട്ടക്കഥ എഴുതിത്തീർന്നതിനെ പരിശോധിപ്പിക്കാനായി പ്രസിദ്ധവിദ്വാനായ പരവൂർ കേശവനാശാൻ അവർകളുടെ അടുക്കൽ കൊണ്ടുചെന്നു. അഭ്യാസലേശമില്ലാതെ കേവലം വാസനകൊണ്ടു് ഇങ്ങനെ കവിത എഴുതിയതിന്മേൽ ആശാനവർകൾ വളരെ സന്തോഷിക്കയും, കുറെ അഭ്യസിച്ചാൽ നന്നായിരിക്കുമെന്നും, അപ്പോൾ ഈ കവിതയെ സ്വയം പരിശോധിക്കുന്നതിനു് ശക്തനായിത്തീരുമെന്നും ഉപദേശിക്കയുംചെയ്തു. പിന്നെയും ഇദ്ദേഹം കുറേനാൾ കവിതയിൽ ഉദ്യുക്തനായിത്തന്നെ ഇരുന്നു. അതുകണ്ടു് മറെറാരാശാൻ "കേശവനു് കവിതക്കാരനാകണമെന്നാഗ്രഹമുണ്ടു്. പക്ഷേ അതിനു് പഠിച്ചെങ്കിലേ ഒക്കൂ" എന്നു് പരിഹാസമായി പറകയുണ്ടായി. ഇങ്ങനെ ഒരാശാന്റെ പരിഹാസവും മറെറാരാശാന്റെ ഉപദേശവും കൂടിച്ചേർന്നപ്പോൾ ബാലനായ ഈ കവി സംസ്കൃതാദ്ധ്യയനതല്പരനായി ഭവിച്ചു. ഏററത്താമസി

യാതെ കേശവനാശാൻ അവക്കളെ ഗുരുവായി വരിച്ചു. മേഘസന്ദേശം, മാഘം, നൈഷധം, ശാകുന്തളം, കുവലയാനന്ദം ഇത്യാദി സാഹിത്യഗ്രന്ഥങ്ങളിൽ നല്ല പാണ്ഡിത്യം സമ്പാദിച്ചു. തന്മദ്ധ്യേ പതിനാറാമത്തെ വയസ്സിനകം മേല്പറഞ്ഞ പ്രഹ്ലാദചരിതത്തെ സ്വയം പരിഷ്കരിച്ചു് "ഹിരണ്യാസുരവധം" എന്ന പേരോടുകൂടി അച്ചടിക്കാനായി തിരുവനന്തപുരത്തു് അയച്ചു. ആയിടയ്ക്കു് അവിടെ ഇംഗ്ലീഷുപഠിച്ചുകൊണ്ടിരുന്ന പരവൂർ നാണുപിള്ള ബി.എ. അവക്ൾ ഈ കൃതിയെ സ്വഗുരുവായ മുൻഷി രാമക്കുറുപ്പു് ബി എ. അവക്കളെ കാണിക്കയും, അദ്ദേഹം അതിനെ വായിച്ചുണ്ടായ സന്തോഷാതിശയത്തെ താഴെക്കാണിക്കുന്ന വാചകങ്ങളാൽ രേഖപ്പെടുത്തുകയും ചെയ്തു.

"I think the author of this book will one day be able to astonish us with excellent poetry, if he busily works in the field of such compositions. The little of this, I have gone through, has very favourably impressed me."

തർജ്ജമ

"ഈ പുസ്തകകർത്താവു് ഇപ്രകാരമുള്ള കവിതകളിൽ മേലും നല്ലവണ്ണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നതായാൽ ഒരിക്കൽ ഏററവും ശ്രേഷ്ഠമായ കവിതകൊണ്ടു് നമ്മെ വിസ്മയിപ്പിക്കുന്നതിനു് ശക്തനായി ഭവിക്കുമെന്നു് ഞാൻ വിചാരിക്കുന്നു. ഇതിൽ സ്വല്പഭാഗം ഞാൻ വായിച്ചുനോക്കിയതിൽ അതു് എനിക്കു് വളരെ ഹൃദയംഗമമായിത്തീന്നിരിക്കുന്നു."

ഇപ്രകാരം സർവ്വസമ്മതനായ രാമക്കുറുപ്പവക്ളാൽ രേഖപ്പെടുത്തപ്പെട്ട ദീർഘദർശനം ഇപ്പോൾ എത്ര സാർത്ഥകമായി ഭവിച്ചിരിക്കുന്നു എന്നു് ഇദ്ദേഹത്തിൻെറ രസവത്തരങ്ങളായ കൃതികളെ വായിച്ചിട്ടുള്ളവക്കു് സ്പഷ്ടമായി

അറിയാവുന്നതാണ്. ആയിടയ്ക്കുണ്ടാക്കിയ ചില ചെറിയ കൃതികളുടെ വിവരം ഇദ്ദേഹത്തിൻെറ കവിതകളുടെ ശേഖരത്തിൽ പ്രസ്താവിക്കുന്നതാണ്.

## ഇംഗ്ലീഷുപഠിത്തവും സംസ്കൃതത്തിൽ ഉപരിഗ്രന്ഥപരിശീലനവും സംഗീതാഭ്യസനവും:—

കേശവനാശാൻ അവർകളുടെ പഠിത്തം നിറുത്തിയ ശേഷം കുറേനാൾ ഒരു വാദ്ധ്യാരോട്ട് ഇദ്ദേഹം ഇംഗ്ലീഷു പഠിച്ചു. ഇതിൽ പറയത്തക്ക പാടവം ഉണ്ടാകുംമുൻപേ ആ വാദ്ധ്യാരുടെ അടുക്കൽനിന്നു 'ഏട്ടുകെട്ടി' എങ്കിലും കാലാവസ്ഥയ്ക്ക് അതു് പോരാ എന്നു നിശ്ചയിച്ച് കുറേക്കാലം കഴിഞ്ഞു് മറെറാരു വാദ്ധ്യാരെവെച്ച് ദിവസംപ്രതി ഒരുമണിക്കൂർവീതം ഇംഗ്ലീഷ് പഠിച്ചുവന്നു. ഇപ്പോഴും ഇംഗ്ലീഷുപുസ്തകങ്ങളെ പതിവായി പരിശീലനം ചെയ്തു കൊണ്ടിരിക്കയാണ്. സംസ്കൃതഭാഷ ഒരു വിദ്യാൎത്ഥിയുടെ നിലയിൽ അഭ്യസിച്ചതു് കേശവനാശാൻ അവർകളോടാ യിരുന്നു എങ്കിലും,

> 'ആചാൎയ്യാൽ പാദമാദത്തേ
> പാദം ശിഷ്യഃ സ്വമേധയാ
> പാദം സബ്രഹ്മചാരിഭ്യഃ
> പാദം കാലക്രമേണ തു.'

എന്നുള്ള ആപ്തവാക്യമനുസരിച്ചാണ് കേശവപിള്ള അവർകൾ സംസ്കൃതഭാഷാഭ്യസനം ചെയ്തുകൊണ്ടിരുന്നതും ഇരിക്കുന്നതും. എണ്ണയ്ക്കാട്ടു രാജരാജവൎമ്മ (കുഞ്ഞാരു) തമ്പുരാൻ തിരുമനസ്സിലെ അടുക്കൽനിന്നു് ചില ഉപരിഗ്രന്ഥങ്ങൾ കൂടി ഇദ്ദേഹം വായിച്ചിട്ടുണ്ടു്. ഈ തമ്പുരാൻ ഇദ്ദേഹത്തിൻെറ ഭാൎയ്യയുടെ ജ്യേഷ്ഠത്തിയുടെ ഭൎത്താവായിരുന്നതു് ഇതിന്നൊരു നല്ല സൗകൎയ്യമായിത്തീരുകയുംചെയ്തു. ഇതുകൊണ്ടും ഇദ്ദേഹം തൃപ്തനാകാതെ കൊല്ലം ഹൈസ്കൂളിൽ

മുൻഷിയായിരിക്കുമ്പോൾ ഒരു ശാസ്ത്രികളുടെ അടുക്കൽ ദിവസംപ്രതി ഒരുമണിക്കൂർവീതം സംസ്കൃതം പഠിച്ചുവന്നു. തിരുവനന്തപുരത്തു് താമസമായതിൽപ്പിന്നെ കേരളപാണിനി മുതലായ പണ്ഡിതാഗ്രേസരന്മാരോടുള്ള നിത്യസഹവാസത്താൽ സംസ്കൃതഭാഷ മിക്കവാറും മാതൃഭാഷപോലെ തന്നെ ഇദ്ദേഹത്തിനു് സ്വാധീനമായിട്ടുണ്ടു്. മലയാളഭാഷയിലുള്ള നൈപുണ്യത്തെ ഇദ്ദേഹത്തിൻെറ കൃതികൾ പ്രതിപാദിച്ചുകൊള്ളുന്നതാണു്. സംഗീതം അഭ്യസിച്ചതു് ഒരു പ്രത്യേകഗുരുവിൻെറ അടുക്കൽനിന്നല്ല. ഒരു വലിയ 'ഭാഗവത'രായിട്ടില്ലെങ്കിലും ചില ഭാഗവതരന്മാൎക്കു് പതിവുള്ള ഗോഷ്ഠികളൊന്നുംകൂടാതെ യോഗ്യന്മാൎക്കൊക്കെ സമ്മതമാകത്തക്കവണ്ണം കൎണ്ണാനന്ദകരമായി പാടാൻതക്ക വൈഭവം അപ്പോഴപ്പോഴായി പല യോഗ്യന്മാരായ ഗായകന്മാരുടെ അടുക്കൽനിന്നു് ഇദ്ദേഹം കുറേശ്ശെ സമ്പാദിച്ചിട്ടുണ്ടു്. മൂത്തകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഒരു വലിയ സദസ്സിൽവെച്ചു് ഇദ്ദേഹത്തിൻെറ പാട്ടുകേട്ടു് താഴെപ്പറയുംപ്രകാരം അരുളിച്ചെയ്കയുണ്ടായി:

"ഒരു സംഗതിയെക്കുറിച്ചു് ഉണ്ടാകുന്ന കേൾവിയിൽ അതിൻെറ അവസ്ഥ ഇന്ന സ്ഥിതിയിലെന്നു് ഊഹിക്കപതിവാണു്. പിന്നീടു് അതു് പ്രത്യക്ഷത്തിൽവരുമ്പോൾ മുൻപിൽ വിചാരിച്ചിരുന്നിടത്തോളം ഇല്ലെങ്കിൽ സ്വല്പം അതൃപ്തിതോന്നും. വിചാരിച്ചപോലെ ആയിരുന്നാൽ സന്തോഷം ഉണ്ടാകും. വിചാരിച്ചതിലും അധികമായിരുന്നാൽ ആശ്ചൎയ്യമാണുണ്ടാകുന്നതു്. ഇതിൽ മൂന്നാമത്തെ സ്ഥിതിയാണു് കേശവപിള്ളയുടെ പാട്ടുകേട്ടതിൽ എനിക്കുണ്ടായതു്. നല്ലവണ്ണം അഭ്യസിച്ച ഗുണം കാണ്മാനുണ്ടു്."

ഒരു വലിയ സംഗീതജ്ഞനായ ഈ തമ്പുരാൻെറ അഭിപ്രായത്തിനു് വിലവെയ്ക്കാമെങ്കിൽ സംശയിക്കാനെ

ന്നുള്ളൂ?) ഇദ്ദേഹത്തിന്ന് സംഗീതത്തിലും ഗണ്യമായ നൈപുണ്യം ഉണ്ടെന്നുതന്നെ തീൎത്തുപറയാവുന്നതാണ്. ഇനി ഞാൻ പറയാൻപോകുന്നതു് ഒരു നിസ്സാരകാൎയ്യമാണ്. എങ്കിലും എനിക്കു് പറയാതെകണ്ടു നിവൃത്തിയില്ല. ഭംഗിയായി അക്ഷരവിന്യാസംചെയ്യുന്നതിന്നു വിദ്വാന്മാരിലും അനേകർ അപ്രാപ്തന്മാരായി കാണുന്നുണ്ടു്. എന്നാൽ ഇദ്ദേഹത്തിന്റെ അക്ഷരവിന്യാസം അതിന്നുള്ള അകൃത്രിമഭംഗികൊണ്ടു് ആൎക്കും കാണ്മാൻ കൗതുകം ജനിപ്പിക്കുന്നമാതിരിയാണെന്നു് നിസ്സംശയം പറയാവുന്നതാണ്.

## ബാല്യകവിതകൾ:-

ഇദ്ദേഹം കവിത ആരംഭിച്ചതു് 14-ാമത്തെ വയസ്സിലാണെന്നു് മുൻപേ പ്രസ്താവിച്ചിട്ടുണ്ടല്ലോ. പ്രഹ്ലാദചരിതം തിരശ്ശീലയ്ക്കുള്ളിൽ ഇരിക്കുമ്പോൾതന്നേ ഇദ്ദേഹം രുഗ്മിണീസ്വയംവരം കമ്പടികളിപ്പാട്ടു്, വൃകാസുരവധം വഞ്ചിപ്പാട്ടു്, പാൎവ്വതീസ്വയംവരം അമ്മാനപ്പാട്ടു് ഇങ്ങനെ ചില ചെറിയ കൃതികളും, വിശേഷിച്ചൊരുഗുണവും കാണ്മാനില്ലാത്ത ചില ഒററശ്ലോകങ്ങളും ഉണ്ടാക്കീട്ടുണ്ടു്. പഠിപ്പൊന്നും ഇല്ലാതിരുന്നിട്ടും ബാല്യകാലത്തിലെ കവിയശഃപ്രാൎത്ഥിതം വിസ്മയിക്കത്തക്കതുതന്നെ. ഇങ്ങനെ വള്ളപ്പാട്ടും തുള്ളപ്പാട്ടുംകൊണ്ടുള്ള ബാലലീലയാൽ അപഹൃതചിത്തയായ 'വാണീദേവത വശ്യയായവരിമാൻകണ്ണാൾ കണക്കു്' ഇദ്ദേഹത്തെ എപ്പോഴും അനുവൎത്തിച്ചുതുടങ്ങിയതിന്മേൽ അത്ഭുതപ്പെടാനില്ലല്ലോ. ഈ കവിയുടെ ബാല്യകവിതകൾ എന്നുള്ള വിശേഷംകൂടാതെ, ഇപ്പോൾ നല്ല വികാസത്തെപ്രാപിച്ചിരിക്കുന്ന സരസതയുടെ സങ്കുചിതങ്ങളായ ചില മുകുളങ്ങളും ഈ പാട്ടുകളിൽ അവിടവിടെ കാണ്മാനുണ്ടു്. ഹിരണ്യാസുരവധം ആട്ടക്കഥയെക്കുറിച്ചു് മുൻപേതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. പിന്നത്തെ കവിത

'സുരതവിധി' പാന എന്നൊരു ചെറിയ ഗ്രന്ഥമാണ്. ഇതു് അഷ്ടാംഗഹൃദയത്തിൽ ഒരു ഭാഗത്തിൻെറ തർജ്ജമയാകുന്നു. ഇതിനെ അച്ചടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടുകൂടി ഇദ്ദേഹത്തിൻെറ ബാല്യകവിതകൾ തീൎന്നു.

പ്രൌഢകൃതികൾ:—

ഇദ്ദേഹത്തിൻെറ പ്രൌഢകൃതികളിൽ പ്രഥമമായിട്ടുണ്ടായതു് 'നാരായണനാമമാഹാത്മ്യം' കിളിപ്പാട്ടാകുന്നു. ഇതിലെ കഥ പ്രസിദ്ധമായ അജാമിളചരിതം ആണ്. നാലദ്ധ്യായങ്ങൾ ഉള്ള ഈ കിളിപ്പാട്ടു്, കിളിപ്പാട്ടുരീതിയിലുള്ള കവിത എഴുതുന്നതിനു് ഇദ്ദേഹത്തിനു് വേണ്ടുവോളം വൈഭവമുണ്ടെന്നു് പ്രത്യക്ഷപ്പെടുത്തുന്നുണ്ടെങ്കിലും അതിൻെറ അവസ്ഥയ്ക്കുതക്കവണ്ണമുള്ള പ്രചാരം ഇനിയും അതിനു സിദ്ധിച്ചിട്ടില്ലെന്നു തോന്നുന്നു. 'രാസക്രീഡ' ഊഞ്ഞാൽപാട്ടും 'ശൂരപത്മാസുരവധം', 'ശ്രീകൃഷ്ണവിജയം' ഈ ആട്ടക്കഥകളും ആകുന്നു പിന്നീടുണ്ടാക്കിയ കവിതകൾ. ആട്ടക്കഥകളിൽ പല ദിക്കിലും അഭിജ്ഞന്മാരെക്കൂടിയും വിസ്മയിപ്പിക്കുന്ന പല ഘട്ടങ്ങളും ഉണ്ടു്.

"നാനാനനനാന്തനനാനാ നനാന്തനാ നനാ നന
നാനാ നനാനോ നാനേനാ നനാനേന നനേ നനഃ"

ഇതു് ശൂരപത്മാസുരവധം ആട്ടക്കഥയിലെ ഒരു ശ്ലോകമാകുന്നു. ഇങ്ങനെ ഏകാക്ഷരത്തിൽ ഒരു പദ്യം മുഴുവനാക്കുന്നതു് പ്രൌഢകവികൾക്കും അത്ര എളുപ്പത്തിൽ സാധിക്കുന്ന ഒരു കാൎയ്യമല്ല. ഈവക കവിതകൾ മററുള്ളവരെ ഭ്രമിപ്പിക്കുന്നതിനു സംസ്കൃതകവികൾക്കുള്ള ജാലവിദ്യകളാകുന്നു. യമകങ്ങളായും മറേറാരോ കൃത്രിമങ്ങൾ ഉള്ളവയായും ഇദ്ദേഹത്തിൻെറവക വളരെ പദ്യങ്ങൾ ഉണ്ടു്. ഇപ്പോൾ ഇങ്ങനെ മോടിവിദ്യയിലുള്ള ഭ്രമം

നീങ്ങി സാക്ഷാൽ കവിതകൊണ്ടുതന്നെ സഹൃദയന്മാരെ രസിപ്പിക്കാനാണു് കേശവപിള്ളഅവർകൾ ഉത്സാഹിച്ചു വരുന്നതു്. ആട്ടക്കഥകൾ മൂന്നും 'അവശ്യം വേണമെന്നു തോന്നിയ സ്വല്പം ചില ഭേദഗതികളോടും' ഒരു മുഖവുരയോടുംകൂടി 'എഴുപത്തിരണ്ടുദിവസത്തെ ആട്ടക്കഥകൾ' എന്ന പുസ്തകത്തിൽ ചേർത്തിട്ടുണ്ടു്.

*സ്വരത്നാവലിയും സംഗീതമഞ്ജരിയും*

കവിതയിൽ നല്ല പഴക്കം വന്നതിന്റെശേഷമാണു് സ്വരത്നാവലിയും സംഗീതമഞ്ജരിയും എഴുതിയതെന്നു് അവ ഒരിക്കലെങ്കിലും വായിച്ചിട്ടുള്ളവൎക്കു് അറിയാവുന്നതാണു്. ഇതിനെക്കുറിച്ചു് വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് താഴെവരുന്നപ്രകാരം എഴുതിയിരിക്കുന്നു:—

സഹൃദയാനുമോദനീയകളായ അനേകം കൃതികളാൽ നിലനിൽക്കുന്നതായ കവിപ്രതിഷ്ഠയെ ഇപ്പോൾതന്നെ ലഭിച്ചിരിക്കുന്ന യുവകവിയായ പരവൂർ കേശവപിള്ളയാൽ ഉണ്ടാക്കപ്പെട്ട സ്വരത്നാവലി, സംഗീതമഞ്ജരി ഈ പുസ്തകങ്ങളെ ഞാൻ വായിച്ചുനോക്കി. ഭാഷയിലും സംസ്കൃതത്തിലുമായി സ്വാതിതിരുനാൾ മഹാരാജാവിന്റേയും ത്യാഗയ്യരുടേയും മററും കീർത്തനങ്ങളുടെ മട്ടിലായിട്ടും, നൂതനമായി ചില ചമല്ക്കാരമുള്ളമാതിരിയിലും ഈ കവി നിർമ്മിച്ചിട്ടുള്ള ഭജനഗാനങ്ങളിൽ കാണുന്ന പദസാരള്യം മാതൃകകളിൽ ഉള്ളതിനെക്കാൾ ഒട്ടും ന്യൂനമായിരിക്കയില്ലെന്നു് നിസ്സംശയമായി പറയാം. ചില സ്ഥലത്തു് അതിനെ അതിശയിക്കുന്നില്ലയോ എന്നുകൂടി സംശയം തോന്നുന്നു. കവിതാഗുണംകൊണ്ടും, അനേകജ്ഞാനോപദേശം പല കീർത്തനങ്ങളിലും അടങ്ങിയിരിക്കുന്നതിനാലും, ഗാനംചെയ്യപ്പെടുമ്പോൾ ഉള്ള ശ്രാവ്യതനിമിത്തവും, ഭക്തിരസം നല്ലവണ്ണം പ്രകാശിക്കുന്നതുഹേതുവായിട്ടും ഈ പാട്ടുകൾ നാനാ

പ്രകാരേണ ജനങ്ങളാൽ ആദരിക്കപ്പെട്ടുമെന്നു് വിശ്വസിക്കുന്നു.

മലയാളഭാഷയ്ക്കു് ശാശ്വതമായ ഒരു ധനമാണു് ഭാഷാനാരായണീയം. ഇതിനെക്കുറിച്ചു് ഭാഷാനാരായണീയം കവിതകളുടെനിരൂപണംചെയ്യുമ്പോൾ സാധാരണ ഭാഷാകവികളെക്കുറിച്ചു് തീരെ ദയയില്ലാത്ത സി. അച്യുതമേനോൻ ബി.എ. അവർകൾ എഴുതിട്ടുള്ളതിൽ ചില ഭാഗങ്ങൾ താഴെ പകത്തുന്നു.

"........ആയിരത്തിൽ ചില്വാനം സംസ്കൃതശ്ലോകങ്ങൾ അടങ്ങിയിരിക്കുന്ന ഒരു പുസ്തകം മുഴുവൻ പദ്യാപദ്യമായി മലയാളത്തിലേക്കു ഭാഷാന്തരപ്പെടുത്തുന്നതിനുള്ള ശ്രമം എത്ര മഹത്താണെന്നു് പൂൎണ്ണമായി അറിവാൻ ഈ വിഷയത്തിൽ പരിശ്രമിച്ചിട്ടുള്ളവൎക്കുമാത്രമേ സാധിക്കയുള്ളൂ. ഈ ശ്രമം സാദ്ധ്യമാകുന്നതിനു് കവിതാസാമൎത്ഥ്യവും വ്യുൽപത്തിദാൎഢ്യവും നല്ലവണ്ണം ഉണ്ടായിരിക്കണമെന്നതന്നെയല്ല കവിജാതിക്കു പ്രത്യേകിച്ചും അസുലഭമായ സ്ഥിരോത്സാഹവും സാമാന്യത്തിലധികം ആവശ്യമാകുന്നു. ഈ സംഗതിയെ സംബന്ധിച്ചിടത്തോളം ഇത്ര ശ്ലാഘിക്കത്തക്കതായി വേറെ ഒരു തൎജ്ജിമ വളരെ ഫലവത്തായ ഇക്കാലത്തുകൂടി ഉണ്ടായിട്ടില്ലെന്നു് നിസ്സംശയം പറയാം.

.....ഞങ്ങൾ ഈ പുസ്തകത്തിന്റെ പല ഭാഗങ്ങളും മൂലത്തോടുകൂടി ഒത്തുനോക്കിയതിൽ അതിലെ അൎത്ഥം ഈ തൎജ്ജമയിൽ പൂൎണ്ണമായി വന്നിട്ടുണ്ടെന്നു മാത്രമല്ല അതാതു പ്രകൃതങ്ങളിലെ സ്തോഭങ്ങളും രസങ്ങളും കൂടി ഇതിൽ സാമാന്യേന സ്ഫുരിക്കുന്നുണ്ടു്.....ദൂരാന്വയംകൊണ്ടോ അപ്രസിദ്ധപദപ്രയോഗംകൊണ്ടോ മററു വല്ല ക്ലിഷ്ടതകൾകൊണ്ടോ ഇതിൽ അൎത്ഥസ്ഫുടതയ്ക്കു് ഹാനി വന്നിട്ടില്ലെന്നു് ഞങ്ങൾ സന്തോഷപൂൎവ്വം സമ്മതിക്കുന്നു......ഈ ഗ്രന്ഥ

ത്തിൽ പ്രാസദീക്ഷയില്ലെങ്കിലും ദ്വിതീയാക്ഷരപ്രാസമുള്ള ശ്ലോകങ്ങളാണ് അതില്ലാത്തവയെക്കാളധികം; എന്നുതന്നെയല്ല വളരെ അതിശയിക്കത്തക്കവിധത്തിലുള്ള പ്രാസപ്രയോഗങ്ങളോടുകൂടിയ ശ്ലോകങ്ങളും വളരെ ഉണ്ട്."

നാരായണീയത്തെക്കുറിച്ച് മണിപ്രവാളങ്ങളുടെ "നോട്ടക്കാരിലുമവ്വണ്ണം നാട്ടോടെ" പ്രസിദ്ധനായ ചന്തുമേനോൻ അവർകൾ എഴുതീട്ടുള്ളതു് ഇങ്ങനെയാണ്:—

"നാരായണീയതർജ്ജമ മിക്കവാറും മൂലത്തോടു ചേർത്തു വായിച്ചു. താങ്കൾ മണിപ്രവാളകവനത്തിൽ ഒരു മഹാകവിയാണെന്ന് പറയുന്നതിൽ ഞാൻ ഒട്ടും മടിക്കുന്നില്ല. തർജ്ജമ അതിവിശേഷമായിരിക്കുന്നു. താങ്കൾ എന്റെ ഒരു സ്നേഹിതനാണെന്നുള്ള വിചാരത്തിന്മേൽ കവിതയെപ്പററി സ്തുതിക്കുന്നതാണെന്നു വിചാരിക്കരുതേ. വാസ്തവമായി തർജ്ജമ അതിമനോഹരമായിരിക്കുന്നു. അങ്ങനെ അല്ലെങ്കിൽ സ്തുതിപ്പാൻ എനിക്കു മനസ്സുവരുന്നതല്ല."

നാരായണീയം പ്രസിദ്ധപ്പെടുത്തീട്ട് ഇപ്പോൾ ഇരുപതുകൊല്ലം കഴിഞ്ഞിരിക്കുന്നു. ആദ്യത്തെ പതിപ്പുമുഴുവൻ ചെലവായിക്കഴിഞ്ഞിട്ട് കാലം വളരെ ആയി. എങ്കിലും ചില ഭേദഗതികൾ ചെയ്തുവേണം അതു രണ്ടാമതു് അച്ചടിപ്പിക്കാൻ, എന്ന് കവിക്കുള്ള മോഹംകൊണ്ടു് ഇന്നത്തെ രുചിയനുസരിച്ച് അത്യാവശ്യപ്പെട്ട ചില ഭേദഗതികൾ അതിൽ വരുത്തി മാറിയെഴുതുന്ന ജോലി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കയാണ്.

അനന്തരം കോട്ടയത്തു കവിസമാജത്തിലേയ്ക്കു പോയപ്പോൾ വഴിയിലും മററും ഉണ്ടായ വിശേഷങ്ങളെ വിവരിക്കുന്നതായി 'കവിസമാജയാത്രാശതകം' എന്നൊരു കൃതിയുണ്ടാക്കിയതിനെ മനോരമയിൽ ആയിടയ്ക്കു ഖണ്ഡശഃ പ്രസിദ്ധീകരിക്കയും പിന്നീട് ഒരു പുസ്തകമാക്കി അച്ചടി

പ്പിക്കയും ചെയ്തിട്ടുണ്ട്. നാഗമയ്യ ബി. ഏ. അവക്കുടെ ആവശ്യപ്രകാരം ആയിടയ്ക്കുതന്നെ കൊല്ലം 'പ്രദൎശനവൎണ്ണനം' എന്നൊരു ചെറിയ മണിപ്രവാളകൃതി ഉണ്ടാക്കി.

ഇങ്ങനെ ഓരോരുത്തരുടെ ആവശ്യപ്രകാരവും മററും സ്വൈരമായി ഓരോ കവിതകൾ എഴുതി പ്രസിദ്ധിസമ്പാദിച്ചുകൊണ്ടിരിക്കുമ്പോൾ കേരളമൊട്ടുക്ക് നാടകമെഴുത്തും നാടകാഭിനയവും കലശലായിത്തീൎന്നു. കേശവപിള്ള എന്തുകൊണ്ടൊരു നാടകമെഴുതുന്നില്ല? എന്ന് ഓരോരുത്തർ അന്വേഷിച്ചുതുടങ്ങി.

**രാഘവമാധവവും ലക്ഷ്മീകല്യാണവും**

ഇങ്ങനെ ഈ കവിക്ക് നാടകജ്വരംകൊണ്ടു പ്രസിദ്ധമായ 'രാമാനുകരണം' കഥയെ 'രാഘവമാധവം' എന്ന പേരോടുകൂടി അഞ്ചങ്കങ്ങൾ ഉള്ള ഒരു നാടകമാക്കിത്തീൎത്തു. സംസ്കൃതപണ്ഡിതന്മാരുടെ നാടകലക്ഷണങ്ങളെ അനുസരിച്ച് എഴുതപ്പെട്ടതാകകൊണ്ടും കഥയുടെ പ്രസിദ്ധിയാലും അകൃത്രിമമായ കവിതാചാതുൎയ്യംകൊണ്ടും "നിൎമ്മഥ്നാതി നവീനനാടകഘടാടോപത്തെയിന്നാടകം" എന്നുള്ള കേരളപാണിനിയുടെ അഭിപ്രായത്തെ ഈ നാടകം സാൎത്ഥകമാക്കിത്തീൎക്കുന്നുണ്ട്. അതിൽപ്പിന്നെ ചിലരുടെ അപേക്ഷപ്രകാരം ഇതിൽ സന്ദൎഭോചിതങ്ങളായ ഏതാനും ഗാനങ്ങൾകൂടി എഴുതിച്ചേൎക്കയും, രണ്ടാം പതിപ്പിന് 'സംഗീതരാഘവമാധവം' എന്ന് പേർ കൊടുക്കയും ചെയ്തിട്ടുണ്ട്. അനന്തരം ഭാഷാപോഷിണിവകയായി ആയിടയ്ക്കുണ്ടായ ഒരു പരസ്യപ്രകാരം ലക്ഷ്മീകല്യാണം എന്ന പേരോടുകൂടി ഒരു കല്പിതകഥാനാടകവും ഇദ്ദേഹം എഴുതിത്തീൎത്തു. ഇതിലെ കഥ വളരെ വിശേഷമായിട്ടില്ലെങ്കിലും സകലജനങ്ങളും ആദരിക്കത്തക്ക ഒരു വിശേഷഗുണം ഇതിനുണ്ട്. അനേക ദുരാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും ഈ

28462.

നാടകത്തിൽ വളരെ സാമത്ഥ്യത്തോടുകൂടി ഖണ്ഡിച്ചു പഠിപ്പിച്ചിട്ടുണ്ട്. ഇതിന്നു ഭാഷാപോഷിണി പൂണ്ണപ്രശംസാപത്രം കൊടുത്തിട്ടും ഉണ്ട്. മാനവിക്രമഏട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട് ഇതിനെ സംസ്കൃതത്തിൽ തജ്ജമ ചെയ്തിരിക്കുന്നു. സംസ്കൃതത്തിൽനിന്നു മലയാളത്തിലേയ്ക്കല്ലാതെ മലയാളത്തിൽനിന്നു സംസ്കൃതത്തിലേയ്ക്കു ഒരു കൃതിയും തജ്ജമചെയ്യപ്പെട്ടിട്ടുള്ളതായി അറിവില്ല. മലയാളകൃതികളിൽനിന്നു മററു ഭാഷകളിലേയ്ക്കു തജ്ജമ ചെയ്യപ്പെട്ടിട്ടുള്ളവയായി ഇന്ദുലേഖ, മയൂരസന്ദേശം, ലക്ഷ്മീകല്യാണം എന്നു മൂന്നുഗ്രന്ഥങ്ങളല്ലാതെ മററു സാഹിത്യഗ്രന്ഥങ്ങളുണ്ടോ എന്നു എനിക്കു നിശ്ചയമില്ല. മി: വറുഗീസുമാപ്പിളയുടെ അഭിപ്രായപ്രകാരം സവ്വമതക്കാക്കും ഉപയോഗിക്കാവുന്നവിധത്തിൽ 'ഈശ്വരസ്തോത്രം' എന്ന ഒരു ചെറിയ ഗാനകൃതിയേയുംകൂടി ഉണ്ടാക്കിയശേഷമാണു ഈ കവി തന്റെ അതുവരെയുള്ള മറെറല്ലാകൃതികളേയും അതിശയിക്കുന്ന 'ആസന്നമരണചിന്താശതകം' എന്ന ശ്ലാഘ്യമായ കൃതിയെ ഉണ്ടാക്കി ഭാഷാപോഷിണിസഭയിൽനിന്നും ഒന്നാമത്തെ സമ്മാനം വാങ്ങിയതു്. "ഈ കവിയുടെ യശസ്സിനെ അദ്ദേഹത്തിന്റെ മററു കൃതികളെക്കാൾ ഈ അല്പമായ ശതകത്തിന്മേൽ അടിസ്ഥാനപ്പെടുത്തി ഭവിഷ്യൽസന്തതികൾ ഘോഷിക്കും" എന്നുള്ള കേരളമിത്രത്തിന്റെ വിശ്വാസം പക്ഷപാതംകൊണ്ടുണ്ടായതല്ലെന്നുള്ളതു് നിശ്ചയംതന്നെ. "ഭാഷാപോഷിണിസഭായോഗത്തിന്റെ ഒന്നാം സമ്മാനത്തിന്നു അഹമായതാണു ഈ ശതകം എന്നു കേൾക്കുന്നതുകൊണ്ടു് ഇതിന്റെ ദശാംശമെങ്കിലും യോഗ്യതയെക്കുറിച്ചു് ഒരു ജ്ഞാനം ആക്കും ഉണ്ടാകുന്നതല്ല." ഈ കൃതിയെ ആയിടയ്ക്കു് കെ. രാമകൃഷ്ണപിള്ള ബി. ഏ. അവർകളുടെ പത്രാധിപത്യത്തിൽ നടന്നുവന്ന കേരളദപ്പണത്തിൽ പത്രാധിപാഭിപ്രായമായി താഴെക്കാണുംപ്രകാരമാണു് എഴുതിയിരുന്നതു്:-

ഈ പുസ്തകത്തെ പരിശോധിക്കാനായിട്ടും ഒരാവൃത്തികൂടി വായിക്കാനിടയായതിൽ ഞങ്ങൾ തന്നെത്താൻ അനുമോദിക്കുന്നു. കേരളമിത്രപത്രാധിപർ പറയുന്നപ്രകാരം "ഈ ശതകം ഒന്നാംസമ്മാനത്തിന് യോഗ്യമായിത്തീൎന്നതിനെക്കുറിച്ച് ഞങ്ങൾക്ക് അത്ഭുതമില്ല." "നാം വീണ്ടും വീണ്ടും വായിച്ച് രസാസ്വാദനംചെയ്യുന്ന കൃതിയിൽമാത്രമേ യഥാൎത്ഥമായ കാവ്യത്വം ഉള്ളൂ" എന്ന് കോൾറിഡ്ജ് തന്റെ ബയോഗ്രാഫിയ ലിറ്ററിയായിൽ പ്രതിപാദിച്ചിട്ടുള്ളത് ഈ കൃതിയുടെ സംഗതിയിൽ അനുഭവസിദ്ധമായിരിക്കുന്നു.

"ഈ ശതകത്തിലെ മണിപ്രവാളരീതി അനതിശയിതമായിരിക്കുന്നു എന്ന് ഞങ്ങൾ നിസ്സംശയമായി അഭിപ്രായപ്പെടുന്നു. 'സരസപ്രാസസൎവ്വസ്വ'മായ മയൂരസന്ദേശത്തെപ്പോലും ഇതു് ചില ഘട്ടങ്ങളിൽ അതിശയിക്കുന്നില്ലയോ എന്നുള്ള ഞങ്ങളുടെ സംശയം അനൎഹമാണെന്നു തോന്നുന്നില്ല. അചേതനങ്ങൾക്കു ചൈതന്യം കല്പിച്ച് വൎണ്ണിക്കുവാൻ വേർഡ്സ്വൎത്തിനെപ്പോലെ പ്രസ്തുത കവിയും അനന്യസാധാരണമായ പാടവം കാണിക്കുന്നു. ഓരോ പദ്യവും നമ്മെ വിചാരമഗ്നന്മാരാക്കിത്തീൎക്കുന്നു. അവയിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികൾ എത്ര വാസ്തവമായിരിക്കുന്നു എന്ന് നാം അത്ഭുതത്തോടുകൂടി അഭിപ്രായപ്പെടുമ്പോൾ ഒക്കെയും കവിയെപ്പററി സീമാതീതമായ ബഹുമാനം തോന്നിപ്പോകുന്നു. രചനാവിശേഷത്താൽ ഇതിനെ സമീപിക്കുന്ന ശതകം ഇതരമായുണ്ടെന്നുവന്നാൽത്തന്നെയും വസ്തുവിശേഷത്തിൽ ഈ ഗ്രന്ഥത്താൽ ഗ്രസ്തമാവാത്ത ശതകം ഇല്ലെന്നുള്ളതു് നിസ്തൎക്കംതന്നെ. ഈ കൃതിയുടെ ഗുണവിശേഷങ്ങളെപ്പററി എത്രതന്നെ പറഞ്ഞാലും അതു് പിഷ്ടപേഷണമായിത്തീരുകയില്ല......"

കുന്ദലതാകൎത്താവായ മദ്രാസ് ഹൈക്കോടതിവക്കീൽ ടി. എം. അപ്പുനെടുങ്ങാടി ബി. എ. ബി. എൽ. അവൎകളുടെ അഭിപ്രായം വിശേഷിച്ചും പ്രസ്താവ്യയോഗ്യമാണു്.

"ആസന്നമരണചിന്താശതകം എനിക്കും അധികം ഹൃദ്യമായിത്തോന്നിയിരിക്കുന്നു. ആയതു് ഞാൻ പലവുരു വായിച്ചു.

കാലാവസ്ഥകൊണ്ടു് പുതിയ സാധനങ്ങളിലും പുതിയ മാതിരികളിലും മാത്രമേ ജനങ്ങൾക്കു ഭ്രമം കാണുന്നുള്ളു. കവിതയുടെ കാര്യത്തിലും അപ്രകാരംതന്നെ. ആയതു് അത്ഭുതമല്ലതാനും. പുരാണകഥകളെ വിഷയമാക്കിയോ പഴയ സമ്പ്രദായത്തിലോ ഉണ്ടാകുന്ന കവിതകളെ കവിതയുടെ ഗുണം ഒന്നുമാത്രം വിചാരിച്ചാണു് ജനങ്ങൾ ഇപ്പോൾ ആദരിച്ചുപോരുന്നതു്. എന്നു് നമുക്കു തന്നെ പരമാർത്ഥമാണല്ലോ. ആയതുകൊണ്ടു് ഇപ്പോൾ ജനപ്രീതിക്കനുസരിച്ചു് മലയാളകവിതകളുടെ വിഷയങ്ങളും രീതികളും ഭേദപ്പെട്ടുകണ്ടാൽക്കൊള്ളാമെന്നു ഞാൻ പലപ്പോഴും ആശിച്ചിട്ടുണ്ടു്. ഇന്നപ്രകാരം പരിഷ്കാരപ്പെടണമെന്നു് ഞാൻ മനസ്സിൽ കണ്ടുവച്ചിട്ടുള്ളതിനോടു് 'ആസന്നമരണചിന്ത' വളരെ അടുത്തിരിക്കയാൽ എനിക്കു് അതിന്മേൽ ഇത്ര പ്രതിപത്തി ഉണ്ടായതായിരിക്കണം...."

പിന്നീടുണ്ടാക്കിയ 'കേരളവർമ്മവിലാസം' ഒരു സംസ്കൃതഖണ്ഡകാവ്യമാകുന്നു. ഇതിൽ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ജീവചരിത്രം സംഗ്രഹിച്ചു് പ്രതിപാദിച്ചിട്ടുണ്ടു്. ഇതിനു് ഇദ്ദേഹത്തിൻെറ ശിഷ്യന്മാരിലൊരാൾ ഈയിടെ ഒരു വ്യാഖ്യാനം എഴുതീട്ടുമുണ്ടു്. കൃത്രിമത്വംകൂടാതെ സംസ്കൃതത്തിലും കവനംചെയ്വാൻ ഈ കവി ശക്തനാണെന്നു് ഈ ശതകം വായിച്ചിട്ടുള്ള സംസ്കൃതപണ്ഡിതന്മാർ ഐകകണ്ഠ്യേന സമ്മതിച്ചിരിക്കുന്നു. മാനവിക്രമ ഏട്ടൻതമ്പുരാൻതിരുമനസ്സിലെ അഭിപ്രായമനുസരിച്ചു് 'ശ്രീകാശിയാത്ര'മണിപ്രവാളവും, ചിദംബരവാദ്ധ്യാർബി.എ. അവർകളുടെ ആവശ്യപ്രകാരം 'ശാന്തിവിലാസ' തർജ്ജമയും ഇദ്ദേഹം ഉണ്ടാക്കി.

ഈ കവിയുടെ പിന്നത്തെ കൃതിയായ 'സുഭാഷിതരത്നാകരം' അന്വർത്ഥനാമമായ ഒരു വിശിഷ്ടഗ്രന്ഥമാണു്.

സുഭാഷിതരത്നാകരം

ടി. കെ. കൃഷ്ണമേനോൻ ബി. ഏ., എം. ആർ. ഏ. എസ്. അവർകൾ ഈ പുസ്തകത്തിനു് എഴുതിച്ചേർത്തിട്ടുള്ള ഇംഗ്ലീഷ്മുഖവുരയിൽ മലയാളഭാഷയ്ക്കു് ഇങ്ങനെയൊരുഗ്രന്ഥംകൊണ്ടുള്ള ആവശ്യകതയെ ഭംഗിയായി പ്രതിപാദിച്ചിട്ടുണ്ടു്. സംസ്കൃതം, ഇംഗ്ലീഷ് മുതലായ ഭാഷകളിൽനിന്നു തർജ്ജമചെയ്തും ഈ കവി അപ്പപ്പോൾ സ്വന്തമായി നിർമ്മിച്ചും എഴുതീട്ടുള്ള അതിമനോഹരങ്ങളും പഠനയോഗ്യങ്ങളുമായ ഒട്ടുവളരെ പദ്യങ്ങൾ ഈ ഗ്രന്ഥത്തിൽ അടങ്ങീട്ടുണ്ടു്. ഇതിൽനിന്നു 100 പദ്യങ്ങൾ പ്രത്യേകം എടുത്തു് "നീതിവാക്യങ്ങൾ" എന്ന പേരോടുകൂടി അച്ചടിപ്പിച്ചിട്ടുള്ളതു് ഒന്നുരണ്ടാണ്ടുകളിൽ തിരുവിതാംകോട്ടെ പാഠശാലകളിൽ പാഠപുസ്തകമാക്കിയിരുന്നു. സുഭാഷിതരത്നാകരത്തിനു് അചിരേണ രണ്ടാംപതിപ്പിന്റെ ആവശ്യം നേരിട്ടതുകൊണ്ടുതന്നെ അതിനോടു മലയാളികൾക്കുള്ള പ്രതിപത്തി സ്പഷ്ടമാകുന്നതാണു്. രണ്ടാം പതിപ്പിൽ ആദ്യത്തേതിൽ ഇല്ലാത്ത ഏതാനും പദ്യങ്ങൾകൂടി ചേർത്തിട്ടുണ്ടു്. സുഭാഷിതപദ്യങ്ങളിൽ അധികവും നീതിവാക്യങ്ങൾ എന്നപേരിൽ ഭാഷാപോഷിണിമാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നവയാണു്. 76 ചിങ്ങം 31-ാംനു-യിലെ മനോരമയിൽ സി. അന്തപ്പായി ബി. ഏ. അവർകൾ ഇപ്രകാരം എഴുതിയിരുന്നു:—

"കഴിഞ്ഞ കർക്കടകത്തിലെ ഭാഷാപോഷിണിയിൽ ശ്രീമാൻ കെ. സീ. കേശവപിള്ള അവർകളുടെ 'നീതിവാക്യങ്ങൾ' ഞാൻ വായിച്ചു. കാവ്യബന്ധത്തിൽ പ്രാസത്തിനു് അന്യായമായി പ്രാധാന്യം കല്പിക്കുന്നവർ, പരാജയത്താൽ പെട്ടെന്നു മൂകതയെ പ്രാപിക്കയില്ലെന്നു് നല്ല ധൈര്യമുണ്ടെങ്കിൽ, ടി നീതിവാക്യങ്ങളിലെ 316-317-318 ഈ

മനോവിലോഭനീയങ്ങളായ ശ്ലോകങ്ങളെ വായിച്ചുനോക്കട്ടെ."

സുഭാഷിതരത്നാകരം സകല മലയാളികളാലും സവിശേഷം ശ്ലാഘിക്കപ്പെട്ടിട്ടുള്ള ഒരു ശ്ലാഘ്യകൃതിയാകയാൽ അതിനെക്കുറിച്ചു വളരെയൊന്നും പറയേണ്ട ആവശ്യം കാണുന്നില്ല. ഈ കവിക്കു് നമ്മുടെ ശ്രീമൂലംതിരുനാൾ മഹാരാജാവുതിരുമനസ്സിലെ തൃക്കൈയിൽനിന്നു് വീരശൃംഖല സമ്പാദിച്ചുകൊടുത്ത കൃതിയാണിതെന്നു പറഞ്ഞാൽ ഇതിനെക്കുറിച്ചു് പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞു. "ഭാഷാകവികളിൽവച്ചു് ഇത്രയും ഉയർന്നതരത്തിലുള്ള ഒരു രാജസമ്മാനത്തിനു് ഒന്നാമതായി പാത്രീഭവിച്ച കേശവപിള്ള അവർകൾ ഇതിനു് എല്ലാപ്രകാരത്തിലും അർഹനാണെന്നുള്ളതിനു് സംശയമില്ല" എന്നുള്ള മ: മനോരമയുടെ അഭിപ്രായം സംശയരഹിതമായുള്ളതുതന്നെ.

കേശവപിള്ള അവർകളുടെ രണ്ടു നാടകങ്ങളുടെ വിവരം മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ഇനിയും രണ്ടു നാടകങ്ങളെക്കുറിച്ചു് പറയാനുണ്ടു്. അവ രണ്ടും സംഗീതനാടകങ്ങളാണു്. "സദാരാമ" 'സതാരം' എന്ന പ്രസിദ്ധമായ ഒരു തമിഴ്നാടകത്തെ അനുകരിച്ചെഴുതീട്ടുള്ളതാണു്. ഇതിൽ സംസ്കൃതനാടകരീതിവിട്ടു് ഇംഗ്ലീഷ്നാടകരീതി അനുസരിച്ചാണു് അങ്കരംഗവിഭാഗങ്ങൾ ചെയ്തിരിക്കുന്നതു്. തമിഴ്നാടകകഥയിൽനിന്നു് ചില ഭേദഗതികളും പരിഷ്കാരങ്ങളും ഇതിൽ വരുത്തീട്ടുണ്ടു്. കിളിമാനൂർ അവിട്ടംതിരുനാൾ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് സദാരാമയെക്കുറിച്ചു് ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു:

സദാരാമയും വിക്രമോർവ്വശീയവും

"ചിത്രമെഴുത്തുതിരുമനസ്സിലെ ചിത്രം എന്നപോലെ കേശവപിള്ളയുടെ 'സദാരാമ' പണ്ഡിതന്മാർമുതൽ പാമ

രന്മാർവരെയുള്ളവരെ ഒരുപോലെ സന്തോഷിപ്പിക്കുന്നുണ്ടു്. ഇതാണു് കവിതയ്ക്കു വേണ്ട ഗുണം."

അതാണു് പ്രസിദ്ധന്മാരായ ഗായകന്മാരെക്കൊണ്ടെന്നപോലെ വള്ളക്കാരനേയും വണ്ടിക്കാരനേയുംകൊണ്ടുകൂടി ഇതിലെ പാട്ടുകൾ വഴിനീളെ പാടിക്കുന്നതു്. ഹൈക്കോടതിവക്കീൽ മള്ളൂർ ഗോവിന്ദപ്പിള്ള ബി.എ. ബി.എൽ. അവർകൾ സദാരാമയെക്കുറിച്ചു് എഴുതിയ അഭിപ്രായം പ്രസ്താവ്യയോഗ്യമാണു്:—

"എനിക്കു നിങ്ങളുടെ കൃതികളോടുള്ളിടത്തോളം ആദരം മറെറാരു ഭാഷാകവിയുടെ കൃതികളോടും ഇല്ല. പ്രസ്തുതഗ്രന്ഥംകൊണ്ടും നിങ്ങൾക്കു് മഹാമഹിമശ്രീ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് കല്പിച്ചുതന്നിട്ടുള്ള "സരസഗായകകവി" എന്ന അഭിധാനം എത്രയോ അന്വത്ഥമായിത്തീർന്നിരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ ഒരു വലിയ സമ്പാദ്യമാണു്."

സദാരാമനാടകത്തിനു് അഞ്ചു പതിപ്പായിരിക്കുന്നു. അനവധി നാടകസംഘക്കാർ ഇതിനെ രംഗത്തിൽ പ്രയോഗിച്ചിട്ടുണ്ടു്; പ്രയോഗിച്ചു വരുന്നും ഉണ്ടു്.

വിക്രമോർവ്വശീയം കാളിദാസകൃതിയുടെ തർജ്ജമയാണു്. തെക്കനും വടക്കനും ഇടവടക്കനുമായ മൂന്നു കവികൾ ഈ നാടകത്തെ മലയാളത്തിൽ തർജ്ജമചെയ്തിട്ടുണ്ടു്. വടക്കനും ഇടവടക്കനും മൂലകൃതിയിലുള്ള പദ്യങ്ങളെയൊക്കെ ഭാഷയിലും പദ്യങ്ങളാക്കുകയാണു ചെയ്തതു്. ഈ കവിയാകട്ടെ പദ്യങ്ങളെയെല്ലാം പാട്ടുകളായിട്ടാണു് തർജ്ജമചെയ്തതു്. സദാരാമ, വിക്രമോർവ്വശീയം ഇവ രണ്ടും സംഗീതനാടകങ്ങളാണെങ്കിലും സദാരാമയിൽ ഇടയ്ക്കിടയ്ക്കു് പദ്യങ്ങൾകൂടിയുണ്ടു്. വിക്രമോർവ്വശീയം സംഗീതമയംതന്നെ. ഇതിന്റെ അഭിനയത്തിൽ ശ്ലോകം വേണമെന്നു തോന്നുന്ന സന്ദർഭങ്ങളിൽ നടന്മാൎക്കു മററു തർജ്ജമകളെ ഉപയോഗിക്കാവുന്നതാണു്. ഈ തർജ്ജമകൊണ്ടു് കവി പണ്ടേതന്നെ സമ്പാ

ദിച്ചിട്ടുള്ള "സരസഗായകകവിതപം" നിർബാധമായനുഭവിപ്പാൻ നിരാക്ഷേപമായ അവകാശത്തെ സ്ഥാപിച്ചിരിക്കുന്നു.

പാമരന്മാക്കുംകൂടി രസിക്കാൻ 'സദാരാമ' എഴുതിത്തീൎത്തശേഷം പണ്ഡിതന്മാക്കുമാത്രം രസിക്കാനോ എന്നു തോന്നുംവണ്ണം ഈ കവി ഷഷ്ടിപൂൎത്തിഷഷ്ടി

ഒരു ഖണ്ഡകാവ്യം

എന്നൊരു ഖണ്ഡകാവ്യം എഴുതി. കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂൎത്തിയെ ഉദ്ദേശിച്ചു് എഴുതിയ ഈ ഖണ്ഡകാവ്യത്തിൽ 60 പദ്യങ്ങളേ ഉള്ളു എങ്കിലും അറുപതും അറുപതുതന്നെയാണു്. ഇതിനെക്കുറിച്ചു് "കവിധൎമ്മമൎമ്മജ്ഞന്മാർ" ചെയ്തിട്ടുള്ള പ്രശംസകൾക്കു കണക്കില്ല. അവയിൽ ചിലതു താഴെ പകൎത്തുന്നു.

വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് പരവൂർ ബാലഭൂഷണസഭക്കയച്ച ഒരു മറുപടി:—

നിങ്ങൾ അയച്ച മംഗളപത്രം യഥാകാലംതന്നെ വന്നുചേൎന്നു. പരവൂരിലെ ജനങ്ങൾക്കു് തദ്ദേശീയനായ കേശവപിള്ളയുടെ അടുക്കൽനിന്നു ലഭിച്ചിട്ടുള്ള വിദ്യാഭ്യാസത്താൽ അനേകപരിഷ്കാരങ്ങൾ സിദ്ധിച്ചിട്ടുണ്ടെന്നുള്ള വാസ്തവം എനിക്കു് അമിതമായ സന്തോഷം ജനിപ്പിക്കുന്നു. കേശവപിള്ളയെ ഞാൻ ഇദംപ്രഥമമായി കണ്ടതുമുതൽ അയാളെക്കുറിച്ചു് എനിക്കു് പ്രീതിയും ബഹുമാനവും വൎദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. എന്റെ ഷഷ്ടിപൂൎത്തിയെ സംബന്ധിച്ചു് അയാൾ 'ഷഷ്ടിപൂൎത്തിഷഷ്ടി' എന്നുള്ള സംജ്ഞയോടുകൂടി അറുപതു ശ്ലോകം ഗീതിവൃത്തത്തിൽ ഉണ്ടാക്കി എനിക്കയച്ചതിനെ ഞാൻ വായിച്ചുനോക്കിയപ്പോൾ അയാളുടെ സാഹിത്യസാമൎത്ഥ്യത്തെക്കുറിച്ചു് എനിക്കു് ഉത്തരോത്തരം വൎദ്ധിച്ചുകൊണ്ടുവന്നിരുന്ന ആശ്ചൎയ്യം ശതഗുണീഭവിച്ചിരിക്കുന്നു. മലയാളഭാഷയിൽ ഇത്ര ചാതുൎയ്യവും, അലങ്കാരപുഷ്ടിയും, ചമൽക്കാരവും

സഹൃദയഹൃദയാഹ്ലാദകത്വവും ചേൎന്നിട്ടുള്ളതായി ഒരു കവിത ഇതിനുമുൻപിൽ ഞാൻ കണ്ടിട്ടില്ല.........”

ഗീതിയിലാ മതിമാനതി-
ചാതുരിയോടും രചിച്ചതാകുമിതിൽ
ഏതിലുമൎത്ഥാലംകൃതി
രീതിയൊടേററം സമുല്ലസിക്കുന്നു.

പാരം ദ്രാക്ഷാപാകമു-
ദാരം ചേരുന്നതാകുമിക്കൃതിയെ
ആരും നോക്കിരസിക്കും
സാരംപാൎത്തീടിലമൃതു നിരസിക്കും......”

കവനകൗമുദി.

“.........ഗ്രന്ഥകൎത്താവിൻെറ സാഹിത്യസാമൎത്ഥ്യത്തെക്കുറിച്ച് വിശേഷിച്ചു പറയേണ്ടുന്ന ആവശ്യംതന്നെ ഇല്ല. ഇദ്ദേഹത്തിൻെറ കവിതാരസം ആസ്വദിച്ചിരിക്കുന്ന യോഗ്യന്മാരെല്ലാം ഈ കവി സാമാന്യനല്ലെന്നു സമ്മതിക്കാതിരുന്നിട്ടില്ല............”

കേരളസഞ്ചാരി.

“...........ശബ്ദാലങ്കാരംകൊണ്ടും അൎത്ഥാലങ്കാരംകൊണ്ടും കാവ്യരസികന്മാരെ ആഹ്ലാദിപ്പിക്കുന്ന ഈ പദ്യകൃതി തൽകൎത്താവിൻെറ സാഹിത്യസാമൎത്ഥ്യത്തിനു് അമൂല്യമായ ഒരു ലക്ഷ്യമാകുന്നു. ലളിതങ്ങളും മധുരങ്ങളുമായ പദങ്ങളെ ചമൽക്കാരകാരകമായ വിധത്തിൽ കൂട്ടിച്ചേൎത്തു് പദ്യം രചിക്കുന്നതിൽ ഈ കവിക്കുള്ള നൈപുണ്യം ഈ കൃതിയിൽ സമഗ്രമായിരിക്കുന്നുണ്ടു്. പ്രാസദീക്ഷയ്ക്കുവേണ്ടി അൎത്ഥത്തെ ക്ലേശിപ്പിക്കയാകട്ടെ, ചില പദ്യമെഴുത്തുകാരെപ്പോലെ നിരൎത്ഥപദങ്ങളെ പ്രയോഗിക്കയാകട്ടെ ഇതിൽ ചെയ്തിട്ടില്ല............കേരളപ്രാസം എന്ന ദ്വിതീയാക്ഷരപ്രാസത്തെയാണു് കവി ആദ്യന്തം പ്രയോഗിച്ചിട്ടുള്ളതു്.”

കേരളൻ.

"ശ്ലോകങ്ങളെല്ലാം ഒരുപോലെ സരസങ്ങളായിരിക്കുന്നു. ശബ്ദാലങ്കാരത്തെ പ്രധാനമായി കരുതുന്നവരുടെ കൃതിയിൽ അൎത്ഥപുഷ്ടിയും, അൎത്ഥാലങ്കാരത്തിനു പ്രാധാന്യംകല്പിക്കുന്നവരുടെ കവിതകളിൽ ശബ്ദഭംഗിയും വളരെ കുറവായിട്ടാണു് കണ്ടുവരുന്നതു്. പ്രകൃതപുസ്തകത്തിൽ ശ്ലേഷാദ്യൎത്ഥാലങ്കാരങ്ങളും പ്രാസാദിശബ്ദഭംഗികളും ഒരുപോലെ സമ്പൂൎണ്ണങ്ങളായിട്ടാണിരിക്കുന്നതു്. ഈ പുസ്തകത്തിന്റെ സ്ഥിതിക്കു്, ഇതിനെക്കുറിച്ചു് വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെ "മലയാളഭാഷയിൽ ഇത്ര ചാതുൎയ്യവും അലങ്കാരപുഷ്ടിയും ചമൽക്കാരവും സഹൃദയഹൃദയാഹ്ലാദകത്വവും ചേൎന്നിട്ടുള്ളതായി ഒരു കവിത ഇതിനുമുമ്പിൽ ഞാൻ കണ്ടിട്ടില്ലാ" എന്നഭിപ്രായപ്പെട്ടിട്ടുള്ളതു് എത്രയും വാസ്തവമായിരിക്കുന്നു. നല്ല കവിതാവാസനയും വ്യുൽപത്തിയും ബുദ്ധിക്കു രസികത്വവും വേണ്ടതുപോലെയുള്ള കേശവപിള്ളഅവർകൾ മനഃപൂൎവ്വം ഉണ്ടാക്കിയതായ ഈ കൃതി ഇപ്രകാരം മനോഹാരിണിയായിത്തീൎന്നതു് ഒരത്ഭുതമായി വിചാരിക്കാനുമില്ല"

മലയാളമനോരമ.

"...ശിഷ്ടാഗ്ര്യസൽകവികുലേശ്വര! ഭാഷതന്നിൽ
പുഷ്ടാൎത്ഥയാംകവിതയില്ലിതുപോലെ വേറെ."

കൊട്ടാരത്തിൽ ശങ്കുണ്ണി.

ഇനി എനിക്കു പറയാനുള്ളതു് രണ്ടു മഹാകാവ്യങ്ങളുടെ കാൎയ്യമാണു്. ഇവയിൽ രംഗപ്രവേശം ചെയ്തതും മറേറതു തിരശ്ശീലയ്ക്കുള്ളിൽ ഇരിക്കുന്നതുമാകുന്നു. രംഗപ്രവേശംചെയ്ത "ആംഗലസാമ്രാജ്യം" സംസ്കൃതത്തിൽനിന്നു് തൎജ്ജമചെയ്തതും, തിരശ്ശീലയ്ക്കുള്ളിൽ ഇരിക്കുന്ന 'കേശവീയം' സ്വതന്ത്രവുമാണു്. ആംഗലസാമ്രാജ്യം തൎജ്ജമചെയ്വാൻ തുടങ്ങിയതു് കവി കൊല്ലത്തു താമസിക്കു

രണ്ടു മഹാകാവ്യങ്ങൾ

മ്പോഴാണ്. കൊച്ചി 11-ാംക്രൂർ രാമവമ്മഅപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് അവിടുത്തെയ്ക്കു സഹജമായ വാഗ്വിലാസത്തോടുകൂടി ഇതിനു് ഒരവതാരികയെഴുതിച്ചേത്തിട്ടുണ്ടു്. ഇതിനെക്കുറിച്ചും പത്രങ്ങളും മററും പതിവുപോലെ പ്രശംസിച്ചിട്ടുണ്ടു്. ഇരുപത്തിമൂന്നു സഗ്ഗങ്ങളിലായി രണ്ടായിരത്തോളം പദ്യങ്ങൾ ഉള്ള ഒരു സാധാരണ സംസ്കൃതകാവ്യത്തിൻെറ തജ്ജമതന്നെ അത്ര എളുപ്പപ്പെട്ട ഒരു കാൎയ്യമല്ല. "പരിഭാഷകൻെറ സ്വാതന്ത്ര്യത്തിനു് തടസ്ഥംവരുത്തുന്നതായ പല വൈഷമ്യങ്ങളും ഇതിൽ പരിഗണനീയങ്ങളായിട്ടുണ്ടു്. അവാപനീതി മുതലായ സാങ്കേതികശബ്ദങ്ങൾ തജ്ജമചെയ്യുമ്പോഴും അക്ബർ വൃത്തത്തിനു ചേന്നില്ലെങ്കിൽ വൃത്തം അക്ബൎക്കു ചേൎക്കേണ്ടിവരുമ്പൊഴും" പരിഭാഷകനു നേരിടുന്ന വൈഷമ്യങ്ങളെപ്പററി അവതാരികയെഴുതിയ അപ്പൻതമ്പുരാൻ തിരുമനസ്സിലെപ്പോലെ ആലോചിക്കുന്നവർ എത്രപേരുണ്ടായിരിക്കും? അമൃതപാനത്തിൽ ലോലുപന്മാരായ ദേവാസുരന്മാരുണ്ടോ പാലാഴിയുടെ ആഴം അളന്നു് 'മന്ദര'ത്തിൻെറ ക്ലേശത്തെപ്പററി ചിന്തിക്കാൻപോകുന്നു? ഈ കൃതിയെ പ്രശംസിച്ചിട്ടുള്ള ലക്ഷ്മീഭായിമാസികയുടെ അഭിപ്രായം മാത്രം താഴെ പകത്തുന്നു.

"........തജ്ജമയ്ക്കിറങ്ങിപ്പുറപ്പെട്ട പലരും അബദ്ധത്തിൽ ചാടുന്നതു് ഈയിടെ സാധാരണമായിരിക്കുന്നു. ഈ ദോഷം പററാതിരിക്കണമെങ്കിൽ കവിതക്കളരിയിൽ വളരെക്കാലം നല്ലവണ്ണം കച്ചകെട്ടി പയിററാതെ നിവൃത്തിയില്ല. ഇങ്ങനെ പയിററി കയ്യും, മെയ്യും, ചോടും മററും ഉറച്ച കവിവീരനാണു് മി: കെ. സീ. കേശവപിള്ള എന്നു് സാഹിത്യരസികന്മാരായ മലയാളികൾക്കൊക്കെ അറിയാവുന്നതാണു്........രസാൎത്ഥാലങ്കാരങ്ങൾ വിടാതെയും, ഭാഷാലാളിത്യം കുറയാതെയും ചരിത്രസംബന്ധമായ ഈ മഹാകാവ്യത്തെ മലയാളത്തിലാക്കിയ കേശവപിള്ള അവർകളോടു

കേരളീയർ പ്രത്യേകം കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണു്......"

"കേശവീയം" സ്യമന്തകംകഥയെ ആസ്പദമാക്കി എഴുതിത്തീർത്തിട്ടുള്ള ഒരു മഹാകാവ്യമാകുന്നു. പുറത്തുവരുമ്പോൾ മണിപ്രവാളകാവ്യങ്ങളിൽ ഇതു് സ്യമന്തകമായിരിക്കുമെന്നു കാവ്യരസികന്മാർക്കു ബോധപ്പെട്ടുമെന്നു് അണിയറയ്ക്കുള്ളിൽവച്ചു ചെയ്യുന്ന മിനുക്കുപണികളെ കണ്ടിട്ടുള്ളവർ അറിഞ്ഞുവെച്ചിട്ടുണ്ടെന്നുമാത്രമേ ഇതിനെക്കുറിച്ചു തല്ക്കാലം പറയുന്നുള്ളു.

ഇതേവരെ പ്രസ്താവിച്ചവ കൂടാതെ പ്രസ്താവയോഗ്യങ്ങളായ കൃതികൾ ഈ കവിയുടെ വകയായി വേറെയും പലതുണ്ടു്. അവയെല്ലാം പ്രത്യേകം പ്രത്യേകം എടുത്തു പറഞ്ഞിട്ടു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല ഒടുവിൽക്കാണുന്ന പട്ടികയിൽ എല്ലാററിന്റേയും വിവരം പറകയും ചെയ്യും.

കവിതാരീതി

കേശവപിള്ള അവർകളുടെ കവിതാരീതി ആർക്കും വളരെ ബോധിക്കുന്നതാണു്. വെണ്മണി നമ്പൂരിപ്പാട്ടിലെപ്പോലെ വലിയ ഫലിതങ്ങളൊന്നും ഈ കവിക്കില്ലെങ്കിലും എവിടെയും കുത്തിത്തിരുകുന്നതിനു് നമ്പൂരിപ്പാട്ടിലേക്കു തീരെ കൂസലില്ലാത്ത 'അത്രം' 'ഇത്രം' ഈ കവിക്കു വളരെ ദുർല്ലഭമായിട്ടേ ഉള്ളു. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെകഴിഞ്ഞാൽ ശബ്ദശുദ്ധി, വർണ്ണവിന്യാസക്രമം ഇവയിൽ ഇത്ര നിഷ്കർഷയുള്ള കവികൾ വളരെ ഉണ്ടെന്നു തോന്നുന്നില്ല. പ്രാസം വേണമെങ്കിൽ എത്രയെങ്കിലും വാരിച്ചിലവാക്കുന്നതിനു് ഒരു ലോഭവും ഇദ്ദേഹത്തിനില്ല. ദ്വിതീയാക്ഷരപ്രാസം ഐകരൂപ്യത്തോടുകൂടി ദീക്ഷിച്ചു് വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ പ്രഥമമായും ആധിക്യേനയും അനുകരിച്ചിട്ടുള്ളതു് ഈ കവിയാണെന്നുള്ളതിലേയ്ക്കു് ഇദ്ദേഹത്തിന്റെ കൃതികൾ സാക്ഷികം

ളാണ്. 1083 മീനത്തിൽ നടന്ന തിരുവനന്തപുരം കാളേജു മലയാളസമാജവാർഷികയോഗത്തിൽ "ഭാഷാകവിത" എന്ന പേരിൽ കേശവപിള്ള അവർകൾ ചെയ്ത ഒരു പ്രസംഗത്തിൽ പ്രാസവിഷയമായി പുറപ്പെടുവിച്ചിരുന്ന ചില അഭിപ്രായങ്ങളെ ഖണ്ഡിച്ച് ആധുനികമലയാളകവികളിൽ പ്രഥമഗണനീയന്മാരായുള്ളവരിൽ ഒരാളായ ഉള്ളൂർ എസ്. പരമേശ്വരയ്യരവർകൾ ഒരു ലേഖനമെഴുതി. മലയാളത്തിലെ 'പ്രാസപ്രയോഗനിയമ'ങ്ങളെ പഠിച്ചും പ്രയോഗിച്ചും നിയമശാസ്ത്രപടുക്കളായിത്തീർന്ന ഈ രണ്ടു കവികുഞ്ജരന്മാർ തമ്മിൽ പിന്നെ നടന്ന വാദം,

'കേശവനതു ഖണ്ഡിക്കും
പിന്നെപ്പരമേശ്വരൻ മുളപ്പിക്കും'

എന്നു പറഞ്ഞ മട്ടിൽ മലയാളത്തിലെ ഒരു 'പ്രമാദമായ' വ്യവഹാരമായി പരിണമിച്ചു. പ്രാസക്കേസിൽ അനർഹന്മാരായ കുടിവക്കീലന്മാർകൂടി കക്ഷിചേരുകനിമിത്തം വലിയ വാശിയും വഴക്കുമായി. കാര്യംവിട്ട് അന്യോന്യം ശകാരങ്ങളും ശണ്ഠയുമായി. ഒടുവിൽ രണ്ടു കക്ഷികൾക്കും കൃതാർത്ഥത തോന്നാത്തക്കവണ്ണം ഒരു രാജിയും അപ്പീൽകോർട്ടു വിധിയും ഉണ്ടായി; എങ്കിലും അതിൻെറ ചൂട് ഇതേവരെ ആറീട്ടുണ്ടെന്നു തോന്നുന്നില്ല. ഈ വഴക്കിൻെറ ഫലമായി ഒരു കക്ഷിയിലുള്ള 'ശക്തിമാന്മാരും' ശക്തിഹീനന്മാരും മാമൂൽപ്രാസത്തെ വരവണ്ണം തെററാതെ സാർവത്രികമായി ഐകരൂപ്യത്തോടുകൂടി സ്വീകരിച്ച്, കവിതകൾ ഇപ്പോൾ ചമച്ചുവരുന്നുണ്ടു്. മറേറക്കക്ഷി "പ്രാസപ്രയോഗനിയമത്തെയൊഴിച്ച് നവ്യം കാവ്യം ചമയ്ക്കുവതിനും" ശ്രമിച്ചുവരുന്നുണ്ടു്. രണ്ടു കക്ഷികളുടേയും ശ്രമത്തിൽ ഭാഷയ്ക്കു് ശാശ്വതസമ്പത്തു് ഏതുകക്ഷിയിൽനിന്നാണ് ലഭിക്കുന്നതെന്നുള്ളതു് കാലം തീർച്ചയാക്കേണ്ട കാര്യമാണ്. എട്ടുവയസ്സിൽ സ്വയമേവ സ്വാധീനയായ കവിതാകാമിനിയെ

എട്ടിന്റെ എട്ടഇരട്ടിയും സംവത്സരക്കാലം പ്രാസപ്രവാഹത്തിലിട്ടു് നീന്തിക്കളിപ്പിച്ചു്, ശബ്ദാണ്ണവത്തെ ഉള്ളംകൈയിലൊതുക്കിവെച്ചു് യഥേഷ്ടം കൈകാര്യം ചെയ്തുപോരുന്ന കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ മയൂരസന്ദേശത്തിലെ പ്രാസപ്രയോഗം കണ്ടു്, മയിലാട്ടം കണ്ടവാൻകോഴികളെപ്പോലെ മററുള്ളവർ മതിവിഭ്രമം കാണിക്കുന്നതു് സാഹസമെന്നുമാത്രമേ പറയാനുള്ളു. വളരെക്കാലത്തെ പഴക്കവും തഴക്കവുംകൊണ്ടു് ഏതുമാതിരി പ്രാസവും, എത്രവേണമെങ്കിലും പ്രയോഗിക്കാൻ ശക്തനായ ഈ പ്രസിദ്ധകവിക്കുടിയും അനുകരണീയമായ കേരളവമ്മപ്രാസത്തിലെ ശ്ശേലടങ്ങളിൽക്കൂടിമാത്രം തന്റെ കവിതാവനിതയെ സഞ്ചരിപ്പിക്കുകയേക്കാൾ സുഗമമായ മറേറതുമാർഗ്ഗത്തെക്കൂടി സ്വീകരിക്കയാണു് വേണ്ടതെന്നു് തീർച്ചയാക്കി പ്രവത്തിക്കുന്നതു കണ്ടാലെങ്കിലും "ഞാനും പദ്യം ചിലതെഴുതിടും" എന്നുള്ള കവികളുടെ ഭ്രമം തീരേണ്ടതാണു്. നിവ്വാണമായ ഈ അഗ്നിപവ്വതം ഇനിയും പൊട്ടരുതല്ലോ; അതുകൊണ്ടു് ഈ വിഷയം ഇങ്ങനെ നില്ക്കട്ടെ.

മണിപ്രവാളശുദ്ധി ഇദ്ദേഹത്തിന്റെ കവനങ്ങൾക്കു വേണ്ടുവോളമുണ്ടു്. പദ്യങ്ങൾ അധികവും ദ്രാക്ഷാപാകത്തിലുള്ളവയാകുന്നു. ശീഘ്രകവനത്തിൽ അസാധാരണമായ വൈഭവമുണ്ടെങ്കിലും അതിൽ ഭ്രമം അശേഷം കാണാത്തതു് വളരെ ആശ്വാസകരമായ ഒരു കാര്യമാണു്. കോട്ടയത്തു് 'കവിസമാജ'ത്തിൽവച്ചു നടത്തിയ 'ഘടികാവിംശതി' പരീക്ഷയിൽ ഈ കവി നാല്പത്തഞ്ചു മിനിററുകൊണ്ടു് സ്രഗ്ദ്ധരാവൃത്തത്തിൽ സന്മാർഗ്ഗത്തെക്കുറിച്ചു് ഇരുപതു ശ്ലോകങ്ങൾ തീൎത്തുകൊടുത്തു് ഒന്നാമത്തെ സമ്മാനം വാങ്ങിയതു് 'സരസദ്രുതകവികിരീടമണി'യായ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലേക്കുപോലും വിസ്മയം ജനിപ്പിച്ച ഒരു കാര്യമായിരുന്നു. പിന്നീടുണ്ടായ 'കവിതാചാതുര്യ' പരീക്ഷ, തിരുവനന്തപുരത്തുവച്ചു നടത്തിയ 'കവിതാചാ

ത്തുയ്യ'പരീക്ഷ ഇവയിലും ഈ കവി വിജയം സമ്പാദിച്ചു. ഇങ്ങനെ പരീക്ഷകൾക്കുമാത്രമായി ഈ ആശുകവനസാമത്ഥ്യത്തെ ഇദ്ദേഹം അടക്കിവച്ചിരിക്കുന്നതു് വളരെ ഉചിതമായ ഒരു പ്രവൃത്തിയാണു്. ഒരു വീർപ്പിനു് ഒരു നാടകം തീക്കുന്നതുകൊണ്ടു് ഭാഷയ്ക്കു് ഒരുപകാരവും ഉണ്ടാവില്ലല്ലോ. പ്രാചീനകവികളിൽ നമ്പ്യാരെ ഒഴിച്ചുള്ളവർ പ്രായേണ ഒരേമാതിരി കവിതയിൽത്തന്നെയാണു് പ്രവത്തിച്ചുകൊണ്ടിരുന്നതു്. കിളിപ്പാട്ടുകാരനു് കിളിപ്പാട്ടും ആട്ടക്കഥക്കാരനു് ആട്ടക്കഥയുംതന്നെയായിരുന്നു ശരണം. നവീനകവികളിലും അധികംപേരെയും അങ്ങനെതന്നെയാണു് കണ്ടുവരുന്നതു്. എന്നാൽ കേശവപിള്ള അവക്കുടെ കവിത, പലമാതിരി പാട്ടുകൾ, ആട്ടക്കഥകൾ, നാടകങ്ങൾ, മണിപ്രവാളപദ്യകാവ്യങ്ങൾ, തജ്ജമകൾ, സംസ്കൃതകാവ്യങ്ങൾ ഇങ്ങനെയുള്ള നാനാപദ്ധതികളിൽക്കൂടിയാണു് സഞ്ചരിക്കുന്നതു്. ഏതുമാതിരി കവിതയ്ക്കും ഏത്രയും എളുപ്പം ഈ കവിയ്ക്കു വന്നിരിക്കുന്നതിനുള്ള കാരണവും ഇതുതന്നെ ആയിരിക്കാം.

കവികൾ പ്രായേണ ഗദ്യമെഴുത്തിൽ നൈപുണ്യം കുറഞ്ഞവരായിരിക്കും എന്നൊരു പക്ഷമുണ്ടു്. അതുപോലെതന്നെ സംസ്കൃതപരിജ്ഞാനമുള്ളവർ പദ്യനിമ്മാണത്തിലും, ഇംഗ്ലീഷ്പഠിപ്പുള്ളവർ ഗദ്യരചനയിലും സാമത്ഥ്യമുള്ളവരായിരിക്കുമെന്നും ഒരു പക്ഷമുണ്ടു്. ഈ രണ്ടഭിപ്രായങ്ങളിലും സത്യമുണ്ടെങ്കിലും വ്യത്യസ്തങ്ങളും ധാരാളമുണ്ടു്. കേശവപിള്ള അവർകൾ ഇതേവരെ എണ്ണപ്പെട്ട ഗദ്യകൃതികൾ ഒന്നും ഉണ്ടാക്കീട്ടില്ലെങ്കിലും ഗദ്യരചനയിലും ഇദ്ദേഹത്തിനു പരാജയമില്ലെന്നു് ഇദ്ദേഹത്തിൻെറ പല നല്ല ലേഖനങ്ങളും നല്ലവണ്ണം പ്രത്യക്ഷമാക്കുന്നുണ്ടു്. ഇദ്ദേഹം ഗദ്യമെഴുതിത്തുടങ്ങിയതും വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ രീതിയെ അനുകരിച്ചുകൊണ്ടായിരുന്നു. ഈ അനു

ഗദ്യകൃതികൾ

കരണം എത്രമാത്രം ഫലിച്ചു എന്നുള്ളതിന് ഒരു ദൃഷ്ടാന്തം പറയാം. "ഏതാനും കൊല്ലങ്ങൾക്കുമുൻപേ ഞാൻ എഴുതിയ 'മാലതീകേശവം' നാടകത്തിന് ഇദ്ദേഹം എഴുതിയ ഒരു മുഖവുരയെക്കുറിച്ച്, ഇതു് യദൃച്ഛയാ ഞാൻ കണ്ടിരുന്നുവെങ്കിൽ, ഞാൻതന്നെ എഴുതിയതല്ലയോ എന്നു് സംശയിക്കുമായിരുന്നു" എന്നു് തിരുമനസ്സുകൊണ്ടു് ഒരു തിരുവെഴുത്തിൽ പ്രസ്താവിച്ചിരുന്നു. പ്രകൃത്യാ സോത്സാഹനായ ഒരു പുരുഷനാണെങ്കിലും ഇദ്ദേഹത്തിൻെറ കൃതികൾ ഒട്ടുമുക്കാലും പരപ്രേരണയാൽ ഉണ്ടായിട്ടുള്ളവയാണു്. ഗദ്യനിർമ്മാണത്തിലും ഉത്സാഹിപ്പിക്കാൻ വല്ലവരും ഉണ്ടാകുമെങ്കിൽ നല്ല ഗദ്യകൃതികൾ വല്ലതും എഴുതാൻ ഇദ്ദേഹം ഉത്സാഹിക്കാതിരിക്കയില്ലെന്നു തോന്നുന്നു. ഇദ്ദേഹത്തിൻെറ ഗദ്യകൃതികളുടെ വിവരം ഒടുവിൽ ചേർക്കുന്ന പട്ടികയിൽ കാണാവുന്നതാണു്. ഇദ്ദേഹത്തിൻെറ 'ശകുനവിശ്വാസ'ത്തെക്കുറിച്ചു് ഗദ്യമെഴുത്തിൽ നല്ല വൈഭവമുള്ള ഒരാൾ എന്നു സമ്മതനായ റാവുബഹദൂർ പി. വേലു ബി. എ. അവർകൾ, "വാചകങ്ങൾ നിർദ്ദോഷങ്ങളായും, നിഷ്പ്രയോജനമായി മനസ്സിലാകുന്നവയായും ഇരിക്കുന്നു" എന്നും "കഷ്ടിച്ചു 17 ഭാഗങ്ങൾ മാത്രമുള്ളതായ ഈ ചെറിയ ലേഖനത്തിൽ ഇത്ര അധികം സംഗതികളെ അടക്കുന്നതിനു കഴിഞ്ഞതു് പുസ്തകകർത്താവിൻെറ സാമർത്ഥ്യവിശേഷംതന്നെ" എന്നും അഭിപ്രായപ്പെട്ടിരിക്കുന്നു.

ഈ കവി കവനസംബന്ധമായി ഓരോ അത്ഭുതങ്ങൾ കാണിച്ചും മററും അനേകമഹാന്മാരിൽനിന്നും അനേകസമ്മാനങ്ങളെ ലഭിച്ചിട്ടുണ്ടു്. കോട്ടയത്തുവച്ചു നടന്ന 'ഘടികാവിംശതി'പരീക്ഷയ്ക്കു് ഒന്നാമത്തെ സമ്മാനമായി സ്വർണ്ണംകൊണ്ടുള്ള ഒരു മദിരാശിമോതിരവും, "കവിതാചാതുര്യ്യ" പരീക്ഷയിലെ വിജയത്തിന് മോതിരത്തിന്മേൽ ഉപയോഗിക്കാവുന്നതും മദിരാശിയിൽനിന്നു കൊത്തിച്ചു വരു

പാരിതോഷികങ്ങൾ

ത്തിയതുമായ ഒരു മെഡലും സമ്മാനമായി ലഭിച്ചു. ഭാഷാനാരായണീയത്തിനു ഭാഷാപോഷിണിസഭയിൽനിന്നു നാല്പതു രൂപയും, മഹാരാജാവു തിരുമനസ്സിൽനിന്നും രത്നഖചിതമായ ഒരു മോതിരവും സമ്മാനം വാങ്ങി. തിരുവനന്തപുരത്തുവച്ചു നടന്ന "കവിതാചാതുര്യ്യ"പരീക്ഷയ്ക്കു് ഒന്നാമത്തെ സമ്മാനമായി 15 രൂപയും, "ആസന്നമരണചിന്താശതക"ത്തിനു് ഒന്നാമത്തെ സമ്മാനമായി 20 രൂപയും ഭാഷാപോഷിണിസഭയോടു വാങ്ങിച്ചു. മൂത്തകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് രത്നഖചിതമായ ഒരു സ്വർണ്ണമോതിരം സമ്മാനിച്ചിട്ടുണ്ടു്. 'സുഭാഷിതരത്നാകര'ത്തിനു് വീരശൃംഖല കിട്ടിയ വിവരം മുൻപേ പ്രസ്താവിച്ചിട്ടുണ്ടല്ലോ. മഹാരാജാവു തിരുമനസ്സുകൊണ്ടു് നാരായണീയത്തിനു നല്കിയപോലെ മറെറാരു സന്ദർഭത്തിലും രത്നഖചിതമായ ഒരു സ്വർണ്ണമോതിരം സമ്മാനിച്ചിട്ടുണ്ടു്. ആററങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടിനെക്കുറിച്ചെഴുതിയ തുള്ളല്പാട്ടു് ഇളയതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടിനിടയ്ക്കു് ഒരു തുള്ളല്ക്കാരൻ പഠിച്ചു തുള്ളിയതിനെ തൃക്കൺപാർത്ത മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടു് കവിക്കു് വിലപിടിച്ച ഒരു സാൽവായും, അവിടത്തെ വരനായ രാമവർമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഒരു കസവുപട്ടക്കരയും സമ്മാനിച്ചിട്ടുണ്ടു്. ഇതുകൾ കൂടാതെ വലിയകോയിത്തമ്പുരാൻ, നാടുനീങ്ങിയ ആററങ്ങൽ മൂത്തതമ്പുരാൻ, ചിത്രമെഴുത്തു കോയിത്തമ്പുരാൻ, കോഴിക്കോട്ടു പുതിയകോവിലകത്തു് ഏടത്താപ്പാട്ടതമ്പുരാൻ, മാനവിക്രമ ഏട്ടൻതമ്പുരാൻ, ഇങ്ങനെയുള്ള അനേകംപേരിൽനിന്നും പല പല സമ്മാനങ്ങളേയും ഈ കവി വാങ്ങീട്ടുണ്ടു്. ഇദ്ദേഹത്തിനു ലഭിച്ചിട്ടുള്ള പാരിതോഷികങ്ങളിൽപെട്ട സ്വർണ്ണമണികൾക്ക വേണമെങ്കിൽ മൂല്യനിർണ്ണയംചെയ്യാം. എന്നാൽ കവിസാർവ്വഭൗമനായ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ആദ്യം "സരസ

ഗായകകവി" എന്നും പിന്നീട് "സരസഗായകകവിമണി" എന്നും കല്പിച്ചുനല്കീട്ടുള്ള സ്ഥാനപ്പേരിലെ 'മണി' അമൂല്യമാണു്. കേശവപിള്ള അവർകളുടെ 'സംഗീതമാലിക' യിലാണു് തിരുമനസ്സുകൊണ്ടു് ഈ സ്ഥാനപ്പേരു് തുല്യം ചാർത്തിക്കൊടുത്തതു്.

ബാല്യത്തിൽ ഇദ്ദേഹം അച്ഛനമ്മാവന്മാരുടെ സഹായത്തിനായി കുറേനാൾ പ്രവൃത്തിക്കണക്കു് എഴുതിക്കൊണ്ടിരുന്നു. 1063-ാമാണ്ടുമുതൽ ഒരു സംവത്സരക്കാലം കൊല്ലത്തു് ഒരു വൈദ്യശാലയിൽ സംസ്കൃതം പഠിപ്പിച്ചുകൊണ്ടിരുന്നു. പിന്നീടു് ചിലരുടെ അപേക്ഷയാൽ പെരിനാട്ടു് രണ്ടു സംവത്സരക്കാലം ഒരു സംസ്കൃതപാഠശാല സ്ഥാപിച്ചു നടത്തിവന്നു. 1066-ാമാണ്ടുമുതൽ സ്വദേശത്തുതന്നെ ഒരു പാഠശാല സ്ഥാപിച്ചു സംസ്കൃതം പഠിപ്പിച്ചുതുടങ്ങി. ഇതിനു് സർക്കാരിൽനിന്നു് ഗ്രാൻറും കൊടുത്തുകൊണ്ടിരുന്നു. 1072-ാമാണ്ടിൽ കൊല്ലം മലയാംപള്ളിക്കൂടത്തിൽ ഒരു അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. 1076-ൽ കൊല്ലം ഇംഗ്ലീഷ്ഹൈസ്കൂളിൽ മലയാളമുൻഷിയായും, ഇടയ്ക്കു് അല്പകാലത്തേയ്ക്കു് സംസ്കൃതമുൻഷിയായും നിയമിക്കപ്പെട്ടു. ആയിടയ്ക്കു് പരമോത്സാഹിയായ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് കവിയ്ക്കെഴുതി അയച്ച രണ്ടു പദ്യങ്ങൾ കവിയുടെ ഉത്സാഹശീലത്തിനു് ഉത്തമദൃഷ്ടാന്തങ്ങളാണു്:—

ജോലികൾ

"കൊല്ലം ഹൈസ്കൂളിൽ മുൻഷിപ്പണിയുടയതിര-
    ക്കിന്നുമാസംസ്കൃതത്തിൽ
കൊല്ലംതോറും വിശേഷജ്ഞത വളരുമൊരാ-
    പ്രക്രമപ്രൗഢമയ്ക്കും
മെല്ലെന്നിംഗ്ലീഷു ശീലിപ്പതിനുമധികമായ്
    വിഘ്നമാകാത്തമട്ടിൽ
കില്ലെന്ന്യേ സ്വന്തഭാഷാകവിതയുമിടയിൽ
    താങ്കൾ താങ്ങുന്നു വീരൻ.

തൽസാമ്യമീയുള്ളവനും ചിലപ്പോ-
ളുത്സാഹശക്തിക്കു കിടയ്ക്കുമെങ്കിൽ
ദുസ്സാധ്യമെന്നുള്ള മടിച്ചുമങ്ങി-
ബ്ബിസ്സായിരുന്നീടുകയില്ലെടോ ഞാൻ."

കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് "മടിച്ചുമങ്ങിബ്ബിസ്സായിരുന്നി"ല്ലെന്നു് ഭരതപ്പുഴ ഒരു ശപാസത്തിനു് നീന്തിക്കടന്നതുകൊണ്ടു് നമുക്കറിയാമല്ലോ. 77-മകരമാസത്തിൽ കേശവപിള്ള അവർകൾ മുൻഷിപ്പണിവിട്ടു് വടശ്ശേരി ശ്രീ. വേലായുധൻതമ്പി അവർകളുടെ അധ്യാപകനായി തിരുവനന്തപുരത്തേയ്ക്കു മാറി. ആ ജോലിയോടു കൂടി വടശ്ശേരി ഭഗവതിപ്പിള്ളക്കൊച്ചമ്മച്ചി അവർകളുടേയും വി. കൃഷ്ണൻതമ്പി അവർകളുടേയും അധ്യാപകത്വം കൂടി വഹിക്കുന്നുണ്ടു്. വിശ്രമസമയങ്ങളിൽ പല ശിഷ്യന്മാരെയും സംസ്കൃതം പഠിപ്പിക്കുന്നുണ്ടു്. പക്ഷേ 'ഭൂതാനാം സഞ്ചയത്തിൽ പ്രകൃതി' വിലാസങ്ങളുടെ ചിത്രമെഴുത്തുജോലിയിൽ ഏപ്പെട്ടിരിക്കുന്ന കവികൾക്കു് വിശ്രമം എവിടെ? അതുകൊണ്ടു് വിശ്രമാവസരമെന്നു് ഞാൻ വെറുതെ പറഞ്ഞതാണു്. കവിതയെഴുത്തിനു പുറമേ പത്രങ്ങൾക്കും മാസികകൾക്കും ലേഖനസഹായങ്ങൾ ചെയ്കയെന്നുള്ളതും ഒരു പതിവായ ജോലിയായിത്തീർന്നിട്ടുണ്ടു്. 'കാവ്യമഞ്ജരി' എന്നൊരു മാസികയുടെ പത്രാധിപത്യം ഇടയ്ക്കു് അല്പകാലം വഹിച്ചിട്ടുണ്ടു്. മിഡിൽസ്കൂൾപരീക്ഷയ്ക്കു് ഒരിക്കൽ പരീക്ഷകനായും ഇരുന്നിട്ടുണ്ടു്. ഈ എല്ലാ ജോലികളെക്കാളും ശ്രമാവഹമാണു് ഗ്രന്ഥപരിശോധനയും സർട്ടിഫിക്കറെറഴുത്തും. 75 മകരംമുതൽ ഇതുവരെ പരിശോധിച്ചു് തിരുത്തിക്കൊടുത്തിട്ടുള്ള ഗ്രന്ഥങ്ങളുടെ എണ്ണം കുറിച്ചെടുത്തുനോക്കിയതിൽ 121 ഉണ്ടെന്നു കാണുന്നു. മലയാളസാഹിത്യത്തിന്റെ വദ്ധന നോക്കുക! മലയാളി മടിയനെന്നു് ആരു പറയും? ഇവയിൽ എത്ര എണ്ണം തൂക്കിവിററു് കടലാസുവില വാങ്ങിട്ടുണ്ടെന്നു് ആർക്കറിയാം? പക്ഷേ മലയാള

ഭാഷയുടെ ശാശ്വതസമ്പത്തുകളായി ഗണിക്കപ്പെടേണ്ടുന്ന ചില വിശിഷ്ടകൃതികളും ഈ എണ്ണത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. അവയെ ഭാഷാഭിമാനംകൊണ്ടും, മററവയെ സൌജന്യംകൊണ്ടും പരിശോധിച്ച് ഒന്നിൽനിന്നു കൃതാൎത്ഥതയും, മറേറതിൽനിന്നു മനഃക്ലേശവും കവി അനുഭവിക്കയാണെന്നു പറയേണ്ടതില്ലല്ലോ. ചില്ലറ ശ്ലോകങ്ങൾ തിരുത്താനുള്ള ഉപദ്രവം ഭയങ്കരമാണ്. വെറുതേയിരുന്നാലും വീറുകാട്ടാൻ ഒരുങ്ങുന്ന സമാനകാലീനന്മാരുടെ ഈവക ഉപദ്രവങ്ങളെ സഹിക്കാൻ ഒരാൾക്ക് ക്രമത്തിലധികം ക്ഷമയുണ്ടായിരിക്കതന്നെ വേണം. ഇദ്ദേഹം സ്വദേശീയരുടെ ഗുണത്തിനുവേണ്ടിയും പല ശ്രമങ്ങളും ചെയ്തിട്ടുണ്ട്. സ്വദേശത്ത് ഒരു സഭ സ്ഥാപിച്ച്, ജനങ്ങൾക്കു പൊതുവിൽ ജ്ഞാനാഭിവൃദ്ധികരങ്ങളായ അനേക വിഷയങ്ങളെക്കുറിച്ച് നടത്തുകയും അടിയന്തിരദ്രവ്യയദുരഭിമാനത്തെയും, ഭൂഭ്രമണം ഗ്രഹണം മുതലായ ചില ഗഹനങ്ങളായ വിഷയങ്ങളെക്കുറിച്ച് ജനങ്ങൾക്കുണ്ടായിരുന്ന അയഥാൎത്ഥബോധത്തെയും നശിപ്പിക്കുന്നതിനു വളരെ ക്ലേശിക്കയും ചെയ്തിട്ടുണ്ട്. ഇദ്ദേഹത്തിന്റെ പ്രസംഗചാതുൎയ്യത്തെക്കുറിച്ച് പലരും അഭിനന്ദിച്ചിട്ടുണ്ട്. ഉള്ളിൽ തോന്നുന്ന വിചാരങ്ങളെ എല്ലാം നല്ല ഭംഗിയായി പുറത്തുകൊണ്ടുവരുവാൻ ഇദ്ദേഹത്തിനു വേണ്ടുവോളം വൈഭവം ഉണ്ടെന്നുള്ളതിന് ലേശംപോലും സംശയം ഇല്ല.

ഇതുവരെയും ഞാൻ എഴുതിയ ചരിത്രത്തിൽ ഇദ്ദേഹത്തിനുണ്ടായിട്ടുള്ള വിജയങ്ങളുടേയും ഖ്യാതികളുടേയും സന്തോഷകരമായ ഒരു വിവരണം മാത്രമേ അടങ്ങീട്ടുള്ളൂ.

ചില ആപത്തുകൾ

അപരിഹാൎയ്യങ്ങളായ ചില ആപത്തുകളും ഇതിനിടയ്ക്ക് ഇദ്ദേഹത്തിന് നേരിട്ടിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ജ്യേഷ്ഠനും കനിഷ്ഠനുമായി രണ്ടു സഹോദരന്മാരുണ്ടായിരുന്നവരും ഒരു സഹോദരിയും വളരെ ശൈശവത്തിൽത്തന്നെ

ചരമഗതിയെ പ്രാപിച്ചു. ഈ മരണത്തെക്കുറിച്ച് മൂലൂർ പത്മനാഭപ്പണിക്കർ അവർകഠം എഴുതീട്ടുള്ള ചരമപദ്യങ്ങഠം ഇദ്ദേഹത്തിൻെറ സ്വഭാവാദിഗുണങ്ങളെയും, പിതൃപുത്രന്മാരുടെ പരസ്പരവാത്സല്യാഭിമാനങ്ങളേയും വാസ്തവമായി വൎണ്ണിക്കുന്നതാകയാൽ അവയെ താഴെ ഉദ്ധരിക്കുന്നു:-

"എൻപുത്രൻ കവിഗായകൻ ബുധവരൻ
 വിശ്വപ്രസിദ്ധൻ, നൃപൻ
തൻപുത്രന്നൊരു ദേശികൻ സുമുഖനി-
 ത്യാനന്ദഹല്ലോഹലം
സമ്പത്താക്കിയിരുന്നുകൊണ്ടെഴുപതാ-
 യീട്ടും വയസ്സന്ധിയെ-
സ്സംപ്രാപിച്ചൊരു കേ. സി. കേശവപിതാ-
 വെത്തീ ദിവം ഭാഗ്യവാൻ.

സത്യം ദൈവികഭക്തി സാധുത സദാ-
 ചാരം വിവേകം സദാ
കൃത്യശ്രദ്ധയിവയ്ക്കുമൂല്യനിധിയാ-
 മീ രാമപിള്ളാഭിധൻ
പത്തിൻതൻപരിചയ്യ ചെയ്യുവതിനായ്-
 ത്തയ്യാറിൽനിന്നുള്ളൊര-
പ്പുത്രന്നന്തിമമാമനുഗ്രഹവുമ-
 ന്നേകീ പവിത്രാശയൻ."

1065 മേടത്തിലാണ് ഇദ്ദേഹം വിവാഹം ചെയ്തതു്. ചിലപ്പോഠം കുറേശ്ശെ കവിതകഠംകൂടി എഴുതിക്കൊണ്ടിരുന്ന വിദുഷിയായ ആ ശീലവതി 1067 ധനുമാസത്തിൽ അകാലമരണത്തെ പ്രാപിച്ചു. പിന്നീടു് കുറേനാളത്തേയ്ക്കു് ഇദ്ദേഹം ഉത്സാഹശൂന്യനായി കാണപ്പെട്ടു. 1069 മിഥുനത്തിൽ പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ ആറു സന്താനങ്ങഠം ഉണ്ടായി. രണ്ടെണ്ണം മരിച്ചുപോയി.

ശേഷം നാലു കുഞ്ഞുങ്ങളുള്ളവരിൽ മൂന്നു് ആണും ഒരു പെണ്ണും ആകുന്നു. ആൺകുട്ടികൾ രണ്ടുപേരും ഇംഗ്ലീഷും പെൺകുട്ടി മലയാളവും പഠിക്കുന്നു. ഇളയ കുട്ടിക്കു് മൂന്നു വയസ്സേ പ്രായമായിട്ടുള്ളു. ഭാര്യയും കുഞ്ഞുങ്ങളും ഇദ്ദേഹത്തോടൊന്നിച്ചു് തിരുവനന്തപുരത്തു് താമസിച്ചുവരുന്നു.

കേ. സീ. കേശവപിള്ള അവർകളെക്കുറിച്ചു് തൽക്കാലം എനിക്കു പറയാനുള്ളതെല്ലാം ഒരുവിധം സംക്ഷേപിച്ചു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇദ്ദേഹത്തിന്റെ ജീവചരിത്രം സവിസ്തരം എഴുതാൻ വിചാരിക്കുന്നവർക്കു് ഇതു് ഉപകാരപ്പെടാതിരിക്കയില്ലെന്നാണു് എന്റെ വിശ്വാസം. മലയാളഭാഷയ്ക്കു് ഇതിലും ഉപരിയായ ഗുണങ്ങൾ ചെയ്വാൻ തക്കവണ്ണം ഈ കവി ഇനിയും ദീർഘകാലം അരോഗദൃഢഗാത്രനായി ജീവിച്ചിരിക്കാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ.

മയ്യനാട്ടു്                                സി. വി. കുഞ്ഞുരാമൻ.
17-5-1087.

## ശേഷം ജീവചരിത്രം

പ്രാസവാദത്തിൻെറ ചില മാറെറാലികൾ 1088 ചിങ്ങത്തിലും ഉണ്ടായി. എന്നാൽ വികാരത്തിലധികമായി യുക്തിയാണു് രണ്ടുകൂട്ടരിലും കണ്ടതു്. ഉദയവമ്മതമ്പുരാൻെറ മദ്ധ്യസ്ഥതയിൽ 1088 കന്നി 4–ാംനു- കേ. സീ–യും ഉള്ളൂരുംകൂടി എഴുതിയ ലേഖനം പ്രസിദ്ധംചെയ്തതോടുകൂടി ആ വാദം ഉപസംഹരിച്ചു.

1088 തുലാം 10–ാംനു-മുതൽ നടപ്പാക്കിയ '88-ലെ നായർറെഗുലേഷൻ' അന്നത്തെനിലയ്ക്കു് സുപ്രധാനമായ ഒരു സംഭവമായിരുന്നു. മഹാരാജാവിനും ദിവാനും നന്ദി പറയുന്നതിനായി ജൂബിലിഹാളിൽ കൂടിയ യോഗത്തിൽ ചൊല്ലുന്നതിനു് കേ. സീ. എഴുതിയ ശ്ലോകങ്ങൾ:—

ചൊല്ലൊല്ലാങ്ങീടും മഹാന്മാർ പലരിഹ പലനാ-
ളായു് നിനച്ചും കഥിച്ചും
കെല്ലോടൊത്തുദ്യമിച്ചുംവരുമരിയൊരഭീ-
ഷ്ടത്തിനൊക്കന്നവണ്ണം
ഇപ്പോളുണ്ടായതാമിപ്പുതിയനിയമനം
നായർസംഘത്തിനെല്ലാം
നല്ലോടൗന്നത്യമാളുന്നതിനലമുതകീ-
ടുന്ന സോപാനമല്ലോ.

ഇഷ്ടംപോലീവിധത്തിൽ പുതിയനിയമമൊ-
ന്നേപ്പെടുത്തുന്നതിങ്കൽ
സ്പഷ്ടംകാണിച്ച നീതിപ്രവണതയുടെയുൽ-
ക്കഷേമോത്തിട്ടു മോദാൽ
പുഷ്ടശ്രീമൂലവഞ്ചിക്ഷിതിശതമഖനും
രാജഗോപാലമന്ത്രി-
ശ്രേഷ്ഠനും നന്ദിചൊല്ലുന്നിതു വിനയമൊടേ
നായർസംഘം വിശങ്കം.

ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കുമായി വിലവാങ്ങിയ പരവൂർ പൊഴിക്കര മഞ്ചേരി തെക്കേമുറിപ്പുരയിടത്തിൽ 1088 മീനം 21-ാംതീയതി കെട്ടിടംപണി ആരംഭിച്ചു. മേടം 12-ാംതീയതി അതു ബദ്ധപ്പെട്ടു പൂർത്തിയാക്കീട്ടു് (കുമ്മായവേലയും സിമൻറുവേലയും നടന്നില്ല) തിരുവനന്തപുരത്തേയ്ക്കു് യാത്രയാവുകയുംചെയ്തു.

എത്രയെത്ര ഗ്രന്ഥങ്ങളാണു് ഇക്കാലത്തു് പരിശോധിച്ചു് തിരുത്തുകയും അഭിപ്രായമെഴുതുകയും ചെയ്തിട്ടുള്ളതു്! വളരെ നിഷ്കൃഷ്ടാപൂർവ്വമാണു് തിരുത്തുകൾചെയ്തതും. ആരുടെ കൃതിയായാലും അതു് ശുദ്ധമാക്കാതെ അച്ചടിക്കുന്നതു് കേ. സീ-ക്കു് ഇഷ്ടമായിരുന്നില്ല. ഡയറിയിൽ ഒരു ഭാഗം നോക്കുക:—

"കിളിമാനൂർ കെ. ശങ്കരവാര്യരവർകൾ അയച്ച ശ്രീരാമോദന്തഭാഷ മുഴുവൻ വായിച്ചു. ഇതിൽ പല തെററുകളും കണ്ടു. ഈ തെററുകൾ തിരുത്തിക്കാതെ ഇതു മുഴുവൻ കേട്ടു എന്നും തിരുത്തിച്ചു എന്നും സർട്ടിഫിക്കററു കൊടുത്തതു് വ്യസനകരമാണെന്നും, മേലെങ്കിലും ഈമാതിരി കൃതികൾ വന്നാൽ തിരുത്താൻ ഇങ്ങോട്ടയച്ചിട്ടു് സർട്ടിഫിക്കററു കൊടുത്താൽ കൊള്ളാമെന്നു് കേരളപാണിനിക്കു് ഒരെഴുത്തെഴുതി. ഈ പുസ്തകം കിട്ടിയ വിവരത്തിനും കണ്ട തെററുകൾ വിവരിച്ചും അവ തിരുത്തണമെന്നും വാര്യർ അവർകൾക്കു് ഒരെഴുത്തെഴുതി......"

പൂർവ്വാധികം ദ്രുതഗതിയിലും ഒരു നിമിഷം കളയാതെയുമുള്ള പ്രവർത്തനമാണു് മരണാന്തം കാണുന്നതു്. കേശവീയം മുഴുവൻ കേരളവർമ്മ വലിയകോയിത്തമ്പുരാനെ കേൾപ്പിച്ചു. അതിൻെറ ടിപ്പണവും അവതാരികയും പൂർത്തിയാക്കി അച്ചടിക്കാൻ പ്രസ്സിൽ അയയ്ക്കുകയുംചെയ്തു. 1088 കർക്കടകം 31-ാംതീയതി കാവ്യത്തിൻെറ അവസാനപ്രൂഫ് തിരുത്തിയതായി കാണുന്നു.

കേ. സീ. യുടെ മനസ്സിനു് അനിതരസാധാരണമായ ക്ഷതമേല്പിച്ചതാണു് സ്വപ്രിയശിഷ്യനായ കൃഷ്ണനെഴുത്തച്ഛൻെറ ആത്മഹത്യ. അതു കവിയുടെ വാക്യത്തിൽതന്നെ കാണുക:—

1089 ചിങ്ങം 9-ാംനു-

"ഒരു മഹാകഷ്ടസംഭവം! വടക്കൻ കൃഷ്ണനെഴുത്തച്ഛൻ എന്നയാൾ ഇവിടെ വന്നു് പഠിച്ചിരുന്നല്ലോ. ഇയാൾ മിനിയാന്നു രാത്രി കുന്നുകുഴി നൈററ്സ്കൂളിൽ തൂങ്ങിമരിച്ചുകളഞ്ഞുപോലും!— ഇയാൾ നല്ല ബുദ്ധിമാനും സുശീലനും വിദ്യാഭ്യസനത്തിൽ സമത്ഥനും വിശിഷ്യ നല്ല വാശിയും ആയിരുന്നു! ഇയാളുടെ അക്ഷരവ്യക്തിയോടുകൂടിയ സംഭാഷണം എന്നെ വളരെ സന്തോഷിപ്പിച്ചിട്ടുണ്ടു്. ശ്ലോകം ചൊല്ലുന്നതിലും മററും വളരെ രസികത്വമുണ്ടു്. അസത്യമില്ല. മോഷണമില്ല. സദാചാരസ്ഥിതനാണു്. മയ്യാദ നല്ലവണ്ണം ഉണ്ടു്. ആകപ്പാടെ ഇയാൾ എൻെറ സന്തോഷപാത്രമായിരുന്നു. ഇയാളുടെ വാശ്ശാടിയിൽ രസിച്ചു് നാരായണശാസ്ത്രികൾ ഇയാളെ വിളിക്കുന്നതു് 'ചാക്യാർ' എന്നാണു്. ആൾ സുമുഖനുമാണു്. വയസ്സു് ഇരുപതിനകമേ ഇരിക്കൂ. ഇങ്ങനെയൊക്കെ ഇരിക്കുന്ന ഈ യുവാവു് ആത്മഹത്യചെയ്തതു് സ്ത്രീനിമിത്തമായ്‌വന്ന ഏതോ അപകടംനിമിത്തം ഉണ്ടാകാവുന്ന മാനഹാനിയെ കരുതി ആയിരിക്കണം എന്നേ ഒന്നു് തോന്നുന്നുള്ളൂ. ചെറുപ്പമാകയാൽ അങ്ങനെ വല്ലതും ഒരു നടത്ത എവിടയോ വന്നിരിക്കാം. അതു വെളിക്കു് അറിഞ്ഞിരിക്കാം. അതിനാൽ തനിക്കുള്ള മാന്യത നശിക്കുമെന്നു് വിചാരിച്ചായിരിക്കാം— ഇയാൾക്കു മാസംതോറും രണ്ടുരൂപാവീതം കൃഷ്ണൻനായരവർകൾ കൊടുക്കുന്നുണ്ടു്. ഈ ദുർവൃത്തി അറിഞ്ഞാൽ അദ്ദേഹം അതു് കൊടുക്കുകില്ലഎന്നും, ഞാൻ പഠിപ്പിക്കയില്ല എന്നും വിചാരിച്ചായിരിക്കാം. മടയൻ! ആ സംഗതി തുറന്നുപറ

യാമായിരുന്നല്ലോ! അതിന് ആത്മഹത്യചെയ്യണമോ? കഷ്ടം! മഹാകഷ്ടം! ഒരു സമൎത്ഥനായ യുവാവു് നശിച്ചു പോയല്ലോ. മേലാൽ വളരെ യോഗ്യനാകുമെന്നു് വിചാരിച്ചു് ഇയാൾക്കു് ഞാൻ വളരെ നല്ല ഉപദേശങ്ങൾ ചെയ്തിരുന്നു. ഭാഷാവിഷയമായി പല സൂക്ഷ്മസംഗതികളും പറഞ്ഞുകൊടുത്തിരുന്നു. അതെല്ലാം കഷ്ടം! നിഷ്ഫലമായിപ്പോയല്ലോ!! "അഹോ ദൈവഗതിശ്ചിത്രാ" എന്നല്ലാതെ എന്തു പറയേണ്ടു!!! സമൎത്ഥനായ ഈ യുവാവിൻെറ നഷ്ടം വലിയ സന്താപത്തിന് ഹേതുവായിരിക്കുന്നു."

ഈ സംഭവം അച്ഛൻെറ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. ചിങ്ങം 11-ാംനു-തന്നെ അസുഖം ബാധിച്ചു. അന്നും അതിനടുത്തദിവസവും പതിവുപോലുള്ള കവിത തിരുത്തും എഴുത്തും വായനയുമെല്ലാം നടത്തി. 13-ാംനു-മുതൽ അവധിയെടുത്തു. 14-ം 15-ം തീയതികളിൽ സ്വയം ഡയറിയെഴുതുകയുണ്ടായി—1089 ചിങ്ങം 20-ാംനു-ഉച്ചയ്ക്കു് പന്ത്രണ്ടരമണിസമയത്തു് പരലോകപ്രാപ്തനായി.

# I

# ആസന്നമരണചിന്താശതകം

**കേരളമിത്രംപത്രത്തിൻെറ അഭിപ്രായം**

ഈ ശതകം ഒന്നാംസമ്മാനത്തിനു യോഗ്യമായിത്തീൎന്നതിനെക്കുറിച്ച് ഞങ്ങൾക്കു് അത്ഭുതമില്ല. "ഭാഷാപോഷിണി" സഭായോഗത്തിൻെറ നോട്ടീസിൻപ്രകാരം ഉണ്ടാക്കി ഇതിനുമുൻപിൽ അച്ചടിപ്പിച്ചിട്ടുള്ള രണ്ടു ശതകങ്ങളേയും ഞങ്ങൾ വായിച്ചിട്ടുണ്ടു്. ഇതു് അവ രണ്ടിനേയും അതിശയിക്കുന്നുണ്ടെന്നു് സംശയംകൂടാതെ പറയാം. ഈ ശതകത്തിൻെറ ആദ്യത്തെ ശ്ലോകംകൊണ്ടുതന്നെ കവി താൻ വൎണ്ണിക്കുവാൻപോകുന്ന വിഷയത്തിൽ പ്രവേശിക്കുന്നു. എത്രയോ ചെറിയ ഓരോ കൃതിയിലേപ്പാലും ചില ഗ്രന്ഥകൎത്താക്കന്മാർ ഈശ്വരസ്തോത്രങ്ങളും വന്ദനശ്ലോകങ്ങളും അവതാരികയും മററും അതികലശലായി ആരംഭത്തിൽ കൊണ്ടുചെന്നു ചേൎത്തു് അതുകളുടെ ദൈൎഘ്യത്താൽ വായനക്കാരെ മുഷിപ്പിക്കുന്ന ഒരു സമ്പ്രദായമുള്ള ഈ കാലത്തു് കേശവപിള്ള അവൎകൾ തൻെറ ശതകത്തിൻെറ തുടക്കമായ ശ്ലോകം താഴെ ചേൎക്കുംപ്രകാരം രചിച്ചതിൻെറ ഔചിത്യം സന്തോഷകരമായിരിക്കുന്നു.

കല്യശ്രീ കലരുന്ന കേരളമഹാ-
    ദേശത്തിൽ മുന്നം മുദാ
കല്യാണാഞ്ചിതനാം ഗൃഹസ്ഥനൊരുവൻ
    താരുണ്യകാലം തുലോം
കല്യത്വേന കഴിച്ചു വാൎദ്ധകദശാ-
    മദ്ധ്യേ മഹാരോഗനി-
സ്തുല്യക്ലേശമൊടേ കിടന്നഥ വിചാ-
    രിപ്പാൻ തുടങ്ങീടിനാൻ.

ഇതുകൂടാതെ പറയപ്പെടാവുന്ന വേറെ ഒരു ഗുണം ഈ ശതകത്തിനുള്ളതു് മരിക്കുവാൻപോകുന്ന ഒരാളുടെ ചിന്തകൾ ഏതുപ്രകാരത്തിലിരിക്കുമെന്നു് ഊഹിച്ചറിയുന്നതിനു് ഗ്രന്ഥകത്താവു് വളരെ മനസ്സുവച്ചു് ശ്രമിച്ചിട്ടുണ്ടെന്നു് ഈ ശതകത്തിൽ നാനാഭാഗങ്ങൾകൊണ്ടും തെളിയുന്നുണ്ടെന്നുള്ളതാണു്. ചില കവികൾ തങ്ങൾ എടുത്തിരിക്കുന്ന വിഷയത്തെ പ്രതിപാദിക്കുവാൻ ചെയ്യുന്നതിൽ അധികംശ്രമം ശബ്ദഭംഗിയും മററും വരുത്തുന്നതിനായി ചെയ്യുന്നതു് അസാധാരണമല്ല. എന്നാൽ കേശവപിള്ള അവർകൾക്കു് സഹജമായുള്ള കവിതാസാമത്ഥ്യംനിമിത്തം ഈ ബുദ്ധിമുട്ടിനു് ആവശ്യമില്ല. തൻെറ വിഷയത്തെ കഴിയുന്നിടത്തോളം ശരിയായും സ്വാഭാവികമായും പ്രതിപാദിക്കുന്നതിനുമാത്രമേ ശ്രമിക്കേണ്ടു. ശബ്ദഭംഗി അനിരൂപിതമായിത്തന്നെ വന്നുകൊള്ളും. ഈ ഹേതുകൊണ്ടാണു് ഈ ശതകം മററു ശതകങ്ങളേക്കാൾ വൈശിഷ്ട്യമുള്ളതായതെന്നു് ഞങ്ങൾക്കു തോന്നുന്നതു്.

ശ്ലോകങ്ങൾ എല്ലാം "ശാർദ്ദൂലവിക്രീഡിത"വൃത്തത്തിലാണു് ഉണ്ടാക്കീട്ടുള്ളതു്. മലയാളഭാഷയിൽ ഈ വൃത്തം ഇതിലും ഭംഗിയായി പ്രയോഗിച്ചു് ഞങ്ങൾ കണ്ടിട്ടില്ല. മിക്ക ശ്ലോകങ്ങളും ആസന്നമരണൻെറ ചിന്തയെ വളരെ തീവ്രമായും സ്പഷ്ടമായും കാണിക്കയും വായനക്കാരുടെ ഹൃദയത്തിനു് വ്യസനംതോന്നിക്കയും ചെയ്യുന്നവയാണു്. അവയിൽ വിശേഷിച്ചു് ദുഃഖജനകങ്ങളായ ചില ശ്ലോകങ്ങളെ താഴെ ചേക്കുന്നു:

ഇഷ്ടംപോലെയൊത്തവിധം പണം പരിചിനോ-
ടൊട്ടിങ്ങു കിട്ടുന്നനാൾ
പച്ചക്കല്ലുപതിച്ച കാന്തിവിലസും
പൊൻതോടയും താലിയും

മെച്ചത്തിൽ പണിയിച്ചു കൊച്ചുതനയ-
 യ്ക്കേകേണമെന്നായ്മനം
വച്ചേനായതു ചെയ്യുതിന്നു വിധിതാ-
 നേകീല മേ കാലമോ? 25

അയ്യയ്യോ! ബത! കൊണ്ടുപോവതെവിടേ-
 യ്ക്കാണെൻെറ ഭർത്താവുതൻ-
മെയ്യയ്യോയിവളൊന്നുകൂടിയിഹ ക-
 ണ്ടാലെന്തു വൈഷമ്യമാം?
അയ്യയ്യോ വിധിയേവമിത്ര കഠിനം
 ചെയ്യുന്നതെന്തെൻമകൾ-
ത്തയ്യയ്യോ തളരുന്നിതെന്നു വിവിധം
 കേണീടുമേണാക്ഷിയാൾ. 91

എന്തിന്നച്ഛനെയീവിധത്തിലിവിടെ-
 ക്കെട്ടിപ്പൊതിഞ്ഞോട്ടുപേ-
രെന്താണിങ്ങു കഴിപ്പുതെന്നു പറ നീ,-
 യെന്നേവമെൻ ബാലകൻ
ചന്തച്ചുണ്ടു പൊളിച്ചുകൊണ്ടരുളവേ
 പെണ്ണുങ്ങൾ കണ്ണില്പരം
ചിന്തിച്ചിന്നിയൊലിക്കുമശ്രുനിരയെ
 പ്രത്യുക്തിയായ്ത്തീർത്തിടും. 92

ഇന്നോളം മമ ദേഹസംഗമമിയ-
 ന്നാനന്ദമാകുന്നപോൽ
തന്നോരെന്നുപധാനമേ ശയനമേ
 സന്മഞ്ചമേ കിഞ്ച മേ
വന്നോലും വ്യഥ തീർത്തിടും വ്യജനമേ!
 ഭംഗംവിനാ നിങ്ങളോ-
ടിന്നോതുന്നവസാനയാത്രയിനി നാം
 ചേർന്നീടുകില്ലെന്നുമേ. 96

ഈ ശതകത്തിൽ ഈ 96-ാം ശ്ലോകത്തെയാണു് ഞങ്ങൾ ഏററവും ബഹുമാനിക്കുന്നതു്. അതിൽ യഥാൎത്ഥമായ കവിത വളരെ ഉണ്ടു്. ഉൽപ്രേക്ഷ, അതിശയോക്തി മുതലായ അലങ്കാരങ്ങളെ വാരിവലിച്ചു പ്രയോഗിക്കുന്നതല്ല കവിതയെന്നു് ഈ ശതകം വായിച്ചാൽ കവികൾക്കു നല്ലവണ്ണം മനസ്സിലാകും. മരണസമയത്തിൽ അതിനിസ്സാരമായി നാം അതുവരെ വിചാരിച്ചുവന്നതും നിത്യപരിചയമുള്ളതും ആയ അചേതനവസ്തുക്കൾക്കു പോലും ആസന്നമരണൻ കൊടുക്കുന്നതായ പ്രാധാന്യവും അവയുടെനേരെ കാണിക്കുന്ന സ്നേഹവും ഒരു യഥാൎത്ഥ കവിയുടെ ഹൃദയത്തിൽമാത്രമേ തോന്നുകയുള്ളു. തലയണ കിടക്ക മുതലായതുകളെ നോക്കി,

'ഇന്നോളമുന്നവസാനയാത്രയിനി നാം ചേൎന്നീടുകില്ലെന്നുമേ'

എന്നു് ആസന്നമരണൻ മനസ്സുകൊണ്ടു പറയുന്നതായി വൎണ്ണിച്ചിരിക്കുന്നതിന്റെ യാഥാൎത്ഥ്യം ഇപ്പോൾ ഈ ശതകം വായിക്കുമ്പോൾ മനസ്സിലാകാത്തവൎക്കു് ഒരു കാലത്തിൽ മനസ്സിലാകാതിരിക്കയില്ലെന്നുള്ളതു് നിശ്ചയമാണു്.

കേശവപിള്ള അവൎകളെക്കുറിച്ചു് ഞങ്ങൾക്കുണ്ടായിരുന്ന ബഹുമാനം ഈ ശതകം വായിച്ചതിന്റെശേഷം അത്യന്തം വൎദ്ധിച്ചിരിക്കുന്നു. ഈ കവിയുടെ യശസ്സിനെ അദ്ദേഹത്തിന്റെ മററു കൃതികളെക്കാൾ അധികമായി ഈ അല്പമായ ശതകത്തിന്മേൽ അടിസ്ഥാനപ്പെടുത്തി ഭവിഷ്യൽസന്തതികൾ ഘോഷിക്കുമെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. ഈ ശതകത്തെപ്പററി അഭിപ്രായംപറയാൻ സംഗതിയായതിനെക്കുറിച്ചു് ഞങ്ങൾക്കു വളരെ അഭിമാനമുണ്ടു്. "ഭാഷാപോഷിണി" സഭായോഗത്തിന്റെ ഒന്നാം സമ്മാനത്തിനു് അൎഹമായതാണു് ഈ ശതകം എന്നുമാത്രം കേൾക്കുന്നതുകൊണ്ടു് ഇതിന്റെ ദശാംശമെങ്കിലും യോഗ്യതയെക്കുറിച്ചു് ഒരു ജ്ഞാനം ആൎക്കും ഉണ്ടാകുന്നതല്ല."

# ആസന്നമരണചിന്താശതകം

കല്യശ്രീ കലരുന്ന കേരളമഹാ-
ദേശത്തിൽ മുന്നം മുദാ
കല്യാണാഞ്ചിതനാം ഗൃഹസ്ഥനൊരുവൻ
താരുണ്യകാലം തുലോം
കല്യത്വേന കഴിച്ചു വാൎദ്ധകദശാ-
മദ്ധ്യേ മഹാരോഗനി-
സ്തുല്യക്ലേശമൊടേ കിടന്നഥ വിചാ-
രിപ്പാൻ തുടങ്ങീടിനാൻ. 1

ഉല്ലാസപ്രദമായ യൌവനമഹം
കൈവിട്ടു വാൎദ്ധക്യമാം
വല്ലാതുള്ളൊരരണ്യദേശമതിൽ വ-
ന്നത്തുംഗവൈരത്തൊടേ
മല്ലാടുന്ന മഹാമയാഹ്വയമെഴും
സൎപ്പത്തിനാൽ ഗ്രസ്തനായ്
നില്ലാതായിനിമേലിതിങ്കൽ വിജയം
തെല്ലും ഭവിക്കില്ല മേ. 2

ഹാഹാ! ഭൂതലവാസമെത്ര പരമാ-
നന്ദത്തിനിന്നാസ്പദം
ഹാഹാ സൂര്യ്യസുധാകരാദികൾ വിള-
ങ്ങീടുന്നൊരാകാശവും
ഹാഹാ പുഷ്പഫലാദിപൂർണ്ണതരുജാ-
ലോല്ലാസിനീ ഭൂമിയും
ഹാഹാ സൽസമസ്പൃഷ്ടരും തരുമൊര-
സ്സൌഖ്യങ്ങളോർക്കാവതോ? 3

കാലത്തിങ്ങെഴുന്നേററു നോക്കുമളവിൽ
ബാലാർക്കനോലും പ്രഭാ-
ജാലത്താൽ ഭുവനേ മറഞ്ഞൊരു തമ-
സ്സെല്ലാം ശമിപ്പിച്ചുടൻ
മാലെത്തീട്ടലയുന്ന കോകനിരതൻ-
സന്തോഷസന്താനമായ്
ചേലൊത്തങ്ങു വിളങ്ങിടുന്നതിനിമേൽ
കാണുന്നതെന്നാണു ഞാൻ? 4

"അമ്മേ വന്നിടു"കെന്നു ചൊന്നു കരവും
കാലും കുടഞ്ഞാർത്തിപൂ-
ണ്ടമ്മിഞ്ഞയ്ക്കു കരഞ്ഞുകൊണ്ടുഴലുമെൻ-
പൊന്നോമനക്കുഞ്ഞിനെ
ചെമ്മേ ചെന്നുടനമ്മവച്ചു 'വരികെ'-
ന്നോതിപ്പുണർന്നിട്ടെടു-
ത്തമ്മയ്ക്കുള്ള കരത്തിൽ നൽകുവതിനി-
ച്ചെയ്യാവതോ ദൈവമേ! 5

നാരീമൌലികൾ വന്നണഞ്ഞടിതൊഴു-
ന്നെന്നോമനപ്പുത്രിയാൾ
സാരീഗാമപധാനിയെന്നു സരസം
സപ്തസ്വരം സാദരം
സ്സാരീഭൂതവിലാസമോടു നിയതം
പാടുന്നതിൻധ്വാടികേ-
ട്ടാരീ വത്സലഭാവമോടിനി രസി-
ച്ചീടുന്നു കൂട്ടും മുദാ? 6

പാടീടും മമ പുത്രിതൻെറയരികിൽ
തത്തിക്കളിച്ചെത്തിയൻ-
പോടീ നിൻകടലാസെനിക്കു തരികെ-
ന്നോതീട്ടു കിട്ടായ്കയാൽ
ക്രുടീടുന്നൊരു കുണ്ഠഭാവമെഴുമെൻ-
കുഞ്ഞിങ്ങണഞ്ഞപ്പൊഴെ-
ന്നോടീവാർത്ത പറഞ്ഞിടുംവിധമിനി-
ക്കെല്ലോടു കേൾക്കാവതോ? 7

ഇഷ്ടന്മാർ പരിചാരകപ്പരിഷയെ-
ന്നുള്ളോർ ഗമിച്ചിട്ടു ത-
ന്നിഷ്ടംപോലെ ഗമിക്കവേ നിശയിൽ ഞാ-
നേകാകിയാകുംവിധൌ
പുഷ്ടാനന്ദമിയന്നു ദൃഷ്ടിമുനകൾ-
ക്കൊട്ടേറിടും നൽസുധാ-
വൃഷ്ടിക്കൊത്തണയുന്നൊരെൻദയിതയെ
കാണുന്നതെന്നാണിനി? 8

പ്രാണാധീശ്വരിയായിട്ടും കുമുദിനി-
ക്കൊട്ടേറെ വാട്ടം കൊടു-
ത്താണാ ഭാനു ഗമിച്ചതെന്നു കരുതി-
ക്കത്തുന്ന കോപത്തിനാൽ
ശോണാതിപ്രഭയാന്റയന്റ കരവും
നീട്ടിപ്പകിട്ടേറിടു-
ന്നേണാങ്കൻ ദിവി വാണിടുന്ന വിധവും
കാണുന്നതെന്നാണിനി? 9

എണ്ണംവിട്ടൊരു താരകാവലികളോ-
ടൊത്തങ്ങു കത്തുന്ന പൊൻ-
കിണ്ണംപോലെ വിളങ്ങിടും വിശദമാ-
മേണാങ്കബിംബം മുദാ
വണ്ണം തീയൊളിതോറ്റുപോം തനുവെഴും
നൽത്തയ്യലൊത്തൻപില-
വ്വണ്ണം കണ്ടുരസിപ്പതിന്നവസരം
മേലിൽ ഭവിക്കില്ല മേ. 10

പാലോലുന്ന മനോഹരാംശുനികര-
ത്താലാശു നാലാശകൾ-
ക്കാലോലം ബഹുഭംഗിപൂർവ്വമരുളി-
ക്കത്തും കലാനാഥനെ
താലോലിച്ചു മകനു "നമ്മളുടെ ന-
ല്ലമ്മാവനല്ലോ തെളി-
ഞ്ഞാലോകിച്ചിടു"കെന്നു ചൂണ്ടുവിരലാൽ
കാണിപ്പതെന്നാണിനി? 11

വൈരംപൂണ്ടു പിണങ്ങിയെന്നോടതിയാ-
യുധംത്താരിലെത്തും മഹാ-
വൈരസ്യത്തൊടു വാണിടും രിപുകുലം
മേലിങ്ങു മാലെന്നിയേ
കൈ രണ്ടും ബത വീശിയാൎത്തു പലതും
മല്ലിട്ടു ചൊല്ലീട്ടു നൽ-
സ്വൈരം മൽസഹജാദ്യരെസ്സകുതുകം
ബാധിച്ചു മോദിച്ചിടും. 12

പുഷ്ടപ്രേമമൊടെന്നോടൊത്തു വിളയാ-
ടീട്ടുള്ള ശിഷ്ടാഗ്ര്യരാ-
മിഷ്ടന്മാർ മമ ദിഷ്ടദോഷമതിനെ-
ക്കേട്ടീടിൽ ഞെട്ടിപ്പരം
ദൃഷ്ടിത്തെല്ലതിൽനിന്നമന്ദമൊഴുകു-
ന്നശ്രുക്കൾപൂണ്ടേത്രയും
കഷ്ടം കഷ്ടമിതെന്നു ചൊല്ലിയധികം
ഖേദിച്ചു രോദിച്ചിടും. 13

ഹിംസാകൃത്യമിവണ്ണമത്ര നിയതം
ചെയ്യുന്നതോൎത്തീടില-
സ്സംസാരത്തിനെഴും നിസൎഗ്ഗമതുതാ-
നല്ലാതെയല്ലേതുമേ
കിം സാരം ക്ഷണഭംഗുരം നരജന-
സ്സിത്യാദിതത്ത്വങ്ങളെ-
സ്സംസാരിച്ചവരാൎത്തിതീൎത്തഥ സമാ-
ശ്വാസത്തിലെത്തും ദൃഢം. 14

അയ്യോ! ദുർവ്വിധിഗർവ്വമാൎന്നു തിരളും
തിന്മയ്യെഴും കല്മഷ-
കൈയോരോന്നു കടന്നു ഹന്ത! ചിലരിൽ
ചെയ്തിട്ടുമുണ്ടൊട്ടു ഞാൻ
പൊയ്യോതുന്നതിനും പൊടിപ്പൊരുതിയെ-
പ്പോററും പ്രയത്നങ്ങളാ-
ലീയോകസ്സു ഹരിപ്പതിന്നുമിടയി-
ങ്ങുണ്ടായി പണ്ടാവിധം. 15

ഭാഗ്യത്താൽ ബഹുമാന്യസൽപദവിയെ
പ്രാപിച്ചു ദീപിച്ചു സൌ-
ഭാഗ്യത്തോടതിഭാവുകം ബത ഭരി-
ച്ചുംകൊണ്ടു കൊണ്ടാടിടും
യോഗ്യന്മാരൊട്ടു യോധഭാവമവലം-
ബിപ്പാനുമിപ്പാപി ദുർ-
ഭാഗ്യത്താലിടയാക്കിയെന്നതുമെനി-
ക്കിക്കാലമോൎക്കാവതോ? 16

കാളും കോപമിയന്നു ഞാനൊരുദിനം
കാളാംബുവാഹാളിയെ-
ക്കാളും കാന്തികലൎന്ന കുന്തലെഴുമെൻ-
മാൻകണ്ണിയാൾ മങ്കയെ
ആളും നൽക്കൃപയെക്കളഞ്ഞധികമാ-
ക്ഷേപിച്ചു ശിക്ഷിച്ചതി-
ന്നാളും ഹന്ത! മറന്നതില്ല പകരം
ലാളിച്ചുമില്ലേതുമേ. 17

പാടത്തിൻകരയിൽപ്പതിഞ്ഞരുപറ-
ക്കണ്ടം മുറയ്ക്കുണ്ടതെൻ-
മാടൊത്തീടിന വട്ടണിസ്തനിതനി-
ക്കേകീലതേകീടുവാൻ
കൂടിത്താപമലം നടിച്ചിഹ വസി-
ച്ചീടുന്നിവൻതന്നോടൻ-
പോടിത്തവ്വിലുരയ്ക്കിലായതു നട-
ത്തീടാൻ തുനിഞ്ഞീടുമോ? 18

എന്നിൽ പ്രേമമിയന്നിടുന്നൊരു മകൾ-
ത്തയ്യാകുമിയ്യോമന-
ക്കന്നൽക്കാറണിവേണിയാൾക്കു കണവൻ
വന്നീലയിന്നോളവും
മന്നിൽ തുല്യതയുള്ളവന്നിവളെ നൽ-
കീടാനുമൂഢാദരാ-
ലിന്നിൽക്കുന്നവർ പാത്രമായിവരികി-
ല്ലെന്നിന്നു തോന്നുന്നു മേ. 19

ഇന്നാൾ വേളികഴിച്ചയച്ച കരിമീൻ-
കണ്ണാൾ മകൾക്കും ഗുണ-
ക്കുന്നായ് നന്ദികലൻ മിന്നിടുമൊരി-
പ്പൊന്നോമനപ്പുത്രനും
നന്നായുള്ള സുതൻപിറന്നു കുതുകാൽ
കണ്ടെൻെറയിക്കണ്ണുകൾ-
ക്കൊന്നാനന്ദമിയന്നിടുന്നതിനുമു-
ണ്ടായീല കാലേ വിധി. 20

മുട്ടേതും പിടിപെട്ടിടാതെ മരുവും
കാലത്തിൽ മാലെത്തിടാ-
തൊട്ടേറെത്തടി വാങ്ങിവച്ചു ബത ബം-
ഗ്ലാവൊന്നു തീൎപ്പിക്കുവാൻ
കിട്ടേണ്ടും വക ശേഖരിച്ചു ശരിയായ്-
ത്തീൎന്നിട്ടതിന്നുള്ളിലെൻ-
മട്ടോലുംമൃദുവാണിയോടമരുവാൻ
കാലം ലഭിച്ചീല മേ. 21

നാമിന്നേവരെയോമനക്കുയിലൊളി-
ച്ചൊല്ലാള കല്യാണിയാ-
മോമൽപുത്രി വസിച്ചിടും ഗൃഹമതിൽ
ചെന്നില്ലിരുന്നില്ലഹോ!
സോമശ്രീമുഖി കാന്തനാം സുഭഗനോ-
ടൊന്നിച്ചു നന്ദിച്ചുകൊ-
ണ്ടീമൽ സൽകൃതിയിൽ കുതൂഹലമലം
കൈവന്നു മേവുന്നപോൽ. 22

ചേലിൽ ബ്രാഹ്മണസദ്യ മൂന്നുകുറി ഞാൻ
മുന്നം നടത്തിച്ചു പി-
ന്നാലേ വെള്ളമൊഴിപ്പുമങ്ങനെ കഴി-
പ്പിച്ചുങ്ങനേകം ദിനം
മേലിൽ സത്രമതൊന്നു മാൎഗ്ഗനടുവിൽ
കെട്ടിക്കുവാൻ വേണ്ടപോ-
ലാലോചിച്ചു ഫലിച്ചതില്ലതിവിടെ-
ച്ചിന്തിപ്പതെന്തിന്നിനി? 23

ചെയ്യും ജോലികളൊക്കെ നല്ല ചിതമായ്
തീർക്കാൻ മിടുക്കരെല്ലാരെൻ-
പയ്യൻതാൻ പതിനഞ്ചുവർഷമുടയോ-
നിംഗ്ലീഷ് പഠിക്കുന്നവൻ
ബിയ്യേയെന്ന മനോജ്ഞമായ മഹിത-
സ്ഥാനത്തിലെത്തുന്നതി-
ങ്ങയ്യോ കണ്ടതിമോദമാർന്നമരുവാൻ
കാലം ലഭിച്ചീല മേ. 24

ഇച്ഛയ്ക്കൊത്തവിധം പണം പരിചിനോ-
ടൊട്ടിങ്ങു കിട്ടുന്നനാൾ
പച്ചക്കല്ലു പതിച്ച കാന്തിവിലസും
പൊൻതോടയും താലിയും
മെച്ചത്തിൽ പണിയിച്ചു കൊച്ചുതനയ-
യ്ക്കേകേണമെന്നായ് മനം
വച്ചേനായതു ചെയ്യുതിന്നു വിധിതാ-
നേകീല മേ കാലമോ? 25

തെങ്ങിൻതൈകൾ വരുത്തി ഞാനധികമ-
ത്തോപ്പിൽക്കുഴിപ്പിച്ചുവ-
ച്ചിങ്ങിപ്പോഴവ കായ്ക്കുവാനവസരം
കൈക്കൊണ്ടു നില്ക്കുന്നു ഹാ!
തിങ്ങിപ്പൊങ്ങി വിളങ്ങിയേററമവയിൽ-
ത്തങ്ങും ഫലം ഭംഗിയോ-
ടിങ്ങിപ്പാപിയിവന്നു തെല്ലനുഭവി-
ച്ചീടാൻ കഴിഞ്ഞില്ലഹോ! 26

നന്നായുള്ളൊരു റൌക്കയെന്നുടെ മകൾ-
ക്കായിട്ടു തയ്പിക്കുവാ-
നിന്നാൾ ചെന്നു തിരഞ്ഞു നല്ല തുണി ഞാൻ
വാങ്ങിച്ചുവച്ചീടിനേൻ
അന്നാൾ വന്നൊരു ജോലികാരണമതും
പിന്നീടു സാധിച്ചതി-
ല്ലെന്നായ്‌വന്നിനിയാരെടുത്തതമിതാ-
നന്ദം ധരിക്കുന്നുവോ! 27

ഉന്മേഷത്തോടു ലോകരത്ര ചിലനാ-
ളുൾക്കൊള്ളുമക്കണ്ണുകൊ-
ണ്ടെന്മേനിസ്ഥിതി കാങ്കിലും ബത! മറ-
ന്നീടും ക്രമത്താൽ ദൃഢം
നന്മേനിക്കളിയാന്ന ചിത്രമെഴുതി-
ച്ചിട്ടാശു കുഡ്യസ്ഥല-
ത്തിന്മേൽ മോടിയിൽ വച്ചിടാനവസരം
വന്നീലിവന്നേതുമേ. 28

എന്മേനിപ്രതിരൂപമിച്ചുവരതിൽ
ചെമ്മേയിരുന്നെങ്കിലീ
നെന്മേനിപ്രതിമല്ലമാർദ്ദവമെഴും
നന്മേനിയാൾ മാന്മിഴി
ഉന്മേഷം മമ ബാലകന്നു ഹൃദയ-
ത്തിന്മേൽ ഭവിക്കുന്നനാൾ
നന്മേളത്തൊടുമാർത്തിയോടുമതു കാ-
ണിപ്പേനെ മാനിച്ചുതാൻ. 29

നല്ലോരെണ്ണ പിരട്ടിയിഞ്ച മുതലായ്-
ത്തേച്ചങ്ങു മുങ്ങിക്കുളി-
ച്ചുല്ലാസേന നവീനമായ വസനം
ചാർത്തിബ്ഭുജിച്ചങ്ങനെ
മുല്ലപ്പൂവകിൽ ചന്ദനാദികളണി-
ഞ്ഞൻപോറ്റു സൂക്ഷിച്ച മെയ്
വല്ലാതായിനിമേലിലേതുവിധമായ്-
ത്തീർന്നീടുമോ ദൈവമേ! 30

കണ്ടാലാർക്കുമമന്ദമോദമിയലും
കണ്ടങ്ങൾ വേണ്ടോളമി-
ങ്ങുണ്ടാക്കിച്ചു പറമ്പുമേറ്റമിഹ സ-
മ്പാദിച്ചുറപ്പിച്ചു ഞാൻ
കുണ്ടാമണ്ടി പിണച്ചിടാതിതുകളെ-
പ്പാലിച്ചു കാലങ്ങളിൽ
പണ്ടാരക്കരവും കൊടുത്തിവർ പൊറു-
ത്തീടാൻ തുനിഞ്ഞീടുമോ? 31

ആരും വന്നു തൊടാതെ സൂക്ഷ്മതരമായ്
വീക്ഷിച്ചു സൂക്ഷിച്ചൊരി-
ച്ചാരും ചാരുകസേര കട്ടിൽ മുതലാം
നിസ്തുല്യവസ്തുക്കളെ
ചേരും ശോഭകലർത്തി മേലുമിതുപോൽ
നന്നാക്കി വച്ചീടുവാ-
നാരുണ്ടായ് വരുമോ ധനേച്ഛയുടയോർ
തെറ്റെന്നു വിറ്റീടുമോ? 32

മുൻപേയെന്നുടെ പൂർവ്വജൻ സുരപുരം
പ്രാപിച്ചനാളേവരും
വൻപോലും വ്യസനാബ്ധിതന്നിൽ മുഴുകീ-
ട്ടമ്പോൾത്തരംപോലെ ഞാൻ
അൻപേലും ചില സാമവാക്കുകൾ പറ-
ഞ്ഞാശ്വാസമേകീടിനേ-
നെൻപേരിൽ കലരുന്ന ഖേദമതുപോ-
ലോത്താരു തീത്തീടുമോ? 33

പുഷ്ടാനന്ദമിയന്നു ഞാനിവിടെ വാ-
ണീടുന്ന നാളെന്നിൽ ന-
ല്ലിഷ്ടം കാട്ടി വണങ്ങിനിന്നു പലതും
തട്ടിച്ചു പിട്ടേറിടും
ദുഷ്ടക്കൂട്ടർ തിരിഞ്ഞുപോലുമിഹ നോ-
ക്കീടുന്നതില്ലിന്നു ഹാ
കഷ്ടം മേൽ ഗുണമൊന്നുമില്ലിവനിൽനി-
ന്നൊന്നായി വന്നീലയോ? 34

ആലോലാശ്രുകലന്നിളംതളിർകര-
ത്താലോമനക്കുഞ്ഞിനെ-
ത്താലോലിച്ചു തളൎന്നുനിന്നു വലയു-
ന്നീ ലോലമാൻകണ്ണിയെ
ചേലോലും പല ലീലയാൎന്നകമലി-
ഞ്ഞാലോകനം ചെയ്തിടാ-
തീലോകത്തെ വെടിഞ്ഞുപോവതിലെഴും-
മാലോൎപ്പതിന്നാവതോ? 35

സന്താപത്തൊടടട്ടത്തിരുന്നു വിവിധം
ദിവ്യൌഷധം ഭവ്യമാ-
മെൻതാപം തകരാൻ തരുന്നു കരുണാ-
സിന്ധുക്കൾ ബന്ധുക്കളും
എന്തായാലുമിനിക്കിടക്കയിതിൽനി-
ന്നീ ഞാനെഴുന്നേല്ക്കയി-
ല്ലെന്താവാം? പല ചിന്തയന്തരതിയാ-
യാഹന്ത ചിന്തുന്നു മേ. 36

ഏവം തന്നെയുമിന്നിയും ചിലദിനം
ഭൂവിങ്കൽ മേവീട്ടുടൻ
ജീവൻ പോവുകിലാവലാതിയിവനിൽ-
ത്താവുന്നതല്ലീവിധം
ചാവും കേവലമേവമേവനുമിരി-
ക്കാവല്ല നിത്യം, വൃഥാ
വേവുന്നാവിലമെങ്കിലും മമ മന-
പ്പൂവാത്തിദാവത്തിനാൽ. 37

"ചൊല്ലേണം വരവെപ്പൊഴാണു വരുവാൻ
വൈകൊല്ല,"യെന്നല്ലലാൽ
വല്ലേടത്തുമിവൻ ഗമിപ്പതിനൊരു-
ങ്ങീട്ടംവിധൌ ചൊല്ലിടും
അല്ലേലും കുളിർവേണിയാൾക്കിഹ ഭവി-
ച്ചീടുന്ന ഭാവം പൊറാ-
വല്ലേ കല്ലുമിതോക്ക്കിൽ സപദി വെ-
ണ്ണീറായി നീറും ദൃഢം. 3

മറേറാരോ ചരിതങ്ങഠ ചൊല്ലിയവഠതൻ-
ദുഃഖങ്ങഠ നൽക്കൌശലം
പെറേറാരുത്തമമായ ബാന്ധവജനം
കിഞ്ചിൽ കുറച്ചീടവേ
ഉറേറാരിൽ ചില മൂഢനാരികളണ-
ഞ്ഞിട്ടെൻെറ വൃത്തങ്ങളെ-
ങ്ങുറേറാതുമ്പൊഴുതാത്തി പിന്നെയുമവഠ-
ക്കഠത്തുന്നു കത്തും ദൃഢം. 39

ഞാനോരോ കുറി ചെയ്ത വൃത്തികളെയ-
ത്തോഴീജനത്തോടു നൽ-
ത്തേനോലുംമൊഴിയാഠ പറഞ്ഞിടുവതിൻ-
മദ്ധ്യേ നിബദ്ധാശ്രുവായ്
താനേ തൊണ്ടവിറച്ചു മിണ്ടുവതിനാ-
ളാകതെ ശോകാകുലം
താനേതും പറയാതെ നിത്തുമവസാ-
നം രോദനംതന്നെയാം. 40

ക്രൂറോടസ്വജനങ്ങഠ ചൊല്ലിന സമാ-
ധാനപ്രധാനോക്തിയാൽ
കാറോട്ടും കരിവേണിയാഠ പകൽ പണി-
പ്പെട്ടെങ്കിലും പോക്കിടും
ആറോടൊത്തെഴമശ്രുധാരയൊടഹോ
വല്ലാതെയല്ലിങ്കല-
മ്മാറോടക്കരതാരണച്ചു മമ രൂ-
പംതന്നെ ചിന്തിച്ചിടും. 41

പിന്നീട്ടുണ്ടെകഴിച്ചുവെന്നതു വരു-
ത്തിക്കൊണ്ടുറങ്ങിടുവാ-
നന്നീടും മുകിൽവേണിയാൾ വെറുനിലം-
തന്നിൽ കിടക്കും ദൃഢം
വന്നീടാ ബത നിദ്രയേതുമതിനാ-
ലൊട്ടേറെ നേരം കര-
ഞ്ഞന്നീടാന്നവൾ പിന്നെയങ്ങനെ മയ-
ങ്ങീടും ഞെരുങ്ങി ക്ഷണം. 42

എന്നെത്തന്നെ നിനച്ചു കിഞ്ചന മയ-
ങ്ങുമ്പോളുടൻ മുൻപിലാ-
യെന്നെ സ്പഷ്ടതരം കിനാവു ഘനനേർ-
വേണിക്കു കാണിച്ചിട്ടും
എന്നോമല്ലുണവൻ ധരാതലമുപേ-
ക്ഷിച്ചില്ല ചുമ്മാതെയാ-
ണിന്നേരം വ്യസനിച്ചതെന്നവൾ വിചാ-
രിച്ചേറെ മോദിച്ചിട്ടും. 43

എത്തീടുന്നനുരാഗമോടു പലതും
ചൊല്ലീട്ടു കൈനീട്ടിയ-
ങ്ങെത്തീടും പുണരുന്നതിന്നുടനെയാ-
ദുഷ്ടൻ കിനാവപ്പൊഴേ
മെത്തീടുന്നൊരസൂയകൊണ്ടു ബത ഹാ!
മാറീട്ടു കാവേണിയെ-
ക്കത്തീടും കടുതാപമാകിയ കൊടും-
തീയിൽ പതിപ്പിച്ചിടും. 44

പിന്നെക്കഷ്ടമെണീററിരുന്നു കരയും
ബന്ധുക്കളപ്പോളുണ-
ന്നെന്നോ' യെന്തൊരു വേലയാണിതു മരി-
ച്ചോർ പിന്നെ വന്നീടുമോ?
ഇന്നേവം മൃതിയാന്നിടാതെ പലനാ-
ളാക്കും വസിക്കാവത-
ല്ലിന്നും നാളെയുമായ് നമുക്കുമിതുപോൽ
വന്നിടുമെന്നോതിടും. 45

ഏവം ബന്ധുജനങ്ങൾതൻെറ വചനം
കേട്ടങ്ങടങ്ങീട്ടു താ-
നാവിർബാഷ്പഭരം സരോജമിഴിയാൾ
മിണ്ടാതെകണ്ടങ്ങനെ
രാവെല്ലാം വിഷമിച്ചുപോക്കുമിവയി-
ന്നോക്കുമ്പൊളുൾക്കാമ്പതിൽ
താവും ഭാവവികാരമെങ്ങനെ വഹി-
ച്ചീടും സഹിച്ചീടുമോ? 46

സച്ഛാഭം ശയനാന്തരത്തിൽ നിശയിൽ-
ത്തങ്ങുന്നൊരെൻകുഞ്ഞണ-
ഞ്ഞച്ഛാ! വന്നിട്ടകെന്നുനോക്കുമളവിൽ
കാണാഞ്ഞു കേണേററവും
ഇച്ഛാഭംഗമിയന്നിടുന്നസമയം
കച്ചേൽമുലത്തയ്യലാൾ
വിച്ഛായാനനമാൻറു, 'ഞാനിവിടെയെ-
ന്തോതേണ്ട'തെന്നോത്തിടും. 47

ഓരോരോസമയങ്ങളിൽ സരസമാം
സല്ലാപമുല്ലാസമാ-
ന്നാരോമൽ ചെറുമന്ദഹാസമൊടു ചെ-
യ്താനന്ദനമ്മങ്ങളും
നേരോടാടി രമിച്ച വേഴ്ചപലതും
പ്രത്യേകമത്താമര-
ത്താരോടുമ്മിഴി പേർത്തുമോർത്തകമലി-
ഞ്ഞാഹന്ത! മോഹിച്ചിടും. 48

നല്ലോരുത്സവവേളയിൽ സുതരൊടും
നല്ലാരിൽമാണിക്യമാ-
മല്ലോടും കരിവേണിയോടുമഴകിൽ
സല്ലാപമാന്നിട്ടുപോയ്
സല്ലോകാന്തരമെത്തിടുമ്പൊളുളവാ-
മുല്ലാസഹല്ലോഹല-
ത്തെല്ലോക്കുന്നതിനില്ല ശക്തി ഹൃദയം
നില്ലാതെ വല്ലാതെയായ്. 49

തിങ്കൾക്കൂട്ടമണഞ്ഞു നല്ലനിരയായ്
മിന്നുന്നവെന്നോവരും
ശങ്കിക്കും മുഖപംക്തിയോടകിലണി-
പ്പോർകൊങ്കമാർ തങ്കിടും
തങ്കശ്രീയണിഗോപുരത്തിലൊരിടം
ചെന്നാങ്ങൊഴിപ്പിച്ചതിൽ
തങ്കപ്പൂങ്കുഴലാളെയാരിനി വസി-
പ്പിക്കുന്നതിക്കും മുദാ? 50

ആരെല്ലാമുരചെയ്കിലും മടികല-
ന്നുണ്ണാതെ ഞാനുണ്ണുമ-
ന്നേരം മാത്രമടുത്തിരുന്നു രസമാ-
യുണ്ണുന്നൊരെന്നുണ്ണിതാൻ
ആരോടാണു ഹിതത്തിനൊത്തിനിയിരു-
ന്നുണ്ണുന്നതീവണ്ണമി-
ങ്ങാരൻപോറ്റു വളർത്തിടുന്നു ശിവനേ!
കണ്ടുന്നിതുൾത്താരു മേ. 51

എണ്ണീടാനരുതാതെഴും ഗുണമണ-
ഞ്ഞുള്ളോരു താതൻ ജവാൽ
വിണ്ണീനമ്മെ വെടിഞ്ഞു പുക്കു സുഖമായ്
വാഴുന്നു കേഴായ്കു നീ
ഉണ്ണീ വന്നു ഭുജിക്കയെന്നു മകനോ-
ടാലോലമോതുന്ന വൻ-
കണ്ണീരോട്ടു മനം തകൎന്നരുളുമെൻ-
പ്രാണാധികപ്രേയസി. 52

നാലഞ്ചർഭകരോടനന്യഗതിയാ-
യത്രൈവ വൎത്തിക്കുമി-
പ്പാലഞ്ചുംമൊഴിയാൾക്കു വേണ്ടവിഭവം
നേടിക്കൊടുത്തീടുവാൻ
കാലഞ്ചെററരുളാതെയെൻമൃതി വരു-
ത്തീടുന്ന ദൈവത്തിനി-
ക്കാലംചേൎന്ന കൃപാവിഹീനത വിചാ-
രിച്ചാൽ മഹാവിസ്മയം. 53

ഈവന്നോരു മഹാർത്തി തീർത്തിവിടെനി-
ന്നൊന്നങ്ങെഴുന്നേററു ഞാ-
നാവിർമ്മോദരസം വസിച്ചു വിവിധം
കൃത്യം നടത്തിസ്സമം
ഭാവം ഹന്ത തെളിഞ്ഞു മാനസസമാ-
ധാനം കലൎന്നിട്ടുടൻ
ഭൂവാസത്തെ വെടിഞ്ഞുവെങ്കിലിതുപോ-
ലില്ലായിരുന്നല്ലൽ മേ. 54

എന്നെക്കാളധികം വയസ്സുടയ വൃ-
ദ്ധന്മാരിരിക്കുന്നവർ-
ക്കെന്നെപ്പോലൊരു രോഗമിപ്പൊഴുതിലി-
ല്ലെന്നല്ലനല്പം സുഖം
എന്നിൽ പിന്നെയിവണ്ണമാർത്തിയതിയാ-
യെന്തിന്നു സർവ്വേശ്വരൻ
തന്നിപ്പാഴനിതിന്നുതക്ക പിഴതാ-
നേതെങ്കിലും ചെയ്തുവോ? 55

എന്തിന്നിങ്ങനെയോൎത്തിടുന്നിളമയു-
ള്ളോൎക്കും മനക്കാമ്പതിൽ
ചിന്തിക്കാതൊരു മൃത്യുവെത്തിയതു ഞാൻ
കണ്ടിങ്ങു വേണ്ടോളവും
ചിന്തിക്കാനരുതെന്നുമീവക ചിരം
ചിന്മൂർത്തിതൻവൈഭവ-
പ്പന്തിക്കാണവതൊക്കെയെന്നൊരു സമാ-
ധാനം പ്രധാനം ദൃഢം. 56

ദൂരത്തായ് മരുവീട്ടുമെൻ മരുമക-
ന്നായിട്ടു മത്സേവക-
ന്മാരെത്താനൊരെഴുത്തു നൽകി വഴിപോൽ
പെട്ടെന്നു വിട്ടീടണം
നേരെത്താതൊരു ഭക്തിയും വിനയവും
പണ്ടേയവന്നുണ്ടിതെൻ-
ചാരത്താശു വരുത്തിയശ്ശിശുവിനെ-
ക്കണ്ടെങ്കിൽ വേണ്ടില്ല മേ. 57

ഉള്ളിൽ കാളിന വൈരവും വെളിയില-
സ്സന്തോഷവും സന്തതം
കൊള്ളിക്കുന്ന കുശീലമാർന്നു കുടില-
ത്വം ചേർന്നഹോ വാണിടും
പുള്ളിക്കാർ മമ രോഗദർശനമതി-
ന്നായിങ്ങു വന്നീടുകിൽ
തള്ളിക്കേണമുടൻ പുറത്തവരണ-
ഞ്ഞീടേണ്ട കാണേണ്ട മേ. 58

കേമത്വം കലരുന്നുവെങ്കിലുമലം
കൈവന്ന മര്യാദയാൽ
ശ്രീമെത്തും സ്മൃതിപൂണ്ടു ശീതളതരം
ശീലം പുലർത്തിസ്സദാ
പ്രേമത്തേൻ പൊഴിയുന്ന ഭാഷണമെഴും
മിത്രങ്ങളെശ്ശീഘ്രമി-
ന്നീ മത്താപമകററുവാനിഹ വരു-
ത്തേണം പെരുത്താദരാൽ. 59

മക്കൾക്കും മട്ടുവാണിയാൾക്കുമിനി നിർ-
ബാധം വസിച്ചീട്ടുവാൻ
തെക്കുള്ളാബ്ഭവനങ്ങൾ സംപ്രതി കൊട്ടു-
ക്കാഞ്ഞാൽ കണക്കാസ്വരാ
ഇക്കാലത്തിവയൊക്കെ ഞാൻ വിശദമായ്-
ത്തീക്കാതിരുന്നാലിനി-
പ്പിൽക്കാലത്തവർ കണ്ടവൻെറ കഴൽ വ-
ന്ദിക്കേണമെന്നാസ്വരും. 60

പെട്ടികളുള്ളിലിരുന്നിടുന്ന കസവി-
ട്ടുള്ളോരു തട്ടങ്ങളും
കുട്ടികളുള്ളോരു തൊപ്പിയും കവണി തു-
പ്പട്ടാവു നല്പട്ടതും
കെട്ടികളുള്ളമുറിക്കകത്തു കരുതി-
സ്സൂക്ഷിച്ച പൊൻസൂത്രവും
തട്ടിക്കള്ളർ ഹരിച്ചിടാസ്വതിനുടൻ
ചട്ടങ്ങൾ ചെയ്തീടണം. 61

മാണിക്യപ്രഭ മിന്നിടും മഹിതമാ-
മെന്മോതിരം മാനിനീ-
മാണിക്യതപമിയന്നിടും മമ മകൾ-
ക്കേകൊന്തമേകീടണം
മാണിക്യോപലക്ലപ്തകങ്കണഗണം
ക്ഷീണിക്കുമെൻപ്രാണനെ
ത്രാണിക്കാൻ മുതിരുന്നൊരെൻെറ മധുനേർ-
വാണിക്കുമേകീടണം. 62

ഒട്ടേറെപ്പണമിങ്ങെനിക്കു പലരും
        തന്നീടുവാനുണ്ടതി-
ന്നൊട്ടും നല്ല കണക്കു ഞാനെഴുതിയി-
        ല്ലെന്നല്ല സാമാനവും
ഒട്ടൊക്കെച്ചിലർ കൊണ്ടുപോയതിവിടെ-
        ത്തന്നില്ലിതിന്നല്ലൽ കൈ-
വിട്ടെല്ലാമുരചെയ്യണം സഹജരോ-
        ടല്ലെങ്കിൽ വില്ലങ്കമാം. 63

വീട്ടാനുള്ള കടങ്ങളും ചിലതെനി-
        ക്കുണ്ടായവയ്ക്കൊയ് മുതൽ
തേട്ടം വേണ്ടവിധത്തിൽ ഞാൻ കരുതിയി-
        ട്ടില്ലെന്നിരുന്നീടിലും
വാട്ടംവിട്ടു വരേണ്ടതൊക്കെ വഴിപോൽ
        വേഗേന വാങ്ങിക്കടം
വീട്ടുന്നാകിൽ വിചാരമെന്തിനു വൃഥാ
        മിച്ചം കുറേ വച്ചിടാം. 64

കൃത്യാകൃത്യവിവേകവും കുലമതിനു-
        പയ്യാപ്തമര്യാദയും
സത്യാസത്യവിചാരവും സമുചിതം
        കൈക്കൊണ്ടു പോകേണ്ടതും
ഭൃത്യാദിക്കു വിധേയമായ വിധവും
        പ്രത്യേകമോതേണ്ടതി-
ന്നത്യാവശ്യകമൊക്കെയിങ്ങിവർ പറ-
        ഞ്ഞീടാതറിഞ്ഞീടുമോ? 65

എന്താണീ മൃതിയെന്നതേതുവിധമാ-
ണേതും നിനയ്ക്കാവത-
ല്ലെന്താപത്തിതു നിദ്രപോലെ വരുമോ
നിദ്രാന്തരംതന്നിലും,
സന്താപപ്രമദങ്ങളേകുമതിയായ്
സ്വപ്നങ്ങളിന്നല്പമ-
ല്ലെൻതാപം ബത ദീർഘനിദ്രയിതുതാ-
നെന്നായി വന്നീടുമോ? 66

കാലൻ കോപമിയന്നു വന്നു കയറാൽ
പെട്ടെന്നു കെട്ടീടുമ-
ക്കാലത്തിങ്കലണഞ്ഞിടുന്ന മൃതിയെ-
ന്നോതുന്നു സാധാരണം
കാലാഹ്വാനസമേതനായൊരു പുമാ-
നുണ്ടോ പുരാണങ്ങളിൽ
കാലത്തെച്ചിലർ കാലനെന്നുചിതമായ്
ഖണ്ഡിച്ചു വർണ്ണിച്ചതോ? 67

സൂര്യൻതന്നുടെ സൂനുവാണു സുമന-
സ്സാകുന്നൊരക്കാലനെ-
ന്നാര്യന്മാരതിദീർഘദർശികൾ പറ-
ഞ്ഞിട്ടുണ്ടതിസ്പഷ്ടമായ്
കാര്യം നേരതു രാത്രിയും പകലുമു-
ണ്ടാക്കുന്നതോർക്കുമ്പൊഴ-
സ്സൂര്യൻ കാലമതിന്നെഴും ജനകനാ-
ണെന്നും വരുന്നില്ലയോ? 68

ഓരോരോ ദിനമായ നന്മഴവുകൊ-
ണ്ടായുർദ്രുമത്തിന്നെഴും
വേരോരോന്നു മുറിക്കയും സമുചിതം
വീക്ഷിച്ചുടൻ ശിക്ഷയെ
ആരോ ദുർമ്മതിയായവന്നരുൾകയും
പൊയ്യെന്നിയേ ചെയ്കയാൽ
നേരോടന്തകദണ്ഡധാരിതയുമി-
ക്കാലത്തിലാവില്ലയോ? 69

ഏതും ചെയ്വതിനോർത്തുകണ്ടിടുകിലാ-
ളല്ലാതെ വല്ലാതെയി-
ങ്ങാതുംഗാർത്തികലർന്നു ഞാൻ ബത! മരി-
ച്ചെന്നായി വന്നീടിലും
ശ്രീതുള്ളും നരജന്മമേവമിനിയും
ചൊൽക്കൊണ്ടു കൈക്കൊണ്ടിടാൻ
ഹേതുത്വം മമ കർമ്മസന്തതിയതി-
ന്നേതാനുമുണ്ടാകുമോ? 70

അല്ലാ ഭൂമിയതിൽ ജനിച്ചു മരണം
പുക്കാൽ പുനർജന്മമൊ-
ന്നില്ലാ നിർണ്ണയ,മെന്നുമിന്നു ചിലരോ-
തീടുന്നതോർക്കേണ്ടയോ
എല്ലാമിബ്ഭുവനത്തിലാണനുഭവി-
ച്ചീടുന്നതല്ലാതെ മ-
ററില്ലാ മാർഗ്ഗമതെന്നുമിങ്ങൊരു മതം
ചൊല്ലുന്നുവല്ലോ ദൃഢം. 71

മേലിൽ സംഭവമില്ലയെന്നുവരികിൽ
ജന്മങ്ങൾ മുൻപുള്ളെല്ലാ-
ക്കാലത്തിങ്കലുമില്ലയെന്നതു നിന-
യ്ക്കേണം മുറയ്ക്കെങ്കിലും
ചേലിൽ ഗൌരവലാഘവങ്ങൾ ജനത-
യ്ക്കുണ്ടാകയാലുണ്ടു ത-
ന്മൂലം പൂർവ്വജനുസ്സതെന്നു ചിലരോ-
തീടുന്നതോൎക്കുന്നു ഞാൻ. 72

ചൈതന്യത്തെ വെടിഞ്ഞു ചേഷ്ടയുമപേ-
ക്ഷിച്ചിട്ടുറങ്ങീടുവോൻ
ചെയ്തുള്ളോരഖിലാത്മവൃത്തിയുണരും-
നേരത്തിലോൎക്കുന്നപോൽ
ചെയ്തീടും ബഹുമൂർച്ഛയോടു മരണം
പ്രാപിപ്പവൻതന്റെ മുൻ-
ചെയ്തിക്കാശ്രയമാം പുനർജ്ജനിയിലെ-
ന്നാകുന്നതിൻയുക്തിപോൽ. 73

"ചായ്ക്കും വാസനയേകനിൽ തലയഹോ
താഴ്ത്തീട്ടലം വാഴ്ത്തുവോ-
ന്നായ്ക്കൊണ്ടെന്നു വരുന്നതാകിലവനാ-
യീടുന്നൊരാരോമൽഫലം
കായ്ക്കും കാലമതിൽക്കലെന്തു വിലസു-
ന്നൌചിത്യവും ശുദ്ധമായ്-
ത്തായ്ക്കും താതനുമുള്ള ബീജമതുമായ്-
ത്തീരുന്നതിൻകാരണം. 74

മുൻപേയുള്ളോരു ജന്മമെന്നതു പരം
നല്ലോരു ശാല്യാദിയാം
പിൻപേയുള്ളതപത്യസഞ്ചയവുമി-
ദ്ദേഹം നശിക്കുംവിധൌ
അൻപോലും കൃമികീടഭസ്മപരമാ-
ണ്വാദ്യങ്ങളും മാത്രമാം"
വൻപേലും ചിലരീവിധത്തിലുമഭി-
പ്രായപ്പെടുന്നുണ്ടുപോൽ. 75

എന്നാലിമ്മതമേതുമേ ശരിയതായ്
വന്നീടുകില്ലെന്നതാ-
നിന്നാലോചന മാനസത്തിലുളവാ-
കുന്നുണ്ടു മേ പിന്നെയും
നന്നായുള്ളോരു ദിവ്യനേത്രമിയലും
നാനാമുനിശ്രേഷ്ഠരി-
ങ്ങൊന്നായ് ചൊല്ലിയ ചൊല്ലിനില്ല പഴുതെ-
ന്നല്ലാതെ ചൊല്ലാവതോ? 76

കീറീട്ടേറെ മുഷിഞ്ഞ മുണ്ടുകൾ കള-
ഞ്ഞത്യന്തശോഭാവഹം
മാറീടുന്നു നവീനമായ വസനം
മർത്ത്യാളി നിത്യം ഭുവി
മാറീടാതതുപോലെ ജീവനിരയും
ഗാത്രങ്ങളെപ്പുത്തനായ്-
പ്പേറീടുന്നു ജഗത്തിലെന്നു പറയു-
ന്നോരോ പുരാണങ്ങളിൽ. 77

ഈവണ്ണം പറയുന്ന വാക്കു ശരിയാ-
ണെന്നുള്ളതുന്നീടിൽ ഞാ-
നിവണ്ണം വ്യസനിപ്പതെന്തിനു വൃഥാ
ധൈര്യം ധരിച്ചീടണം
ആ വിണ്ണോർപുരിതന്നിലോ ധരയിലോ
ധാരാളമായ് ജന്മമ-
ങ്ങീവണ്ണം മമ മേല്ക്കുമേലുമൊരുപോ-
ലുണ്ടാമകുണ്ഠാദരം. 78

ആർക്കും വിസ്മയമിങ്ങു സൂക്ഷ്മതരമായ്-
പ്പാർക്കുമ്പൊളുൾക്കാമ്പതിൽ
ചേർക്കും ചേഷ്ടകൾചെയ്തു ചേലൊടഖിലം
നോക്കിബ്ഭരിക്കും പരൻ
ചീർക്കും നൽകരുണാവശൻ ജഗതി പാ-
ർത്തീടും സ്വമാഹാത്മ്യജ-
ന്മാർക്കുണ്ടാകുമനാശ്രയത്വരുജതാ-
നോർക്കിൽ സഹിക്കുന്നതോ! 79

ഇത്ഥ്യേവം ഹൃദി നിശ്ചയിച്ചു പലരും
ലോകത്തിലുത്തുംഗസൗ-
ഹിത്യേ വാഴുകിലും പുരാണമൊഴിപോ-
ലുള്ളോരു ജന്മാന്തരം
പ്രത്യേകം ചിലരേറെ യുക്തികൾ പറ-
ഞ്ഞില്ലെന്നു ചൊല്ലുംവിധൗ
സത്യേ കല്പിതമല്ലയോ പരമതെ-
ന്നുണ്ടാസ്സുരും സംശയം. 80

ഒന്നോർത്താൽ വ്യസനിപ്പതിന്നൊരവകാ-
ശം ലേശമില്ലാശയ-
ത്തിന്നോരോവിധമീ ജഗത്തിലിഹ ക-
ണ്ടിടുന്നു പണ്ടും സമം
ഇന്നോ നാളെയൊ തീൎന്നു ഹന്ത! വെറുവെ-
ണ്ണീറായി മാറീടുമാ-
മുന്നോർതന്നെയിതിന്നൊരിഷ്ടതരമാം
ദൃഷ്ടാന്തമദ്ദേഹവോർ. 81

പൊക്കം പൊന്മണി നിത്യദീപ്തിയിവയാൽ
പേരാൎന്ന താരേശനെ-
ച്ചിക്കെന്നേററമധഃകരിച്ചധികമാ-
മൌജ്വല്യഭാരത്തൊടേ
നില്ക്കും വെങ്കളിമേടമേൽ മണമെഴും
പൂമെത്തയിൽ പള്ളികൊ-
ണ്ടുൾക്കാമ്പിൽ സുഖമേന്തിടും നൃപതിയും
നിത്യം വസിക്കുന്നിതോ? 82

പാരം നിളമിയന്ന നല്ലുടമയും
നാരംഗചാരുപ്രഭാ-
പൂരംചേൎന്ന തനുപ്രഭാവവുമലം
നീരന്ധ്രരോമാഭയും
സാരം യൌവനമാമവസ്ഥയകലും-
നേരം നശിക്കും, പരീ-
വാരം രോഗസമൂഹമാൎന്നഥ വരും
ഘോരം ജവാൽ മൃത്യുവും. 83

ഒന്നിന്നും വഴിപോലെയോക്കിലണുവും
നാശം ഭവിക്കുന്നതി-
ല്ലെന്നാൽ വൃദ്ധിയുമില്ല പിന്നെ വിവിധാ-
വസ്ഥാവിശേഷങ്ങളാൽ
ഒന്നൊന്നായിഹ മാറിമാറിയഖിലം
കാണുന്നതാണെന്നുതാൻ
നന്നായിന്നു്ഉള്ളുന്നതുണ്ടു ചില ധീ-
രന്മാർ മഹാന്മാർ ഭുവി. 84

കത്തീടുന്ന കഠോരമായ വെയിൽകൊ-
ണ്ടേററം തളൎന്നുള്ളവ-
ന്നെത്തീടും ജലപാനകാലസുമഹാ-
സൗഖ്യം സുഖിക്കെത്തുമോ?
ഇത്ഥം സൗഖ്യമതിൻമഹത്ത്വമറിവാൻ
ദുഃഖങ്ങളും വ്യക്തമായ്
പൃത്ഥ്വീവാസിജനങ്ങളിൽ സകലലോ-
കേശൻ കൊടുക്കുന്നുപോൽ. 85

പാരാകെപ്പരിചോടു പാൎത്തു പരിപാ-
ലിക്കും പരാത്മാവൊഴി-
ഞ്ഞാരാണിങ്ങറിവാനനാവിലമതിൻ-
നേരാകെ നേരായഹോ!
ഓരാതായിവിടെക്കിടന്നലമല-
ഞ്ഞോരോ മനോരാജ്യമി-
ന്നീരാശിക്കു കഴിക്കിലും ഫലമിനി-
ത്തെല്ലില്ല കില്ലില്ല മേ. 86

റ്റേവം ചെററുകഴിഞ്ഞു ഖേദമതിയാ-
യുൾത്തുന്നു വദ്ധിക്കവേ
താവും ശ്വാസവികാരവും സപദി മോ-
ഹാലസ്യവും വന്നിടും
ഭാവം മാറിവരും ക്രമേണ സുചിരം
വാണോരു ദേഹത്തൊടായ്
ജീവൻ യാത്രപറഞ്ഞു പോകുമുടനേ
ഹാ ഹന്ത! നിസ്സംശയം. 87

മിണ്ടാതെൻെറയടുക്കലായ് മിഴികൾക്കു-
ട്ടീടാതെകണ്ടെൻമുഖ-
ത്തുണ്ടാകുന്ന വികാരമൊക്കെ വഴിപോൽ
സൂക്ഷിച്ചു വീക്ഷിച്ചിടും
വണ്ടാർപൂവണിവേണിയാൾക്കു ബത!
മജ്ജീവൻ ഗമിച്ചീടുവാ-
നുണ്ടാകുംക്ഷണകാലമേതുവിധമാ-
മെന്താകുമേതാകുമോ? 88

അപ്പോളായതറിഞ്ഞു നാരികളുടൻ
മാറത്തു താഡിച്ചുകൊ-
ണ്ടെപ്പേരും ബഹുദുഃഖമാന്നു വിവിധം
വാവിട്ടു രോദിച്ചിടും
കൊപ്പേലുമ്മിഴിയായിടുംദയിതയെൻ-
ദേഹത്തിലാഹന്ത വീ-
ണർപ്പൂ വെന്തുരുകിത്തടാ തലയറ-
ഞ്ഞെന്തൊന്നു ചെയ്യില്ലഹോ! 89

ധാരാളം നയനത്തിൽനിന്നുമൊഴുകി-
പ്പായുന്നൊരശ്രുക്കൾപൂ-
ണ്ടാരാൽ ബന്ധുജനങ്ങൾ വന്നവളെയും
തെററെന്നു മാററി ക്രമാൽ
സാരാനന്തരകൃത്യമൊക്കെ വഴിപോൽ
ചെയ്തങ്ങെടുപ്പിച്ചുടൻ
പാരാതെൻെറ ശരീരമച്ചിതയിൽവ-
ച്ചപ്പോൾ ദഹിപ്പിച്ചിടും. 90

അയ്യയ്യോ! ബത! കൊണ്ടുപോവതെവിടേ-
യ്ക്കാണെൻെറ ഭർത്താവുതൻ-
മെയ്യയ്യോയിവളൊന്നുകൂടിയിഹ ക-
ണ്ടാലെന്തു വൈഷമ്യമാം?
അയ്യയ്യോ! വിധിയേവമിത്ര കഠിനം
ചെയ്യുന്നതെന്തെൻമകൾ-
ത്തയ്യയ്യോ! തളരുന്നിതെന്നു വിവിധം
കേണീടുമേണാക്ഷിയാൾ. 91

എന്തിന്നച്ഛനെയിവിധത്തിലിവിടെ-
ക്കെട്ടിപ്പൊതിഞ്ഞൊട്ടുപേ-
രെന്താണിങ്ങു കഴിപ്പതെന്നു പറ നീ,-
യെന്നേവമെൻ ബാലകൻ
ചന്തച്ചുണ്ടു പൊളിച്ചുകൊണ്ടരുളവേ
പെണ്ണുങ്ങൾ കണ്ണിൽപരം
ചിന്തിച്ചിന്തിയൊലിക്കുമശ്രുനിരയെ
പ്രത്യുക്തിയായ്ത്തീർത്തിടും. 92

പെട്ടെന്നെന്നുടെ ദേഹമുഗ്രദഹനൻ
കത്തിഗ്രഹിക്കുന്നപോ-
ലൊട്ടേറുന്നൊരു ദുഃഖമായ ദഹനൻ
മിത്രങ്ങൾ ചിത്തത്തെയും
തിട്ടം ഹന്ത! ദഹിക്കുമെങ്കിലുമുടൻ
തീൎന്നീടുമേകൻ ക്രമാൽ
മുട്ടാതന്യനനേകകാലമഥ വാ-
ണീടാതൊഴിഞ്ഞീടുമോ? 93

ദാഹാനന്തരമസ്ഥലേ ക്ഷണമതിൽ
സ്നേഹാതിരേകത്തൊട-
സ്വാഹാജാരമുഖീ ഗമിച്ചു പരമെൻ-
ദേഹാലതെൻമാനസേ
ഊഹാവസ്ഥയിലാക്കുമപ്പൊഴുതെഴും
മോഹാൽ പതിക്കും തദാ
ബാഹാശയ്യയിൽവച്ചു ലോകരവളെ-
ഗ്ഗേഹാന്തരേ ചേൎത്തിടും. 94

ഗാഢക്ലേശമിവണ്ണമെൻമൃതിയതിൽ
കൈക്കൊള്ളുവാൻതക്കപോ-
ലൂഢപ്രേമവിലാസമെന്നിൽ വഴിപോ-
ലേന്തുന്നൊരെൻകാന്തയാം
പ്രൌഢസ്ത്രീമണിയും തഥാ സുചിരമീ-
വസ്ഥാന്ത:വാസ്തവ്യയായ്
ബാഢശ്രീയരുളുന്നൊരക്കമലയും
തീൎന്നാശു നിന്നാഥരായ്. 95

ഇന്നോളം മമ ദേഹസംഗമമിയ-
നാനന്ദമാകുന്നപോൽ
തന്നോരെന്നുപധാനമേ! ശയനമേ!
സന്മഞ്ചമേ! കിഞ്ച മേ
വന്നോലും വ്യഥ തീർത്തിടും വ്യജനമേ!
ഭംഗംവിനാ നിങ്ങളോ-
ടിന്നോതുന്നവസാനയാത്രയിനി നാം
ചേൎന്നീടുകില്ലെന്നുമേ. 96

കുന്നാകും കുളിർകൊങ്കയും കുടിലമാ-
യീടും കൊടുങ്കാടതാ-
കുന്നാക്കുന്തളജാലവും കലരുമെ-
ന്നമ്മേ! സുഖം മേദിനീ!
നന്നായ് നിന്മടിതന്നിലായിതുവരെ-
ത്തത്തിക്കളിച്ചീടിനേ-
നെന്നാലിന്നതു നിന്നുപോമതറിയി-
ക്കുന്നേഷ മന്ദേതരം. 97

എല്ലാ ലോകരെയും മനോജ്ഞകരുണാ-
പീയൂഷവൎഷങ്ങൾകൊ-
ണ്ടെല്ലാനേരം ഭരിച്ചിടുന്ന ഭഗവൻ!
സൎവേശ്വരാ! ദൈവമേ!
ഇല്ലാ ദുഃഖമഹാൎണ്ണവത്തിൽ മുഴുകീ-
ടുന്നോരെനിക്കിന്നു നീ-
യല്ലാതാശ്രയമൊന്നുമെന്നതകമേ
തോന്നാതിരുന്നീടൊലാ. 98

നീയെന്ന്യേ നിരൂപിക്കിലന്യഗതിയൊ-
ന്നില്ലാതെ ദുഃഖിക്കുമെൻ
ജായയ്ക്കും തനയക്ക്ളമിങ്ങനുപദം
ഭവ്യങ്ങൾ നൽകേണമേ
ആയാസങ്ങളൊഴിഞ്ഞു വിദ്യകൾ പഠി-
ച്ചൊന്നാമനാം നന്ദനൻ
ശ്രേയസ്സേറെലഭിപ്പതിന്നു കുശലം
സർവ്വേശ! നൽകേണമേ. 99

ദുഷ്ടന്മാരൊടുചേൎന്നു മന്ദതരയാം
ദുഷ്കീൎത്തിയേൽക്കാതെ നൽ-
ശിഷ്ടന്മാരൊടുകൂടി മൽസഹജരും
സൽകീൎത്തിപാത്രങ്ങളായ്
പുഷ്ടശ്രീയൊടു മേലുമീനിലയനം
ഭംഗ്യാ ഭരിച്ചീടുവാ-
നിഷ്ടംപോലെയനുഗ്രഹങ്ങളനിശം
ലോകേശ! നൽകേണമേ. 100

ഉൾക്കൊള്ളുന്നൊരു ഭക്തിയോടു നിയതം
സൎവ്വേശ! ശർവ്വന്നിയേ
സൽക്കൎമ്മങ്ങൾ കഴിക്കുവാനുമിവനു-
ണ്ടായീല കാലം വിഭോ!
ചൊൽക്കൊണ്ടീടിന സൽകൃപാമൃതവശാ-
ലിക്കണ്ട ദാസൻ പുരാ
കൈക്കൊണ്ടുള്ളൊരു ദുഷ്കൃതാവലി ഭവാ-
നൊക്കെസ്സഹിക്കേണമേ. 101

ആകാശാദിസമസ്തഭൂതനിരയിൽ
സർവ്വത്ര ചിന്തിപ്പതി-
ന്നാകാതുള്ളവിധത്തിൽ വിങ്ങിവിലസും-
വിശ്വൈകവന്ദ്യാകൃതേ!
ശോകാവേശഹരപ്രഭാവ! ഭുവന-
ശ്രീകാരണ! ശ്രീനിധേ!
ലോകാധീശ! സനാതനാച്യുത! മനം
വേകുന്നു മാഴ്കുന്നു ഞാൻ. 102

ഇത്യന്തർബഹു ചിന്തയേന്തിയവന-
സ്സന്താപവൻതീയിൽ വീ-
ണത്യന്തം ബത വെന്തനന്തരജരോ-
ടോരോന്നു ചേരുന്നപോൽ
കൃത്യംതാനരചെയ്തു ചേതന വെടി-
ഞ്ഞപ്രാണവായുക്കൾതൻ-
ഗത്യന്തത്തിൽ നിറുത്തിനാൻ വസുമതീ-
വാസം മഹാസൌഖ്യദം. 103

എല്ലാവർക്കുമിവണ്ണമന്ത്യഗതിതാൻ-
വന്നീടുമെന്നുള്ളതി-
ന്നില്ലാ സംശയമാകയാൽ സകലരും
സന്മാർഗ്ഗകർമ്മങ്ങളിൽ
ഉല്ലാസേന മനസ്സുവച്ചു ജഗതീ-
സന്താനമാം ശാന്തിയാൽ
നല്ലാനന്ദമിയന്നമന്ദമഹിത-
ശ്രീപൂണ്ടു മേവീടണം. 104

# II
# ശ്രീകാശിയാത്രാ

## രണ്ടാംപതിപ്പിൻെറ മുഖവുര.

അറുപതില്പരം കൊല്ലങ്ങൾക്കുമുൻപ് എഴുതപ്പെട്ടിട്ടുള്ള ഒരു യാത്രാവിവരണഗ്രന്ഥമാണിതു്. അതിനുമുൻപ് ഈ പ്രസ്ഥാനത്തിൽ മലയാളഗ്രന്ഥങ്ങൾ ഉണ്ടായിരുന്നോ എന്നു് സംശയമാണു്. ഈ ഗ്രന്ഥത്തിൻെറ ഉല്പത്തികാരണവും മററും ശ്രീ: പുന്നശ്ശേരി നീലകണ്ഠശമ്മ ഒന്നാംപതിപ്പിൻെറ അവതാരികയിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഗ്രന്ഥകാരൻെറ മുഖവുര പ്രത്യേകമായി കാണുന്നുമില്ല.

കവിതാഗുണത്തെ സംബന്ധിച്ചിടത്തോളം ഈ ഗ്രന്ഥത്തെ "കേ. സീ. യുടെ ബാല്യകവനങ്ങ"ളിൽ ഉൾപ്പെടുത്തുകയായിരിക്കും ഭേദം. പില്ക്കാലത്തു് പ്രാസവാദരംഗത്തിറങ്ങിപ്പടവെട്ടി ഭാഷാകവിതയുടെ അന്തസ്സത്തയെ വികസിപ്പിച്ച പുലത്തിയ കേശവീയകത്താവാണോ ഈ കാശിയാത്രയെഴുതിയതെന്നു് അതിലെ ചില പദ്യങ്ങൾ വായിക്കുമ്പോൾ നമുക്കു് സംശയം തോന്നിയേക്കാം. എന്നാൽ പല ഭാഗങ്ങളിലും *ഉത്തമകവിതയുടെ ലക്ഷണങ്ങൾ നിഴലിച്ചുകാണുന്നുമുണ്ടു്.

മിക്കവാറും ലുപ്തപ്രചാരമായിത്തീന്നിരുന്ന ഈ കൃതിയുടെ ഒരുപ്രതി കണ്ടുപിടിക്കാനും കുറേ പാടുപെടേണ്ടിവന്നു.

ഇതിൽ പ്രതിപാദിച്ചിട്ടുള്ള പ്രധാനസ്ഥലങ്ങളുടെ പട്ടിക വായനക്കാരുടെ സൗകയ്യത്തെ ഉദ്ദേശിച്ചു് അകാരാദി അനുസരിച്ചു് ചേക്കുക എന്നൊരു ഭേദഗതിമാത്രമാണു് ഞാൻ ഇതിൽ വരുത്തീട്ടുള്ളതു്.

June 1961 കെ. എൻ. ഗോപാലപിള്ള.

---

* ഉദാഹരണമായി 145 മുതൽ 158-ാം പദ്യംവരെയുള്ള ശ്രീകാശീശവർണ്ണനതന്നെ നോക്കുക.

# അവതാരിക.

ശ്രീമന്മഹാരാജമാന്യരാജശ്രീ കോഴിക്കോട്ട് പുതിയ കോവിലകത്തു് കൃഷ്ണനെന്നു് തിരുനാമമായ ഏടത്രാപ്പാട്ട് തമ്പുരാൻതിരുമനസ്സുകൊണ്ടും അവിടുത്തെ അത്യന്തം വാത്സല്യപാത്രവും, സംസ്കൃതം ഹിന്ദുസ്ഥാനി മുതലായ ഭാഷകളിൽ നൈപുണ്യശാലിയുമായ പടിഞ്ഞാറേകോവിലകത്തു് വിദ്വാൻ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും ഈ കഴിഞ്ഞ 1070 (തെക്കൻദിക്കിൽ കൊല്ലാരംഭം ചിങ്ങമാസം മുതല്ക്കാകയാൽ 15-ാം ശ്ലോകത്തിൽ 71-ൽ എന്നു് ചേൎത്തതായിരിക്കണം) ചിങ്ങമാസം 31-ാംതീയതി ശ്രീകാശി മുതലായ പുണ്യക്ഷേത്രങ്ങളിലേയ്ക്കായി എഴുന്നള്ളത്തു പുറപ്പെട്ടു.

പിന്നെ ഈ ഭാരതവൎഷത്തിലുള്ള വളരെ പുണ്യക്ഷേത്രങ്ങളിൽ ദൎശനവും പുണ്യതീൎത്ഥങ്ങളിൽ സ്നാനവുംകഴിച്ചു് പാപപരിമോചനം വരുത്തി നാനാദേശവാസികളായ പല നാട്ടുരാജാക്കന്മാരെയും വിദ്വാന്മാരെയും മററു മഹാന്മാരെയും കണ്ടു് സംഭാഷണവുംചെയ്തു് അവരുടെ ബഹുമാനത്തിന്നു് പാത്രീഭവിച്ചു് യാതൊരു സുഖക്കേടും കൂടാതെ 71-ാമാണ്ടു് വൃശ്ചികമാസം 4-ാംതീയതി തിരിയെ എഴുന്നള്ളുകയുംചെയ്തു.

ഈ യാത്രയിൽ സഞ്ചരിച്ച പല പ്രദേശങ്ങളുടെ പുരാതനചരിത്രത്തെയും തല്ക്കാലസ്ഥിതിയെയും യാത്രക്കാൎക്കു് അതാതു സ്ഥലങ്ങളിൽ ചെന്നാൽ ബുദ്ധിമുട്ടുകൂടാതെ കഴിച്ചുപോരേണ്ടതിനുള്ള സുഗമമാൎഗ്ഗത്തെയും കാണിച്ച സാരഗ്രാഹിയായ പടിഞ്ഞാറേകോവിലകത്തു് വിദ്വാൻ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു് കോഴിക്കോട്ടു് മനോരമാപത്രികയിൽ അധികകാലംകൊണ്ടു് ക്രമേണ തുടൎച്ചയായി വലിയ ഒരു ഉപന്യാസത്തെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടായിരുന്നതിനെ മിക്ക ജനങ്ങളും അറിഞ്ഞിട്ടുണ്ടായിരിക്കുമല്ലോ.

അതിനുശേഷം ആധുനികകവികളിൽവച്ച് യോഗ്യനാണെന്ന് സർവ്വസമ്മതനായും സജ്ജനപക്ഷപാതിയും സാരഗ്രാഹിയുമായ കൊല്ലം പരവൂർ കേ. സീ. കേശവപിള്ള അവർകൾ മേല്പറഞ്ഞ ഉപന്യാസങ്ങളെ തുടച്ച്യായി വായിച്ചും അതിലെ സാരങ്ങളെ ഗ്രഹിച്ചുംകൊണ്ടു് 200 മണിപ്രവാളശ്ലോകങ്ങൾ നിർമ്മിച്ച് അതിന്നു് ശ്രീകാശിയാത്രാ എന്ന പേരു കൊടുക്കുകയും ഉടനേ ബഹുമാനപ്പെട്ട എടത്രാപ്പാട്ടുതമ്പുരാൻ തിരുമനസ്സിലെ സന്നിധാനത്തിങ്കലേയ്ക്കു് ബഹുമതിയോടുകൂടി ഒരു ഉപായനമായി അയച്ചുകൊടുക്കുകയുംചെയ്തു.

തിരുമനസ്സുകൊണ്ടു് ശ്രദ്ധയോടേ ഈ പുസ്തകത്തെ വായിച്ചുകേൾക്കുകയും അതിലെ രചനാഭംഗിയെയും വസ്തുപ്രതിപാദനചാതുൎയ്യത്തെയും മററു ഗുണങ്ങളെയും സരസമായി അറിഞ്ഞു സന്തോഷിക്കുകയുംചെയ്തുകൊണ്ടിരുന്ന മദ്ധ്യേ ജന്മനാതന്നെ ആ സ്വരൂപത്തിലെ ആശ്രിതനും പ്രത്യേകമായി ഈ തിരുമനസ്സിലെ കരുണാവാത്സല്യപാത്രവുമായ ഞാൻ തിരുമുമ്പാകെ ചെല്ലുകയും അപ്പോൾ തിരുമനസ്സുകൊണ്ടു് ഈ വൎത്തമാനങ്ങളെ എല്ലാം സന്തോഷപൂൎവ്വം അരുളിച്ചെയ്യുകയുംചെയ്തു.

അതിന്റെശേഷം ആ പുസ്തകത്തെ ഞാനും വായിച്ച് സന്തോഷിക്കുകയും ഇതിനെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതു് ഉചിതവും ലോകോപകാരകവുമാണെന്നു് എനിക്കു തോന്നിയ അഭിപ്രായത്തെ ഉണൎത്തിക്കുകയും അപ്പോൾ തിരുമനസ്സുകൊണ്ടു് അതിന്നു് എനിക്കു് അനുജ്ഞ തരികയുംചെയ്തു.

അപ്രകാരം ഞാൻ ഈ പുസ്തകം പ്രസിദ്ധപ്പെടുത്തേണ്ടതിന്നു് വിജ്ഞാനചിന്താമണി അച്ചുക്കൂടത്തിൽ ഏല്പിക്കുകയും എന്റെ മേലന്വേഷണത്തിൻകീഴിൽ മേപ്പടി അച്ചുക്കൂടത്തിൽനിന്നു് ഈവണ്ണം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ഇതിനെ മഹാന്മാർ സാവധാനമായി വായിച്ച് എൻെറ പ്രിയസ്നേഹിതനായ കേ. സീ. കേശവപിള്ള അവർകളുടെ കവിതാസാമത്ഥ്യത്തെയും ഈ കവിതാനായകന്മാരായ തമ്പുരാക്കന്മാരുടെ ഔദായ്യാദിസൽഗുണഗണങ്ങളെയും അറിയുന്നതിനുപുറമേ, വളരെ അധ്വാനവും ദ്രവ്യവ്യയവും ചെയ്തു സാധിക്കേണ്ടതായ വിശിഷ്ടലോകപരിജ്ഞാനത്തെക്കൂടി സമ്പാദിച്ച് കവിയുടെയും എൻെറയും ശ്രമത്തെ സഫലമാക്കിത്തരുമെന്ന് വിശ്വസിക്കുന്നു.

എന്നാൽ മേൽപ്പറഞ്ഞ എഴുന്നള്ളത്ത് ഒരുമിച്ച് ഉണ്ടായിരുന്ന ആളുകളിൽ ആൎക്കും യാതൊരു സുഖക്കേടും കൂടാതെ മംഗലമായിത്തന്നെ മടങ്ങിഎത്തിയിരിക്കുന്നു എന്നുള്ള ഒരു അവസ്ഥ എടത്രാപ്പാട്ടുതമ്പുരാൻ തിരുമനസ്സിലെ നിരതിശയമായ ഭാഗ്യാതിരേകത്തെ വിശദീകരിക്കുന്നതാകയാൽ ഈ യാത്രയിൽ ഉണ്ടായിരുന്ന ആളുകളുടെ ഒരു വിവരണത്തെയും സഞ്ചരിക്കപ്പെട്ട പ്രധാനസ്ഥലങ്ങളുടെ ഒരു പട്ടികയെയും ഇതിനോടുകൂടെ ചേൎത്തിരിക്കുന്നു.

എന്ന്,

പുന്നശ്ശേരി നീലകണ്ഠശൎമ്മാ.

73 ചിങ്ങം 1-ാംനു-

## ആറാംവിവരം പട്ടികാ.

1. കോഴിക്കോട്ടു് പുതിയകോവിലകത്തു് കൃഷ്ണനെന്ന തിരുനാമമായ ഏടത്രാപ്പാട്ടതമ്പുരാൻ തിരുമനസ്സുകൊണ്ടു്.
2. പടിഞ്ഞാറേകോവിലകത്തു് ഏട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്.
3. പുതിയകോവിലകത്തു് ചെറിയേട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്.
4. കിഴിനിപ്പുറത്തു് നമ്പൂതിരി.
5. പഞ്ചനദം സുന്ദരഘനപാഠികൾ.
6. പുതിശ്ശേരി നമ്പൂതിരി.
7. ആദിമൂൎത്തിപ്പട്ടരു്.
8. പരമേശ്വരപ്പട്ടരു്.
9. വാഴൂർ കേലു ഏറാടി.
10. പൂവഞ്ചേരി കേലു ഏറാടി.
11. പേരലെ ഉണ്ണിരാരിച്ചൻ നെടുങ്ങാടി.
12. മാണിക്കത്തു് ഗോപാലമേനോൻ.
13. മാണിക്കത്തു് അപ്പുമേനോൻ.
14. പൊററക്കാട്ടു് ചാത്തുമേനോൻ.
15. കോയമംഗലത്തു് രാവുണ്ണിനായർ.
16. ശങ്കരമേനോൻ.
17. രാവുണ്ണിനായർ.
18. മാണിക്കത്തു് തുലുഅമ്മ.
19. അമ്പലക്കാട്ടു് ലക്ഷ്മിഅമ്മ.
20. അമ്പലക്കാട്ടു് ശങ്കുണ്ണിക്കുട്ടി.
21. കൊല്ലത്തു് നാരായണമേനോൻ.
22. ചാത്തുമേനോൻവക കൃഷ്ണൻനായർ.
23. തരകത്തു് നാരായണൻനായർ.

ഇങ്ങനെ ഇരുപത്തിമൂന്നുപേർ.

# പ്രധാന സ്ഥലവിവരണപ്പട്ടികാ.

(ഇവ ഈ പതിപ്പിൽ അകാരാദിക്രമത്തിൽ ചേർത്തിരിക്കുന്നു.)


| സ്ഥലം | ശ്ലോകം |
|---|---|
| അഖണ്ഡകാവേരി | 27 |
| അലഹബാദ് | 124 |
| അക്ഷയവടം | 129 |
| അയോധ്യാ | 161 |
| അയോധ്യാരാജ രാജധാനി | 163 |
| ആൎക്കോണം | 28 |
| ആഗ്രാ | 174 |
| ഈറോഡ് | 25 |
| ഉജ്ജയിനി | 187 |
| ഓങ്കാരം | 191 |
| കനഖല | 168 |
| കാളിന്ദീ | 180 |
| കാനപ്പൂരം | 180 |
| കാഞ്ചീപുരം | 192 |
| കുരുക്ഷേത്രം | 169 |
| കേദാരഘട്ടം | 134 |
| കോട്ട | 127 |
| ഖാണ്ഡവാ | 187 |
| ഗയാ | 139 |
| ഗോവൎദ്ധനം | 179 |
| ചിത്രശാലാ | 39 |
| ടാജ്മഹാൾ | 175 |
| ഡില്ലി (ഇന്ദ്രപ്രസ്ഥം) | 169 |
| തുംഗഭദ്രാ | 54 |
| ത്രിവേണി | 125 |
| നക്ഷത്രബംഗ്ലാവ് | 52 |
| നാസികാ | 116 |
| നൎമ്മദാതീരംഹൂസംഗാബാദ് | 186 |
| പഞ്ചവടി | 118 |
| പൂനാ | 58 |
| പ്രയാഗം | 126 |
| ഫൽഗുനീനദി | 139 |
| ബംഗ്ളൂർ | 31 |
| ബണ്ടെന്നതോട്ടം | 62 |
| ബോംബെ | 79 |
| ബ്രഹ്മാവൎത്തം | 181 |
| മന്ദവാരപ്പേട്ട | 60 |
| മഹാലക്ഷ്മിവീഥി | 91 |
| മുനിസിപ്പൽകാപ്പറേഷൻ | 100 |
| മ്യൂസിയം | 50 |
| മണികൎണ്ണികാ | 136 |
| മഥുരാ | 177 |
| യൂനിവേഴ്സിറ്റിഹാൾ | 101 |
| രയ്ച്ചൂർ | 192 |
| ലക്ഷ്മണപുരം | 167 |
| വിക്ടോറിയാഗാർഡൻ | 97 |
| വൃന്ദാവനം | 179 |
| വിശ്വേശ്വരക്ഷേത്രം | 137 |
| ശ്രീകാശി | 133 |
| സമുദ്രതീരം | 101 |
| സീതാഗുംഭാഗുഹാ | 120 |
| സ്വാഹപൂർ | 123 |
| സരയൂനദീ | 161 |
| സ്ഥാനേശ്വരം | 169 |
| സോളാപുരം | 191 |
| ഹരിഹര | 54 |
| ഹുബ്ളി | 56 |
| ഹരിദ്വാരം | 167 |
| ഹനുമൽക്ഷേത്രം | 163 |

# ശ്രീകാശിയാത്രാ

ശ്രീഗണേശായ നമഃ.

സൂക്ഷിച്ചുള്ള നിരീക്ഷണത്തി,ലിഹ നാം
നിസ്സാരമായ് സന്തതം
വീക്ഷിക്കും കൃശമായിടുന്ന തൃണവും
പെട്ടെന്നു കാട്ടുംവിധം
സാക്ഷാൽ സർവ്വചരാചരത്തിലറിയാ-
വല്ലാതെഴും നൈപുണീ-
ദീക്ഷാനന്ദമിയന്നു തിങ്ങിന പരൻ
ദുഃഖങ്ങൾ പോക്കീടണം. 1

ശ്രീമൽ സാമൂതിരി നൃപകുല-
ക്ഷീരവാരാശി രാജൽ
സോമശ്രീ ചേന്നരുളിന മഹാ-
ഭാഗ്യസൗഭാഗ്യവാനാം
ധീമാൻ കൃഷ്ണക്ഷിതിപമണിതൻ-
കാശിയാത്രാചരിത്രം
സാമോദം ഞാനിഹ കിമപി തേ
ചൊല്ലുവൻ വല്ലഭേ! കേൾ. 2

കേഴക്കുട്ടിക്കണ്ണിമാർമാലികേ! നാ-
ലാഴിക്കെട്ടിന്നുള്ളിലിങ്ങുല്ലസിക്കും
ഊഴിക്കെട്ടിന്നിട നൽപൊട്ടുതാന-
ക്കോഴിക്കോട്ടെന്നുള്ള നാടോക്ക ബാലേ! 3

സാമാന്യഹീനവിഭവങ്ങൾ വിളങ്ങിടുന്നോ-
രാമാന്യയാം നഗരിയിൽ കരിവൎയ്യയാനേ!
സീമാതിദൂരനവകീൎത്തി കലൎന്നിടും ശ്രീ
സാമൂതിരിക്ഷിതിവലാരി വസിച്ചിടുന്നു. 4

അതിവിശ്രുതിയെഴുമന്നര-
പതികുലമതിന്നുണ്ടു മൂന്നു കോവിലകം
പുതിയതു തന്നെ പടിഞ്ഞാ-
റതു മധുമൊഴി! കേൾ കിഴക്കതെന്നേവം. 5

അതുകളിൽ നമ്മുടെ നായക-
നതിഗുണഗണശോഭി കൃഷ്ണധരണീശൻ
പുതിയൊരു കോവിലകത്തെൻ-
മതിമുഖി! നാലാമനായ നൃപനല്ലോ. 6

സാക്ഷാൽ സ്വാൎജ്ജിതമായ വിത്തനിരയാൽ
വിത്തേശസാദൃശ്യമാ-
ന്നാക്ഷേപം നിജ ദാനവൈഭവവശാൽ
കൎണ്ണാദികൾക്കേറെറവും
പ്രക്ഷേപിച്ചു വിളങ്ങിടുന്ന സുമഹാ-
സൗജന്യവാരാശിയാ-
മിക്ഷോണീപതിതൻെറ സൽഗ്ഗുണഗണം
വാഴ്ത്തീടുവാനാവതോ? 7

ഗോത്രം ശോഭനമുദ്ധരിച്ചു വഴിപോ-
ലക്രൂരസൽബന്ധുവായ്
നിത്യം സോദ്ധാവനായ് ബുധാശ്രയവുമായ്
സത്യാനുരാഗത്തൊടേ
അത്യൈശ്വര്യവിലാസപൂൎണ്ണമധുരാ-
ഗാരേ വിളങ്ങുന്നൊരീ
പൃത്ഥ്വീശൻ പുരുഷോത്തമൻ ബലയുതൻ
ശ്രീകൃഷ്ണനത്രേ ശുഭേ! 8

ശ്രീമൽപങ്കജരമ്യപാണിതലവും
ഗോപാലസേവ്യത്വവും
ശ്രീവത്സപ്രഭയും തഥാൎജ്ജുനയശ-
സ്സമ്പാദനൌൽസുക്യവും
ശ്രീദേവീരതിയും ശിവശ്രുയണവും
ചേൎന്നുല്ലസിച്ചീടുമീ
ശ്രീകൃഷ്ണപ്രഭുവേകിടുന്നു സുമനോ
വൃന്ദേ സുഖം സൎവ്വദാ. 9

മംഗലകരമായിട്ടും
ഗംഗാസ്നാനം കഴിപ്പതിന്നായി
സംഗതമായിതു നൃപകുല-
പുംഗവനൊരുനാൾ മനസ്സിലഭിലാഷം. 10

ആയതുടൻ നിജസോദര-
നായിവിളങ്ങും കവീന്ദ്രമണിയോടും
ആയതമതിയാം നരപതി
മായമൊഴിഞ്ഞങ്ങുരച്ചു സപ്രണയം. 11

മാൻകണ്ണൊൾമണി!–യേതുസോദരനതെ-
ന്നുള്ളൊരു തത്ത്വത്തെയും
ഞാൻ കാളും കുതുകം കലൎന്നിഹ പറ-
ഞ്ഞീടാമറിഞ്ഞുള്ളപോൽ
മാങ്കാവിങ്കലെഴുന്ന പശ്ചിമപുരേ
ദോഷജ്ഞഭൃംഗാവലി-
പ്പൂങ്കാവായ് വിലസുന്ന വല്യനൃപനാ-
ണോൎത്തീട്ട താതേൎത്തന്മൊഴി. 12

ശ്രീമാനവിക്രമകവീന്ദ്രകുമാരനാമീ
ഭൂമീവരൻെറ കവിതാംഗന ലോകമെല്ലാം
കാമംചരിച്ചു വിബുധൎക്കനിശം പ്രമോദ-
രോമോൽഗമം സരസമിങ്ങുളവാക്കിടുന്നു. 13

സൽസംഗമൈകരതനായ് ശുഭശീലമാൎന്ന-
ത്യുൽസാഹവാരിനിധിയായിടുമീ നൃപേന്ദ്രൻ
മാത്സൎയ്യഹീനമതി കൃഷ്ണമഹീശ്വരൻതൻ-
വാത്സല്യചാരുനിധിയാണതുമോൎക്ക ബാലേ! 14

ശ്രീകാശിക്കു പുറപ്പെടേണ്ടവിവരം
ജ്യേഷ്ഠാനുജന്മാർ തെളി-
ഞ്ഞേകാന്തത്തിലുരച്ചു പിന്നെ വഴിപോൽ
യാത്രയ്ക്കൊരുക്കങ്ങളും
പാകംപോലെ തുടൎന്നു കൊല്ലമെഴുപ-
ത്തൊന്നിൽപെടും ചിങ്ങമ-
ങ്ങേകത്രിംശദിനേ ഗമിപ്പതിനുടൻ
കല്പിച്ചുറച്ചീടിനാൻ. 15

യാത്രാവൃത്തം ഗ്രഹിച്ചപ്പരിജനമഥ വേ-
ണ്ടുന്നതെല്ലാമൊരുക്കി-
സ്സാത്ത്യാനന്ദം വസിക്കെശ്ശുകമൊഴി! ശുഭമാ-
യീട്ടുമന്നാളുഷസ്സിൽ
ഗോത്രാനാഥൻ തെളിഞ്ഞങ്ങനെ നിജനിയത-
സ്സ്നാനമുഖ്യങ്ങൾ ചെയ്തു-
ദ്ധാത്രീദേവക്ക ദാനങ്ങളുമുടനുചിതം-
പോലെ ധീമാൻ കഴിച്ചു. 16

കുലദൈവങ്ങളെയും തൊഴു-
തുലകിന്നീശൻ ഗുരുപ്രവരരോടും
ചലമിഴി! ബാന്ധവരോടും
നലമൊടുതാൻ യാത്രചൊല്ലി വഴിപോലെ. 17

ശ്രീമാനച്ചെറിയേട്ടനാം നൃപതിയും
കൊച്ചുണ്ണിയാം വിപ്രനും
വാമാക്ഷീകുലമാലികേ! ശൃണു പുതു-
ശ്ശേരിദ്വിജൻ പിന്നെയും
ധീമാനാം ഘനപാഠിയസ്സമതിയാ-
യോരാദിമൂത്ത്യയ്യനും
ഹേ മാന്യേ! പരമേശ്വരൻ സചിവനാ-
കും കേലുവേറാടിയും. 18

വൈദ്യകനൈപുണിയാലതി
ഹൃദ്യയശസ്സായൊരപ്പുമേനവനും
മാദ്യൻ പരഭൃതവാണി! സ-
ദുദ്യോഗം ചേന്ന ചാത്തുമേനവനും. 19

പൂവ്വഞ്ചേരിക്കേല്പുവ്വ-
മവ്വണ്ണം വേരല്പുണ്ണി രാരിച്ചൻ
യൌവനജൃംഭണവിഹസിത-
സൌവർണ്ണഘടസ്തനപ്രഭേ! പിന്നെ. 20

രാജശ്വശ്രുവതായ ഭാഗ്യവതിയാം
തുലാംബയും കാവ്യകൃ-
ദ്രാജൻ സന്മതി മാനവിക്രമനൃപൻ
തൽപതി ലക്ഷ്മ്യംബയും
രാജൻ പങ്കജലോചനേ! തനയന-
ശ്ശങ്കുണ്ണിയാം ബാലനും
രാജാവിൻ കരുണാകടാക്ഷമതിനാൽ
പോകാനൊരുങ്ങീടിനാർ. 21

അവികലമതി കൃഷ്ണാഹ്വയ-
നവനീപുരുഹൂതനെട്ടു മണിനേരം
അവരൊട്ടുചേൻ മുദാ ജഗ-
ദവനപരൻ മംഗളം പുറപ്പെട്ടു. 22

ചെന്നത്തീവണ്ടിതൻ മന്ദിരമതിലഥ ത-
ന്നാഗമത്തെ പ്രതീക്ഷി-
ച്ചന്നെത്തീട്ടുള്ള നാനാപുരുഷമണികളെ-
ക്കണ്ടു നന്ദിച്ചമന്ദം
പിന്നെത്താൻ യാത്രചൊല്ലി സ്വവിരഹഭരസ-
ന്തപ്തമാം മിത്രവൃന്ദം-
തന്നെത്തൻ സൂക്തിയാകുന്നമൃതമഴ പൊഴി-
ച്ചാശ്വസിപ്പിച്ചു കാമം. 23

ധീമാനാമേട്ടനാകും കവിവരനൊടു ചേ-
ന്നാശു തീവണ്ടിതന്നിൽ
ഭൂമീനാഥൻ കരേറിപ്പരിജനസഹിതം
തൽക്ഷണത്തിൽ ചലിക്കും
ധൂമാരാവരുഗം വാനിൽ പരിചിലഥ പര-
ന്നീടവേ പൌരനേത്ര-
സ്തോമമത്തോടേ ഗമിച്ചാൻ സുമുഖി! സുരനദീ-
തീർത്ഥമാടീടുവാനായ്. 24

കൂടെത്തന്നുടെ വണ്ടിയിൽ സമന്വയാ-
നം ചെയ്ത ബന്ധുക്കളോ-
ടീടേറും സരസോക്തി ചൊല്ലിയുമിട-
യ്ക്കാപ്പീസുതോറും പ്രിയേ!
കൂടീട്ടുള്ള സുഹൃൽഗണത്തെയഭിന-
ന്ദിച്ചും ദിനേശൻ മറ-
ഞ്ഞീടുമ്പോഗം നൃവരൻ സരോജമിഴി! കേ-
ളീറോട്ടിറങ്ങീടിനാൻ. 25

പാരാതെയദ്ദേശമതിങ്കൽ മുൻസി-
പ്പാരാൽ സമപ്പിച്ചൊരു ചാരുഗേഹേ
നാരീമണേ! തൻപരിവാരമോടേ
സൈപരം ഗമിച്ചന്നവിടെക്കഴിച്ചു. 26

സുഖേന പിറേറദിവസം നൃപൻതാ-
നഖണ്ഡകാവേരിയതിങ്കലെത്തി
അഘാപഹം സ്നാനമതും കഴിച്ചി-
ട്ടഖേദമന്നേട്ടിനമത്ര വാണു. 27

ചൊൽക്കൊണ്ട ഭൂപമണിയന്നഥ വൈകിട്ടമ്പോ-
ളുക്കേറിട്ടം ശകടമേറിയുടൻ തിരിച്ചു
അക്കോദയത്തിലിളമാന്മിഴിമാർമണേ! കേ-
ളാക്കോണദേശമതിലെത്തി മഹാനുഭാവൻ. 28

തത്ര സ്റ്റേഷനു ചെററടുക്കൽ വിലസും
ധമ്മാലയത്തിങ്കല-
സ്സുത്രാമപ്രതിമൻ ഗമിച്ചു കുളിയും
ഭംഗ്യാ കഴിച്ചിട്ടുടൻ
തത്രത്യം നവരുദ്രമന്ദിരവരം
കണ്ടിട്ടു കൈക്കൂപ്പിയ-
മ്മിത്രശ്രേണിയൊടൊത്തു ചേൻറു ദിവസം
തത്രൈവ പോക്കീടിനാൻ. 29

മഴയതിയായതുമൂലം
വഴിയിൽ പാലങ്ങൾ കേടുവന്നതിനാൽ
രായച്ചൂർവഴിയായി-
പ്പോയീടാനായ്ത്തുനിഞ്ഞതില്ല നൃപൻ. 30

അന്നാൾ രാത്രിയതിങ്കലേഴമണിയാം-
നേരം പുറപ്പെട്ടു പി-
റേറന്നാളാറുമണിക്കു കാറൊളികചേ!
ബംഗ്ലൂരിലെത്തീടിനാൻ
അന്നേരത്തുടനസ്ഥലത്തു പതിവി-
ല്ലാതുള്ള കോലാഹലം
കുന്നേലുംമുലമാർമണേ! നരവരൻ
കണ്ടാത്തു കൊണ്ടാടിനാൻ. 31

മൈസൂർരാജ്യമതിങ്കലങ്ങു റെസിഡെ-
ൻറായിട്ടു വാണീടിന്നോ-
രാസായിപ്പു ഗമിച്ചിടുന്ന പകരം
പ്രാപിച്ചീടുന്നന്ന്യനം
ആ സന്ദർഭമതാകയാലവിടെയ-
ശ്ശേഷാദ്രിമന്ത്രീന്ദ്രമു-
ഖ്യാസാമാന്ന്യജനങ്ങൾതിങ്ങി നിരയായ്
നിൽക്കുന്ന സൈന്ന്യങ്ങളും. 32

തീവണ്ടിസ്റ്റേഷനെന്നല്ലവിടെയെഴുമൊരോ
ശാലയെല്ലാം വിശാല-
ശ്രീ വിങ്ങിപ്രോല്ലസിക്കും വിവിധതരവിതാ-
നങ്ങളാൽ മിന്നിടുന്നു
ഏവം നാനാവിശേഷം നരപതി കുതുകാൽ
കണ്ടുനില്ക്കുന്നനേര-
ത്താവിർമ്മോദാങ്കുരം വന്നിതു ബത! റെസിഡെ-
ൻറായിടും ഹൂണവര്യൻ. 33

ദിവാൻ ശേഷാദ്ര്യാദ്യപ്രഭൃതികൾ
തദാ ഹൂണവരനായ്
സ്വവാക്കോരോന്നോതിബ്ബഹുമതി-
യൊടേ യാത്രയരുളി
നവാനന്ദം രാജ്ഞീപ്രതിനിധി-
യുമസ്സൽകൃതികളെ-
സ്സവാത്സല്യം കൈക്കൊണ്ടുടനഥ
പുറപ്പെട്ടു സുഖമായ്. 34

പിന്നീടപ്രഭുവൃന്ദവും തെരുതെരെ-
പ്പട്ടാളസംഘങ്ങളും
ചിന്നീടുന്നൊരു വാദ്യഘോഷസഹിതം
ധന്യേ! ഗമിക്കുന്നതും
അന്നീടാൎന്നുറപേന്ദ്രു കണ്ടു സുഖമായ്
സുബ്ബയ്യചെട്ട്യാക്കെഴും
മിന്നീടും പ്രഭചേൎന്ന ധമ്മനിലയം-
തന്നിൽ ഗമിച്ചീടിനാൻ. 35

ചേലേറീടിന ധമ്മശാലയതുത-
ന്നാസന്നദേശത്തിലായ്
ബാലേ! നല്ല വിശാലമായൊരു ജലാ-
ധാരം വിളങ്ങുന്നെടോ!
മാലേശാതതിൽനിന്നുമാണവിടെയ-
മ്മാലോകരെല്ലാം ലസൽ-
ഫാലേ! പാനമതിന്നു വെള്ളമുപയോ-
ഗിക്കുന്നതോൎത്തീടു നീ. 36

സക്കാരായതുകൊണ്ടതിൽ കുളിവിരോ-
ധിക്കുന്നുവെന്നുള്ളതെൻ-
നൽക്കാവേ്ണി!-യറിഞ്ഞു മറെറാരു തടാ-
കത്തിൽ ഗമിച്ചഞ്ജസാ
സൽക്കാരോചിതനാം നരേന്ദ്രമണിതൻ-
കൃത്യങ്ങൾ ചെയ്താഗമി-
ച്ചുൾക്കാളും കുതുകാൽ ഭുജിച്ചഥ പുരം
കാണ്മാൻ തിരിച്ചീടിനാൻ. 37

ചേണേറിട്ടും കുതിരവണ്ടിയതിൽ കരേറീ-
ട്ടേണേക്ഷണേ! വിവിധവീഥികളാപണങ്ങൾ
ഹ്ലണേശകന്ദുകവിഹാരതലങ്ങളേവം
കാണേണ്ടതൊക്കെ വഴിപോലഥ കണ്ടു മോദാൽ. 38

പിന്നീടടുത്തവിടെയുള്ളൊരു ചിത്രശാല-
തന്നിൽ ഗമിച്ചധികതന്മയഭാവമോലും
ഉന്നിദ്രകാന്തിയുത ചിത്രഗണങ്ങൾ കണ്ടു
തന്നുള്ളിലും ബത! വഹിച്ചിതു ചിത്രഭാരം. 39

ഭൂപാലമൌലിമണിതൻനയനങ്ങൾ ജമ്മൻ-
ഭൂപാലകപ്രതിമതന്നിലണഞ്ഞു മുന്നം
ഹേ പാടലാധരി!-യുടൻ നൃപമാനസാന്തം
താപാതിരേകവിവശീകൃതമായ് ഭവിച്ചു. 40

ഭാസിക്കുമപ്പടമതിങ്കലമന്ദഖേദാ-
ലാസന്നമൃത്യു നൃപനങ്ങു മഹാനതാകും-
ശ്വാസം കലൻു വലയുന്നൊരവസ്ഥയത്രേ
ഹേ സന്നതാംഗി! വിലസുന്നതഭേദരമ്യം. 41

രണ്ടാമതാ നൃപതിതൻ സുതനായ ഭൂപൻ
കണ്ടാമയേന വലയുന്നൊരവസ്ഥയപ്പോൾ
വണ്ടാർതഴക്കുഴലി! കണ്ടു മഹീശമൌലി-
യ്ക്കുണ്ടായ് മനസ്സിലതിവിസ്മയഖേദഭാരം. 42

പിന്നീടങ്ങൊരു റ്റണനാരി തലയിൽ
കത്തുന്ന ദീപത്തെയും
ധന്യേ! പാണിയതിൽ ജലം ബത! നിറ-
ച്ചുള്ളോരു പാത്രത്തെയും
നന്നായിട്ടു ധരിച്ചു ദീപമണയാ-
തേയും ജലം ലേശവും
ചോന്നീടാതെയുമാടിടുന്നവിധമാ-
ണീക്ഷിച്ചതക്ഷോണിപൻ. 43

ജമ്മൻരാജ്യമതിങ്കലുള്ളൊരു മഹാ-
ചോരൻ പരൻതൻഗൃഹേ
നിമ്മയ്യാദമണഞ്ഞു കിഞ്ചന ധനം
മോഷ്ടിച്ചു മണ്ടുംവിധൌ
മമ്മം പാത്തഥ രാജഭൃത്യർ വെടിവ-
ച്ചീടുന്നതും ഹന്ത! ദു-
ഷ്കമ്മം ചെയ്തൊരവൻ പരുങ്ങിടുവതും
കാർവേണി! കണ്ടീടിനാൻ. 44

താരിത്തേൻമൊഴി! പിന്നെയങ്ങൊരു മനു-
ഷ്യൻതൻെറ ദേഹത്തെയാ-
ണാരാൽ കണ്ടതതിങ്കലസ്ഥികൾ ഞരു-
മ്പിൻക്കൂട്ടവും മാംസവും
ചേരും രക്തവുമെന്നുവേണ്ട വഴിപോ-
ലാമാശയാദ്യങ്ങളും
നേരേയൊന്നൊഴിയാതെ നല്ല തെളിവായ്
കാണായിതേണേക്ഷണേ! 45

പിന്നെശ്ശത്രുഗണങ്ങൾതൻെറ വെടിയാൽ
വക്ഷസ്സു പാരം പിള-
ൎന്നൂനം പ്രവഹിച്ചിടുന്ന രുധിരം
മെയ്മേലണിഞ്ഞത്രയും
ചിന്നം ഖേദഭരേണ മാറിടമഹോ
താണും കിളൎന്നും ശ്വസി-
യ്ക്കുന്നോരന്തമടുത്ത സൈന്യപതിതൻ-
ദേഹത്തെ വീക്ഷിച്ചപോൽ. 46

ഏണീലോചനമാർമണേ! കഠിനമാം
സിംഹപ്രഹാരത്തിനാൽ
ഹൂണീമൗലിയൊരുത്തി ബോധമറ്റു കെ-
ട്ടയ്യോ! കിടക്കുന്നതും
കേണിട്ടും മുഖമോട്ടു കാന്തനുടനേ
സിംഹത്തെ ഹിംസിക്കുവാൻ
താണീടാൻ വെടിക്കൊരുങ്ങിടുവതും
കാണായി പിന്നെത്തതിൽ. 47

ഒന്നാംമാസം തുടങ്ങിസ്സുമുഖി! ദശമമാ-
സത്തോളം ഗർഭപാത്രം-
തന്നിൽ ചേൎന്നുള്ള മൎത്ത്യന്നഴകിലെഴുമൊരാ-
കാരഭേദങ്ങളെല്ലാം
നന്നായിത്തന്മയത്വത്തൊടു ചതുരതരം
പത്തു പാത്രങ്ങളിൽത്താ-
നൊന്നൊന്നായ് ചേൎത്തുവച്ചുള്ളതുമഥ നിതരാം
കൌതുകാൽ കണ്ടു ഭൂപൻ. 48

ഇത്ഥം നാനാ ചിത്രജാലങ്ങൾ കണ്ടി-
ട്ടുത്തുംഗാനന്ദാതിരേകം കലൎന്നു
പൃത്ഥീപാലൻ 'മ്യൂസിയം' കാണ്മതിന്നാ-
യത്യുത്സാഹംപൂണ്ടു പിന്നെത്തിരിച്ചു. 49

പാരം വിസ്താരമൌന്നത്യവുമതിരുചിരം
പൂണ്ടു നൽസ്വൎണ്ണരേഖാ
വാരം ചേരും പുരുശ്രീലതകൾ നിലകൾ ര-
ണ്ടിങ്കലും ഭിത്തിമേലും
നേരേ മേൽത്തട്ടിലും ചേൎന്നഴകിനൊടു വിള-
ങ്ങുന്നൊരക്കാഴ്ചബംഗ്ലാ-
വാരാൽ കണ്ടത്ര ചേൎത്തുള്ളൊരു മൃതമൃഗപ-
ക്ഷ്യാദിദേഹങ്ങളേയും. 50

നാനാമൃഗങ്ങളഥ പക്ഷിഗണങ്ങളും നൽ-
ത്തേന്തൂകിടുംമൊഴി! കുരങ്ങുകളും വസിക്കും
നാനാതരം മുറികളും പുനരത്ഭുതത്താൽ
മാനിച്ചുകണ്ടിതൊരു കാട്ടുമനുഷ്യനേയും. 51

അക്ഷുദ്രസല്ലപുഷ്പവനാന്തരാളേ
നക്ഷത്രബംഗ്ലാവഥ കണ്ടനേരം
നക്ഷത്രനാഥാനനമാർമണേ! കേ-
ളക്ഷത്രവംശാഗ്രണി വിസ്മയിച്ചു. 52

സാമോദമോരോന്നിവ കണ്ടു പിന്നെ-
ബ്ഭൂമീവരൻ തൻപരിവാരമോടേ
വാമേക്ഷണേ! മുൻപിഹ ഞാനുരച്ചോ-
രാമഞ്ജുവാം ധൎമ്മഗൃഹേ മടങ്ങി. 53

അന്നും പിറേറന്നു മോദാൽ പകലുമവിടെ വാ-
ണിട്ടു വൈകുന്നതഃനരം
ധന്യേ ബംഗ്ലൂരിൽനിന്നങ്ങനലശകടമേ-
റിപ്പുറപ്പെട്ടു ഭൂപൻ
മന്ദിച്ചീടാതെ മൈസൂരതിൽ മധുമൊഴി!-യ-
ത്തുംഗഭദ്രാസമീപം-
തന്നിൽ പിറേറന്നു മദ്ധ്യാഹ്നമതിൽ ഹരിഹര-
സ്റ്റേഷനിൽ ചെന്നിറങ്ങി. 54

പിന്നീടത്തുംഗഭദ്രാനദിയതിൽ വഴിപോൽ
സ്നാനവുംചെയ്തു ഭക്ത്യാ
മന്നന്മാർമൗലിരത്നം സപദി ഹരിഹര-
ക്ഷേത്രഭാഗത്തിലെത്തി
വന്ദിച്ചത്യന്തചിത്രപ്പണികളണിമണി-
സ്തംഭസംഭാവനീയ-
പ്രോന്നിദ്രശ്രീയെഴുന്നസ്ഥലമതു പുനരാ
വാസരം വാസമാക്കി. 55

അക്കർണ്ണാടകദേശമന്നു മണി പ-
ത്താകുംവിധൗ രാത്രിയിൽ
ചിക്കെന്നങ്ങനെ വിട്ടു വണ്ടി കയറി-
പ്പിറേറദ്ദിനം രാവിലേ
മയ്യൂർണ്ണാറാംമണി! 'ഹുബിളീ'തി പുകൾക്കൊ-
ണ്ടീടുന്ന നൽസ്റ്റേഷനിൽ
പുക്കാമോദമൊടേയിറങ്ങി നിയതം
കൃത്യങ്ങൾ ചെയ്തീടിനാർ. 56

എന്നാൽ ഹുബ്ലിജില്ലയിങ്കലുമെട്ടോ
വേണ്ടോളവും ദൃശ്യമാ-
കുന്നോരോവിധപട്ടണസ്ഥലമതും
നാനാവിശേഷങ്ങളും
തന്വംഗീമണി,യുണ്ടിതെന്ന വിവരം
കേട്ടെങ്കിലും യാത്രയിൽ
പിന്നീട്ടും ത്വരയാലതൊന്നുമവിടെ-
ക്കാണ്മാൻ തുനിഞ്ഞില്ല താൻ. 57

അന്നാര്യേ! മണിയൊൻപതായ സമയം
സൗജന്യവാരാശിഭ്രൂ-
ചന്ദ്രൻ വണ്ടിയിലേറി നൽസുഖമൊടേ
തെറ്റെന്നു പിറേറദിനം
കുന്നിക്കും കുതുകത്തൊടെട്ടുമണിയാ-
യീട്ടുന്നനേരം പരം
മന്നിൽ കീർത്തികലർന്ന പൂനനഗരേ
ചെന്നങ്ങിറങ്ങീടിനാൻ. 58

ചാലേയെഴും ഗോകുലദാസധർമ്മ-
ശാലേ ഗമിച്ചിട്ടഥ പോയ്ക്കുളിച്ചു
ബാലേ! നൃപൻ സംഗമനാഥപാദ-
മൂലേ വണങ്ങിസ്സസുഖം ഭുജിച്ചു. 59

മട്ടേലുംവാണിയാളേ! നൃപനഥ മണി ര-
ണ്ടായിടുന്നോരു നേര-
ത്തോട്ടേറും കൗതുകത്തോടുരുതരഗുണമ-
പ്പട്ടണം കാണ്മതിന്നായ്

പെട്ടെന്നാൎയ്യേ! കരേറിത്തുരഗരഥമതിൽ
സാനുഗൻ മന്ദവാര-
പ്പേട്ടയ്ക്കെത്തി പ്രദൎശിച്ചിതു പല പല രാ-
ജാധികാരാലയങ്ങൾ. 60

സദ്യോഗാനന്ദിതാത്മാവഥ മഹിതപദാ-
ൎത്ഥങ്ങളോരോന്നു കണ്ടി-
ട്ടുദ്യോഗസ്ഥാനവാസ്തവ്യരൊടു കുശലവാ-
ക്യങ്ങളും ഹന്ത! ചൊല്ലി
സദ്യോ, ഗാംഭീൎയ്യവാരാന്നിധി പഥി പല ദാ-
നങ്ങൾകൊണ്ടൎത്ഥികൾക്കു-
മുദ്യോഗം സൂക്തികൊണ്ടെൻ മധുമൊഴി! സുഹൃ-
ന്മൌലികൾക്കും വളൎത്തി. 61

കണ്ടിക്കരിങ്കുഴലി! കേളഥ പേട്ടയെല്ലാം
കണ്ടിക്കവീന്ദ്രനുതനാകിയ ഭൂപതീന്ദ്രൻ
'ബണ്ടെ'ന്നതിപ്രഥിതമാം ഗവണ്മെൻറുതോട്ടം
കണ്ടുന്നതപ്രമദസാഗരമഗ്നനായി. 62

പൂന്തിങ്കൾപ്രഭ കണ്ടിടുന്നൊരളവിൽ
കാന്തേ! സമുദ്രത്തില-
ങ്ങന്തിത്തള്ളി വളൎന്നിടുന്നൊരു മഹാ-
കല്ലോലജാലങ്ങൾപോൽ
പൂന്തോട്ടപ്രഭ കാണ്കവേ കവിമണി-
ശ്രീമാനസദ്വിക്രമ-
സ്വാന്തത്തിൽ പ്രതിഭാശതങ്ങൾ ബഹുധാ
രമ്യങ്ങൾ ജാതങ്ങളായ്. 63

കണ്ടാലായതുപോലെ സൂക്ഷ്മതരമായ്
വൎണ്ണിച്ചുകാട്ടീടുവാൻ
വണ്ടാർവേണി! നിനയ്ക്കുയിക്കവിവച-
സ്സല്ലാതെയെന്തുള്ളെടോ!
കണ്ടായോ ബത! ബണ്ടിനെക്കവികുലാ-
ലങ്കാരമല്ലീമലർ-
ച്ചെണ്ടാമീ നൃപമൗലി വാഴ്ത്തിയതു നീ
'ചിന്താമണീ'പുസ്തകേ. 64

മല്ലീജാതിലവംഗചമ്പകകപി-
ത്ഥാശോകമുഖ്യങ്ങളാം
വല്ലീപാദപതല്ലജങ്ങൾ വിവിധം
പൂത്തും തളിൎത്തും സദാ
ഉല്ലാസപ്രദമായ നൽപരിമളാ-
ഭോഗം പുലൎത്തുന്നു തേൻ-
ചൊല്ലാൾമൌലിമണേ! മഹാമധുകര-
ശ്രേണീനിനാദത്തൊടേ. 65

വണ്ടിൻശബ്ദങ്ങളാകും ശ്രുതിയൊടു കളക-
ണ്ഠങ്ങളുൽകണ്ഠമായുൾ-
ത്തണ്ടിൽ തിങ്ങും മദംപൂണ്ടഹഹ! മധുരമായ്
പാട്ടുപാടുന്നു തക്കം
കണ്ടോളച്ചില്ലി തുള്ളിച്ചിഹ ഖഗനിരയാം
കാൽച്ചിലമ്പും മുഴക്കി-
ക്കൊണ്ടുൽക്രൂലം രസംചേൎന്നൊരു നദി വടിവോ-
ടുണ്ടു കൊണ്ടാടിടുന്നു. 66

നീരോളത്തള്ളൽ മേളിപ്പൊരു നദിയുടെ നീ-
ത്ത്രള്ളി ചേൎത്തുള്ളിലെത്തി-
പ്പോരാളും ചാരുവല്ലീതരുനിരകളില-
ക്കിക്കളിപ്പിച്ചനല്പം
ധാരാളോൽഫുല്ലമല്ലീമുഖസുമനവസൌ-
രഭ്യമുൾക്കൊണ്ടു പാദ-
ത്താരോളം നീണ്ട നൽപൂങ്കുഴലി,യവിടെ വീ-
ശുന്നു മന്ദം സമീരൻ. 67

ആനന്ദം നിതരാമിരുന്നനുഭവി-
ച്ചീടുന്നതിന്നായതിൽ
തേനോലുംമൊഴി! കേളിടയ്ക്കിടയിലു-
ണ്ടോരോ ലതാഗാരവും
നാനാവേലിയുമങ്ങിരുമ്പഴികളാൽ
പാരംവിളങ്ങുന്നിത-
ന്യൂനശ്രീ കലരുന്നൊരീയുപവനം
നൂനം മനോമോഹനം. 68

പിന്നെപ്പോയ് നൃപമൌലി ചിത്രമെഴുതും
ലോകൎക്കു സമ്മാനമേ-
കുന്നോരുന്നതമായ മന്ദിരമതും
തന്വംഗി! കണ്ടീടിനാൻ
മന്നിൽ കീൎത്തിയെഴും സമൎത്ഥരെഴുതി-
ത്തീൎത്തുള്ള ചിത്രങ്ങൾ ന-
ല്ലുന്നിദ്രപ്രഭ മിന്നിടുന്നവിധമാ-
യുണ്ടങ്ങു വേണ്ടോളവും. 69

ഓക്കുക ബത മുനിസിപ്പൽ-
മാക്കെറ്റഥ ചെന്നു കണ്ടിടുന്നേരം
വാക്കുഴലാളേ! നൃപമന-
താക്കുകമാശ്ചര്യപൂർണ്ണതരമായി. 70

പാരം വൈശല്യസമ്പത്തൊടു മിനുമിനുസം
മിന്നുമത്യുന്നതശ്രീ
വാരംചേരുന്നൊരാമന്ദിരവരമതുത-
ന്നുള്ളിലോരോ വിഭാഗേ
നേരായോരാലയത്തിൽ പരമഹഹ! നര-
ന്മാർ നിരന്നങ്ങിരുന്നി-
ട്ടോരോ ശാകങ്ങൾ മൂലം ഫലമിവ ബഹു വിൽ-
ക്കുന്നു തിക്കെന്നിയേതാൻ. 71

കലിതരസമിതെല്ലാം കണ്ടുകണ്ടീക്ഷണങ്ങൾ-
ക്കലസമിഴി! വരുത്തിസ്സാധുസാഫല്യഭാരം
ഫലനിരചിലതെല്ലാം വാങ്ങി മോദിച്ചു ഭൂമീ-
വലരിപുവഥ സായം വാസഗേഹത്തിലെത്തി. 72

പിന്നെത്തൻ നിയമങ്ങളൊക്കെ വഴിപോൽ
ചെയ്തങ്ങുഭൂപൻ മഹാ-
ധന്യൻ ഗോകുലവാസവാണിജനൊരു-
ക്കീട്ടുള്ളതായെത്രയും
ഔന്നത്യംകലരുന്ന സുന്ദരമണി-
പ്രാസാദമേറിസ്സുധീ
മന്നൻ രാജകുമാരനോടുമവിടെ-
ച്ചെമ്മേ ശയിച്ചീടിനാൻ. 73

പിറേറന്നുഷസ്സിങ്കലെണീററു വിഘ്നം
പററാതെയോരോ നിയമങ്ങൾ ചെയ്തു
തെറെറന്നു താൻ പത്തു മണിക്കു ബാംബേ
പററുന്ന തീവണ്ടി കരേറി കാന്തേ! 74

അത്യന്തം വേഗമോലും ഗതിയിലിളകുമ-
ക്കാററിനാൽ പാർശ്വഭാഗ-
പ്രത്യാസന്നങ്ങളാകും വിടപികളെയുല-
ച്ചംബരത്തിൽ ചരിക്കും
പത്രിക്കൂട്ടങ്ങൾ പായുംവിധമനവധി ശൈ-
ലങ്ങൾ പാലങ്ങളെല്ലാ-
മെത്തിപ്പിന്നിട്ടു പെട്ടെന്നഥ യുവതിമണേ!
വണ്ടിയും മണ്ടിയപ്പോൾ. 75

പാരം മധ്യാഹ്നസൂര്യാതപമതികഠിനം
തട്ടിയേററം തപിച്ചു-
ള്ളോരശ്ശൈലാഗ്രഭാഗങ്ങളിലതിഗമനം
ചെയ്തു സന്തപ്തമാകും
സാരം ദേഹം തണുപ്പിപ്പതിനതു ജലനി-
ഷ്യന്ദശീതം മഹാദ്രി-
ദ്വാരം പാരാതനേകം ത്വരിതമധിഗമി-
ച്ചും നമിച്ചും ചരിച്ചു. 76

മണ്ടീടുന്നോരു വണ്ടിതന്നുടെ ജവാൽ
തോററുള്ള തന്നെജ്ജനം
കണ്ടീടുന്നതു കഷ്ടമെന്നു കരുതി-
ബ്ഭ്രരേണുവമ്മാരുതൻ

വണ്ടാർവേണി! പരത്തി വിണ്ണിൽ നിജമാ-
മംഗം മറച്ചീടുവാ-
നുണ്ടാം മാനമണാത്തവന്നരിജയം
കാണുമ്പോൾ നാണം പരം. 77

ഏധിക്കുന്ന മഹീരജസ്സിൽ മറയാൻ
ഝംകാരവും സ്പർശവും
ബാധിക്കുന്നതുമൂലമായവിടെയ-
ക്കാററിന്നു ചെററെങ്കിലും
സാധിച്ചില്ല നിനയ്ക്കു നീയഭിമുഖം
സൌശബ്ദ്യമാർന്നീടുമ-
സ്സാധുസ്പർശനമുള്ളവൻ ബത! വിള-
ങ്ങീടാതിരുന്നീടുമോ? 78

പുകവണ്ടിയിലന്നേവം
പികമൊഴിമൌലേ! ഗമിച്ചു ബാംബെയതിൽ
പകലഞ്ചു മണിക്കധികം
പുകളെഴുമാപ്പീസിലെത്തി നൃപവര്യൻ. 79

അവിടെയുടനിറങ്ങിച്ചെന്നു നോക്കുന്ന നേര-
ത്തതിനൊടു സമമാകും മന്ദിരം മന്നിടത്തിൽ
അവികലമൊരിടത്തും ഹന്ത! കാണുന്നതല്ലെ-
ന്നവനിപനകതാരിൽ തീർച്ചയായ് നിശ്ചയിച്ചു. 80

ആറുണ്ടറിക ശുഭേ പ്ലാററ്-
ഫാറങ്ങളതിൽപ്പരം വിശാലങ്ങൾ
ഓരോന്നീരായിരമരി-
ലേറും മനുജർക്കു മേവിടാൻ യോഗ്യം. 81

അതുകളുടെയധോഭാഗസ്ഥലത്തിങ്കലോത്താ-
ലതിലുമധികമേറും ഹന്ത! വിസ്താരമാൎയ്യേ!
അതുവിധമഥ മേലായ് മാളികത്തട്ടു രണ്ടു-
ണ്ടതുലതരവിലാസംപൂണ്ടു ശോഭിച്ചിടുന്നു. 82

പൊന്നിൻരേഖകൾ മിന്നി മിന്നി വിലസും
നൽഭിത്തിജാലങ്ങളോ-
ടന്യൂനാഭയെഴും ശിലാമയമഹാ-
സ്തംഭങ്ങളും ഭംഗിയായ്
ചേൎന്നിട്ടങ്ങു വിളങ്ങുമായതിനു പേർ
വിക്ടോറിയാട്ടെൎമ്മിന-
സ്സെന്നാണോൎക്കയതിങ്കലുണ്ടധികൃത-
ന്മാരായനേകം ജനം. 83

പോയീട്ടുന്നവരും വരുന്നവരുമായ്
കൂട്ടം മഹാശബ്ദവും
പായും വണ്ടിയതിൻഗഭീരരവവും
ഘണ്ടാനിനാദങ്ങളും
പേയാദ്യങ്ങൾ വിലയ്ക്കുവില്പവർ വിളി-
ച്ചീടുന്ന ഘോഷങ്ങളും
മായംചൊല്ലുകയല്ല കേളിഹ മുഴ-
ങ്ങീടുന്നിതെല്ലായ്പൊഴും. 84

ശ്രീമാനാം നൃപനേട്ടനാം തിരുമന-
സ്സൊന്നിച്ചു നന്ദിച്ചുടൻ
ഹേ മൽപ്രേയസി! പിന്നെയല്പപരിവാ-
രത്തോടുചേൎന്നങ്ങനെ

ധീമാൻ കീഴിൽ നടന്നുകണ്ടഖിലവും
മേൽത്തട്ടു രണ്ടിങ്കലും
വാമേ! പുക്കു വിശിഷ്ടവസ്തു പലതും
തത്രാപി കണ്ടീടിനാൻ. 85

പിന്നീടസ്സദനത്തിനങ്ങു നടുവിൽ
ശക്രധ്വജംപോലെയ-
ത്യൗന്നത്യേന വിളങ്ങിടുന്നൊരു മഹാ-
പ്രാസാദമേറിശ്ശുഭേ!
ധന്യാത്മാ ശിഖരത്തിലെത്തിയരികിൽ
കാണും സമുദ്രങ്ങളിൽ
ചിന്നീടുന്നലയാലലഞ്ഞിളകിടും
പോതങ്ങൾ കണ്ടീടിനാൻ. 86

നല്പോതങ്ങളുമേറിടുന്ന നഗര-
പ്രാസാദജാലങ്ങളും
കൊമ്പേലുമ്മിഴി! കണ്ടനേരമതിയാ-
മശ്ശുദ്ധ്വവാരാശിയിൽ
ഒപ്പം തിങ്ങിവളൎന്നിടും തിരകളാൽ
ഭൂപാലകന്മാരുമ-
ന്നല്പോതാവലിപോൽ സമാകുലിതരായ്
സാരസ്യസ്വസ്ഥമേ! 87

അത്യന്തോന്നതമാകുമിസ്ഥലമണ-
ഞ്ഞോരീ നമുക്കോൎക്കിലി-
ന്നത്യാസന്നമതാണിനിസ്സരപുരം
നിസ്തൎക്കമെന്നാകിലും

അത്യുൽകൃഷ്ടഗുണങ്ങൾകൊണ്ടതിനെയും
വെല്ലുന്ന ബാംബേപുരം
പ്രത്യേകിച്ചിഹ കണ്ടിടാതെയവിടെ-
പ്പോകുന്നതാകുന്നതോ? 88

ഏവം ഹന്ത! നിനച്ചു ഭൂപമണിയ-
പ്രാസാദവര്യത്തിൽനി-
ന്നാവിർമ്മോദമിറങ്ങിവന്നു പരിവാ-
രത്തോടു ചേർന്നിട്ടുടൻ
ആ വൃന്ദാവനദാസവാണിജവരൻ
മാനിച്ചയച്ചോരു നൽ
ശ്രീ വിങ്ങുന്ന മനോജ്ഞമായ കുതിര-
സ്സാറട്ടിലേറീടിനാൻ. 89

പെട്ടെന്നുടൻ താൻ സസുഖം തിരിച്ചു-
സ്സ്റ്റേട്ടിൻഗൃഹത്തിങ്കലമന്ദമെത്തി
ഒട്ടേറെ മോദാൽ കുശലങ്ങൾ ചൊന്നാ-
ശ്ശിഷ്ടൻെറ സല്ക്കാരമതും ഗ്രഹിച്ചു. 90

അക്ഷീണം മരുവീടുവാൻ സുകൃതിയാ
വൈദേഹകാഢ്യൻ മഹാ-
ലക്ഷ്മീവീഥിയതിന്നടുത്തുടനൊരു-
ക്കിട്ടുള്ള ബംഗ്ലാവതിൽ
സക്ഷേമം പുനരെത്തിയങ്ങു നിയതം
കൃത്യങ്ങളെല്ലാം കഴി-
ച്ചക്ഷോണീപതിമൗലിയന്നു നിശയിൽ
തത്രൈവ വാണീടിനാൻ. 91

പാരം കൗതൂഹലംനൽകിന പല വിഭവം
ചേരുമീ വീഥിതന്നിൽ
താരിത്തേൻവാണി! വാണീടുവതിനതിസുഖം-
തന്നെയാണില്ല വാദം
പാരാതന്നോ വിശേഷിച്ചതിരസമരുളും
നാവരാത്രോത്സവശ്രീ-
പൂരം കൂടി പ്രകാശിച്ചിതു നരതിലകാ-
നന്ദമേറുന്നതിന്നായ്. 92

നേത്രാനന്ദം വളത്തിടിന വിവിധവിലാ-
സങ്ങൾ തിങ്ങുന്ന ലക്ഷ്മീ-
ക്ഷേത്രത്തിൽ ചേന്ന കോലാഹലമതുമുഴവൻ
ചൊല്ലുവാനില്ലെളുപ്പം
ശ്രോത്രേ താത്തേനൊഴുക്കും സുമധുരതരഗാ-
നങ്ങളോടങ്ങു രാകാ-
രാത്രീശാസ്യേ! മുഴങ്ങീ മുഹുരപി സരസം
വാദ്യഘോഷം വിശേഷാൽ. 93

നാനാഭാഷയിലുള്ള വേഷമധികം
ഭേഷായ് ധരിച്ചിട്ടുടൻ
നാനാഭാഷ തകത്തുരച്ചവിടെയ-
ക്കാഴ്ചയ്ക്കു വന്നെത്തിടും
നാനാജാതിജനങ്ങൾ തിങ്ങി വിളയാ-
ടീടുന്ന ഘോഷങ്ങളും
മാനാതീതകുതൂഹലം മനസി കേ-
ളാക്കും വളക്കും ദൃഢം. 94

കററക്കാറണിവേണി! ബാംബെയിലെഴ-
ന്നാവീഥിതന്നിൽ തടാ
വിററീടുന്നതിന്നായ് നിരത്തിയ പദാ-
ത്ഥൌഘങ്ങൾ വണ്ണിക്കുവാൻ
ചെററും ഞാൻ തുനിയുന്നതില്ല മനുജ-
ക്കാവശ്യകപ്പെട്ടിട്ടു-
ന്നററംവിട്ട വിശിഷ്ടവസ്തുവതിലൊ-
ന്നില്ലാതെയില്ലത്ര കേൾ. 95

ഇത്ഥ്യേവം രമണീയമായ് വിലസുമ-
ദ്ദേശേ നൃപൻ വാണൊര-
പ്പുത്തൻഗേഹമതിങ്കൽ യന്ത്രവഴിവ-
ന്നെത്തുന്ന നൽത്തോയവും
കത്തും മിന്നൽവിളക്കുമങ്ങരികിലായ്
സ്വച്ഛാഭമാമംബുവോ-
ടൊത്തുള്ളോരു തടാകവും സുഖദമായ്
ശോഭിച്ചു വേണ്ടുംവിധം. 96

പിറേറന്നാൾ നിത്യകമ്മങ്ങളെയഥ വഴിപോൽ
ചെയ്തു ഭൂമീശപരൻതാ-
നറേറാരാനന്ദമോടന്നഗരവരമുടൻ
കാണ്മതിന്നായ് തിരിച്ചു
തെറെറന്നങ്ങെത്തിയാദ്യം വികസിതമുഖി! വിക്-
റ്റോറിയാഗാർഡനാമ പേർ-
പെറേറാരുദ്യാനമേററം സുരുചിരവിഭവം
കണ്ടു കൽക്കണ്ടവാണി! 97

ഊററപ്പെട്ടുള്ള സിംഹം പുലികരടികൾതൊ-
ട്ടുള്ള നാനാമൃഗൌഘം
ചീററം ചേരും പെരുമ്പാമ്പുകൾ ബഹുവിധസൽ-
പക്ഷിവൃന്ദങ്ങളേവം
അററംവിട്ടുള്ള ജന്തുക്കളെയുമുരുലതാ-
വൃക്ഷസംഘങ്ങളേയും
മുററും കൌതുഹലംപൂണ്ടവിടമതിൽ നട-
ന്നൊക്കവേ നോക്കി ഭൂപൻ. 98

പിന്നെപ്പട്ടുകൾ നെയ്തിടും ഗൃഹമതി-
ന്നുള്ളിൽ ഗമിച്ചേത്രയും
മിന്നീടും കസവിട്ടപട്ടുകൾ വില-
യ്ക്കൊട്ടങ്ങു വാങ്ങീട്ടുടൻ
ധന്യേ! മാളികയേറുവാനൊരു വിമാ-
നത്തോടുചേൎന്നസ്ഥല-
ത്തിന്നേററം പ്രഭയേകിടുന്നൊരു ഗൃഹം
ചെന്നാശു കണ്ടീടിനാൻ. 99

മുൻസിപ്പൽകാൎപ്പൊറേഷൻമുറിയിതി പുകൾപൊ-
ങ്ങുന്നൊരാ മന്ദിരത്തെ-
ശ്ശംസിപ്പാനുണ്ടു പാരം കമലമിഴി! സമോ-
ദം വിമാനത്തിലേറും
പുംസാമഞ്ജേകയന്ത്രം പരിചിനൊടു തിരി-
യ്ക്കുന്നനേരത്തുയൎന്നി-
ട്ടെൻസാരംഗേക്ഷണേ! കേൾ മുകളിലതിജവാൽ
മാളികയ്ക്കുള്ളിലെത്താം. 100

ഇത്ഥം രാജാധികാരസ്ഥലനിരകൾ ശുഭേ!
　　കമ്പിയാപ്പീസു പിന്നീ-
ട്ടുത്തുംഗം സൌധജാലം, പുനരഥ 'യൂനിവേഴ്-
　　സിററിഹാളും' ക്രമത്താൽ
എത്തി 'ക്രോവർഡ്ഡുമാർക്കെററി'തുകളതിമുദാ
　　കണ്ടു ഭൂപാലകൻതാ-
നത്യാശ്ചര്യം വളക്കും ജലനിധിയുടെ തീ-
　　രത്തിലേയ്ക്കായ്ത്തിരിച്ചു. 101

എന്താണോതേണ്ടതാഹാ! ജലധിയുടെ തടം
　　നൽക്കരിങ്കല്ലുകൊണ്ടെൻ-
ചെന്താരമ്പൻപതാകേ! നിഖിലമതിദൃഢം
　　നിസ്തുലാഭം നിബദ്ധം
ചന്തംചേരുന്ന തീരംവരെയവിടെയഗാ-
　　ധതചമുണ്ടാകകൊണ്ട-
ത്യന്തം ചാലേവരും കപ്പലുകൾ കരയതി-
　　ന്നൊപ്പമായ്ത്തന്നെ നില്ക്കും. 102

പാരം മത്സരബുദ്ധി തമ്മിലുളവാ-
　　യിട്ടെന്നു തോന്നീടുമാ-
റോരോ കപ്പൽ നിരന്നുയന്നിഹ വിള-
　　ങ്ങീടുന്നു രമ്യാഭമായ്
ദൂരാൽ നൽപുകയെക്കുറച്ചു ചിലത-
　　ത്തീരത്തിലെത്തുന്നുടൻ
തീരാൽ മന്ദമഹോ! തിരിച്ചു ചിലതെ-
　　ത്തീടുന്നു ദൂരത്തിലും. 103

ദൂരാൽ വന്നണയുന്ന കപ്പലിനെഴും
നല്പാമരം മുൻപില-
ത്തീരേ നിന്നിഹ കണ്ടിടാമഥ ശുഭേ!
കാണാം ക്രമാൽ കപ്പലും
ആരോമൽക്കളവാണി! നമ്മൾ നിവസി-
ച്ചീടും മഹിക്കളെല്ലാരാ-
കാരം പാരമുരുണ്ടതെന്നതിതിനാ-
ലോൎക്കാം വിതൎക്കം വിനാ. 104

പ്രാണപ്രേയസിമാരൊടൊത്തു കുതിര-
സ്സാറട്ടിലേറിത്തിരി-
ച്ചേണപ്പെൺമിഴി തത്ര വന്നു സരസം
തീരപ്രദേശങ്ങളിൽ
ഹൂണന്മാർ മൃദുവായ് സമുദ്രമതിൽനി-
ന്നെത്തിക്കളിക്കും ജഗൽ-
പ്രാണൻ നൽകുമമന്ദസൌഖ്യമൊരിട-
ത്തേൽക്കുന്നു നൽക്കൗതുകാൽ. 105

വെള്ളത്താമരപോലെഴുന്ന മുഖവും
തൊണ്ടിപ്പഴം തോല്ക്കുമാ-
റുള്ളോരച്ചൊടിയും വളൎന്നമുടിയും
നൽത്തൊപ്പി കുപ്പായവും
ഉള്ളത്തിൽ കൊതിയേകിടുന്ന മൃദുല-
ത്തേൻവാണിയും ചേൎന്നിടും
വെള്ളക്കാരുടെ നൽശിശുക്കൾ വിളയാ-
ടീടുന്നൊരേടത്തെടോ! 106

എന്തിന്നിങ്ങനെയോതിടുന്നധികമാ-
യോരോതരം കാഴ്ചയി-
ങ്ങന്തംവിട്ടു വിളങ്ങിടുന്നതഖിലം
ദുസ്സാധമോതാൻ പ്രിയേ!
സന്തോഷാലിവയൊക്കെ വേണ്ടവിധമായ്
വീക്ഷിച്ചു ഭൂക്ഷിത്തുടൻ
ചന്തംചേൎന്നൊരു കപ്പലിൽക്കയറിയ-
ശ്ശില്പങ്ങളും കണ്ടു ഞാൻ. 107

പിന്നീടു കേൾക്ക വരവൎണ്ണിനി! ജീൎണ്ണമായീ-
ടുന്നോരു കപ്പൽ കുറതീൎപ്പതിന്നുവേണ്ടി
അന്യൂനവൈഭവമൊടേ പണിചെയ്തദേശം-
തന്നിൽ ഗമിച്ചതികുതൂഹലമാൻറു ഭൂപൻ. 108

നീലക്കല്ലുകളാൽ നിബദ്ധതടമാ-
യത്യന്തവിസ്താരമ-
ങ്ങോലുന്നോരു തടാകമൊന്നവിടെയ-
ത്തീരത്തിലുണ്ടോമലേ!
ചാലേ കപ്പൽ സമുദ്രമദ്ധ്യമതിൽനി-
ന്നെത്തുന്നതിന്നായതിൽ
ചേലേറുന്നവിധത്തിൽ നല്ല വഴിവാ-
ച്ചിട്ടുണ്ടു പിട്ടല്ലിതു. 109

ആ മാൎഗ്ഗത്തുടെ വേഗാലതിലയി ദയിതേ!
കപ്പൽവന്നെത്തിടുമ്പോൾ
കാമം യന്ത്രങ്ങൾകൊണ്ടായതു വിരവിലട-
ച്ചിട്ടു പിന്നെത്തടാകേ

വാമേ! ചേൎന്നുള്ളവെള്ളം സകലവുമകല-
ത്താക്കുമപ്പോൾ ക്രമത്താൽ
ഭ്രമൗ ചേരുന്നൊരക്കപ്പലിനുടെ കുറതീ-
ത്തീട്ടുവാനുണ്ടെളുപ്പം. 110

ഏവം കപ്പൽ വിടുന്നതിന്നുമതുപോൽ
ശത്രുക്കളോമാൎഗ്ഗമായ്
ഹാ! വഞ്ചിച്ചു കടന്നിടായ്വതിനുമാ-
യന്ത്രങ്ങൾകൊണ്ടന്തരാ
പൂവാളും കുഴലാൽമണേ! ദൃഢമട-
യ്ക്കാനും തുറപ്പാനുമു-
ണ്ടാ വാപിക്കു വിചിത്രമായിട്ടുമിരു-
മ്പാലുള്ള വൻപാലവും. 111

ഉള്ളംതന്നിലനല്പവിസ്മയമുദി-
പ്പിക്കുന്ന വൈചിത്ര്യമാ-
ൎന്നുള്ളോരോ വലുതായ കാഴ്ച പലതീ-
വണ്ണം തദാ കണ്ടുടൻ
പുള്ളിപ്പേടമൃഗാക്ഷി! തൻ പരിജന-
ത്തോടൊത്തു മോദാലെഴു-
ന്നള്ളിത്തന്നുടെ വാസമന്ദിരവരം
പ്രാപിച്ചു ഭൂപാലകൻ. 112

ആനന്ദാസ്പദമായ ബാംബെയിൽ മഹാ-
ത്മാവാം ധരാവല്ലഭൻ-
താനേവം വിവിധസ്ഥലങ്ങളിലണ-
ഞ്ഞോരോന്നു കണ്ടങ്ങനെ

ന്നനം നാലുദിനംകഴിച്ചു സുഖമായ്
ദേശാടനം നല്ലമ-
ന്യൂനം ബോധവിലാസമാകിയ ഫലം
നന്നായ് ഗ്രഹിച്ചീടിനാൻ. 113

പൃഥ്വീവരനഥ കന്നിയി-
ലെത്തും പന്ത്രണ്ടതായ ദിവസത്തിൽ
മിത്രഗണത്തൊടു യാത്രയു-
മത്ര കഥിച്ചുത്തമൻ പുറപ്പെട്ടു. 114

മുൻപേ ഞാനിഹ ചൊന്നൊരു
ബാംബേസ്റ്റേഷനിലണഞ്ഞു താൻ നിശയിൽ
മണി പതിനൊന്നിൽ ക്ഷിതിപതി
മണിരഥമതിലേറി നാസികയ്ക്കായി. 115

സ്വൈരം നാസികതന്നിലഞ്ചുമണിയാം-
നേരത്തിറങ്ങിട്ടുടൻ
പാരാതശ്വരഥം കരേറി മഹിപൻ
ഗോദാവരീസന്നിധൗ
നീരിത്താർനയനേ! ഗമിച്ചൊരു ധരാ-
ദേവൻെറ ഗേഹത്തില-
ങ്ങാരാലെത്തിയനന്തരം സ്വനിയമ-
ങ്ങൾക്കായ്ത്തുനിഞ്ഞീടിനാൻ. 116

ധന്യേ! കേൾ മണി പത്തടിച്ച പൊഴുതാ
ഗോദാവരീവാരിയിൽ
ചെന്നാ വിപ്രമുഖേന മാനവവരൻ
സ്നാനാദികർമ്മങ്ങളും

പിന്നെഗ്ഗേഹമണഞ്ഞു ഭുക്തിയുമതി-
സ്വൈരം കഴിച്ചാശ്വസി-
ച്ചന്നദ്ദേശവിശേഷവീക്ഷണമതി-
ന്നായിത്തിരിച്ചീടിനാൻ. 117

ഗോദാവരീസിന്ധു കടന്നു തിങ്കൾ
മോദാൽ നൃപൻ പഞ്ചവടിക്കണഞ്ഞു
വേദാന്തവേദ്യൻ രഘുനായകൻതൻ-
ഖേദാപഹക്ഷേത്രമതാശു കണ്ടു. 118

ദേവാഗാരമനേകമുണ്ടവിടെയെ-
ന്നാലും രഘുശ്രേഷ്ഠനാം-
ദേവൻ വാണരുളുന്ന മന്ദിരമതാ-
ണേററം പ്രധാനം ശുഭേ!
ദേവന്മാരുമഹോ! വണങ്ങുമിവിടെ
ശ്രീശങ്കരാചാര്യഭൂ-
ദേവഗ്രാമണിതന്റെ ചാരുമഠവും
ഭംഗ്യാ വിളങ്ങുന്നെടോ! 119

സ്ഥിതാനന്ദം നൃപൻ കേളഥ പല മഹിത-
ക്ഷേത്രജാലങ്ങൾ കണ്ടി-
ട്ടേതാനും ദൂരദേശത്തെഴുമധികതമ-
സ്തോമസഞ്ഛന്നയാകും
'സീതാഗുംഭാ'ഖ്യയാർന്നീടിന ഗുഹയതിലുൾ-
പ്പുക്കു തത്രത്യവിപ്ര-
സ്ത്രീതാൻ കാണിച്ച ദീപപ്രഭയിലഗസുതാ-
കാന്തനെക്കണ്ടു കുപ്പി. 120

പിന്നീടത്ര ഗുഹയ്ക്കു മുൻവശമതിൽ
കാലപ്പഴക്കം തുലോം
ചെന്നിട്ടുള്ള വടങ്ങളഞ്ചവിരളം
നിൽക്കുന്നതും കണ്ടുടൻ
കുന്നിച്ചീടിന കൌതുകത്തോടു നൃപൻ
സന്ധ്യയ്ക്കു വാസാലയേ
ചെന്നിട്ടന്നവിടെസ്സുഖത്തോടു പുത്ത-
ത്തേൻവാണി! വാണീടിനാൻ. 120

മാനേലുമ്മിഴി! കേളടുത്ത ദിവസം
ഗോദാവരീസിന്ധുവിൽ
സ്നാനം ചെയ്തു നരേന്ദ്രനക്ഷയവട-
ശ്രാദ്ധാദികർമ്മങ്ങളും
മാനംപോലെ കഴിച്ചു കിഞ്ചന സുഖി-
ച്ചന്നങ്ങു സന്ധ്യയ്ക്കുമുൻ-
പാനന്ദത്തോടു ചെന്നണഞ്ഞിതു ജവാ-
ലന്നാസികാസ്റ്റേഷനിൽ. 122

തെറ്റെന്നഗ്നിരഥം കരേറിയഥ പോയ്
സ്വാഹാപുരസ്റ്റേഷനിൽ
പിറേറന്നാളിലിറങ്ങിയങ്ങരികിലാ-
യുള്ളോരു സത്രാന്തരേ
പാററി സ്നാനമുഖങ്ങൾ ചെയ്തു മണിയ-
ഞ്ചാകുംവരെയ്ക്കും സുഖം
മുററും നൽകിടുമസ്ഥലത്തിൽ മനുജ-
പ്രൗഢൻ വസിച്ചീടിനാൻ. 123

പിന്നെ സ്റ്റേഷനിലെത്തി വണ്ടികയറി-
പ്പിറേറദിനം രാവിലേ
ചെന്നിട്ടല്ലഹബാദിൽ മല്ലനയനേ!
പാരാതിറങ്ങി ദ്രുതം
ധന്യൻതാനൊരു ധർമ്മശാലയിലണ-
ഞ്ഞന്നേദിനം കീർത്തിയേ-
റുന്നോരസ്ഥലവാസമേവ സുഖമെ-
ന്നുൾത്താരിലോർത്തീടിനാൻ. 124

മേളം ചേരുമനേകഷോപ്പുകൾ ബജാ-
റിത്യാദിയാലെത്രയും
കേളിയ്ക്കാസ്പദമാകുമിസ്ഥലമതി-
ന്നൊട്ടങ്ങു ദൂരത്തിലായ്
കാളിന്ദീനദിയും സരസ്വതിയുമ-
പ്രഖ്യാതയാം ഗംഗയും
മേളിക്കുന്നിടമാം ത്രിവേണി വിലസീ-
ടുന്നു വിലാസോജ്വലേ! 125

പ്രകൃഷ്ടമാം യാഗമനേകമോരോ
പ്രഭുക്കളായുള്ളവർ ചെയ്കമൂലം
പ്രയാഗമെന്നുള്ളൊരു പേരിനാലി-
പ്രദേശമേററം പുകൾപൂണ്ടതത്രേ. 126

ചന്തം ചിന്തും ത്രിവേണീതടമതിൽ വലുതായ്
കോട്ടയൊന്നുണ്ടതിന്ന-
ന്തർഭാഗത്തിൽ നില്ക്കുന്നൊരു നിരുപമമാ-
മാൽമരം പാൽമൊഴി! കേൾ

എന്താശ്ചര്യം മതിൽക്കെട്ടതിനു ചുഴലവും
പിന്നെ മേൽത്തട്ടമുണ്ടെടൻ-
കാന്തേ! സൂര്യപ്രകാശം മഴയിതുകൾ കട-
ക്കില്ലതിൽ തെല്ലുപോലും. 127

ധാരാളമായ് ക്രൂരിരുൾ തിങ്ങിവിങ്ങു-
ന്നോരിസ്ഥലേ ദശ്നകാംക്ഷികൾക്ക്
ആരാധകബ്രാഹ്മണർ കൈവിളക്കാൽ
നേരായ മാർഗ്ഗം ബത! കാട്ടിടുന്നു. 128

വെയിൽമഴയിവയേൽക്കാതെൻ-
കുയിൽമൊഴി!, യിരുളിൽ സദാവിളങ്ങുകയാൽ
അയി കേളക്ഷയവടമെ-
ന്നതിനെ വിളിക്കുന്നതർത്ഥയുതമല്ലോ. 129

ഇങ്ങനെ യമുനാനദിയുടെ
മംഗലതീരത്തിൽ മാനിനീമൗലേ!
അങ്ങതിപുണ്യസ്ഥലനിക-
രങ്ങൾ മുറയ്ക്കുണ്ടു ദശ്നത്തിന്നായ്. 130

ആയതശേഷം വഴിപോ-
ലായതനേത്രേ! ഗമിച്ചു ധരണീശൻ
സ്നാനം ദശ്നമെന്നിവ
സാനന്ദം താൻ കഴിച്ചു കമനീയേ! 131

മീനങ്ങൾതോല്ക്കുംമിഴി! കേൾ വിശിഷ്യ-
ദാനങ്ങളും ശ്രാദ്ധമതും നരേന്ദ്രൻ
മാനിച്ചു ചെയ്തപ്പതിനേഴതാകും
ദിനം ഗമിച്ചല്ലഹബാദിൽ വീണ്ടും. 132

സായംകാലമതിങ്കലന്നഥ നൃപൻ
പേരാന്ന വാരാണസി-
ക്കായെൻ കാലപയോദവേണികൾമണേ!
തീവണ്ടിയേറിസ്സുഖം
പോയൻപോടവിടത്തിൽ മൂന്നുമണിയാം-
നേരത്തിറങ്ങിസ്സഹ-
ത്തായീട്ടുന്നൊരു സുബ്ബരായരെയുടൻ
സാനന്ദമീക്ഷിച്ചിതേ. 133

മയ്യേലുമ്മിഴി! പിന്നെയസ്സുകൃതിതാൻ
മുൻകൂട്ടി വേണ്ടുംവിധം
തയ്യാറാക്കിയിരുന്ന ബോട്ടുകയറി
പെട്ടെന്നു ഭൂവല്ലഭൻ
പൊയ്യല്ലങ്ങു തിരിച്ചണഞ്ഞു വിരവിൽ
കേദാരഘട്ടത്തിലുൾ-
പ്പെയ്യും മോദമൊടത്ര സജ്ജിതമതാം
ഗേഹത്തിലെത്തീടിനാൻ. 134

പിന്നെപ്പിറേറദിനത്തിൽ പികമൊഴി! പുകൾപൂ-
ണ്ടീടുമപ്പുണ്യവാനാ
മന്നന്മാർമൌലിമാലാമണി നിജതനുശ്ശു-
ദ്ധ്യാദികൃത്യങ്ങൾ ചെയ്തു
ചന്ദ്രശ്രീചൂഡഭാസ്വജ്ജടയുടെ നടുവിൽ
തങ്ങിവിങ്ങുന്ന ഭംഗ്യാ
മന്നിൽപ്പേർകൊണ്ട ഗംഗാനദിയിൽ മുഴുകുവാ-
നായ്പ്പുറപ്പെട്ടു മോദാൽ. 135

ഗംഗാസീമനിചെന്നണഞ്ഞഥ ജവാൽ
സ്നാനാദികർമ്മങ്ങളും
തുംഗാത്മാ വിധിപോലെ ചെയ്തു മഹിപൻ
കേദാരദേവാലയേ
ഭംഗ്യാ ദർശനവും കഴിച്ചു കമനീ-
യശ്രീവിഹാരോല്ലസ-
ദ്രംഗാഭൻ മണികർണ്ണികയ്ക്കഥ മണി-
ശ്രീകർണ്ണികേ! പോയ് മുദാ. 136

മദ്ധ്യാഹ്നേ ചെന്നണഞ്ഞിട്ടവിടെ നൃപവരൻ
സ്നാനവുംചെയ്തു ചേത-
ശ്ശുദ്ധ്യാ വിശ്വേശനേയും വിപുലമതി വിശാ-
ലാക്ഷിയേയും വണങ്ങി
തദ്ധ്യാനാനന്ദപൂർവ്വം മധുമൊഴി! മണിര-
ണ്ടായിടുമ്പോൾ മടങ്ങീ-
ട്ടദ്ധ്യാത്മജ്ഞാനവാനന്നതിസുഖമൊടു കേ-
ദാരഘട്ടത്തിൽ വാണു. 137

അന്നദിവസമിവണ്ണം സ്നാനമുഖ്യങ്ങളും തൻ-
മനമതിലതിഭക്ത്യാ ഭൂരിദാനങ്ങളേയും
മനുജപതി നടത്തിത്തത്ര മിത്രങ്ങളോടും
വിനയനിധി വസിച്ചാനഞ്ചുനാളെൻ ചലാക്ഷി! 138

പിന്നെ ദ്വാവിംശമാം തീയതി നിശിമണിയീ-
രാറിലക്കാശിദേശാൽ
മന്നൻ തീവണ്ടികേറിപ്പുലരുമളവിൽ വേ-
ഗാൽ ഗയാസ്റ്റേഷനെത്തി

ധന്യൻ സാറട്ടിലേറിട്ടുശമമണിയതിൽ
ഫൽഗുനീതീരഭാഗേ
മിന്നും ക്ഷേത്രാന്തദേശേ വിലസിനമണിസൌ-
ധത്തിൽ മോദാലണഞ്ഞു. 139

അന്നാ ഫൽഗുനിയിൽ കുളിച്ചു നൃവരൻ
ശ്രീവിഷ്ണുപാദത്തെയും
സന്ദർശിച്ചു ഭജിച്ചു തത്ര സുഖമായ്
വാണിട്ടു പിറേറദ്ദിനം
ഇന്ദുശ്രീമുഖി! കേൾ യഥാവിധി ഗയാ-
ശ്രാദ്ധാദികർമ്മങ്ങളും
നന്ദിച്ചങ്ങുകഴിച്ചു മിത്രസഹിതം
സുത്രാമസൌഭാഗ്യവാൻ. 140

ഓരോ സൽക്കർമ്മമേവം ദിനമനു വിധിപോൽ
ചെയ്കയാലീർഷ്യ പൂണ്ട-
ന്നാ രോഗാധീശനാകും ജ്വരമഥ കവിയാ-
മേട്ടനാം ഭൂപനോടായ്
നേരിട്ടേററിട്ടു കൃഷ്ണക്ഷിതിപസകരുണാ-
നുഗ്രഹാലുഗ്രമാകും
സാരാത്മാവപ്പുമേനോനുടെയഗദശരം-
കൊണ്ടു പേടിച്ചു മണ്ടി. 141

കരുതിടുകേവം കന്നിയി-
ലിരുപത്തെട്ടാംദിനംവരെഗ്ഗയയിൽ
ഉരുതരസൽക്കർമ്മം ചെ-
യ്തുരുവയർമൌലേ! കൃതാർത്ഥനായി നൃപൻ. 142

അന്നാഥ മണിയഞ്ചായി-
ട്ടന്നേരം മന്നവൻ പുറപ്പെട്ടു
ധന്യേ! ശ്രീകാശിയിലെ-
ത്തുന്നൊരുതീവണ്ടി കയറിനാൻ വീണ്ടും. 143

കണ്ടാലാക്കുമമന്ദഭക്തിയുളവാം
ഗൌരീശചൈതന്യമുൾ-
ക്കൊണ്ടാനന്ദമിയററിടുന്ന മഹിത-
ശ്രീകാശിതന്നിൽ ശുഭേ!
രണ്ടാംതീയതി പോന്നു ഭൂപനമല-
സ്നാനാദികർമ്മങ്ങളും
വണ്ടാർവേണി! കഴിച്ചു വിശ്വപതിതൻ-
പാദം വണങ്ങീടിനാൻ. 144

“കാശീശ്വര! കരുണാലയ!
കാലാന്തക! കാളകണ്ഠ! കമനീയ!
കാരണ! കാമവിനാശന!
കാമദ! കൈക്കൂപ്പിടുന്നു കഴലിണയിൽ. 145

നിന്തിരുവടിയുടെ ഗുണഗണ-
മെന്തറിയുന്നജ്ഞരാകുമടിയങ്ങൾ
ഹന്ത! ജഗത്തിൽ നിനച്ചാ-
ലെന്തത്ഭുതമാണയേ! ഭവന്മഹിമാ. 146

ചെറുതിലുമധികം ചെറുതായ്
വലുതിൽവലിപ്പം കലർന്നു സന്തതവും
നിറവിൽ പ്രാണികൾ ഹൃദയേ
മറവൊടിരിക്കുന്നതും ഭവാനല്ലോ. 147

മനമതുകൊണ്ടല്ല ദൃഢം
നിനവു നിനക്കെന്നിരിക്കിലും നാഥ!
മനമതു നിന്നെക്കൊണ്ടാ-
ണനഘ! നിനയ്ക്കുന്നതോൎത്തുകാണുമ്പോൾ. 148

കണ്ണാലല്ലേ കാണ്മതു
തിണ്ണം നീയെങ്കിലും ജഗത്തിങ്കൽ
കണ്ണുകൾ കാണ്മതു നിന്നാൽ
നണ്ണാനരുതാതെഴുന്ന പരമാത്മൻ! 149

ശ്രുതിയാൽ കേട്ടീടാതി
ശ്രുതിയെക്കേൾപ്പിച്ചിടുന്നതും നീതാൻ
ചൊല്ലപ്പെട്ടീടാതേ
ചൊല്ലിച്ചീടുന്നതും ഭവാനത്രേ. 150

നൈൎഘൃണ്യം വൈഷമ്യവു-
മക്ജഹര! നിന്നിലേതുമില്ലല്ലോ
ദുഃഖസുഖങ്ങടെ കാരണ-
മോക്കിൽ തൻ പാപപുണ്യനിരയത്രേ. 151

യുക്തിയൊടോൎത്തീടുമ്പോൾ
മുക്തി നിരായാസമായ് ലഭിച്ചീടാൻ
സക്തിയൊഴിഞ്ഞൊരു നിൻപദ-
ഭക്തിയതൊന്നാണുപായമനപായം. 152

ലോകേ കത്തിയ വിറകി-
ൻറാകൃതിയോടഗ്നി വാണിടുമ്പോലെ
ഏകൻ നീ സകലത്തിലു-
മാകാരം പലതു പൂണ്ടു വാഴുന്നു. 153

കാണുമതു സകലം നീയേ
കൈലാസസ്ഥനമമേയ! സകലന്നീയേ
നിന്മഹിമാനമനന്തം
ചൊൽവാനാകാ തവോപമാനമനന്തം. 154

മലമകൾ കാന്താ! രം നീ-
രദഗള! സംസാരരൂപകാന്താരം നീ
നാഥ! ദഹിക്കാ ധാരാ-
ളോദിതകാരുണ്യമോടഹിക്കാധാര! 155

ഓർത്തിടുകിനിയുടയവരാ-
രയി നീയെന്യേ മന്ദാകിനിയുടയവരാ
നീ പാലിക്കഴലൊന്നേ-
ശീടാതെ വാഴ്കുള്ളിൽ മേലിലിക്കഴലൊന്നേ. 156

ബോധനിവാസം മറയാ-
രറിയുന്നവനിൽ ഭവാൻെറ വാസം മറയാ
കർമ്മം കൂടാ തെരിയാ
നീഡേ നിൻഭാവമോർത്തുകൂടാ തെരിയാ. 157

ഓക്കാ ഭവ! മടിയരു തേ
തൃക്കഴൽ നീ രക്ഷിതാവു ഭവമടിയരു തേ
ദുർവൈഭവമടിയരു തേ
ദാസന്മാരധിവിശാലഭവമടിയരുതേ.” 158

ഇത്ത്യേവം പരമേശനെപ്പലതരം
വാഴ്ത്തിസ്തുതിച്ചാത്മസൽ-
കൃത്യേ വിഘ്നമണഞ്ഞിടാതെ വിവിധം
ദാനാദികർമ്മങ്ങളും
പ്രത്യേകം നൃവരൻ നടത്തിയഥ നൽ
തേന്തുന്ന വാണീജന-
സ്തുത്യേ! നാലുദിനം മഹാമതി മുദാ
തത്രൈവ പാർത്തീടിനാൻ. 159

ശ്രീകാശിക്കധിനാഥനുള്ള കൃപയെ-
ക്കൈക്കൊണ്ടു തണ്ടാർശര-
ശ്രീ! കാശിക്കുമിളാധിപൻ ബത! ഹരി-
ദ്വാരംവരെപ്പോകുവാൻ
ശ്രീകാന്തേ! പുനരല്പമായ പരിവൃ-
ന്ദത്തോടു ചേർന്നുള്ളില
ശ്രീകാന്താംഘ്രി നിനച്ചു രാത്രി സുഖമായ്-
ത്തീവണ്ടിയേറിടിനാൻ. 160

ആരാതുള്ള കുതൂഹലേന നൃപന-
ന്നേവം ഗമിച്ചത്തുലാ-
മാറാംതീയതി താനയോദ്ധ്യയിലെഴും
നൽസ്റ്റേഷനിൽ ചെന്നുടൻ

മാറാനന്ദിയൊടേ ക്ഷണിച്ച ധനികൻ
രാമാഖ്യനാം വിപ്രനിൽ
കൂറാന്നശ്വരഥേന പുക്ക സരയൂ-
തീരാന്തികത്തിൽ ശുഭേ! 161

ചാരുശ്രീയൊടും തത്ര സജ്ജിതമതാം
ബംഗ്ലാവിലെത്തീട്ടുടൻ
സാരാത്മാ സരയൂജലേ സവിനയ-
സ്നാനാദിചെയ്തങ്ങനെ
പേരാളുന്നൊരയോദ്ധ്യയിങ്കൽ വഴിപോൽ
ചെയ്യേണ്ട കർമ്മങ്ങളും
നീരിത്താർമ്മിഴി! ചെയ്തു വാസഭവനം
പുക്കാശ്വസിച്ചീടിനാൻ. 162

ധന്യേ! നാലുമണിക്കു ഭൂപനഥ കേൾ
ഭംഗ്യാ പുറപ്പെട്ടു സൌ-
ജന്യാംഭോനിധി കണ്ടുഹന്ത! ഹനുമൽ-
ക്ഷേത്രാദി പുണ്യസ്ഥലം
പിന്നെച്ചെന്നു വിശിഷ്ടനായിട്ടുമയോ-
ദ്ധ്യാധീശനാം ഭൂപനെ
കന്നൽക്കണ്ണി കനിഞ്ഞു കണ്ടു കുശലോ-
ദന്തങ്ങൾ ചൊല്ലീടിനാൻ. 163

കല്ലോലചില്ലികൾമണേ! പുനരന്നൃപൻെറ
നല്ലോരു മന്ദിരമതിൻ വിഭവങ്ങളെല്ലാം
സല്ലോകമൌലി സരസം സമവേക്ഷ്യമോദ-
ഹല്ലോഹലാകുലിതനായലസേക്ഷണേ! കേൾ. 164

വാസുദേവപരിപൂജനാലയേ
വാസരംപ്രതിനടന്നിട്ടുന്നതാം
ഭാസമാനതരമായ നാടകം
രാസലീലയതുമങ്ങു കണ്ടുതാൻ. 165

പിന്നെ വന്നു നിശിവാസമന്ദിരം
തന്നിലന്നു സുഖനിദ്ര പൂണ്ടുടൻ
തന്വി! ലക്ഷ്മണപുരം ഗമിപ്പതി-
ന്നന്നി മൂന്നരമണിക്കെണീററെടോ! 166

തീവണ്ടിയേറിയഥ പോയവിടത്തിൽ വേഗാൽ
ഭാവംതെളിഞ്ഞു പതിനൊന്നുമണിക്കിറങ്ങി
പൂവേണി! തൻനിയമമൊക്കെ നടത്തിവീണ്ടും
ഭൂവല്ലഭൻ ശകടമേറിയുടൻ തിരിച്ചു. 167

എട്ടാംതീയതി രാവിലേയഥ ഹരി-
ദ്വാരത്തിലെത്തിസ്സുഖം
മട്ടോലുംമൊഴി! ദർശനാദികൾ കഴി-
ച്ചോരോ വിശേഷങ്ങളും
തുഷ്ട്യാ കണ്ടതിമുഖ്യമാം 'കനഖലാ'
നാമസ്ഥലത്തും ഗമി-
ച്ചിഷ്ടംപോലെ കഴിച്ചു കൃത്യമഖിലം
മിത്രങ്ങളോടൊത്തു താൻ. 168

പിന്നെ സ്ഥാനേശ്വരാഖ്യം പുരവുമഥ കുരു-
ക്ഷേത്രവും പുക്കു ഭക്ത്യാ
വന്ദിച്ചൻപിൽ ഗമിച്ചിട്ടതിവിഭവമെഴും
ഡില്ലിയിൽച്ചെന്നിറങ്ങി

ചിന്നംനാനാവിശേഷം നലമൊടവിടെ വീ-
ക്ഷിച്ചുടൻ ചെന്നു മോദാൽ
മന്നിൽ പ്രഖ്യാതനായുള്ളൊരു പൃഥുനൃവരൻ
വാണദേശേ നരേശൻ. 169

കോട്ടയ്ക്കുള്ളിലെഴും മഹോന്നതി കല-
ന്നീടും ധ്വജം കണ്ടുടൻ
കോട്ടം വിട്ടതിനുള്ളിലുള്ള വഴിയേ
മൂർദ്ധാവിലോളം നൃപൻ
കേട്ടാലും കുതുകാൽകരേറിയവനീ-
ഭാഗേ ചരിക്കും ജന-
ക്കൂട്ടം ഹന്ത! പിപീലികാകൃശതരം
കണ്ടത്ഭുതം തേടിനാൻ. 170

പണ്ടാവിശ്രുതനായിട്ടും പൃഥുമഹീ-
ജംഭാന്തകൻ തൻപുരേ
വണ്ടാർപൂവണിവേണിമാർക്ക യമുനാ-
വേണീവിലാസം ശുഭം
കണ്ടാനന്ദമൊടേ വണങ്ങുവതിനാ-
യേവം ധ്വജം വേണ്ടപോ-
ലുണ്ടാക്കിച്ചു മഹത്ത്വമോടിതി ജനം
കല്യാണി! ചൊല്ലുന്നെടോ! 171

അഥ മഹിയതിൽ മന്ദംമന്ദമായ് വന്നിറങ്ങി
പൃഥുനൃപനുടെ യജ്ഞസംഭവും കണ്ടുപിന്നെ
പ്രഥിതചരിതനാകും ഡില്ലിഭൂവല്ലഭൻ തൻ
പൃഥുലവിഭവരാജദ്രാജധാനിക്കണഞ്ഞു. 172

പ്രാസാദങ്ങൾ ജപാലയം മണിസഭാ
സന്മണ്ഡപം ദേവതാ
വാസാഗാരവരങ്ങൾ മജ്ജനഗൃഹം
മററും ഗൃഹൈഹൗഘങ്ങളും
ഹേ സാരംഗവിലോചനേ! കനകരേ-
ഖാലംകൃതശ്രീമണീ-
ഭാസാ കണ്ടുടനോത്തു പാത്ഥിവവരൻ
ലങ്കാപുരീവണ്ണനം. 173

സാഫല്യം കണ്ണുകൾക്കില്ലിതുകളിഹ നിരീ-
ക്ഷിച്ചരില്ലെങ്കിലെന്നായ്
ഭൂപാലൻ നിണ്ണയിച്ചിട്ടഥ നഗരമഹാ-
വൈഭവം കണ്ടു സവ്വം
ചാപശ്രീചില്ലി! പിറേറദ്ദിവസമമിതകൗ-
തൂഹലാലാഗ്രയിങ്കൽ
പ്രാപിച്ചിട്ടക്ബറാകും നൃപനുടെ നിലയാ-
ദ്യങ്ങളും ചെന്നുകണ്ടു. 174

കാളിന്ദീനദിയിൽ കുളിച്ചഥ ഭുജി-
ച്ചൻപോടു മുൻപുള്ളതേ-
ക്കാളും നല്ലതുകേന കാഴ്ച പലതും
കണ്ടങ്ങുചെന്നങ്ങനെ
കാളിന്ദീസമവേണി! വിശ്രുതമതാ-
യത്യന്തകാന്തിവ്രജം
കാളും 'ടാജമഹാ'ളിനുള്ളിൽ വഴിപോൽ
പൃത്ഥ്വീശനെത്തീടിനാൻ. 175

നാനാപുഷ്പാദിരമ്യപ്രഭകൾ കലരുമാ-
രാമമദ്ധ്യത്തിലുദ്യ-
ന്നാനാവൈചിത്ര്യസൽഗോപുരമുഖരുചിരം
ചന്ദ്രധാവള്യരമ്യം
മാനാതീതപ്രകാശം തടവി വിലസുമ-
ക്കല്ലറയ്ക്കുള്ളതാമ-
ന്യൂനാലങ്കാരമോരോന്നഥ നൃപനതുലം
കണ്ടു കൊണ്ടാടിയേററം. 176

പാലോലുമ്മൊഴി! തത്ര കേൾ യമുനയിൽ
തീവണ്ടിയോടുന്ന നൽ
പാലത്തിൻപ്രഭയും വിശിഷ്യ വിവിധം
വീക്ഷിച്ചു ഭൂവല്ലഭൻ
ആലോലം കുതുകം കലൎന്നഥ പതി-
ന്നാലാം ദിനം രാത്രിയിൽ
ചാലേ പോയ് മഥുരയ്ക്കണഞ്ഞിതു മലർ-
ച്ചെണ്ടേ! പുലച്ചെയ്ക്കു താൻ. 177

സഞ്ചാരപ്രിയനാം മഹീപതി തെളി-
ഞ്ഞോരോ വിശേഷങ്ങളും
സഞ്ചാരോപമിതഭ്രൂപേ! പല മഹാ-
ക്ഷേത്രങ്ങളും കണ്ടുടൻ
പഞ്ചക്രോശമഹാപ്രദക്ഷിണമുഖം
കൃത്യം സമസ്തം കഴി-
ച്ചഞ്ചാതന്നുമട്ടുത്തനാളുമവിടെ-
സ്സൌഖ്യേന വാണീടിനാൻ. 178

പിറേറന്നാൾചെന്നു ഗോവർദ്ധനമതിലവിടെ-
സ്നാനവുംചെയ്തു വന്ദി-
ച്ചുറേറാരാനന്ദമോടേ പലപലമഹിത
ക്ഷേത്രജാലങ്ങൾ കണ്ടു
കററക്കാർവേണി! പോന്നമ്മധുരയിലഥ വാ-
ണിട്ടുഷസ്സിങ്കൽ നൽപേർ
പെററീടുന്നോരു വൃന്ദാവനമതിലവനീ-
വല്ലഭൻ ചെന്നുചേർന്നു. 179

കാളിന്ദീതീരഭാഗേ മധുരിപുഭഗവാൻ
പണ്ടു ചെയ്തോരു നാനാ
കേളിക്കാസ്ഥാനമെന്നുള്ളോരു പുകൾപെരുകും
പുണ്യദേശങ്ങളെല്ലാം
മേളത്തിൽ കണ്ടുവന്ദിച്ചഥ നൃപരണിയും
മൌലി പത്തൊൻപതാകും
നാളിൽപോയ്ച്ചെന്നു കാനപ്പൂരമതിൽ നിജകൃ
ത്യങ്ങളെല്ലാം കഴിച്ചു. 180

വല്മീകോത്ഭവനായിടുന്ന മുനിതൻ
പൂർവ്വാശ്രമം പാവനം
ബ്രഹ്മാവർത്തമമന്ദകൌതുകമുടൻ
താൻ ബ്രഹ്മയജ്ഞേശ്വരം
ഇമ്മാഹാത്മ്യമെഴും സ്ഥലങ്ങൾ വഴിപോൽ
പ്രാപിച്ചു കർമ്മങ്ങളും
ചെമ്മേ ചെയ്തഥ വീണ്ടുമെത്തി നൃവരൻ
ശ്രീ കാശിദേശം ശുഭേ! 181

പേശലാംഗി! പരമാത്മശക്തിതൻ
നാശഹീന പരിദീപനത്തിനാൽ
കാശ്യധാതുവതിൽനിന്നു ജാതയായ്
കാശിയെന്നിതിന്നു സംജ്ഞയോമലേ! 182

തീൎത്ഥങ്ങളാട്ടുവതിനും വഴിപോലെ ലോക
തീൎത്ഥത്രിലോചനപദങ്ങൾ വണങ്ങുവാനും
പേൎത്തും തകൎത്തവിടെ വന്നണയും ജനങ്ങൾ
ക്കോൎത്തീടിലില്ലവധിയല്ലണികുന്തലാളേ! 183

ശാസ്ത്രങ്ങളിൽ നിപുണതചം
മൃത്യുഞ്ജയ ഭക്തിയിവ കലൎന്നീടും
ശാസ്ത്രികളും പലരവിടെ-
പ്പാൎത്തീടുന്നുണ്ടു പാവനാത്മാക്കൾ. 184

മിന്നും കാഞ്ചനഗോപുരങ്ങൾ കലരും
വിശേചശചരക്ഷേത്രമെൻ
ധന്യേ! സംസ്കൃതപാഠശാലനിരന-
ക്ഷത്രാലയം ഷാപ്പുകൾ
നന്നായ് ഗംഗയിലുള്ള വെള്ളമതിനെ
സ്സംശുദ്ധമാക്കിജ്ജന-
ത്തിന്നായ് നൽകിന യന്ത്രശാല കപില-
ശ്രേയസ്തടാകം ശുഭം. 185

ഇത്ഥ്യേവം വിവിധം മഹാവിഭവമാ
ന്നീടുന്നൊരക്കാശിയിൽ
പൃത്ഥ്വീശൻ നിവസിച്ചു നാലുദിവസം
തീവണ്ടിയേറീട്ടുടൻ

മുത്തോടല്ലഹബാദിൽവന്നഥ ഭൂസം-
ഗാബാദിലെത്തിശ്ശുഭം
മെത്തും നമ്മദയിൽ കുളിച്ചവിടെയ-
ന്നൻപോടു വാണീടിനാൻ. 186

പിന്നെക്ഖാണ്ഡവതന്നിലെത്തി വനിതാ-
മൌലേ! ജവാലസ്ഥലം
പിന്നിട്ടുജ്ജയിനിക്കണഞ്ഞവിടെയ-
ക്ഷിപ്രാനദീസ്നാനവും
കുന്നിക്കും കുതുകാൽ കഴിച്ചുനൃപതി-
ശ്രേണിക്കു മാണിക്യമ-
ക്കുന്നിൻമാതിനെഴും കുചൈകസുകൃത-
ക്കുമ്പിന്നു കൈക്കൂപ്പിനാൻ. 187

മൽപ്രാണേശിത്രി! പാത്താലുരുവിഭവമെഴു-
ന്നുജ്ജയിന്യാഖ്യമായി
ക്ഷിപ്രാസംശുദ്ധമാമിപ്പുരമതിമഹിതം
മന്നിലന്യാദൃശം കേൾ
ഉൾപ്രേമത്തോടിദം താൻ നരഗുണഹൃതമാം
ദ്യോവുതൻ ഖണ്ഡമാണെ-
ന്നൽപ്രേക്ഷിക്കുന്നു വിദലൽസരസിജപടലീ-
ഹേളിയാം കാളിദാസൻ. 188

കുന്തൽക്കൂട്ടത്തിനദ്യൽപരിമളമുളവാ-
കുന്നതിന്നുന്നതശ്രീ-
യേന്തും സൌധാന്തരത്തിൽത്തരളമിഴികളു-
ണ്ടാക്കിടുന്നോരു ധൂപം

കാന്തേ! ചിന്തുന്നതേററജ്ജലധരമധികം
　　　　വൃഷ്ടിമാമെന്ന പുത്തൻ-
വൃന്തേനോലുന്നമട്ടക്കവിമണിയുരചെ-
　　　　യ്യുന്നതോക്കുന്നുവോ നീ? 189

അവിടെയെഴുന്ന വിശേഷമി-
തഖിലം വീക്ഷിച്ചു തൃപ്തനായ്സരസം
അവനിപനോങ്കാരത്തി-
ന്നതിജവമിയലുന്ന വണ്ടി കരയേറി. 190

ഓങ്കാരത്തിലണഞ്ഞു പിന്നെ വിരവിൽ
　　　　സ്നാനംകഴിച്ചാസ്ഥയോ-
ടോങ്കാരേശനെയും മനസ്സിൽ വഴിപോൽ
　　　　ധ്യാനിച്ചു വന്ദിച്ചുടൻ
താൻകാളും രസമോട്ടു ഖാണ്ഡവയിൽ വ-
　　　　ന്നൻപോട്ടു സോളാപുരം
തേൻകാൽക്കുപ്പിന ചാട്ടുവാണികലരും
　　　　കാന്തേ! ഗമിച്ചീടിനാൻ. 191

രായച്ചൂർവഴി വന്നണഞ്ഞഥ ജവാ-
　　　　ലാക്കോണമാർഗ്ഗേണ താൻ
പോയിക്കാഞ്ചിപുരത്തിലെത്തിയവിടെ
　　　　സ്നാനാദിചെയ്തഞ്ജസാ
മായം വിട്ടഥ വിഷ്ണുകാഞ്ചിയിലുമ-
　　　　ങ്ങെത്തിക്രമാലോമന-
ക്കായാമ്പൂനിറമാന്നിട്ടും വരദരാ-
　　　　ജസ്വാമിയെക്കുപ്പിനാൻ. 192

പാലോലുമ്മൊഴി! കേൾക്ക പിന്നെയവനീ-
പാലൻക്രമാൽത്തന്നെയ-
ങ്ങാലോകിച്ചെതിരേൽപ്പതിന്നു കുതുകാൽ
വന്നോരു മിത്രങ്ങളും
മാലോകാവലിയും നിറഞ്ഞമരുമ-
ക്കല്ലായമാം സ്റ്റേഷനിൽ
ചേലോലുമ്പടി വന്നു വൃശ്ചികമതിൽ
കോലുന്ന നാലാംദിനേ. 193

ദൂരം മാർഗ്ഗം വിവിധമതിലംഘിച്ചു
തീർത്ഥങ്ങളാടി
സ്വൈരംവന്നീടിന നരവരന്നപ്പൊ-
ഴെന്നല്ലലാക്ഷി!
പാരം മോദാൽ നിജവരവിനെക്കാത്തു-
നില്ക്കും ജനത്തിൻ
വാരം കണ്ടോരളവിലുളവായ് പ്രേമ-
സമ്മോദഭാരം. 194

ശ്രീരാമസ്വാമിപണ്ടദ്ദശമുഖനെ വധി-
ച്ചാദരാൽ സീതയാകും
താരാർമാതോടുമൊന്നിച്ചനുജനൊടുമയോ-
ദ്ധ്യയ്ക്കെഴുന്നള്ളിടുമ്പോൾ
ആരാൽ പൌരാളിയെത്തിസ്സുകുതുകമെതിരേ-
റ്റോരു വൃത്താന്തമപ്പോൾ
താരാധീശാനനേ! കേൾ കവിനൃപതികമാ-
രാന്തരംഗേ വിളങ്ങി. 195

സോല്ലുണ്ടം സ്വാഗതംചൊല്ലിന നിജ ബന്ധുമി-
ത്രങ്ങളോടത്ര സന്തോ-
ഷോല്ലുണ്ടൻ ഭൂമിപാലൻ കുശലമരുളിയാ-
ഘോഷപൂർവ്വം തിരിച്ചു
നോക്കേണ്ടും കാന്തിയോടങ്ങനെയഥ തിരുവ-
ന്തുരെഴും രാജഗേഹേ
ശ്രീക്കണ്ടാക്കി മഹാത്മാ സഫലത നിജസം-
പ്രാപ്തിയാലാപ്തരോടും. 196

വ്യാജഹീന കുതൂഹലാൽ നിജ ദർശന-
ത്തിനണഞ്ഞിടും
രാജമാതൃജനങ്ങൾതൻ പദപങ്കജ-
ങ്ങളെയാദരാൽ
രാജരാജസമൻ മനീഷി സമാജപൂ-
ജിതനഞ്ജസാ
രാജമാനമഹാമഹാമതി രാജമൗ-
ലി വണങ്ങിനാൻ. 197

ഉത്തുംഗഭ്രിപനീതമായ മഹിതം
തീർത്ഥം തദാ പൂജചെ-
യ്തത്യന്തം ചരിതാർത്ഥനായതു യഥാ-
സ്ഥാനം നയിച്ചിട്ടുടൻ
മിത്രശ്രേണിയെയാദരിച്ചഥ കുളി-
ച്ചൻപിൽ ഭുജിച്ചാസ്ഥയാ
പുത്തൻ കോവിലകത്തെഴുന്നരുളിനാൻ
പൃഥ്വീമഹേന്ദ്രൻ ശുഭം. 198

ഇത്ഥം തന്നുടെ തീൎത്ഥയാത്രയശുഭം
  കൂടാതെ സാധിക്കയാൽ
മെത്തും പുണ്യവിശേഷമാൻ വിലസും
  ശ്രീകൃഷ്ണഭൂവല്ലഭൻ
നിത്യം ധൎമ്മരതൻ സ്വകൃത്യമഖിലം
  തെററാതെ പാലിച്ചുകൊ-
ണ്ടത്യന്തം സുഖമോടു മേലുമധികം
  കാലം ജയിച്ചീടണം. 199

കല്യശ്രീമാനസദ്വിക്രമനൃപകവിരാ-
  ജോക്തിസാരാനുസാരാൽ
ചൊല്ലാളും കാശിയാത്രാ ചരിതമൊരുവിധം
  ചൊല്ലിനേനിപ്രകാരം
ഉല്ലാസംപൂണ്ടസാക്ഷാൽ സഹൃദയമണികൾ-
  ക്കിപ്രബന്ധം മനസ്സിൽ
തെല്ലാമോദംവളൎക്കിൽ ശ്രമമിതു സഫലം-
  തന്നെയാ മന്നയാനേ! 200

ശുഭമസ്തു.

★

# III

# ശാന്തിവിലാസം

ശ്രീനീലകണ്ഠദീക്ഷിതരുടെ
സംസ്കൃതകൃതിയിൽനിന്നും
തർജ്ജമചെയ്യത്.

കെ. സി. കേശവപിള്ള.

1898.

# മുഖവുര

ശൈവസിദ്ധാന്തപാരമ്യവേദിയായ അപ്പയ്യദീക്ഷിതരുടെ പൌത്രനായ ശ്രീനീലകണ്ഠദീക്ഷിതരുടെ മഹാകവിതപത്തിന്റെ അനേകസന്താനങ്ങളിൽ പ്രധാനങ്ങളായിട്ടുള്ളവ കലിവിഡംബനം, സഭാരഞ്ജനം, വൈരാഗ്യശതകം, ശാന്തിവിലാസം, അന്യാപദേശശതകം എന്നീ അഞ്ചു കാവ്യങ്ങളാകുന്നു. ഇവയിൽ കലിവിഡംബനം എന്ന കൃതി കരമനെ കേശവശാസ്ത്രി അവർകൾ പദ്യരൂപമായി ഭാഷപ്പെടുത്തി 1070-ൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അതിനുശേഷം ഭാഷാപരിഷ്കാരതല്പരനായ കേ. ചിദംബരവാദ്ധ്യാർ അവർകൾ ശാന്തിവിലാസം മൂലഗ്രന്ഥത്തെ ഞാൻ ഭാഷപ്പെടുത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി എനിക്ക് അയച്ചുതരികയുണ്ടായി. അന്നുമുതൽ ഞാൻ യഥാവസരം ഇതിനെ ഭാഷപ്പെടുത്തി ഏതാനും ദിവസങ്ങൾകൊണ്ടു് അവസാനിപ്പിച്ചു; ഗഹനാശയനായ ശ്രീനീലകണ്ഠദീക്ഷിതരുടെ വാക്കിനുള്ള അന്യാദൃശമായ സാരസ്യത്തിന്റെ ഏകദേശാംശമെങ്കിലും ഈ തർജ്ജമയിൽനിന്നും വായനക്കാർ അനുഭവിക്കുന്നപക്ഷം എന്റെ ശ്രമം സഫലമാകുന്നതാണു്.

23-4-1074
പരവൂർ

കേ. സീ. കേശവപിള്ള.

# ശാന്തിവിലാസം

എന്താണെൻ വംശമോർത്താലെവരുടെ സുതനാ-
യത്ര ഞാനുത്ഭവിച്ചേ-
നെന്തെല്ലാം കേട്ടറിഞ്ഞേനെതുവിധമതു മേ
ചൊന്നതേതേതു വിദ്വാൻ
എന്തേ കണ്ടില്ല ദുഃഖം സുഖമതുമതുപോ-
ലെന്തഹോ ഞാനണഞ്ഞി-
ല്ലൊന്നും ചിത്തം മടങ്ങീലിനിയുമണുവുമി-
ങ്ങെവ്വിധം മേ വിപാകം! 1

ഓരോ ദുർദ്ദേശയാനത്തിനു പടുതയെഴും
കാലുരണ്ടുണ്ടെനിക്കി-
ന്നോരുമ്പോൾ കള്ളമോരോന്നൊളിവിലരുളുവാൻ
തക്കതായുണ്ടു വാക്കും
പാരാതന്ത്ര്യന്റെ ദോഷങ്ങളെയറിവതിനായ്
ബുദ്ധിയും വേണ്ടതുണ്ട-
പ്പേരാളുന്നാത്മകൃത്യങ്ങളിൽ മുടവനഹോ
മൂകനും മൂഢനും ഞാൻ. 2

കാന്തയ്ക്കുള്ളത്തിൽ മോദംവരുവതിനു ഗണി-
ച്ചില്ല ഞാൻ ജീവനേയും
സ്വാന്തേ മോക്ഷത്തിനെക്കാൾ വലുതവളുടെ സ-
ന്തോഷമാണെന്നുമോർത്തേൻ
ചന്തംചേരും വയസ്സും ധനമതുമിഹ തീ-
ർന്നോരു നേരത്തിലെന്നെ-
ച്ചിന്തിക്കുന്നില്ല കഷ്ടം! മതിയിലവൾ തൃണ-
ത്തോളവും കാളകണ്ഠാ! 3

പാരം പാപങ്ങൾചെയ്തും ബത! സുതരെ വള-
ർത്തീട്ടു ഞാനഭ്യസിപ്പി-
ച്ചോരോരോ വിദ്യയെല്ലാം വടിവൊടു, കരുതാ-
തുണ്ടുറക്കങ്ങളേയും
എന്നാൽ താനേജനിച്ചപ്രതനസുകൃതപാ-
കേന പാണ്ഡിത്യമാർന്നോ-
രെന്നോണം ഹാ! ഭവിച്ചിട്ടവരിഹ കരുതു-
ന്നില്ലഹോ! തങ്ങളേയും. 4

കെല്പേറും ബാന്ധവന്മാർ സുതരനുചരരും
ഭാര്യ ചങ്ങാതിമാരും
സ്വപ്നത്തിൽപോലുമെന്നെപ്പിരിവതിനു പുരാ-
ശക്തരായില്ല തെല്ലും
ഇപ്പോൾ കാലാജ്ഞയാലബ്ഭടനികരമടു-
ത്തീടവേ കൂടെയെന്നോ-
ടൊപ്പം പിൻപോഗമിപ്പാനവരിലൊരുവരെ-
പ്പോലുമേ കാണ്മതില്ലാ. 5

രാജാവിൻഭൃത്യരോടുള്ളൊരു പരിചയമ-
　　സ്സൽഗ്ഗുരു പ്രാപ്തിയത്രേ
രാജദ്വാരത്തിലെത്തീടുകിലതു നിയതം
　　നൈമിശാവാപ്തിയല്ലോ
രാജാവിൻദശ്നംതാനിഹ പരമതമ-
　　ബ്രഹ്മസന്ദശ്നം ഹാ!
രാജാഗാരേ ശരീരം കളയുകിലതു ഞ-
　　ങ്ങൾക്കു മോക്ഷം പുരാരേ! 6

ഓരോരോ തീത്ഥമാടീടുക, വടിവൊടു പൂ-
　　ജിക്ക ദേവേശരെ,പ്പി-
ന്നോരോ സൽക്കമ്മയത്നം തുടരുക, പലവി-
　　ദ്യാവിശേഷം ഗ്രഹിക്ക
പാരാതിച്ചൊന്നതെല്ലാം പണമണവതിനായ്
　　ഞങ്ങൾ ചെയ്യുന്നു നിത്യം
സാരം സൂക്ഷിച്ചുകണ്ടാൽ പണമതു മഹിയോ
　　ഭൂപനോ കൈക്കലാക്കും. 7

ബാല്യത്തപത്തിൽതുടങ്ങിഗ്ഗുരുപദയുഗശുശ്രൂ-
　　ശ്രൂഷയാൽ ബ്രഹ്മവിദ്യാ-
ജാലത്തിൽ താൻ പ്രയത്നിച്ചധികമഥ സമാ-
　　ജ്ജിച്ച സാമത്ഥ്യമെല്ലാം
മാലെത്താതിങ്ങുറങ്ങാൻ കഥകളെ നിശി-
　　കേൾക്കുന്ന ഭൂപക്കു നിത്യം
കാലത്തെപ്പോക്കുവാനുള്ളൊരു പെരുവഴിയാ-
　　യിന്നഹോ! തീൻ കഷ്ടം! 8

യാതൊന്നിൽ ഛായ, തോയം, ഭവന, മശനവും,
വാഹനം, ദീപമെന്നീ
യാതൊന്നും ഹന്ത! വാങ്ങുന്നതിനു സുലഭമ-
ല്ലോക്കിൽ മർത്ത്യർക്കു നൂനം
ഏതായാലും ഗമിക്കേണ്ടൊരു ബഹുനെടുതാ
മാ വഴിക്കുള്ള യാത്ര-
യ്ക്കേതും ചിന്തിച്ചിടുന്നില്ലിവിടെയതിബുഭു-
ക്ഷുക്കളായുള്ള ഞങ്ങൾ. 9

കാലാഗാരത്തിലുള്ളോരരിയ കളകളം
താനിതാ! കേട്ടിടുന്ന-
ക്കാലൻതൻ പാശവും ഹാ! നിയതമിഹ വിഴു-
ങ്ങുന്നു കണ്ഠത്തെ മെല്ലെ
മാലാൎന്നു പ്രാണവായുക്കളുമുഴറിയിതാ!
യാത്ര ചോദിച്ചിടുന്നെ-
ന്നാലും ചേതസ്സു കഷ്ടം! വിഷയവിമുഖമായ്
ത്തീൎന്നിടുന്നില്ല തെല്ലും. 10

കണ്ണിന്നോ കാഴ്ചയില്ലാ ദശനമിളകി ഹാ!
മീശയെല്ലാം വെളുത്തീ-
വണ്ണം ദേഹം തളർന്നു മനമതുപതറീ
കൈവിറപ്പും തുടങ്ങീ
പൊണ്ണന്മാർ കാലദൂതപ്രവരരനുപദം
ഭീതിയേകുന്നിതൊന്നും
നണ്ണാതെന്നാലുമിന്നൌഷധമതിഹ ഭിഷ-
ക്കോടിരക്കുന്നു ഞങ്ങൾ. 11

കാരുണ്യാബ്ധേ! ശമിച്ചൂ ജഠരദഹന,ന-
ക്കാമവൃത്താന്തമേ തീ-
ന്നോ,രോരോ ദിക്കിലോടീട്ടൊട്ടുവിലഥ തള-
ന്നിന്ദ്രിയാശ്വങ്ങൾ വീണു
വൈരിക്കൂട്ടങ്ങളേവം ഗിരിശ! വിധിവശാ-
ലൊക്കെയും തീൎന്നെന്നിക്കി-
ന്നോരുമ്പോൾ ചിത്തമേകം ശിവ ശിവ! വശമാ-
കുന്നതില്ലെന്തു ചെയ്‌വൂ? 12

നാനാകൎമ്മങ്ങളാലേ ദിശി ദിശി ധനമു-
ണ്ടാക്കിയൻപോടഴിച്ചീ
ഞാനാൎജ്ജിച്ചുള്ളതെല്ലാം മമ തനുവിനെഴും
സ്ഥൗല്യമൊന്നേ നിനച്ചാൽ
മാനംവിട്ടിങ്ങു വാവോളവുമിരുളതുപോൽ
കേവലം ഹന്ത മൗഢ്യം
താനിന്നോളം വളൎന്നൂ ബഹുജനമരുളി
ക്കേട്ടുകേട്ടെൻമനസ്സിൽ. 13

കാണുന്നോ കാലദൂതപ്രവരരിവിടൊരേ-
ടത്തു മേവുന്നൊരെന്നെ?-
ക്കാണട്ടേ, യെങ്കിലെന്തോന്നവരതിബലവാ-
നാകുമെന്നോടുചെയ്‌വൂ?
നാണംകൂടാതെ പക്ഷേ ചിലതു തുടരുകിൽ
ചെന്നു സൎക്കാരിലോതി
പ്രാണൻപോക്കാമവൎക്കിങ്ങനെ ധൃതിയൊടു ഞാ-
നോൎത്തിടുന്നില്ല കാലം. 14

പക്ഷേ വേദങ്ങളിൽ ചൊൽവൊരു മൊഴി കളവാം,
പുണ്യപാപപ്രകാരം
സാക്ഷാലീശൻ മറക്കാം, കരുതുകിൽ യമനും
നാസ്തിയെന്നായ് ഭവിക്കാം
ദക്ഷൻ ഞാൻ നിത്യനാകാമിതി വിവിധസമാ-
ധാനമോർത്തോർത്തു വീണ്ടും
ദക്ഷാരേ! ഞങ്ങൾ വാഴുന്നിതു മനസി മദം
പൂണ്ടു ചോരത്തിളപ്പാൽ. 15

യാമംതോറും ശരീരാന്തരമതിലഴിയു-
ന്നേററവും സന്ധിബന്ധം
ശ്വാസംതോറും ക്ഷയിക്കുന്നയി ഭുവനപതേ!
ദീർഘമായുസ്സമയ്യോ!
ഭോഗംതോറും ചുരുങ്ങുന്നിതു സുകൃതഗണം
കൃത്യമോരോന്നു ചെയ്യും
വേഗംതോറും മഹത്താം ദുരിതവുമതിയായ്
ഞങ്ങളിൽ തിങ്ങിടുന്നു. 16

പോകാനല്ലോരുമാർഗ്ഗം സകലവുമധികം
ദുർഘടസ്ഥാനപൂർണ്ണം
പോയിക്കാണേണ്ടവൻ ഹാ! ത്രിഭുവനജനതാ
നാശകൻ കാലനത്രേ
കണ്ടാൽ കിട്ടേണ്ടതയ്യോ! വിവിധനരകഘോ-
രാർത്തിയാണേവമുള്ളിൽ
കണ്ടീടാതെപ്പൊഴും നിഷ്ഫലതരമിഹ പോ-
ക്കുന്നിതായുസ്സു ഞങ്ങൾ. 17

കിട്ടീടും ഭോജ്യമെല്ലാമനുദിനമൊരുപോൽ
ഭുക്തിചെയ്യുന്നു, വെള്ളം
മുട്ടാതുൾക്കൊണ്ടിടുന്നു, നിശകളിൽ നിയതം
നിദ്രയും ചെയ്തിടുന്നു,
തിട്ടംപോററുന്നു കുഞ്ഞുങ്ങളെ, യബലകളോ,-
ടും രമിക്കുന്നു, ബോധം
തട്ടാതുള്ളോർ നിനച്ചാലിഹ ഭുവി മൃഗപ-
ക്ഷ്യാദിയോടൊക്കുമല്ലോ. 18

നൂററിന്നൊന്നുള്ളതാകും പലിശ ഹൃദി കൊതി-
ച്ചൊപ്പുവച്ചുള്ള പത്രം
പ്പററിക്കൃഷ്ണേണ ലബ്ധം ധനമഖിലമുപേ-
ക്ഷിക്കുവാൻ ഞങ്ങൾ തയ്യാർ
ചെമ്മേ താൻ നൂറിരട്ടിഗ്ഗുണമതു പരലോ-
കേ തരും ശാസ്ത്രസിദ്ധം
കർമ്മം ചെയ്യാനരക്കാശതുമിഹ വേറുതേ
ശങ്കയാൽ നൽകുകില്ലാ. 19

പ്രായംകൂടി ക്രമത്താലവയവമതു മാ-
ഴ്കുമ്പൊഴോ ശത്രുവൃന്ദ-
ത്തിയിൽ ചേരുന്നവാരോ സുഖമരുളുവതെ-
ന്തെ?ന്തു കാമപ്രസങ്ഗം?
പോയിടട്ടേയിതെല്ലാം കരുതുമളവിലാ-
യുസ്സിന്നെന്തേ പ്രമാണം?
ഹാ! യേവം ചിന്തചെയ്തിട്ടഘനിരകൾ വള-
ർത്തുന്നു ക്രൂസാതെ ഞങ്ങൾ. 20

വന്നീടുന്നുണ്ടു മുൻപിൽ തനയർ തകൃതിയോ-
　　ടുത്തമന്മാർക്കു തുല്യം
മിന്നീടുന്നുണ്ടു ശയ്യാതലമതിലിഹ പാ-
　　മ്പെന്നപോൽ ഭാര്യതാനും
നന്നേ! കാരാഗൃഹംപോൽ മമ നിലയമിതും
　　തീൻറി,തിൽചേൎന്നു വാഴാൻ
തോന്നീടുന്നില്ലെനിക്കെൻ പുരമഥന! നിമേ-
　　ഷാൎദ്ധനേരംവരെയ്ക്കും. 21

ഉണ്ടായുണ്ടായതെല്ലാം ഗതമതു ഗതമായ്
　　ബാല്യചാപല്യമൂലം
വേണ്ടാ ഗേഹത്തിൽമേലാൽ വസതിവെടിയുവോ-
　　നെപ്പൊഴെന്നില്ലയല്ലോ,
കണ്ടീവണ്ണം മനസ്സിൽ പരമശിവ! ഗൃഹം
　　വിട്ടുപോകും നരന്മാർ
വീണ്ടും കേഴുന്ന കുഞ്ഞുങ്ങടെ നിലവിളി തീ-
　　ൎക്കാൻ മടങ്ങുന്നു വേഗാൽ. 22

ഇഷ്ടന്മാർ ബാന്ധവന്മാരതിഥികൾ വിവശ-
　　ന്മാരിവൎക്കൊക്കെ നീയി-
ന്നിഷ്ടം കാരുണ്യമോടേകണമിതി പറയു-
　　ന്നില്ല ഞാനോൎത്തുകൊൾക
പുഷ്ട്യാ പാലിക്കുവാൻ നീയിഹ കരുതിടുമാ-
　　ത്മാവിനെത്തന്നെ ദോഷം-
വിട്ടീജന്മത്തിലെപ്പോലനിശവുമയി! പാ-
　　ലിക്കയെന്നോതിടുന്നു. 23

താതൻ തൻപുത്രനിൽപോൽ പലവിധഹിതമീ
 നമ്മളിൽ ചൊല്ലിയോരാ
വേദവ്യാസാഖ്യനാര? ശ്ശുഭമതി മനുവാ-
 രാ? രഹോ! യാജ്ഞവല്ക്യൻ?
നേരോർത്തീടിൽ കൃപാവാരിധികളവർ ദൃഢം
 ലോകബന്ധുക്കളത്രേ
ഘോരാകാരം തമസ്സിൻ കുലഗിരികൾ പരം
 ബ്ഭ്രഹ്മബന്ധുക്കൾ നമ്മൾ. 24

ലോകാലോകാചലത്തിൻ വെളിയിലുമഥ താ-
 മിസ്രമാം നാരകാന്തർ-
ഭാഗത്തും വർഷമേറുന്നൊരു രജനികളിൽ
 ഭ്രുവിലും കേവലാത്മൻ!
ഹാ കഷ്ടം! നാഗലോകത്തിലുമലമിയലും
 ഘോരമാകും തമസ്സ-
ങ്ങാകെപ്പാർത്താലുമീ ഞങ്ങടെ ഹൃദയതമ-
 സ്സോടു നേരല്ല തെല്ലും. 25

എല്ലാംകൊണ്ടും വെറുക്കേണ്ടൊരു തനുവിതുതാൻ
 മൂലമാപത്തിനെല്ലാം
നല്ലോണം കാത്തുരക്ഷിച്ചിടണമതിനെയെ-
 ന്നിച്ഛയെന്നാലതാട്ടേ,
ചൊല്ലാ,മെന്നാലിവണ്ണം തനുവിനിയുമെനി-
 യ്ക്കുത്ഭവിക്കേണമെന്നും
കില്ലെന്ന്യേയിച്ഛയുണ്ടാകണമിതി വിവരി-
 ക്കുന്നു ശാസ്ത്രങ്ങളെല്ലാം. 26

കാമീ കാമവ്രണത്താലഴൽപെരുകിയുപേ-
ക്ഷിച്ചു കാന്താജനത്തെ-
ക്കാമം പിന്നീട്ടുമെത്തിബ്ബഹുകമനികളെ-
പ്പുൽകിടുന്നസ്തശങ്കം
ഏവം സവ്പ്രകാരം വിഷയസുഖമതിൽ-
ത്താനൊരുമ്പെട്ടവക്ക്ഠം
ഹാ! വജ്ജിക്കേണ്ടതത്രേ ഭുവി ചില ദിനമീ
വിഗ്രഹേ ഭോഗമോത്താൽ. 27

ന്യായത്താലേ ലഭിക്കും ധനമതിലധികം
കിട്ടുമോ ദുഷ്ടവൃത്ത്യാ?
ശാസ്ത്രീയാന്നത്തിനെക്കാളധികരുചി നിഷി-
ദ്ധാന്നജാലത്തിനുണ്ടോ?
ഭാൎയ്യാഭോഗത്തിനെക്കാഠം ഗണികയിലധികം
ലാഭമുണ്ടോ? ജഗത്തിൽ
ചെയ്യൊല്ലായെന്നു വേദം പറയുമവയിലാ-
ണാഗ്രഹം മിക്കവക്ക്ഠം. 28

നേരത്രേ ശാസ്ത്രമെന്നോക്കുകിൽ മുതലഖിലം
യാചകക്കായ് കൊടുക്കാം
നേരല്ലെന്നോക്കിലെല്ലാം സുഖമതനുഭവി-
ച്ചീടുവാനായ് ത്യജിക്കാം
തീരെക്കൈവെച്ചിടാതങ്ങതു പുരമുറിയിൽ
ഗൃദ്ധമായ് സംഗ്രഹിക്കു-
ന്നോരാ വൃത്തിക്കെഴും കാരണമതു നിരുപി-
ച്ചിട്ടു കാണുന്നതില്ല. 29

ശാഖാവാലിൻെറയഗ്രേ വളവിനെ, വയർവീ-
ക്ത്തിനെസ്സുകരംതാ-
നേവം രൂക്ഷം കരഞ്ഞീടുവതു കഴുതയും,
വാനരൻ പല്ലിളിപ്പും,
മർത്ത്യൻ മാറത്തിരിക്കും മുഴയുമബലയിൽ
കണ്ടു കഷ്ടം രമിക്കു-
ന്നോർത്താൽ സൗന്ദര്യമെന്തോന്നവരവരുടെയ-
ജ്ഞാനമല്ലാതെ പാരിൽ? 30

പെണ്ണിൻഭോഗത്തിനെത്തുന്നവനവൾ വദനം
ദംശനം ചെയ്തിടുംപോ-
ലുണ്ണാൻ ചെൽവോൻ വിളമ്പുന്നവനുടെയ കരം
ദംശനം ചെയ്വതുണ്ടോ?
പൊണ്ണന്മാരെച്ചതിക്കും മദനവികൃതിദം
സ്പഷ്ടമെന്നാലുമാരും
തിണ്ണം തള്ളുന്നതിന്നോ നിഭൃതമൊടുവിൽ നാ-
ണിപ്പതിന്നോ ന ശക്തൻ. 31

ഭാര്യാ, ഭോജ്യം, സുതന്മാർ, ശയന, മണിമണീ-
ഭൂഷണം, വസ്ത്രമെന്നി-
യോരോന്നും മർത്ത്യനിച്ഛിച്ചിടുവതിതരുതെ-
ന്നാരഹോ! ചൊല്ലിടുന്നു?
എന്നാലിച്ചൊന്നവയ്ക്കുണ്ടിഹ നിയമമതോ-
രോന്നതിന്നും വിരോധം
തോന്നീടുന്നെന്നു വന്നാലതിനു ചുമതല-
ക്കാരനക്കാലനത്രേ. 32

അൻപേറും വേദപാരായണമതിലധികം
 തൃഷ്ണയുണ്ടാകിലെന്തേ?
മുൻപേ കേൾക്കാത്തതും കേട്ടതിനൊടുസമമാ-
 യിട്ടു ബോധിക്കിലെന്തേ?
വൻപന്മാരോടു വാദിച്ചവരെ ലഘുതരം
 താൻ ജയിച്ചാലുമെന്തേ?
ശംഭോ! വൈരാഗ്യമോടേ മനുജനു ഹൃദയേ
 ശാന്തിവന്നില്ലയെന്നാൽ. 33

ഒട്ടേറും യത്നമോടേ സുകൃതനിരകൾ നേ-
 ടാൻ കൊതിക്കുന്നവന്നു-
ക്ഖട്വാംഗാദ്യർക്കു തുല്യം കരുതുകിലൊരു യാ-
 മാർദ്ധമായുസ്സു പോരും
ഒട്ടൊക്കെത്താൻ പഠിച്ചിട്ടൊരു കരയണയാ-
 തെപ്പൊഴും സംശയിപ്പോൻ
കഷ്ടം! കാകന്നുതുല്യം ബഹുദിനമിഹ ജീ-
 വിക്കിലും കാര്യമെന്തേ? 34

കൈയിൽ കാശില്ല പിന്നെങ്ങനെയിവിടെ നട-
 ത്തുന്നു ധർമ്മത്തെയെന്നാൽ
കായക്ലേശങ്ങൾകൊണ്ടും പലപലതരമാ-
 യുള്ള ധർമ്മം നടത്താം
കായം ക്ഷീണിച്ചുപോയീടിലുമതിനുളവാ-
 കില്ല ദോഷം നിനച്ചാ-
ലായാസംവേണ്ട ചേതസ്സൊരുകുറി ശിവനിൽ
 ചേർത്തു കാമം ലഭിക്കാം. 35

താനേയുണ്ടാക്കി വേദം, കനിവൊടു ഹൃദി ജീ-
വക്കു ബോധം കൊടുപ്പാൻ
ജീവന്മാർ വേണമെന്നോർത്തഥ മുനിവരരെ-
ക്കൊണ്ടു ചെയ്യിച്ചു ശാസ്ത്രം
താനേ കണ്ടിങ്ങറിഞ്ഞീടുവതിനു ബത! സം-
സാരവും ഘോരമായ്ത്തീ-
ർന്നാലും മൂഢരായ് നാം മരുവുകിലിനിയെ-
ന്തീശനം ചെയ്തിടേണ്ടു? 36

പാനംചെയ്യേകനെല്ലാജ്ജലധിയു,മെതിരായ്
സ്വർഗ്ഗമുണ്ടാക്കിയന്യൻ
നൂനം ശസ്ത്രങ്ങളസ്ത്രങ്ങളുമൊരു വടിയാ-
ലേകനില്ലായ്മചെയ്തു
ആലോചിച്ചീടിലാരിന്നവരൊടു കിടയാം
ദേവഭൂദേവസംഘേ?
കാലൻ കീടങ്ങളെപ്പോലവരെയുമെളുതായ്
ഹന്ത! നിർമ്മൂലിയാക്കി. 37

എന്തോന്നത്യന്തധൈര്യാൽ മരുവതിനു ബലം
പാർക്കിലീ മെയ്യുറുത്തോ?
ബന്ധുശ്രീയോ? മിടുക്കോ? പെരുകിന ധനമോ?
ഹന്ത! വൈദുഷ്യമോ താൻ?
അന്ത്യശ്വാസത്തെയോ നാമിഹ വിടുവതുപാ-
ന്ത്യത്തെയോ എന്നു ചിത്തേ
ചിന്തിക്കുമ്പോൾ മറന്നീശനെയൊരുനിമിഷം
പോലുമേ വാഴുമോ നാം? 38

മുന്നേ വേദംപഠിച്ചിട്ടഥ ഗൃഹമതിലെ-
ത്തിദ്ധനൗഘം ലഭിച്ചാ-
നന്ദാൽ ചെയ്തിട്ടുയാഗം ജനിതതനയനായ്
സന്ന്യസിക്കേണമന്നേ
എന്നോതും യാജ്ഞവൽക്യൻ മുനിയഥ മനുവോ
ഞാൻ മരിക്കാതെ ജീവി-
ച്ചുന്നോളം വാഴുമെന്നോററരുളുകിലതു ഞാൻ
സമ്മതിച്ചാചരിക്കാം. 39

അന്നം ധാന്യം ധനൗഘം വസുമതിയിതിമെ-
ന്മേലൊരോരോപദാൎത്ഥം
ചിന്നുന്നത്യാഗ്രഹത്തോടമരുമധമരെ-
പ്പാട്ടിലാക്കുന്നവണ്ണം
ഭൂ,വാകാശം, തഥാ വിണ്ണു, ജപുരമിതി മെ-
ന്മേലൊരോ നിത്യമല്ലാ-
ത്താവാസം തന്നെ കഷ്ടം! വിമലമതികളേ-
യും ഭ്രമിപ്പിച്ചിടുന്നു. 40

പ്രായശ്ചിത്തം പ്രമാദാൽ കൃതമതിനുമൊരി-
ക്കൽ കൃതത്തിന്നുമുണ്ടാം
ഭൂയോ ഭൂയോ മനസ്സാൽ കൃതമതിനു പരി-
ഹാരമെന്തോന്നു പാൎത്താൽ?
മായം കൈവിട്ടു സത്തുക്കളിലിഹ കൃപചെ-
യ്യും കൃപാസിന്ധുവീശൻ
ഹാ! എന്നെപ്പോലെ നീചൻകലുമവനലിവു-
ണ്ടാകിലോ തീൎന്നു ധൎമ്മം. 41

എന്തായാലും ശിവൻതൻകരുണ വരണം,മെ-
ന്നാലതും സാദ്ധ്യമല്ലാ-
ച്ചിന്തും കോപം ശമിക്കാതഥ കരുണയുദി-
ച്ചീടുമോ തെല്ലുപോലും?
ചിന്തിച്ചാലത്ര വൎണ്ണാശ്രമവിധികൾ നിഷേ-
ധിച്ചതാം കോപമൂലം,
താന്തോന്നിത്തം വിടാഞ്ഞാലിനിയു,മതു ശമി-
പ്പിക്കുവാൻ ശക്യമാണോ? 42

ശ്രുത്യഭ്യാസം, വ്രതൌഘം, മഖനിര മുതലാ-
യുള്ള കൎമ്മങ്ങളാൽ നിൻ-
ചിത്തപ്രേമം വരുത്തുന്നതിനയി ഭഗവൻ!
ഞങ്ങൾ ഭാവിച്ചിടുമ്പോൾ
മദ്ധ്യേ കൎമ്മങ്ങൾ ചെയ്യുന്നതിനു വിഹിതമാം
ജ്ഞാനവും ശ്രദ്ധയും ഹാ!
ജാത്യാ വൈരത്തൊടേ ശൃംഖലയൊടുസമമായ്
വന്നുവീഴുന്നുവല്ലോ. 43

ചെററും മൎയ്യാദയെന്ന്യേ പരമചപലനാം
മൂഢനെന്നോടു തുല്യൻ
മററാരുണ്ടെന്നു ലോകങ്ങളിലമല! ഭവാൻ-
തന്നെയാരായവേണം
മുററും "ഞാനേവമുള്ളോരൊരുവനിലുമലി-
ഞ്ഞീടു"മെന്നങ്ങുറയ്ക്കിൽ
പോററി! വിശേശ! ഞാനപ്പൊഴുതു തവ ഭവാം-
ഭോധി ലംഘിച്ചുകൊള്ളാം. 44

സ്വാന്തം വെന്തിട്ടവീണ്ടും വിധിയെയനുസരി-
ക്കാം മുറയ്യെന്നു ചിന്തി-
ച്ചന്തർഭക്ത്യാ ഭജിക്കാം ശിവനെയിതി ദൃഢം
ഞങ്ങൾ കല്പിച്ചിടുന്നു
എന്തോന്നായുസ്സിനുള്ളോരളവു? കരണമെ-
ന്തീ? മഹാദുഃഖസിന്ധൌ
നീന്തും ഞങ്ങൾക്കു ശംഭോ! ശരണമഹഹ! നീ-
തന്നെ നീതന്നെ നാഥ! 45

വേണ്ടുംപോൽ സന്ത്യജിച്ചത്രിവിധമലമതും
ചിദ്വിലാസസ്വരൂപം-
പൂണ്ടീ നിന്നെബ്ഭജിച്ചങ്ങനെ തവ നിലയേ
മേവിടും സൂരികൾക്കായ്
കണ്ടിട്ടില്ലായ്കമൂലം കുതുകമരുളിടും
മൂഢനാം ജന്തുവെന്നെ-
ക്കൊണ്ടെക്കാണിപ്പതിന്നായവിടമതിൽ വരു-
ത്തീടുമോ വല്ലനാളും? 46

ധർമ്മംചേൎന്നുള്ള ഭൂമീവിബുധകുലമതിൽ
ജാതനായ്വന്നു ഭാഗ്യാൽ
ധർമ്മാധർമ്മപ്രകാരങ്ങളുമിഹ ഗുരുകാ-
രുണ്യമൂലം ഗ്രഹിച്ചേൻ
ശർമ്മം നൽകുന്ന ഭക്തിപ്രചുരിമയിനിയും
സംഭവിക്കായ്കിലോ ഞാൻ
ദുർമ്മോദാൽ സർവ്വമോക്ഷത്തിലുമുരുനരക-
ത്തിങ്കൽ വാഴേണമല്ലോ. 47

ശ്രീ വദ്ധിച്ചോരുഗേഹം, നിപുണതകലരു-
ന്നിന്ദ്രിയൌഘം, ബലശ്രീ-
മേവും ദേഹം, നവം യൌവന, മവിരളമാം
സൌഖ്യമിച്ചൊന്നതെല്ലാം
കൈവന്നുള്ളോരു കാലത്തിലുമിഹ കടലാ-
ടിക്കെഴും പൂവിനെപ്പോ-
ലേവൻ ചിത്തം നമിക്കുന്നിതു വിനയഗുണാ-
ലായവൻതന്നെ ധന്യൻ. 48

കാമിച്ചീടുന്നതില്ലക്കുളിർമതിപദമോ
വാസവസ്ഥാനമോ ഞാൻ
സ്വാമിൻ! പദ്മോത്ഭവൻതൻ ഭുവനഗുരുതയോ
പിന്നെ മറ്റെന്തു ചൊൽവൂ?
കാമിക്കട്ടേ പരശ്രീയതു പര,നവന-
ങ്ങേതു ലോകം ലഭിപ്പൂ?
നീ മറ്റൊന്നും തരേണ്ടാ മസൃണമിഹ മമാ-
നന്ദമേ തന്നിടേണ്ടൂ. 49

ശംഭോ! ഗർഭംമുതൽക്കും കുലപതിമുതലും
പദ്മഭൂസൃഷ്ടിതൊട്ടും
നിൻപാദാബ്ജത്തിലെത്താനടിയർ തുനിയുവോ-
രെന്നു തേ ബോധമല്ലോ
വൻപേറും മായയേവംവിധരിലണയുകി-
ല്ലെന്നു ചൊല്ലുന്നു നീതാ-
നൻപോടീവണ്ണമുള്ളീ ദശയതിലിനി വേ-
ണ്ടുന്നതോക്കേണ്ടവൻ നീ. 50

ലോകങ്ങൾക്കൊക്കെയേല്ക്കുന്നൊരു കഠിനമതാം
ദണ്ഡമേന്തും കൃതാന്തൻ
ഹാ! കഷ്ടം! ഭീമനോത്ഥാ, ലവനുടെ കടുനാ-
മത്തെയും ഞാനുരയ്ക്കാ
ശ്രീകോലും വേദവാക്യങ്ങടെയൊട്ടുവിലുര-
യ്ക്കും കൃതാന്തം ഭരിച്ചേ-
നാകട്ടേയെന്തു, മെന്നാലവനുടെ മുഖമേ
കാണുകില്ലിന്നിമേൽ ഞാൻ. 51

ശുഭം.

★

# IV
# നീതിവാകൃങ്ങൾ

ഈശ്വരാജ്ഞകളെന്തെല്ലാ-
മെന്നതാക്കറിയാം ഭുവി
എന്നുള്ള സംശയം തെല്ലും
തോന്നീടരുതു ചൊല്ലുവൻ. 1

അകൃത്യം ചെയ്യതിന്നായി-
ത്തുനിയുന്ന ദശാന്തരേ
അരുതെന്നൊരു ശബ്ദം ത-
ന്നുള്ളിൽനിന്നുളവായ്വരും. 2

അന്തഃകരണമെന്നത്രേ
ഇതിൻനാമം ധരിക്കണം
ഉള്ളിൽ വാഴുന്നൊരീശൻെറ
ആജ്ഞയാണിതു നിർണ്ണയം. 3

ഈശവിശ്വാസമുണ്ടായാ-
ലതുണ്ടായ് സ്ഥിരമായ്വരും
ഇതിനെ സ്വീകരിക്കായ്കി-
ലിതു മെല്ലെക്കുറഞ്ഞുപോം. 4

അമരക്കാരനില്ലാത്ത
കപ്പലെന്ന കണക്കിനേ
നിരാശ്രയതമസ്സിങ്കൽ
മഗ്നനാം പുരുഷൻ തദാ. 5

അന്തഃകരണമോതുന്ന
പന്ഥാവിൽതന്നെ വാഴകിൽ
സന്താപരഹിതം ജന്മ-
സാഫല്യം സിദ്ധമായ്വരും. 6

അതിദുഷ്കരമായാദ്യം
തോന്നീടുന്നൊരു വൃത്തിയും
അഭ്യാസപൌനഃപുന്യത്താ-
ലതിസൗകര്യമാന്നിടും. 7

അഭ്യസിക്കക ശാസ്ത്രങ്ങഠം
പുണ്യകമ്മങ്ങഠം ചെയ്യുക
ഇവയാൽ വാസ്തവജ്ഞാനം
വിളങ്ങുന്നു മനുഷ്യനിൽ. 8

ശാസ്ത്രം വളരെ, യായുസ്സോ
സ്വല്പം വിഘ്നമനേകമേ,
ഗ്രഹിക്ക സാരമതിനാൽ
പാലുപോലന്നമംബുവിൽ. 9

നിസ്സാരമാം പദാത്ഥത്തി-
നുണ്ടാമാഡംബരം പരം
ഓട്ടിലുണ്ടായിടും നാദം
സ്വണ്ണത്തിങ്കൽ വരാ ദൃഢം. 10

മററുള്ളവർ പുകഴ്ത്തീടിൽ
ഗുണിയാം ഗുണഹീനനും
സ്വയംപുകഴ്ത്തിയാലിന്ദ്രൻ-
പോലും നിസ്സാരനായ്‌വരും. 11

മനോഭൂമിയിലുണ്ടാകും
ദുർവിചാരതരുക്കളെ
സദ്യശ്ഛേദിച്ചിടും ഖഡ്ഗ-
മാത്മസംയമനം മഹൽ. 12

ആത്മസംയമനം നിത്യം
ചെയ്തീടുന്ന മഹാമതി
രാജ്യം പിടിച്ചടക്കുന്ന
വീരനെക്കാളുമുത്തമൻ. 13

അലസന്നു വരാ വിദ്യ
അവിദ്യന്നു വരാ ധനം
അധനന്നു വരാ മിത്രം
അമിത്രന്നു വരാ സുഖം. 14

വിദ്യാഭ്യാസാദിയിൽ തെല്ലു-
മാലസ്യം സ്വീകരിക്കൊലാ
വിളവുണ്ടെങ്കിലും ഭൂമി
കളചേർന്നാൽ നശിച്ചുപോം. 15

മെയ്യിൽ മേവുന്നൊരു മഹാ-
രിപുതാൻ മടി നിർണ്ണയം
ഒടുവിൽ സുഖമേകീടു-
മുത്സാഹംതന്നെ മിത്രമാം. 16

വ്യർത്ഥമായ് നാം കഴിച്ചീടു-
മോരോരോ മാത്രനേരവും
തിരിയെക്കിട്ടുകില്ലെന്നും
നമ്മൾ ജീവിച്ചിരിക്കിലും. 17

ഫലമില്ലാതെ വെറുതേ
ചെലവാക്കുന്ന മാത്രകൾ
അധികം ബോധമുള്ളോർക്കു
മതിയിൽ ദുഃഖമേകിടൂ. 18

മനസ്സുണ്ടെന്നു വന്നീടിൽ
മാർഗ്ഗവും മുന്നിൽ വന്നിടും
എനിക്കശക്യമെന്നുള്ള-
തൊരിക്കലുമുരയ്ക്കൊലാ. 19

ഏഷണിക്കിച്ഛയാർന്നുള്ളോൻ
ഗുണത്തെ സ്തുതിചെയ്കിലും
അതു നിർവ്യാജമാണെന്നു
ബുദ്ധിമാൻ വിശ്വസിക്കൊലാ. 20

ഒരുവൻെറ സമീപത്തിൽ
സൂക്ഷിക്കാതുരചെയ്കിലും
അവനില്ലാതിരിക്കുമ്പോൾ
കരുതിത്തന്നെ ചൊല്ലണം. 21

സാരമില്ലാത്തതും ഭൂരി
ചേരുകിൽ കാൎയ്യസാധകം
നാരു ചേൎന്നുള്ള കയറാൽ
പാരിൽ കെട്ടുന്നു ദന്തിയെ. 22

ദാരിദ്ര്യം വരുമെന്നോൎത്തു
മൂഢൻ നല്കില്ല തെല്ലുമേ
ദാരിദ്ര്യം വരുമെന്നോൎത്തു
ബുധൻ നല്കുന്നു ശക്തിപോൽ. 23

അനൎത്ഥമൂലം കോപംതാൻ
കോപം സംസാരബന്ധനം
ധൎമ്മക്ഷയകരം കോപം
കോപം വൎജ്ജിക്ക സൎവ്വഥാ. 24

ക്ഷമാബലമശക്തൎക്കു്
ശക്തൎക്കാഭരണം ക്ഷമാ
ക്ഷമാവശീകരണമാം
ക്ഷമയാൽ സാധ്യമൊക്കെയും. 25

ക്ഷമായുധമിയന്നോനിൽ
ദുഷ്ടനെന്തൊന്നു കാട്ടിടും
വെള്ളത്തിൽ വീണിടും വഹ്നി
താനേതന്നെ നശിച്ചുപോം. 26

ഉണ്ടായീടിന കോപത്തെ-
ജ്ജീർണ്ണമാം തൊലി പാമ്പുപോൽ
ക്ഷമയാൽ സംഹരിച്ചീടു-
ന്നവനേ പുരുഷൻ ഭുവി. 27

സ്പൃഹണീയം ഗുണംതന്നെ
രൂപമല്ല നിനയ്ക്കിലോ
മണമില്ലാത്ത പൂവിൻെറ
കാന്തി നോക്കുന്നതാരുവാൻ? 28

ഗുണങ്ങഠംക്കുള്ള ഭേദങ്ങഠം
ഗുണജ്ഞൻതാനറിഞ്ഞിടും
പിച്ചിമുല്ലകഠംസൗരഭ്യ-
ഭേദം കണ്ണറിയുന്നിതോ? 29

സ്ഥിരമാം ഗുണിതൻശീലം
ഖലബുധ്യാ നശിച്ചിടാ
രത്നദീപപ്രഭാജാലം
വായുവേററാലൊട്ടടങ്ങുമോ? 30

ഉച്ചസ്ഥാനത്തിനാലല്ല
മെച്ചം ഗുണഗണങ്ങളാൽ
മേടമേലിലിരുന്നാലും
കാകൻ ഗരുഡനാകുമോ? 31

ഗുണഗ്രാഹികളില്ലെങ്കിൽ
ഗുണിയും ദുഃഖമാൎന്നിടും
ഗുണയുക്തം പൂൎണ്ണകുംഭം
കിണററിൽ മുഴകുന്നിതേ. 32

ഒരിക്കൽപോലുമേ തൻെറ
ഗുരുവിൻ ദൂഷി കോംക്കൊലാ
കൎണ്ണങ്ങാം തത്ര പൊത്തേണ-
മല്ലെങ്കിൽ പോക വല്ലെടം. 33

ഗുശബ്ദമന്ധകാരംതാൻ
രുശബ്ദം തന്നിരോധകം,
ഇരുട്ടു നീക്കീടുകയാൽ
ഗുരുവെന്നരുളുന്നിതേ. 34

സ്വൎണ്ണകോടി കൊടുത്താലും
സ്വല്പമായുസ്സു കിട്ടുമോ?
വ്യൎത്ഥമായതു പോയെന്നാ-
ലെന്തു ഹാനിയതിൽപരം? 35

ജാതിയോ തൊഴിലോ തൻെറ
ഗുണമോകൊണ്ടൊരത്ഥവും
നേടായ്കിലിച്ഛ്വാശബ്ദംപോൽ
ജന്മം പേരിന്നു മാത്രമാം. 36

ഖലന്മാർ വിവദിക്കുമ്പോൾ
മൗനം വിദ്വാന്നു ഭൂഷണം,
കാകകോലാഹലത്തിങ്കൽ
കുയിൽനാദം വിളങ്ങുമോ? 37

കഫത്തിനും ദുഷ്ടനും ഹാ
സാദൃശ്യം പരമത്ഭുതം,
മധുരംകൊണ്ടു കോപിക്കും,
ക്രൂരംകൊണ്ടു ശമിച്ചിടും. 38

മദനാശനമാം ശാസ്ത്രം
ദുഷ്ടന്നു മദമേകിടും;
ഇരുൾനീക്കും പ്രകാശം താൻ
മൂങ്ങകൾക്കിരുളെന്നപോൽ. 39

സദ്വംശജന്മമാന്നാലും
ഖലനും വില്ലമൊന്നുപോൽ
ഗുണം ലഭിക്കിലോ ശീഘ്രം
പരവഞ്ചു പിളന്നിടും. 40

ദുർജ്ജനം ഫലമീരണ്ടും
ജന്മനാ കുടിലം ദൃഢം
തന്മുഖാക്ഷേപമേററീടാൻ
ക്ഷമയേ ശക്തയാസ്സത്രു. 41

സ്നേഹത്താലുപചാരങ്ങൾ
ചെയ്തീടുംതോറുമേററവും
തീയെന്നപോലവേ ദുഷ്ടൻ
സന്താപത്തെ വളത്തിടും. 42

ഗുണം പിറകിലാക്കീട്ടു
തീക്ഷ്ണത്വം മുന്നിൽവച്ചുതാൻ
ഖലവാണി തുളയ്ക്കുന്നു
ജനകണ്ണങ്ങൾ സൂചിപോൽ. 43

ദുഷ്ടൻ ചെയ്യുന്ന ദുർവൃത്തം
സാധുക്കൾക്കുമുപദ്രവം
രാവണൻ സീതയെക്കട്ടു
ബദ്ധമായിതു സാഗരം. 44

കത്തവ്യങ്ങളനുഷ്ഠിക്ക-
യകത്തവ്യങ്ങൾ തള്ളുക
ഏവമുള്ള സമാചാരം
ധമ്മമെന്നു ധരിക്കണം. 45

ധൎമ്മത്തിൻസൂക്ഷ്മസാരത്തെ-
ച്ചൊല്ലാം കേട്ടു ധരിക്കണം,
തനിക്കനിഷ്ടമായുള്ള-
തന്ന്യന്മാൎക്കും വരുത്തൊലാ. 46

എല്ലാരും സുഖമാകാംക്ഷി-
ച്ചല്ലോ ചെയ്യുന്നു സൎവ്വവും,
സുഖമോ ധൎമ്മജാതംതാൻ
ധൎമ്മം ചെയ്കതിന്നാൽ സദാ. 47

പ്രിയബന്ധുവിലോ തന്റെ
ശത്രുവായുള്ളവങ്കലോ
ഹേതുവുണ്ടാകിലും ഹാസ്യം
ചെയ്തീടരുതൊരിക്കലും. 48

ഉന്നതസ്ഥാനമാൎന്നാലും
നിന്ദിച്ചീടായ്ക പൂജ്യരെ
നഹുഷൻ ശക്രനായ് പണ്ടു
നശിച്ചാഗസ്ത്യനിന്ദയാൽ. 49

സൎവ്വകാൎയ്യത്തിലും നന്നായ്
സാവധാനതയുള്ളവൻ
പശ്ചാത്തപിക്കയെന്നുള്ള-
തുണ്ടാകില്ലയൊരിക്കലും. 50

കഴിഞ്ഞ കാൎയ്യത്തെയോൎത്തു
ദുഃഖിക്കാ ബുധനായവൻ
വിദ്വാനും മൂഢനും തമ്മി-
ലുള്ള ഭേദമിതേ ഭുവി. 51

ബുദ്ധിമാൻ പിതൃവാക്യത്തെ-
ക്കേൾക്കണം ബുദ്ധിമുട്ടിയും
കൊടുങ്കാട്ടിൽ നടന്നല്ലോ
രാമൻ തൻപിതൃശാസനാൽ. 52

പിതാവിൻെറ നിയോഗത്തെ-
യതിലംഘിച്ചിടും പുമാൻ
അധമാധമനാകുന്നി-
തു;വനെക്കാണ്ക പാപമാം. 53

കൈകൾ ദേഹത്തിനെന്നോണം
കണ്ണിന്നിമകൾപോലെയും
ഓൎത്തിടാതെ ഹിതംചെയ്യു-
ന്നവനേ മിത്രമാൎയ്യരേ. 54

ആപത്തിൻപരിഹാരങ്ങൾ
മുൻപേതന്നെ നിനയ്ക്കണം
കുഴിക്ക യുക്തമോ കൂപം
പുരയ്ക്കഗ്നിപിടിക്കവേ. 55

സ്വയം സുബുദ്ധിയില്ലെങ്കിൽ
ശാസ്ത്രത്താലെന്തഹോ! ഫലം
കണ്ണില്ലാതുള്ളവൻതന്നിൽ
കണ്ണാടി വിഫലം ദൃഢം. 56

പുസ്തകത്തിലെഴും വിദ്യ
പരൻ കൈക്കൊണ്ട വിത്തവും
ആവശ്യപ്പെട്ടിടുന്നേര-
മുതകാ തെല്ലുമപ്പൊരുമേ. 57

ഉപദേശത്തിനാൽ മൂർഖൻ
കോപിച്ചിട്ടു,മടങ്ങിടാ
വിഷവർദ്ധനമായീടും
പാലും പാമ്പുകുടിക്കിലോ. 58

വസ്ത്രം വപുസ്സു വചനം
വിദ്യാ വിനയമിങ്ങനെ
വകാരമഞ്ചുമില്ലെങ്കിൽ
നിസ്സാരൻ ഭുവി പൂരുഷൻ. 59

കാര്യമാലോചിയാതുള്ള
വാഗ്മിതൻ ഭാഷണം വൃഥാ,
ലാക്കുതെററിയ വില്ലാളി-
തന്റെ വൽഗിതമെന്നപോൽ. 60

വചോമാധുര്യമുള്ളോന്നു
വശമാം സർവ്വലോകവും;
കുയിലിൻപഞ്ചമം കേട്ടാ-
ലലിയാത്തവനാരുവാൻ? 61

യോഗ്യമാം സമയത്തിങ്കൽ
ഹിതമായ് മിതമായ്പരം
മാധുര്യസഹിതം സത്യം
പ്രസന്നം ചെയ്ക ഭാഷണം. 62

എടുക്കില്ലന്യനായുള്ളോൻ,
കൊടുത്തീടിൽ വളൎന്നിടും,
ഒടുങ്ങാ കല്പകാലത്തും;
വിദ്യപോലെന്തു മററഹോ! 63

ശസ്ത്രവും ശാസ്ത്രവും പാത്താ-
ലറിയാനുള്ളതെങ്കിലും
വാൎദ്ധക്യേ ഹാസ്യമാം ശസ്ത്രം,
ശാസ്ത്രമെന്നും വിളങ്ങിടും. 64

വിദ്വാനില്ലാത്ത ദിക്കിങ്കൽ
ശ്ലാഘ്യനാമല്പബുദ്ധിയും;
മരമില്ലാത്ത ദേശത്തി-
ലാവണക്കാണു വന്മരം. 65

വിദ്വത്വം നരപാലത്വ-
മിവ തുല്യങ്ങളല്ലതാൻ;
സ്വരാജ്യേ പൂജ്യനാം ഭൂപൻ,
വിദ്വാൻ സർവത്ര പൂജ്യനാം. 66

സത്തായീടിന ശീലത്താൽ
ലോകം മൂന്നും ജയിച്ചിടാം,
സൽസ്വഭാവിക്കു ലോകത്തിൽ
സകലം സാധ്യമാം ദൃഢം. 67

തനിക്കുള്ളോനന്യയാളയോ-
നെന്ന ഭേദം നിനയ്പ്പവൻ
അല്പനാണു, ത്തമന്മാർക്കീ
ഭൂമിതന്നെ കുടുംബമാം. 68

സമ്പത്തും ദുഷ്ടരായുള്ളോർ-
ക്കൊടുവിൽ ദുഃഖഹേതുവാം;
സുഖത്തിലവസാനിക്കു-
മാപത്തും സത്തുകൾക്കഹോ! 69

പ്രസാദം വദനത്തിങ്കൽ
കാരുണ്യം ദർശനത്തിലും
മാധുര്യം വാക്കിലും ചേൎന്നു-
ള്ളവനേ പുരുഷോത്തമൻ. 70

അധമൻ ധനമിച്ഛിക്കും,
ധനമാനങ്ങൾ മധ്യമൻ,
ഉത്തമൻ മാനമിച്ഛിക്കും;
മാനമത്രേ മഹദ്ധനം. 71

വജ്രത്തിലും കഠിനമായ്
പൂവിലും മൃദുവായിടും
മഹാന്മാരുടെ ചിത്തത്തെ-
യറിഞ്ഞീടുവതാരഹോ! 72

ദുർജ്ജനം മൺകുടംപോലെ
ഭേദിക്കാം, ചേർക്കുവാൻ പണി;
സജ്ജനം പൊൻകുടംപോലെ
ചേർക്കാം, ഭേദിക്ക ദുർഘടം. 73

രക്തനാണുദയേ സൂര്യൻ .
രക്തനസ്തമയത്തിലും;
സമ്പത്തിലും ക്ഷതിയിലും
മഹാന്മാരൊരുപോലെയാം. 74

കോപിപ്പിക്കുകിലും തെല്ലു-
മിളകാ സാധുമാനസം;
ചൂട്ടെരിച്ചുപിടിച്ചീടിൽ
കടൽവെള്ളം തിളയ്ക്കുമോ? 75

പരോപദേശസാമൎത്ഥ്യം
സമ്പാദിപ്പതെളുപ്പമാം;
സ്വയം ധൎമ്മമനുഷ്ഠിക്കു-
ന്നവനത്രേ മഹാൻ ഭുവി. 76

ക്ലേശക്ഷോഭം സഹിച്ചീടാ-
നുത്തമൻ തന്നെ ശക്തനാം
ശാണശ്ലക്ഷ്ണമേറ്റീടാൻ
മണിതാൻ മണലല്ല കേൾ। 77

സജ്ജനം ദുഷ്ടസംഗത്താൽ
സ്വഭാവത്തെ വെടിഞ്ഞിടാ;
കാകസംസൎഗ്ഗമുണ്ടായാൽ
കുയിലിന്നൊച്ച മാറുമോ? 78

ഉപകാരികളിൽ സാധു-
വെന്നാലെന്തുള്ള സാധുത?
അപകാരികളിൽ സാധു-
വായവൻതന്നെ സാധുവാം. 79

വിദ്യയാലും തപസ്സാലു-
മാത്മാ, ബോധത്തിനാൽ മതി,
ജലത്താൽ ദേഹവും, നേരാൽ
മനസ്സും ശുദ്ധമായിടും. 80

സത്യം മാതാ, പിതാ ജ്ഞാനം,
ധമ്മം ഭ്രാതാ, കൃപാ സഖി,
ശാന്തി ഭായ്യാ, ക്ഷമാ പുത്ര-
ന്നേവമാറെൻെറ ബാന്ധവർ. 81

ദുഷ്ടസംഗം ത്യജിക്കേണം
സാധുസംഗം ഗ്രഹിക്കണം
പുണ്യം രാപകൽ ചെയ്യേണം
മരണം നിത്യമോക്കണം. 82

ദാനത്താൽ സുഖമുണ്ടാകും
ബുദ്ധിയും വൃദ്ധസേവയാൽ
അഹിംസയാൽ ദീർഘമായു-
സ്സെന്നു ചൊല്ലുന്നു സൂരികൾ. 83

ദാരിദ്ര്യമാമയം ദുഃഖ-
മിവയാലാത്തരായിട്ടും
ജനങ്ങളെ യഥാശക്തി
സഹായിക്കുക സവ്ദാ. 84

നമുക്കുണ്ടാകുമാപത്തു
സവ്വും സൂക്ഷ്മമോക്കിലോ
നമ്മൾ ചെയ്യുമൊരോ വൃത്തി-
ദോഷത്താൽതന്നെ നിണ്ണയം. 85

മധുരാന്നാദിവസ്തുക്ക-
ളശിച്ചീടായ്കയേകനായ്,
ആകാ സവ്വത്ര വിശ്വാസ,-
മാകാ സവ്വത്ര ശങ്കയും. 86

പിപീലികാദിയെപ്പോലു-
മാത്മതുല്യം നിനയ്ക്കണം,
സത്തുക്കളായുള്ളവരെ-
സ്സവ്ഥാ സല്ക്കരിക്കണം. 87

ഗുണവാനോടു ചേന്നീടിൽ
വലിപ്പം വരുമല്പനും;
പൂമാലയിൽ കലന്നുള്ള
നാരും മേവുന്നു മൌലിയിൽ. 88

സഹായമില്ലാതെ കായ്യം
സാധിക്കില്ല സമത്ഥനും;
ഉമി വേർപെട്ടുവെന്നാകി-
ലരി തെല്ലും മുളച്ചിടാ. 89

നിസ്സാരനും കായ്യലാഭം
നൽസഹായത്തിനാൽ വരും;
മലയാറാഴിയെത്തുന്നു
കായലോടു കലന്നുടൻ. 90

അന്യോപദേശം ചെയ്യുമ്പോൾ
സൎവരും സുജനങ്ങളാം,
തൻകാൎയ്യം വന്നുചേരുമ്പോൾ
സൌജന്യത്തെ മറന്നുപോം. 91

ഊണവും പാപവും ചെയ്യും-
സമയം സുഖമായിടും
പരിണാമം മഹാദുഃഖ-
കരമാം ദൃഢമേവനം. 92

ശ്ലോകം ശ്ലോകമതായിടും
സജ്ജനൌഘസഭാതലേ;
അസൽസഭയിലെന്നാലോ?
ലകാരം തത്ര ലുപ്തമാം. 93

ജീവകാരുണ്യമില്ലാതെ
കേവലം സ്വാൎത്ഥബുദ്ധിയായ്
മേവിടുന്ന പുമാൻ ഭാരം
ഭുവിനേകുന്ന നിഷ്ഫലം. 94

വസ്തുതസ്സ്വാൎത്ഥതാല്പൎയ്യം
സിദ്ധിച്ചുള്ളവനെങ്കിലോ
നിത്യവും ജീവകാരുണ്യ-
മത്യന്തം സ്വീകരിക്കണം. 95

പ്രതികൂലം പ്രവൎത്തിക്കും
ദ്രോണിയും ദുഷ്ടവാണിയും
ലോകപ്രതാരണത്തിന്നാ-
യാരു തീൎത്തിതു ദാരുണം? 96

അല്പകാൎയ്യം തുടൎന്നാലു-
മധികം വ്യഗ്രനാം ജളൻ,
മഹാരംഭത്തിലും തെല്ലു-
മിളകുന്നില്ല ബുദ്ധിമാൻ. 97

അപത്ഥ്യവാന്റെയായുസ്സു
യാതൊന്നു ഖലവൃദ്ധിയും
അതത്രേ കാകതാലീയ-
മതുതന്നെ ഘുണാക്ഷരം. 98

വിഹാരാഹാരസംശുദ്ധ്യാ
ഹൃദയം ശുദ്ധമായ്വരും
ശുദ്ധമാം ഹൃദയത്തിങ്കൽ
സ്വയമീശൻ വിളങ്ങിടും. 99

ശ്രീയുമായുസ്സുമെന്നല്ല
സൎവ്വത്ര ശുഭകീൎത്തിയും
പുരുഷന്നു ലഭിക്കുന്നു
സദാചാരത്തിനാൽ ദൃഢം. 100

ശുഭമസ്തു.

# V

# ഷഷ്ടിപൂർത്തിഷഷ്ടി

## അഭിപ്രായങ്ങൾ

"......ഞാൻ ഈ കൃതി വായിച്ചുനോക്കിയപ്പോൾ കേശവപിള്ളയുടെ സാഹിത്യസാമത്ഥ്യത്തെക്കുറിച്ച് എനിക്കു് ഉത്തരോത്തരം വദ്ധിച്ചുകൊണ്ടിരുന്ന ആശ്ചയ്യം ശതഗുണീഭവിച്ചിരിക്കുന്നു. മലയാളഭാഷയിൽ ഇത്ര ചാതുയ്യവും അലങ്കാരപുഷ്ടിയും ചമൽക്കാരവും സഹൃദയഹൃദയാഹ്ലാദകത്വവും ചേന്നിട്ടുള്ളതായി ഒരു കവിത ഇതിനുമുൻപിൽ ഞാൻ കണ്ടിട്ടില്ല........"

തിരുവനന്തപുരം }
18 കുംഭം 1080 }

കേരളവമ്മ.

"ഗീതിയിലാ മതിമാനതി
ചാതുരിയോടും രചിച്ചതാകുമിതിൽ
ഏതിലുമത്ഥാലംകൃതി
രീതിയൊടുടററം സമുല്ലസിക്കുന്നു.

പാരം ദ്രാക്ഷാപാകമു-
ദാരം ചേരുന്നതാകുമിക്കൃതിയെ
ആരും നോക്കിരസിക്കും
സാരം പാത്തീടിലമൃതു നിരസിക്കും."

കവനകൌമുദി.

"ശബ്ദാലങ്കാരംകൊണ്ടും അൎത്ഥചമൽക്കാരംകൊണ്ടും കാവ്യരസികന്മാരെ ആഹ്ലാദിപ്പിക്കുന്ന ഈ പദ്യകൃതി തൽകൎത്താവിൻെറ സാഹിത്യസാമൎത്ഥ്യത്തിന്ന് അമൂല്യമായ ഒരു ലക്ഷ്യമാകുന്നു. ലളിതങ്ങളും മധുരങ്ങളുമായ പദങ്ങളെ ചമൽക്കാരകാരകമായവിധത്തിൽ കൂട്ടിച്ചേൎത്ത് പദ്യം രചിക്കുന്നതിൽ ഈ കവിക്കുള്ള നൈപുണ്യം ഈ കൃതിയിൽ സമഗ്രമായിരിക്കുന്നു........."

കേരളൻ.

"ശ്ലോകങ്ങളെല്ലാം ഒരുപോലെ സരസങ്ങളായിരിക്കുന്നു. ശബ്ദാലങ്കാരത്തെ പ്രധാനമായി കരുതുന്നവരുടെ കൃതിയിൽ അൎത്ഥപുഷ്ടിയും, അൎത്ഥാലങ്കാരത്തിന്ന് പ്രാധാന്യം കല്പിക്കുന്നവരുടെ കവിതകളിൽ ശബ്ദഭംഗിയും വളരെ കുറവായിട്ടാണ് കണ്ടുവരുന്നതു്. പ്രകൃതപുസ്തകത്തിൽ ശ്ലേഷാദ്യൎത്ഥാലങ്കാരങ്ങളും പ്രാസാദിശബ്ദഭംഗികളും ഒരുപോലെ സമ്പൂൎണ്ണങ്ങളായിട്ടാണിരിക്കുന്നതു്........."

മലയാള മനോരമ.

# ഷഷ്ടിപൂർത്തിഷഷ്ടി

ശ്രീമാൻ കേരളവർമ്മാ
ധീമാൻ പപ്പ്വാപനിശവംശമണി
സീമാവിരഹിതകീർത്തി
സ്തോമാലയമായിതാ വിളങ്ങുന്നു. 1

മന്നാകെപ്പുകളെഴുമി-
സ്സന്നാമാവിന്റെ ഷഷ്ടിപൂർത്തിമഹം
ഇന്നാണെന്നതു ഹൃദയ-
ത്തിന്നാനന്ദാതിരേകമേകുന്നു. 2

പലവിധമറിവേകുന്നതി-
നലകിതിൽ മന്ദാരമാകുമിന്നൃപനിൽ
നലമിന്നരുളുക നമ്മുടെ
വിലയാളും കൃത്യതല്ലജം നൂനം. 3

വേണാട്ടീശ്വരിമാർ തൻ
പ്രാണാധിപരായ നൃപരിലീവണ്ണം
ചേണാർന്നൊരു ഷഷ്ടിമഹം
നീണാൾ വാണാരുമാർന്നിതില്ല പുരാ. 4

---

3. നലം അരുളുക = മംഗളാശംസചെയ്ക. കൃത്യതല്ലജം = ശ്രേഷ്ഠമായ കൃത്യം.

4. നീണാൾ = വളരെനാൾ.

മൂലംനാൾ നൃപമണിയതു-
മൂലം നലമിതിനലം വളത്തീടാൻ
ആലംബനമായിട്ടി-
ക്കാലം മരുവുന്നു വേണ്ടതെന്തപരം? 5

തിരുവുള്ളത്തികവിനെയിഹ
തിരുമേനി തിരിച്ചു കാട്ടുവാനായി
ഇരുകൈയിലുമിവിടുത്തേ-
യ്ക്കരുളി മഹാരത്നവീരശൃംഖലകൾ. 6

ഇഷ്ടിയൊടും സുമനസ്സ-
ന്തുഷ്ടിയൊടും വിവിധബഹുജനങ്ങളുടെ
അഷ്ടിയൊടും ശുഭതരമി-
ഷ്ഷഷ്ടിയിതാ പൂത്തിയായിടുന്നിതഹോ! 7

വണ്ണനയിലതിശയോക്തം
നിണ്ണയമേശാതിരുന്നിടുന്നവിധം
കണ്ണസുധായിതമാം ഗുണ-
മണ്ണവകാഞ്ചിയിലിവണ്ണമാക്കുള്ളൂ. 8

---

7. ഇഷ്ടി = യാഗം. സുമനസ്സന്തുഷ്ടി = സുമനസ്സുകളുടെ സന്തോഷം. സുമനസ്സുകൾ = ദേവന്മാർ; സജ്ജനങ്ങളെന്നും.

8. അണ്ണവകാഞ്ചി = ഭൂമി.

കേരളവമ്മാവെന്നൊരു
പേരതിദംവിഷയമാകയാലേററം
സാരമെഴും സുകൃതശ്രീ-
പൂരമിയന്നിഹ സമുല്ലസിക്കുന്നു. 9

മതിയതിൽ നതിയും നീതി-
സ്ഥിതി ധൃതിയും പ്രീതിയും വിനീതിയതും
അതിബഹുമതിയും ചേപ്പാ-
നിതിന്നുന്നതിയാന്ന ശക്തി മുതിരുന്നു. 10

ചേണിയലും ഗൈവ്വാണീ
വാണി രമണിയായ ഹൈന്ദണികൈരളിയും
പ്രീണിതയാണീയന്തർ-
വാണികളണിമണിയിൽ വാണിടുന്നതിനാൽ. 11

ഹിന്ദുസ്ഥാന്യാദിയുമീ-
ഹിന്ദുസ്ഥാനാർഹമണിയിൽ മരുവുന്നു;
വിന്ദുതയതിരു കവിഞ്ഞാൽ
കിന്ദുഷ്കരമായിടുന്നു ലോകത്തിൽ? 12

---

9. ഇദം വിഷയം = ഇവിടുന്നാകുന്ന വിഷയത്തോടുകൂടിയതു്.

10. നതി = സ്തുതി. ധൃതി = ധൈര്യം. വിനീതി = വിനയം. ഇതിന്നു് = കേരളവമ്മ എന്ന പേരിന്നു്.

11. പ്രീണിത = സന്തോഷിപ്പിക്കപ്പെട്ടതു്. അന്തർവാണി = ശാസ്ത്രജ്ഞൻ.

12. ഹിന്ദുസ്ഥാന്യാദി = ഹിന്ദുസ്ഥാനി, മഹാരാഷ്ട്രം മുതലായ ഭാഷകൾ. ഹിന്ദുസ്ഥാനാർഹമണി = ഹിന്ദു എന്ന സ്ഥാനത്തിന്നു് അർഹന്മാരിൽ ശ്രേഷ്ഠൻ. വിന്ദുത = ജ്ഞാതൃത്വം.

ഇന്നാ മലയാളലോകത്തിയെ
നന്നാക്കിയ സൂരിമാരെയരുളുമ്പോൾ
ഒന്നാമതു നിസ്സംശയ-
മിന്നാമം നാവിൽ വന്നുചേരുന്നു. 13

ശ്രുതിയാളും കൈരളി! നിൻ-
സ്തുതിയായതിയാന്നിട്ടും ദ്രഢം പാരിൽ;
മതിയാംവിദ്വാനിഹ നിന്നൊടു
രതിയാരതിയായിവന്നമിയലുന്നു? 14

നന്മകൾ ഭാഷയ്ക്കേകിയ
നന്മകളാകും ശകുന്തളയെ നൽകി
സന്മണിയിസ്സത്യവച-
സ്സുന്മദമേററുന്നു പുരുജനാഹ്ലാദം 15

---

14. ശ്രുതി = കീർത്തി. ആയതി = ദൈർഘ്യം. രതി = താല്പര്യം.

15. ഭാഷയ്ക്കു് = മലയാളഭാഷയ്ക്കു്. നന്മകൾ = പരിഷ്കാരങ്ങൾ. നന്മകളാകും = നല്ല മകളായ- (സ്വന്തകവിതയായ.) ശകുന്തളയെ = ഭാഷാശാകുന്തളത്തെ. സന്മണി = വിദ്വന്മണി. സത്യവചസ്സ് = സത്തുക്കൾക്കു് ഹിതമായ വചസ്സോടുകൂടിയവൻ. ഉന്മദം = മദാവസ്ഥാപത്തിയുള്ളതായ- (വലുതായ.) പുരുജനാഹ്ലാദം = ബഹുജനങ്ങളുടെ ആഹ്ലാദത്തെ. ഏററുന്നു = വർദ്ധിപ്പിക്കുന്നു.

ശ്ലേഷംകൊണ്ടു് ഇവിടെ അർത്ഥാന്തരവും ഉളവാകുന്നു —
ഭാഷയ്ക്കു് = ഭാഷയായിട്ടു്—നല്ലരീതിയിൽ (അനുസരണാർത്ഥത്തിൽ ഉദ്ദേശിക.) നന്മകൾ = ഗുണങ്ങളെ. ഏകിയ = കൊടുത്ത—നല്ല രീതിയിൽ വിനയാദിഗുണങ്ങളെ ഉപദേശിച്ചു വളർത്തപ്പെട്ടവളായ. നന്മകളാകും = സൽപുത്രിയായ. സന്മണി = പൂജ്യശ്രേഷ്ഠൻ. സത്യവചസ്സ് = ഋഷി (കണ്വമഹർഷി.) പുരുജനു് = പുരുവംശജാതനു് (ദുഷ്ഷന്തനു്) ഉന്മദമായ ആഹ്ലാദത്തെ ഏററുന്നു.

രസഭൃൽസന്ദേശവുമയ-
വസതി വിശാഖോദയവുമഹോ! തീൎത്തു
അസകൃന്മോദമെഴുംവിധ-
മസമതയിക്കാളിദാസനാളുന്നു. 16

സാരസിയും സംസ്കൃതിയും
സാരളിയും സൽഗഭീരിമയുമാളും
കേരളഭാഷാഗദ്യം
കേരളസഞ്ജാതമാദ്യമനവദ്യം. 17

മതിയുടെ ശുദ്ധിയിലധികം
കൊതിയുള്ളവരിമ്മഹീഭൃദീശൻെറ
കൃതിയാം ഗംഗയിൽ മുങ്ങി-
ട്ടതിരസമസ്പൃണം കൃതാൎത്ഥരാകുന്നു. 18

---

16. അസകൃൽ = വീണ്ടും വീണ്ടും. രസഭൃൽ = രസങ്ങളോടുകൂടിയതു്. സന്ദേശം = സന്ദേശകാവ്യം (മയൂരസന്ദേശം.) അയവസതി = അയത്തിനു് (ശുഭാവഹവിധിക്കു്) വസതി = ഇരിപ്പിടം (ഇതു് കൎത്തൃവിശേഷണം.) വിശാഖോദയം = ശ്രീവിശാഖവിജയകാവ്യം. അസമത = നിസ്തുലതയെ. ആളുന്നു = വഹിക്കുന്നു. കാളിദാസപക്ഷേ— രസഭൃത്സന്ദേശം = മേഘസന്ദേശം. (രസം = ജലം.) വിശാഖോദയം = കുമാരസംഭവം.

17. സാരസി = സാരസ്യം. സംസ്കൃതി = പരിശുദ്ധി. സാരളി = സാരള്യം. ഗഭീരിമ = ഗാംഭീൎയ്യം. അനവദ്യം = നിർദ്ദോഷം. ആദ്യം = ഒന്നാമതായി. കേരളസഞ്ജാതം = കേരളങ്കൽനിന്നു് സഞ്ജാതം (ആയി). കേരളൻ = കേരളവൎമ്മ.

18. മഹീഭൃദീശൻ = രാജശ്രേഷ്ഠൻ-പൎവ്വതശ്രേഷ്ഠൻ എന്നും. രസം = ശൃംഗാരാദി-ജലം എന്നും.

ആചാരോത്സുകനിക്കവി
വാചാ ലോകൎക്കു കൗതുകമേകിടവേ
മോചാമാധുരിയധികം
നീചാ നിയതം മരന്ദവും മന്ദം. 19

മധുരസമതിൽ വിലസീടും
മധുരിമഗരിമാവിതിൻപ്രഭാവത്താൽ
വിധുരതയോടധരിതമാം
വിധുവിൻ വൈശദ്യമത്ര സാവദ്യം. 20

നിൎമ്മലമതിയായ് ലേഖക-
കൎമ്മനിയന്തൃതപമധികദൃഷ്ടിയോടേ
ശൎമ്മദമാൎന്നിവിടന്നയ-
വൎമ്മസുധൎമ്മാശ്രയം ജയിക്കുന്നു 21

---

19. മോചാ = വാഴപ്പഴം. നീചാ = താണതു്. മരന്ദം = പൂന്തേൻ. മന്ദം = നിസ്സാരം.

20. മധുരിമഗരിമാ = മാധുൎയ്യത്തിന്റെ വലിപ്പം. ഇതു് = വാക്കു്. അധരിതം = താഴ്ത്തപ്പെട്ടതു്. വൈശദ്യം = പ്രസന്നത. സാവദ്യം = ദോഷത്തോടുകൂടിയതു്.

21. ഈ ശ്ലോകംമുതൽ നായകനെയും (ക്രമേണ ഇന്ദ്രാദ്യഷ്ടദിക്പാലന്മാരെയും) ശ്ലേഷംകൊണ്ടു് വൎണ്ണിക്കുന്നു. ലേഖകകൎമ്മനിയന്തൃതപം = ലേഖകന്മാരുടെ—എഴുത്തുകാരുടെ (ദേവന്മാരുടെ എന്നും) കൎമ്മത്തിന് നിയന്താവു് എന്ന അവസ്ഥയെ. അധികദൃഷ്ടിയോടേ = വളരെ നോട്ടത്തോടുകൂടി (അധികം കണ്ണുകളോടുകൂടി എന്നും.) ഇന്ദ്രൻ സഹസ്രാക്ഷനാണല്ലോ. ശൎമ്മദം = സുഖകരമാകുംവണ്ണം. ആൎന്നു് = പ്രാപിച്ചു്. അയവൎമ്മസുധൎമ്മാശ്രയം = അയത്തിനു് (ശുഭവിധിക്കു്) വൎമ്മമായ = കഞ്ചുകമായ—ശുഭവിധിയെ പാലിക്കുന്ന എന്നൎത്ഥം. നല്ല ധൎമ്മങ്ങൾക്കു് (സുധൎമ്മയ്ക്കു് = ദേവസഭയ്ക്കു് എന്നും.) ആശ്രയമായിട്ടു്.

ഹന്ത! മരുത്സഖനായുമ-
നന്തമഹസ്സോടു തമസ്സിനനുവേലം
അന്തകനായും പൊന്നിൻ-
ചന്തമയം ചേർന്നിടുന്നു ശുചിയായി. 22

സമയത്തിന്നനുഗുണമായ്
സമകൃത്യങ്ങളുമമായമായ് ചെയ്തു
സമവർത്തിതയൊടു സജ്ജന-
സമവായത്തിങ്കലേഷ വിലസുന്നു. 23

ഗുണ്യന്മാരുടെയഗ്രേ
ഗണ്യനതായ് വർണ്ണ്യയായ ശക്തിയൊടേ
പുണ്യജനോത്തമനായി-
പ്പുണ്യവചോമൗലിയുല്ലസിക്കുന്നു. 24

---

22. മരുത്സഖൻ = ദേവതുല്യൻ; വായുവിൻെറ സഖി എന്നും. മഹസ്സ് = തേജസ്സ്. തമസ്സ് = അജ്ഞാനം; ഇരുട്ട് എന്നും. അന്തകൻ = നാശത്തെ ചെയ്യുന്നവൻ. അയം = ഇവിടുന്ന്. ശുചി = ശുദ്ധൻ; അഗ്നി എന്നും.

23. അനുഗുണം = അനുരൂപം. സമകൃത്യങ്ങളും = എല്ലാകൃത്യങ്ങളും. സമവർത്തിത = സമവർത്തി എന്ന അവസ്ഥ. സമവർത്തി = തുല്യമായി വർത്തിക്കുന്നവൻ; കാലൻ എന്നും. സമവായം = സമൂഹം.

24. ഗുണ്യന്മാർ = ഗുണവാന്മാർ. ശക്തി = കവിതാസാമർത്ഥ്യവിശേഷം; ബലം എന്നും. പുണ്യജനോത്തമൻ = പുണ്യവാന്മാരായ ജനങ്ങളിൽവച്ചു് ഉത്തമൻ; രാക്ഷസോത്തമൻ എന്നും. പുണ്യവചോമൗലി = ശുദ്ധമായ വചസ്സോടുകൂടിയവരിൽ ശ്രേഷ്ഠൻ.

വിനയവിശേഷവിരചിതം
ഘനരസലക്ഷ്മീമനോജ്ഞമാം ശ്ലോകം
അനവധി വിതറീടുന്നി-
ജ്ജനതതിസംശ്ലാഘിതൻ പ്രചേതസ്സായ്. 25

ലോകപ്രാണതയാൎന്നവ-
ലോകപഥാതീതനിസ്തുലാത്മാവായ്
ഏകസ്പൎശനഗുണമോ-
ടാകലിതോദയമയം ജയിക്കുന്നു. 26

വിദ്യാധരഭൃംഗങ്ങൾ-
ക്കുദ്യാനതയാൎന്നു ധനദനായ് നിത്യം
ഹൃദ്യാനന്ദമൊടേ ശിവ-
ഹൃദ്യാചാരെയഘമേഷ ചെയ്യുന്നു. 27

---

25. വിനയം = അഭ്യാസം; വിനീതി എന്നും. ഘനരസലക്ഷ്മീമനോജ്ഞാ = ഘനയായ (തിങ്ങിയതായ) രസലക്ഷ്മിഹേതുവായിട്ടു് (ശൃംഗാരാദി രസശോഭ ഹേതുവായിട്ടു്) മനോഹരം; ഘനരസത്തിന്റെ (ജലത്തിന്റെ) ലക്ഷ്മി (സമൃദ്ധി) ഹേതുവായിട്ടു് മനോജ്ഞമെന്നും. ശ്ലോകം = പദ്യം; കീൎത്തി എന്നും. പ്രചേതസ്സ് = പ്രകൃഷ്ട (ഉൽകൃഷ്ട)മായ, ചേതസ്സോടുകൂടിയവൻ; വരുണൻ എന്നും.

26. ലോകപ്രാണത = ജനങ്ങളുടെ പ്രാണൻ എന്ന അവസ്ഥ; ജനങ്ങൾ പ്രാണനെപ്പോലെ ഇവിടുത്തെ സ്നേഹിക്കുന്നു എന്നൎത്ഥം. വായു ജഗൽപ്രാണനാണല്ലോ. അവലോകപഥാതീതനിസ്തുലാത്മാവു് = ദൎശനമാൎഗ്ഗത്തെ അതിക്രമിച്ച (കണ്ടുപിടിക്കാൻപാടില്ലാത്ത) നിസ്തുലമായ ബുദ്ധിയോടുകൂടിയവൻഎന്നും. വായു അരൂപദ്രവ്യമാണല്ലോ. ഏകസ്പൎശനഗുണം = മുഖ്യമായ ദാനഗുണം; സ്പൎശം എന്ന ഒരു ഗുണമെന്നും. അയം = ഇവിടുന്നു്.

27. വിദ്യാധരന്മാർ = വിദ്വാന്മാർ; ദേവയോനിവിശേഷങ്ങൾ എന്നും. ധനദൻ = ധനത്തെ ദാനം ചെയ്യുന്നവൻ; വൈശ്രവണൻ എന്നും.

മാലിഹര തീർത്ഥ കലാവ-
ന്മൗലിയതായ് ഭൂതദയ കലർന്നേററം
പാലിതഗോത്രജനിശ്ശുഭ-
ശാലി വിളങ്ങുന്നു ഹന്ത! ശങ്കരനായ്. 28

എന്നല്ലിസ്സർവ്വജ്ഞൻ
ചൊന്ന വിശിഷ്ടോപദേശമാർന്നു മുദാ
ഉന്നതമതിയാം പാണിനി-
യുന്നമ്രഗുണം ചമച്ചു സൂത്രഗണം. 29

ഏവം ദിക്പാലകരുടെ
ഭാവം കൈക്കൊൾകമൂലമുൽബണമായ്
ഈ വന്ദ്യൻെറ നരേശ-
ശ്രീ വർണ്യതപൂണ്ടു സാർത്ഥയാകുന്നു. 30

---

ഹൃദി = മനസ്സിൽ. ശിവഹൃദ്യാചാരൌഘം = ശിവങ്ങൾ (മംഗളങ്ങൾ) ഹേതുവായിട്ട്; അല്ലെങ്കിൽ ശിവങ്ങൾ (മംഗളകരങ്ങൾ) ആയി, ഹൃദ്യങ്ങളായിരിക്കുന്ന കൃത്യങ്ങളുടെ സമൂഹം; ശിവന് ഹൃദ്യമായ കൃത്യസമൂഹം എന്നും.

28. കലാവന്മൌലി = വിധുന്മൌലി; ചന്ദ്രമൌലി എന്നും. ഭൂതദയ = ജീവകാരുണ്യം; ഭൂതങ്ങളിൽ (പ്രമഥഗണങ്ങളിൽ) ഉള്ള ദയ എന്നും. പാലിതഗോത്രജൻ = പാലിക്കപ്പെട്ട ഗോത്രജാതന്മാരോടുകൂടിയവൻ; പാലിതയായ ഗോത്രജയോട് (പാർവ്വതിയോട്) കൂടിയവൻ എന്നും. ശങ്കരൻ = സുഖകരൻ; ശിവൻ എന്നും.

29. സർവ്വജ്ഞൻ = സർവ്വത്തെയും അറിയുന്നവൻ; ശിവൻ എന്നും. പാണിനി = കേരളപാണിനീയകർത്താവ്; സംസ്കൃതവ്യാകരണകർത്താവായ പാണിനിമഹർഷി എന്നും. ശിവൻെറ ഉപദേശത്തെ ആസ്പദമാക്കിയാണ് പാണിനിമഹർഷി സൂത്രങ്ങൾ നിർമ്മിച്ചത്.

പുരുഷോത്തമലോചനമായ്
പുരുവാമൌഷ്ണ്യം കലൎന്ന ഗോക്കളൊടേ
ഇരുളകലുംപടി ശോഭി-
ച്ചുരുളുന്നീ ലോകബന്ധുവുദയത്താൽ. 31

കലകൾക്കൊരു ശേവധിയായ്
നലമൊടു സൎവ്വജ്ഞമൌലിമണ്ഡനമായ്
വിലസും കൌമുദിയാൽ മുദ-
മലമിജ്ജൈവാതൃകൻ വളൎത്തുന്നു. 32

എങ്കിലുമീ രാജാവിൽ
തങ്കിന ഗോക്കൾക്കു ജാഡ്യവും കുറവും
പങ്കിലഭാവവുമേതും
ശങ്കിപ്പാൻപോലുമില്ലൊരേടത്തും. 33

---

31. പുരുഷോത്തമലോചനമായ് = പുരുഷശ്രേഷ്ഠന്മാൎക്കു് കണ്ണായി. പുരു = ബഹു. ഔഷ്ണ്യം = സാമൎത്ഥ്യം. ഗോക്കൾ = വാക്കുകൾ. ഇരുൾ = അജ്ഞാനം. ലോകബന്ധു = ലോകങ്ങൾക്കു് ബന്ധുവായുള്ളവൻ. ഉദയം = ഉൽഗതി. ഇവിടെ സൂൎയ്യപരമായ ഒരൎത്ഥം കൂടിയുണ്ടു്, വിഷ്ണുവിന്റെ കണ്ണായി. (സൂൎയ്യചന്ദ്രന്മാർ വിഷ്ണുവിന്റെ കണ്ണുകളെന്നു പ്രസിദ്ധം.) ഔഷ്ണ്യം = ചൂടു്. ഗോക്കൾ = രശ്മികൾ. ലോകബന്ധു = സൂൎയ്യൻ. ഉദയം = ആവിൎഭാവം.

32. ഈ ശ്ലോകത്തിൽ നായകപരമായ അൎത്ഥത്തിനു പുറമേ ചന്ദ്രപരമായ അൎത്ഥംകൂടി ഉണ്ടു്. കലകൾ = ശില്പങ്ങൾ; ഷോഡശാംശങ്ങൾ എന്നും. സൎവ്വജ്ഞ...ണ്ഡനം = വിദ്വന്മൌലിരത്നം; ശിവന്റെ ശിരോലങ്കാരമെന്നും. കൌമുദി = സിദ്ധാന്തകൌമുദി എന്ന വ്യാകരണം; നിലാവെന്നും. ജൈവാതൃകൻ = ആയുഷ്മാൻ; ചന്ദ്രനെന്നും.

33. ഈ ശ്ലോകവും അടുത്ത ശ്ലോകവുംകൊണ്ടു് ചന്ദ്രനെക്കാൾ നായകനു് ഉൽക്കൎഷം സാധിക്കുന്നു. രാജാവു് = നൃപൻ; ചന്ദ്രനെന്നും.

അത്രയുമല്ല നിനച്ചാ-
ലത്ര ലവംപോലുമില്ല കുടിലത്വം;
മിത്രസമാഗതിയിങ്കൽ വി-
ചിത്രം വിലസുന്ന സുപ്രസന്നതയും. 34

കളമായ് ബ്രഹ്മാനന്ദം
വളരുംവിധമുള്ള വീണവായനയാൽ
ഇളയിതിലിന്നൃപനെന്നൊരു
കളവൊട്ട വിലസുന്ന വാണിയെന്നോർക്കാം. 35

നിത്യം കല്യാണിയതായ്
സ്തുത്യതയാളുന്ന വചനമാതാവായ്
അത്യന്തം വിലസുകയാൽ
സത്യമഹോ! വാണിതന്നെയിമ്മതിമാൻ. 36

---

ഗോക്കൾ = വാക്കുകൾ; രശ്മികൾ എന്നും. ജാഡ്യം = മൌഢ്യം; ജലമയത്വം എന്നും. കുറവ് = ന്യൂനത; ക്ഷയം എന്നും. പങ്കിലഭാവം = പങ്കം ഉണ്ടായിരിക്കുക. പങ്കം = ദോഷം; കളങ്കം എന്നും.

34. കുടിലത്വം = വക്രത. മിത്രസമാഗതി = ബന്ധുസമാഗമം; സൂര്യസമാഗമം എന്നും.

35. ബ്രഹ്മാനന്ദം = ബ്രഹ്മാവിന്റെ ആനന്ദം; പരമാനന്ദം എന്നും.

36. ഈ ശ്ലോകത്തിലെ വിശേഷണങ്ങൾ നായകപക്ഷേ പുല്ലിംഗമായും സരസ്വതീപക്ഷേ സ്ത്രീലിംഗമായും കണ്ടുകൊൾക. കല്യാണി = കല്യാണമുള്ളവൻ, കല്യാണമുള്ളവൾ എന്നും. വചനമാതാവ് = വാക്കുകളെ മാനംചെയ്യുന്നവൻ, താരതമ്യവിവേചനം ചെയ്യുന്നവൻ; വാഗ്ജനനി എന്നും.

പുരുഷോത്തമനായ് ലക്ഷ്മി-
പുരുപുണ്യാകാരമായ് ശിവാശ്രയമായ്
പെരുകും ശ്രീവത്സപ്രഭ
തിരുവുടലതിലീ മഹാൻ വഹിക്കുന്നു. 37

കലരുന്നിഹ മുക്താവലി;
പുലരുന്നിഹ ലക്ഷ്മിതന്റെ ബഹുമാനം;
വിലസുന്നിഹ ചക്രപ്രഭ;
നലമെഴുമിവിടുന്നു സിന്ധുവോ ഹരിയോ? 38

---

37. പ്രകൃതത്തിനുപുറമേ വിഷ്ണുപരമായ അർത്ഥംകൂടി ഉണ്ട്. പുരുഷോത്തമൻ = പുരുഷശ്രേഷ്ഠൻ; വിഷ്ണു എന്നും. ലക്ഷ്മി = വഞ്ചിമഹാരാജ്ഞി; ലക്ഷ്മീദേവി എന്നും. ശിവാശ്രയം = മംഗളങ്ങൾക്ക് ആശ്രയം; ശിവന്ന് ആശ്രയം എന്നും. ശ്രീവത്സപ്രഭ = ശ്രീയുടെ വത്സന്റെ—ശ്രീപുത്രന്റെ—(കാമദേവന്റെ) പ്രഭ; ശ്രീവത്സം എന്ന മറുകിന്റെ പ്രഭ എന്നും.

38. പ്രകൃതത്തിനുപുറമേ സമുദ്രപരമായും വിഷ്ണുപരമായും രണ്ടർത്ഥംകൂടിയുണ്ട്. മുക്താവലി = ഗ്രന്ഥവിശേഷം; (വേദാന്തത്തിലും തർക്കത്തിലും 'മുക്താവലി' എന്ന ഗ്രന്ഥം ഉണ്ട്.) മുത്തുകളുടെ സമൂഹം; മുക്തന്മാരുടെ (മോക്ഷം പ്രാപിച്ചവരുടെ) സമൂഹമെന്നും. ബഹുമാനം = ബഹുമതി, പിതൃഭക്തി; ബഹുവായ (അധികമായ) മാനം (പ്രണയകലഹം) എന്നും. ചക്രപ്രഭ = ധനപ്രഭ, നീർച്ചുഴിയുടെ പ്രഭ; സുദർശനം എന്ന ആയുധത്തിന്റെ പ്രഭ എന്നും.

ശ്രീവിലസിട്ടും മട്ടിൽ
ഗോവിൽപ്രണയം സദാ വഹിച്ചീടും
ഈ വിദ്വന്മണി ബുധകുല-
സേവിതമഹിമാവനേകധാ ഹരിതാൻ. 39

---

39: ഈ ശ്ലോകത്തിന്ന് നായകപരമായ അർത്ഥത്തിനപുറമേ ശ്ലേഷവശാൽ അനേകം അർത്ഥങ്ങൾ പറയാം.

1. ശ്രീ = അഭിവൃദ്ധി, പരിഷ്കാരം. ഗോവിൽ = ഭാഷയിൽ, വാഗ്ദേവിയിൽ. പ്രണയം = സ്നേഹം. ശ്രീ = പ്രതാപം. ഗോവിൽ പ്രണയം = ഗോവിത്തിന്റെ (രാജാവിന്റെ.) പ്രണയം = സൌഹൃദം.
2. ഹരി = വിഷ്ണു. ശ്രീ = ലക്ഷ്മീദേവി. ഗോവിൽ = ഭൂമിദേവിയിൽ. പ്രണയം = പ്രേമം.
3. ഹരി = ശ്രീകൃഷ്ണൻ. ശ്രീ = ഐശ്വര്യം. ഗോവ് = പശു.
4. ഹരി = യമൻ. ശ്രീ = ശൂദം. ഗോവ് = സൂര്യൻ.
5. ഹരി = വായു. ശ്രീ = സമ്പത്ത്. ഗോവിൽ = ദിക്കിൽ. സ്വാധികാരസ്ഥലമായ വടക്കുപടിഞ്ഞാറേ ദിക്കിൽ.
6. ഹരി = ഇന്ദ്രൻ. ശ്രീ = വിജയം. ഗോവ് = വജ്റായുധം.
7. ഹരി = ചന്ദ്രൻ. ഗോവ് = സ്വർഗ്ഗം. (ദേവന്മാർ ചന്ദ്രക്കലകളെ അനുഭവിക്കുന്നു എന്ന് പ്രസിദ്ധം.)
8. ഹരി = സൂര്യൻ. ശ്രീ = ശോഭ. ഗോവ് = രശ്മി.
9. ഹരി = അഗ്നി. ഗോവ് = സൂര്യൻ. സന്ധ്യാകാലത്തിൽ ആദിത്യൻ സ്വതേജസ്സിനെ അഗ്നിയിൽ നിക്ഷേപിക്കുമെന്നു പ്രസിദ്ധം. 'ആദിത്യൻ അദർശനത്തെ പ്രാപിക്കുമ്പോൾ അഗ്നിയെ അനുപ്രവേശിക്കുന്നു' എന്ന് വേദത്തിൽ ഉണ്ട്.
10. ഹരി=സിംഹം. ഗോവിൽ=പശുവിൽ. പശുമാംസത്തിൽ എന്നർത്ഥം.
11. ഹരി = ശുകം. ഗോവ് = വാക്ക്. (നാം സംസാരിക്കുന്ന വാക്കിനെ കിളി കേട്ടു് പറയുന്നുണ്ടല്ലോ.)
12. ഹരി = കുതിര. ഗോവിൽപ്രണയം = ഗോവിത്തുകളുടെ പ്രണയം. ഗോവിത്തുകൾ = അസ്ത്രജ്ഞന്മാർ, യുദ്ധവീരന്മാർ. പ്രണയം = പരിചയം, അല്ലെങ്കിൽ വിശ്വാസം ഇത്യാദി.

അതുലപ്രഭകൊണ്ടനിശം
പുതുമയെഴും വാണിതൻെറ കുചയുഗളം
കുതുകമൊടേ പുണരുന്നിഹ
ചതുരാനനനാകുമിപ്രജാനാഥൻ. 40

സാരസ്നേഹം സുഗുണാ-
ധാരദശോല്ലാസമിതുകൾ പാർത്തീടിൽ
കേരളമിതിനിക്കവിരുചി
പാരം നൽകും വിളക്കുതന്നെ ദൃഢം. 41

താപം പാത്രത്തിനുമൊരു
ലോപം സ്നേഹത്തിനും വരുത്താതെ
ശ്രീ പകലും രാവുമെഴും
ദീപമിതന്യാദൃശം നിനച്ചോളം. 42

---

40. വാണി...യുഗളം = സംഗീതവും സാഹിത്യവും. ബ്രഹ്മപക്ഷേ സ്തനയുഗംതന്നെ. ചതുരാനനൻ = ചാതുര്യ്യമുള്ള ആനനത്തോടുകൂടിയവൻ; നാലുമുഖമുള്ളവൻ എന്നും. പ്രജാനാഥൻ = രാജാവു്; ബ്രഹ്മാവു് എന്നും.

41. സ്നേഹം = പ്രേമം; എണ്ണ എന്നും. സുഗുണാധാരദശോല്ലാസം = നല്ല ഗുണങ്ങൾക്കു് ആധാരങ്ങളായ അവസ്ഥകളുടെ വിലാസം; നല്ല നൂലുകൾക്കാധാരമായ തിരിയുടെ വിലാസം എന്നും.

42. താപം = ദുഃഖം; ചൂടെന്നും. പാത്രം = സൽപുരുഷൻ; ഭാജനം എന്നും. സ്നേഹം = പ്രേമം; എണ്ണ എന്നും. പ്രകൃതനായകനാകുന്ന ദീപത്തിനു് സാധാരണദീപത്തെക്കാൾ വിശേഷം കല്പിച്ചിരിക്കുന്നു.

നവസാഹിത്യവിലാസോ-
ത്ഭവസാരസ്യംകണക്കെയിസ്സുകൃതി
വ്യവസായോപചിതിക്കു നി-
രവസാനം ധനവുമേകിടുന്നു സദാ. 43

ചതുരംഗപ്പോരതിലി-
ച്ചതുരാത്മാവത്ര ജിഷ്ണുവാകുന്നു;
അതുലശ്രുതിവിഷയതയാ-
ലതുപോൽ ഭുവിങ്കൽ വിഷ്ണുവും നൂനം. 44

മതിമാൻ പണ്ടൊന്നിച്ചൊരു
കുതിരയെയും കവിതയായ വനിതയെയും
അതിചിത്രപദക്രമമായ്
ഗതിചെയ്യിച്ചെന്നതെത്ര മഹനീയം! 45

വാക്കുപറഞ്ഞാൽ കരുതിയ
പോക്കുവിടാതർത്ഥമെത്തിടുന്നതുപോൽ
തോക്കു കിളന്നാലേതൊരു
ലാക്കുമണഞ്ഞിടുമുണ്ടുവേണ്ടവിധം. 46

---

44. ചതുരംഗപ്പോര് = ചതുരംഗക്കളി; ആന, തേർ, കുതിര, കാലാൾ ഇവയോടുകൂടിയ യുദ്ധം എന്നും. ജിഷ്ണു = ജയശീലൻ; അർജ്ജുനൻ എന്നും. ശ്രുതി = കീർത്തി; വേദം എന്നും. വിഷ്ണു = വ്യാപിച്ചിരിക്കുന്നവൻ; വൈകുണ്ഠൻ എന്നും.

45. പദക്രമം = കാൽവയ്പ്പ്; വാക്കുകളുടെ ക്രമം എന്നും. ആയില്യം തിരുനാൾ മഹാരാജാവ് ആവശ്യപ്പെട്ടതനുസരിച്ച് ഇദ്ദേഹം കുതിരസ്സവാരിമദ്ധ്യേ ഒരു ചിത്രശ്ലോകം ഉണ്ടാക്കീട്ടുണ്ട്.

വ്യായാമവിശേഷഭവ-
ശ്രീയാൎന്നിട്ടമിമ്മഹാനൊടേററിടിൽ
കായാഭ്യാസിജനത്തിന-
നായാസം ധരണിയെപ്പുണൎന്നീടാം. 47

ഹിതമായ് 'വ്യൂഢോരസ്കത'
മുതലായ് താൻചൊന്ന നൃപതിഗുണമെല്ലാം
സുതരാം കാണിപ്പാൻ സ്വീ-
കൃതനവതനു കാളിദാസനേഷ ദൃഢം. 48

ഉരുതരസീയെസ്സൈമുഖ-
ബിരുദാവലിചേൎന്നിണങ്ങിയിന്നൃപനിൽ
തരുവരനിൽ പൂനിരപോൽ
സുരുചിരസുഷമാവിലാസമിയലുന്നു. 49

സംഖ്യാതൈതൽഗുണഗണ-
സംഖ്യാശയൊടത്ര വന്നുകൂടീട്ടും
സംഖ്യാവത്തുകൾ ചിത്രമ-
സംഖ്യാവത്തുക്കളായ് ഭവിക്കുന്നു. 50

മന്നിൽ പുകളെഴുമിക്കവി-
തന്നിൽ പ്രഭുഭാവമുള്ളതോൎത്തിടിൽ
പൊന്നിൽ പരിമളസാരം
ചിന്നിപ്പുലരുന്നതാണു നിസ്തക്കം. 51

---

50. സംഖ്യാതൈതൽ.....സംഖ്യാശ = വഴിപോൽ കീൎത്തിപ്പെട്ട ഇദ്ദേഹത്തിൻെറ ഗുണഗണത്തിൻെറ വിചാരണയിലുള്ള ആശ. സംഖ്യാവത്തുകൾ = വിദ്വാന്മാർ. അസംഖ്യാവത്തുക്കൾ = സംഖ്യയില്ലാത്തവർ.

നിജഷഷ്ടിമഹം സൂരി-
വ്രജഗുരുവാമഗ്രജന്റെ സാഹ്യമൊടേ.
വിജയോന്നതമാന്നോരി-
സ്സുജനോത്തമനല്ല ഭാഗ്യമേ ഭാഗ്യം. 52

ഷഷ്ടി തികഞ്ഞേവം സുഖ-
പുഷ്ടിയിൽ വിലസീടുമേഷ മഹിതാത്മാ
തുഷ്ടികലൎന്നിനിമേലൊരു
ഷഷ്ടിയുമിതുപോലെ പൂൎണ്ണമാക്കേണം. 53

അതിനായ് നാമെല്ലാവരു-
മതിശയവതിയായ ഭക്തിയോടൊരുപോൽ
സ്തുതിചെയ്തീടുക ജഗതീ-
പതിയാം ദിതിജാരിതന്നെയതിവേലം. 54

നേത്രാനന്ദാമൃതരസ-
പാത്രായിതമേ തദീയമാം ഗാത്രം
ഗോത്രാഭരണം വിബുധ-
സ്തോത്രാലയ! പാഹി സവ്ദാ ശൌരേ! 55

ഭാഷാപോഷകനേഷ സു-
തോഷാൽ സുചിരം വസിപ്പതിന്നായി
ഭാഷാജനകനൊടത്ര വി-
ശേഷാലൎത്ഥിക്കവേണ്ട പാൎത്തീടിൽ. 56

---

52. സാഹ്യം = സാഹഭാവം. വിജയോന്നതമാകുംവണ്ണം എന്നു് ക്രിയാവിശേഷണം.

56. ഭാഷാജനകൻ = ബ്രഹ്മാവു്.

ഒരു രാജരാജനേ തവ
കരുത്തുകിലീശാനമിത്ര,-മിവിടേയ്ക്കോ
ഉരുരാജരാജരുണ്ടിവി-
ലരുതീർഷ്യ; തുണയ്ക്ക കരുണയോടിഹ നീ. 57

ബാലികമാരാം രാജ്ഞീ-
മാലികമാരുചിതലാളനത്തോടേ
മാലിയലാതെ വളന്നിനി-
മേലിഹ ബഹുമംഗളം വളത്താനും, 58

മൂലാവനിവല്ലഭനൽ-
ക്കൂലാമോദം സദാ വസിപ്പാനും
ചേലാളും കൈരളിയതി-
വേലാദരമാൻ പരിലസിപ്പാനും, 59

നലമേറും ബുധഭാരതി
വിലയില്ലാതുള്ളതായിടായ്വതിനും
തലയാളില്ലാതിക്കവി-
കുലമാകുലമായ് ച്ചമഞ്ഞിടായ്വതിനും, 60

ഇവിടേയ്ക്കതിദീർഘായു-
സ്സവികലസൗഖ്യം കൊടുപ്പതിന്നായി
സുവിമലഭക്ത്യാ തവ പദ-
മവിരതമംഭോജനാഭ! കുപ്പുന്നേൻ. 61

---

57. രാജരാജൻ = വൈശ്രവണൻ. ഉരുരാജരാജർ = പല രാജരാജന്മാർ; (മൂത്തകോയിത്തമ്പുരാൻ, കേരളപാണിനി മുതലായവർ.)

60. ബുധഭാരതി = സംസ്കൃതഭാഷ; വിദ്വാന്മാരുടെ വാക്ക് എന്നും.

ശുഭം.

# VI

# മാനസോല്ലാസം

## മുഖവുര

ഈ പുസ്തകത്തിൽ അടങ്ങീട്ടുള്ള വിഷയങ്ങളിൽ അധികവും ആംഗ്ലകൃതികളുടെ തർജ്ജമയാകുന്നു. ഇതിൽ മൂലത്തെ സർവഥാ അനുകരിക്കാൻതുനിയാതെ ഭാഷാരീതി, ദേശഭേദം മുതലായവയെ ഉദ്ദേശിച്ച് ആവശ്യമെന്നു തോന്നിയ സ്വാതന്ത്ര്യം സ്വീകരിച്ചിട്ടുണ്ട്. 'ഗുരുഭക്തി' എന്ന രഘുവംശതർജ്ജമയിൽ പ്രസ്തുതത്തിന്റെ അപ്രധാന ഭാഗങ്ങളെ യഥേഷ്ടം ചുരുക്കുകയുംചെയ്തിട്ടുണ്ട്. വിഷയങ്ങളുടെ വിവിധത്വംകൊണ്ട് കൗതുകപ്രദമായ ഇതിന്റെ പരിശീലനത്താൽ വിദ്യാർത്ഥികൾക്ക് സദാചാരബോധവും ബുദ്ധിവികാസവും സിദ്ധിക്കുന്നതിനു പുറമേ, ഇംഗ്ലീഷ് പരിജ്ഞാനമില്ലാത്തവർക്ക് പാശ്ചാത്യകവികളുടെ സമ്പ്രദായഭേദത്തെക്കുറിച്ച് ഒരു സ്വഭാവജ്ഞാനംകൂടി ലഭിക്കയും ചെയ്യണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്.

തിരുവനന്തപുരം,<br>5-9-1082.

കേ. സീ. കേശവപിള്ള.

# വിഷയവിവൃതി


| | | |
|---|---|---|
| 1. ഈശ്വരൻ | മൂലഗ്രന്ഥകർത്താവു് | William Cowper |
| 2. മനുഷ്യദൌർബല്യം | ,, | Do |
| 3. മാന്യത | ,, | Charles Mackay |
| 4. ഉറവു് | ,, | J. R. Lowell |
| 5. കാസാബിയാൻകാ | ,, | Mrs Hemans |
| 6. ഇംഗ്ലണ്ടു് | ,, | Do |
| 7. യോധവീര്യം | ,, | Tennyson |
| 8. നെപ്പോളിയൻ | ,, | T. Compbell |
| 9. താതോപദേശം | ,, | Shakespeare |
| 10. കാരുണ്യം | ,, | Do |
| 11. ഇന്നും നാളെയും | ,, | Charles Mackay |
| 12. കൃത്യോപദേശം | ,, | Benjamin Franklin |
| 13. ജ്ഞാനാഭിവൃദ്ധി | ,, | |
| 14. പത്മിനി | | ഇംഗ്ലീഷ് ഗദ്യത്തിൽനിന്നും |
| 15. നാഴികമണി | | സ്വന്തം |
| 16. പ്രസൂനവാദം | | സ്വന്തം |
| 17. ഗുരുഭക്തി | ,, | കാളിദാസൻ. |

# മാനസോല്ലാസം

## 1. ഈശ്വരൻ

ആരും തെല്ലുമറിഞ്ഞിടാത്തനിലയിൽ
പാർത്തീടിലത്യത്ഭുതാ-
കാരംചേർന്ന നിജപ്രവൃത്തികൾ നട-
ത്തീടുന്നു ദൈവം സദാ
പാരാവാരമതിങ്കലും ബത! കൊടും-
കാററിൻപ്രഭാവത്തിലും
നേരേ നിത്യമവൻെറ കല്പന വിള-
ങ്ങീടുന്നിതെല്ലാടവും. 1

എന്നും ന്യൂനതയേതുമെന്നിയെ വിള-
ങ്ങിടുന്ന കൌശല്യമാ-
കുന്നോരാഴമെഴും മഹാഖനികളിൽ
ഗംഭീരമായെത്രയും
ധന്യശ്രീകലരും സ്വകീയപരമോ-
ദ്ദേശ്യങ്ങളെസ്സംഭരി-
ച്ചെന്നൊന്നും തിരുവുള്ളമങ്ങനെ നട-
ത്തീടുന്നു സച്ചിന്മയൻ. 2

---

2. കൌശല്യം=സാമർത്ഥ്യം. ഖനി=ആകരം. സച്ചിന്മയൻ=സത്തായും ചിത്തായുമുള്ള സ്വരൂപത്തോടുകൂടിയവൻ. സത്തു് = അഴിവില്ലാത്തതു്. ചിത്തു്=ജ്ഞാനം. ആകരത്തിൽ കിടക്കുന്ന രത്നങ്ങൾ എന്നപോലെ ഈശ്വരൻെറ മഹിമയിൽ അന്തർഭവിച്ചിരിക്കുന്ന അവിടുത്തെ ഉദ്ദേശ്യങ്ങൾ ദുർഗ്രഹങ്ങളാകുന്നു.

ഉള്ളിൽ സംഭ്രമമാർന്നിടുന്നൊരു ബുധ-
ന്മാരേ! നവം ധൈര്യമുൾ-
ക്കൊള്ളിൻ; നിങ്ങളിലിത്ര ഭീതിയുളവാ-
ക്കീടുന്ന മേഘവ്രജം
കല്യാണങ്ങൾ വളർത്തിടും കരുണയാൽ
സംപൂർണ്ണമാണ;-ത്ര സം-
ഫുല്ലാനുഗ്രഹരൂപമായതു പൊഴി-
ഞ്ഞീടും ദൃഢം നിങ്ങളിൽ. 3

പാരം ദുർബലബുദ്ധികൊണ്ടു വിഭുവിൻ-
ഭാവം വിധിച്ചീടുവാ-
നാരംഭിക്കരുതായവന്റെ കൃപയിൽ-
താൻ വിശ്വസിച്ചീടുവിൻ
ക്രൂരത്വം കലരുന്ന ദർശനമതിൻ-
പിന്നിൽ കൃപാകോമള-
സ്മേരത്വേന വിളങ്ങുമാനനമൊളി-
ച്ചീടുന്നതുണ്ടായവൻ. 4

3. മേഘവ്രജം = മേഘസമൂഹം. ആപത്തുകളാകുന്ന മേഘങ്ങൾ എന്നർത്ഥം. സംഫുല്ലം = സ്ഫുടം. ഇടികളോടുകൂടിയ മേഘം സൌമ്യമായ വർഷമായി പൊഴിയുന്നതുപോലെ, ആദ്യം ഭയങ്കരങ്ങളായിത്തോന്നുന്ന ആപത്തുകൾ ഈശ്വരകൃപയാൽ ഒടുവിൽ നമുക്ക് അനുഗ്രഹങ്ങളായി പരിണമിക്കുന്നു.

4. കൃപാ...ത്വേന = കൃപകൊണ്ടു കോമളമായും സ്മേരമായും ഇരിക്കുന്നത്. സ്മേരം = മന്ദഹാസം ചെയ്യുന്നത്.

സാരംചേൎന്നൊരവന്നെഴുന്ന പരമോ-
ദ്ദേശ്യപ്രസൂനങ്ങൾ ദുർ-
വാരശ്രീയൊടനുക്ഷണം ബത! വിട-
ൎന്നൻപിൽ ഫലിക്കും ദ്രുതം;
നേരോൎത്താലൊരു കയ്പു മൊട്ടുകളിലൊ-
ട്ടുണ്ടായ്വരാമെങ്കിലും
ചാരുത്വം മുതിരുന്ന മാധുരി വിള-
ങ്ങീടും വിടൎന്നീടവേ. 5

വിശ്വാസം കലരാത്ത മൂഢരവതാ-
ളത്തിൽ പെട്ടും നിൎണ്ണയം
വിശ്വേശന്റെ വിലാസമായവർ പരീ-
ക്ഷിക്കുന്നതും നിഷ്ഫലം
വിശ്വത്തിങ്കലവന്റെ തത്ത്വമറിയി-
ക്കുന്നോനവൻതന്നെയാ-
ണാശ്വാസത്തൊടു വാഴ്വി;-നായതവനി-
ങ്ങുച്ചൈർല്ലസിപ്പിച്ചിടും. 6

6. ഈശ്വരന്റെ ചേഷ്ടയുടെ അൎത്ഥം പലപ്പോഴും നമുക്കു് മനസ്സിലാക്കാൻ കഴിയാതെ വരും. എന്നാൽ വീണ്ടും ഉള്ള അവിടുത്തെ ചേഷ്ടകളെ സമാധാനപൂൎവ്വം നോക്കിക്കൊണ്ടിരുന്നാൽ നമുക്കു് ആദ്യം ഉണ്ടായ സംശയം നശിക്കുന്നതാണു്.

## 2. മനുഷ്യദൌർബ്ബല്യം

മർത്ത്യന്നു ദുർബ്ബലതയും ചപലത്വവുംതാൻ
നിത്യം നിസർഗ്ഗഭവമായ് നിലനിന്നിടുന്നു;
അത്യന്തമിന്നു ദൃഢമായി നിനച്ചുറച്ച
കൃത്യങ്ങൾ നാളെ മുഴുവൻ ബത! മാറിടുന്നു. 1

വില്ലിങ്കൽ നല്ലുണ തൊടുത്തഘസഞ്ചയത്തെ—
ക്കൊല്ലുന്നതിന്നു വഴിപോലെ തുടങ്ങിടുമ്പോൾ
വല്ലാത്ത മോഹമിഹ ഞാണു മുറിച്ചിടുന്നു;
നില്ലാതെ വീണ്ടുമഘസഞ്ചയവും വരുന്നു. 2

നേരേ നടപ്പതിന്നവൻ തുനിയുന്നനേര—
ത്താരോ വിരോധിയവനെബ്ബത! മാററിടുന്നു!
നേരേനടപ്പു ശുഭമെന്നവനോർത്തിടുന്നു—
ണ്ടെന്നാലുമാശയുടെയാശ്രിതനായിടുന്നു. 3

ധന്യത്വമാർന്നിഹ തെളിഞ്ഞമരുന്ന വിദ്വാ—
ന്മന്യന്റെ ചെമ്പു തെളിയുന്നതിതിങ്കലത്രേ;
തൻനാവു തൻപിണിയെയത്ര വിസമ്മതിക്കെ
തന്നാശയം ശരിയതെന്നുരചെയ്തിടുന്നു. 4

---

1. നിസർഗ്ഗഭവം = സഹജം.
2. മേലാൽ നല്ല നടത്തയോടുകൂടിയിരിക്കണം എന്നൊക്കെ നിശ്ചയിച്ചാലും വീണ്ടും ആ നിശ്ചയം തെററിപ്പോകുന്നു.
4. താൻ ചെയ്ത തെററിനെ മററുള്ളവരോട് താൻ ചെയ്തിട്ടില്ല എന്നു പറകയും, ചെയ്തിട്ടുണ്ടെന്നു മനസ്സുകൊണ്ടു സമ്മതിക്കുകയും ചെയ്യുന്നു.

ശോകപ്രചാരമറിയാതതിദീർഘമാകും
ലോകപ്രയാണമതിനിങ്ങു തുനിഞ്ഞ മർത്ത്യൻ
തന്നിൽക്കവിഞ്ഞ പരശക്തിയെയോർത്തിടാതെ
തന്നാത്മശക്തിയെ വൃഥാ വിലവച്ചിടുന്നു. 5

എത്തേണ്ട ദിക്കിലണയുന്നതിനീ മനുഷ്യ-
യത്നങ്ങൾ കേവലമഹോ! മതിയാകയില്ല;
എത്തേണമീശകൃപകൂടെ;-യതില്ലയെന്നാ-
ലധ്വാനമെന്നതഖിലം വിഫലീഭവിക്കും. 6

5. ശോകപ്രചാരം = ദുഃഖവ്യാപ്തി. ലോകപ്രയാണം = ലോകയാത്ര. ഉപജീവനം കഴിക്കൽ എന്നർത്ഥം. പരശക്തി = ഈശ്വരശക്തി.

6. കേവലം = മാത്രം. ഈശ്വരവിചാരം മുൻനിർത്തി പ്രയത്നം ചെയ്യണം.

## 3. മാന്യത

സാഭിമാനബഹുമാനസമേതം
വാച്യമായ നിജനാമമിയന്നും
മാന്യനായുമധികപ്രിയനായും
മേവീടും പുരുഷനാരു ജഗത്തിൽ? 1

ധീരനായ് മഹിമയായിടുമുച്ചൈ-
സ്സാലതല്ലജമതിൻശിഖരത്തിൽ
മഞ്ജുളപ്രഭ കലൎന്നു വിളങ്ങും
കീൎത്തിയാകിയ പതാകയെ നാട്ടി, 2

ആൎത്തി പാരമിയലുംസമയത്തിൽ
ക്രൂസലെന്നതറിയാത്തവനായും
മുൻപിലിങ്ങു നിജകൃത്യമിരിക്കെ-
പ്പിൻപു ദൃഷ്ടിയെ വിടാത്തവനായും, 3

സത്യമൊത്തിഹ പരോപകൃതിക്കായ്
നിത്യമുൽസുകത പൂണ്ടു വസിക്കും
മൎത്ത്യനാണു നിയതം ബുധലോക-
സ്തുത്യനെന്നു കരുതീടുക നൂനം. 4

(വിശേഷകം)

---

1. സാഭി...സമേതം = സാഭിമാനമായ ബഹുമാനത്തോടുകൂടി. സാഭിമാനം = അഭിമാനത്തോടുകൂടി. വാച്യം = പറയത്തക്കതു്.

2. ഉച്ചൈസ്സാലതല്ലജം = ഉന്നതവും ശ്രേഷ്ഠവുമായ കോട്ട. പതാക = കൊടി.

4. സത്യമൊത്തു് = സത്യത്തോടുകൂടി. ഉൽസുകത = താല്പൎയ്യം. ഒരേ അന്വയത്തിൽപ്പെട്ട രണ്ടു ശ്ലോകങ്ങൾക്കു് 'യുഗ്മകം' എന്നും,

ഏവളാണധികവല്ലഭയായോൾ
ഏവളാണധികദുർല്ലഭയായോൾ
ഏവളാണിവിടെ നമ്മൾ പുകഴ്ത്തി-
പ്പാടിടുന്നവരിലുത്തമയായോൾ? 5

ഭാഗ്യമെന്നതതിയായി വരുമ്പോ-
ളുള്ളിലുററ കനിവുള്ളവളായും
ഘോരമാകിയ വിപത്തിലമന്ദം
പ്രീതിഭാരമിയലുന്നവളായും, 6

അത്ര നമ്മുടയഹർഷമതായോ-
രാമ്പലിന്നരിയ ചന്ദ്രികയായും
അത്തൽ വന്നിടുമവസ്ഥയിൽ നമ്മൾ-
ക്കാശ്വസിപ്പിനതകം സഖിയായും, 7

ലോകയാത്രയെ മനോഹരമാക്കി-
ത്തീർത്തിടുന്നൊരു മഹൌഷധമായും
മേവിടുന്ന രമണീമണിയാണി-
ബ്ഭുവിൽ മാന്യയതിനില്ല വികല്പം. 8

(വിശേഷകം.)

---

മൂന്നിന് 'വിശേഷകം' എന്നും, നാലിന് 'കലാപകം' എന്നും, അതിനുമേലുള്ളതിന് 'കുളകം' എന്നും പേർ.

5. അധികവല്ലഭ = അതിപ്രിയ.

## 4. ഉറവു്

ഹന്ത! സൂൎയ്യപ്രകാശത്തിൽ
കാന്തിയാൎന്നു കുളിച്ചു നീ
അന്തിയോളം വിളങ്ങുന്നു
ചന്തമോടുറവേ സദാ. 1

വെണ്മതിപ്രഭ ചിന്നുമ്പോൾ
വെണ്മ മഞ്ഞിലുമാൎന്നു നീ
തെന്നലിൻവിളയാട്ടത്തിൽ
ചിന്നുന്ന മലരെന്നപോൽ. 2

താരകാന്തിയിലുന്നുന്ന
ചാരുവാം നരപോലെ നീ;
രാവും പകലുമീവണ്ണം
നീ വിളങ്ങുന്നു ധന്യയായ്. 3

സന്തതം ചലനത്തിങ്കൽ
സന്തോഷരസമാൎന്നു നീ
ഉന്നുന്ന വിണ്ണിലേയ്ക്കായി-
ട്ടെന്തിലും തളരാതഹോ! 4

---

2. മഞ്ഞിലും = മഞ്ഞിനെക്കാളും. 'താരതമ്യത്തിലുമാധാരിക'— (കേ. പാ. 164-ാം സൂത്രം.) തെന്നൽ = കാററു്. മലർ = പൂവു്.

3. താരം = നക്ഷത്രം. ധന്യയായ് = ഉറവിനെ സ്ത്രീയായി വിവക്ഷിച്ചിരിക്കുന്നു.

ഋതുവേതിങ്കലും തുല്യ-
കൗതുകം വിലസുന്നു നീ;
അതിപേശലമുൽപാദയോ-
ഗതിതാൻ തവ വിശ്രമം. 5

ഒന്നിനാലും ശമിക്കാതു-
ള്ളുന്നതോദ്യമമാണു നീ
അനുക്ഷണം മാറിയാലു-
മനിശം രൂപമൊന്നുതാൻ. 6

രാവും പകലുമശ്രാന്തം
താവുമുൽഗതിവാഞ്ഛയും
ഏവം സംതൃപ്തിയും പൂണ്ട
നീ വിശിഷ്ടയസംശയം. 7

ശ്രീലയാമുരവേ! നിന്നെ-
പ്പോലെയെന്നുടെ മാനസം
ശുദ്ധമായ് സ്ഥിരമായ് ഭേദം
സിദ്ധിച്ചുൽഗതി നേടണം. 8

## 5. *കാസാബിയാൻകാ

കത്തീടുന്നൊരു കപ്പലിൻപലകമേ-
ലന്നേരമബ്ബാലകൻ
മാത്രം നിന്നിതു; മററശേഷരുമുടൻ
പാഞ്ഞാശു പോയീടിനാർ;
ഉത്തുംഗാഭമവന്നു ചുററുമവിടെ-
ച്ചത്തുള്ള യോദ്ധാക്കൾമേ-
ലത്യന്തം ജ്വലനൻ ജ്വലിച്ചു സഹസാ
പാരം പടൎന്നീടിനാൻ. 1

എന്നാലും രണശൂരവീര്യഭവനായ്
താൻ ബാലനായീടിലും
നന്നായുള്ളഭിമാനമാൎന്നു വിലസീ-
ട്ടുന്നോരവൻ ധൈര്യവാൻ

---

* നീല (Nile) നദിയിൽവച്ചുണ്ടായ ഒരു കപ്പൽയുദ്ധത്തിൽ ഒരു സേനാനായകൻ ഏകദേശം 13 വയസ്സുപ്രായമുള്ള ബാലനായ കാസാബിയാൻകാ എന്ന പേരുള്ള തന്റെ പുത്രനോട് അവൻ നിന്നിരുന്നസ്ഥലത്തുനിന്നും താൻ പറയാതെ മാററരുതെന്ന് ആജ്ഞാപിച്ചിട്ട് യുദ്ധത്തിനു പോയി. അദ്ദേഹം യുദ്ധത്തിൽ മരിച്ചു. കപ്പലിൽ തീപിടിച്ചുതുടങ്ങി. കാസാബിയാൻകാ, പിതാവു മരിച്ചുപോയ വിവരം അറിയാതെ ആ സ്ഥലത്തുതന്നെ നില്ക്കുകയും, പിതാവിന്റെ ആജ്ഞ ലംഘിക്കുന്നതിനെക്കാൾ മരിക്കുന്നതാണു നല്ലതെന്നു നിശ്ചയിച്ച് അഗ്നിക്ക് ഇരയായിത്തീരുകയും ചെയ്യും. ഇതാണ് ഈ കവിതയുടെ വിഷയം.

2. രണശൂരവീര്യഭവൻ = രണശൂരന്റെ ബീജത്തിൽ ജനിച്ചവൻ. ദഹനാദിഭൂതനിര = അഗ്നിമുതലായ ഭൂതങ്ങളുടെ സമൂഹം. സുതരാം = ഏററവും.

വന്നോല്ക്കും ദഹനാദിഭൃതനിരയെ-
ശ്ശാസിപ്പതിന്നായ് ജനി-
ച്ചെന്നോണം സുതരാം മനോഹരതയാ
ശോഭിച്ചു നിന്നീടിനാൻ. 2

ആലോലാഭമെരിഞ്ഞ പാവകനണ-
ഞ്ഞേററം ജ്വലിച്ചീടിനാൻ;
ബാലൻ താതനരച്ചിടാതവിടെനി-
ന്നെന്താകിലും മാറിടാ;
ആലസ്യത്തൊടു ജീവഹാനിയുളവായ്-
ത്താഴെശ്ശയിച്ചീടിനാൻ
ചാലേയജ്ജനകൻ; തദീയനിനദം
കേട്ടില്ല പിന്നൊട്ടുമേ 3

"അച്ഛാ! ചൊല്ലുക ചൊല്ലുകാശു മതിയോ
ഞാനീവിധം നിന്നതെ?"-
ന്നച്ചെശ്ശബ്ദമൊടേ വിളിച്ചുടനവൻ
ചൊല്ലീടിനാൻ സാദരം;
നിശ്ചേഷ്ടം നിജവാൎത്ത ലേശവുമറി-
ഞ്ഞീടാതെ സേനാനിയാ-
മച്ഛൻ വീണുകിടന്നിട്ടുന്ന കഥയ-
ബ്ബാലൻ ഗ്രഹിച്ചീലഹോ! 4

"ചൊന്നാലും ദ്രുതമിന്നിയെങ്കിലുമെനി-
ക്കച്ഛാ! ഗമിക്കാവതോ?"
എന്നേവം പുനരൊന്നുകൂടിയവന-
ത്യുച്ചൈർ വിളിച്ചീടിനാൻ;

---

3. തദീയനിനദം = അച്ഛൻെറ ശബ്ദം എന്നൎത്ഥം.

എന്നാലായതിനുത്തരം ബത! മുഴ-
ങ്ങീടുന്ന പീരങ്കി താൻ
ചൊന്നാൻ; കത്തിയെരിഞ്ഞു പാവകനുമ-
ങ്ങേററം തകർത്തീടിനാൻ. 5

തെറെറന്നെത്തിയെരിഞ്ഞിടുന്ന ദഹന-
ജ്വാലാവിലാസങ്ങൾ തൻ-
നെററിക്കും ചലകേശസംഹതിയിലും
പററുന്നതായ് കണ്ടവൻ
മുററും താനസഹായമായ മരണ-
സ്ഥാനത്തിൽ നിന്നീടിലും
ചെററും സംഭ്രമമെന്നിയേ ധൃതിയെഴും
നൈരാശ്യമാർന്നാനഹോ! 6

"അച്ഛാ! ഞാനിഹ നില്ക്കണോ ഇനിയു",മെ-
ന്നുച്ചൈസ്സ്വരം പിന്നെയും
സ്വച്ഛാത്മാവവനൊന്നുകൂടിയുടനേ
ചൊന്നാനമന്ദാദരം
ഇച്ചൊന്നോരുമൊഴിക്കിടയ്ക്കു കയറും
പായും ദഹിച്ചെത്തിടും
സ്വച്ഛന്ദൻ ദഹനൻ ജ്വലിച്ചവനിലും
വേഗാലണഞ്ഞീടിനാൻ. 7

---

6. സംഹതി = സമൂഹം. ധൃതി = ധൈര്യം. നൈരാശ്യം = നിരാശ.

7. സ്വച്ഛന്ദൻ = സ്വതന്ത്രൻ.

കത്തിക്കപ്പലിനെപ്പൊതിഞ്ഞു ബഹളം
ഘോരപ്രകാശം കലർ-
ന്നൊത്തിജ്ജ്വാലകൾ മേലണഞ്ഞു കൊടിയിൽ-
ത്തത്തിപ്പിടിച്ചെത്രയും
ഉൾത്താരിൽ ബഹുധൈര്യമാൻ മരുവും
ബാലന്റെമേലിൽ പടർ-
ന്നത്യന്തം വിഹരിച്ചു നൽക്കൊടികൾപോ-
ലാകാശമാർഗ്ഗങ്ങളിൽ. 8

പെട്ടെന്നങ്ങൊരു പൊട്ടൽ കേട്ടിതിടിനാ-
ദംപോലെയത്യുച്ചമായ്;
കഷ്ടം! നമ്മുടെ കുട്ടിയിപ്പൊഴെവിടാ-
ണെവ്വണ്ണമായ്ത്തീർന്നവൻ?
ഒട്ടേറുന്ന പദാർത്ഥമൊക്കെയകലെ-
ച്ചുറ്റും ജലത്തിൽത്തകർ-
ത്തിട്ടീടുന്നൊരു ഘോരവായുവൊട്ടതാ-
നന്വേഷണം ചെയ്യണം. 9

നന്നായ്ത്തങ്ങടെ വേലചെയ്ത വലുതാം
ചുക്കാനമപ്പാമരം
മിന്നീടും കൊടിയെന്നുവേണ്ട സകലം
ചിന്നിത്തെറിച്ചൂ ജവാൽ;
എന്നാലങ്ങു നശിച്ചുപോയവയിൽവ-
ച്ചത്യന്തമുൽക്കൃഷ്ടമാ-
ന്നന്ദിക്കാസ്പദമായ് വിളങ്ങിയ വെറും
പിഞ്ചായ നെഞ്ചാണഹോ! 10

## 6. ഇംഗ്ലണ്ടു്

വൻപേറിടുന്നൊരു മഹാസമരത്തിനുള്ള
തമ്പേർനിനാദമതികമ്പനമേവ നൂനം;
അംഭോധിയുദ്ധമതിലാദിയിലുള്ള തോക്കിൻ-
ഗംഭീരഭീമകളനിസ്വനമദ്വിതീയം. 1

എന്നാലുമക്കൊടിയെടുത്തണിയായ് നിരന്ന
സൈന്യങ്ങളിൽ സമരധൈര്യരസം വളർത്താൻ
എന്നോമനപ്രിയതമാംഗ്ലദേശമേ! കേൾ
നിൻ നാമധേയമതിനാണതിയായ ശക്തി. 2

അ'ക്രസ്സി'യാം പടനിലത്തിലഹോ! ധനുഷ്മാൻ
മിക്കെന്നു ഘോരതരബാണമയച്ചനേരം,
ചൊൽക്കൊണ്ട ധൈര്യമഭിമാനവുമാന്നു യോധ-
ക്കൊക്കെസ്സഗർവമിതു നൽകിയുണച്ച്യുള്ളിൽ. 3

---

1. യുദ്ധാരംഭത്തിലെ തമ്പേർനാദം ഭടന്മാൎക്കു് ഉത്സാഹജനകമാകുന്നു. കടൽയുദ്ധത്തിൽ ആദിയിലുള്ള വെടി അതിലും അധികം ഉത്സാഹത്തെ ജനിപ്പിക്കുന്നു.

2. എന്നാൽ ഇംഗ്ലണ്ടു് എന്ന നാമധേയം ഇതിൽ എല്ലാററിലും അധികമായ അഭിമാനധൈര്യങ്ങളെ ജനിപ്പിക്കുന്നു.

3. ക്രസ്സി എന്നതു് ഫ്റാൻസിൽ ഉള്ള ഒരു സ്ഥലമാകുന്നു. ഇവിടെ വച്ചു് 1346-ൽ നടന്ന യുദ്ധത്തിൽ ഇംഗ്ലണ്ടിലെ രാജാവായ എഡ്വേഡ് മൂന്നാമന്റെ പുത്രൻ ബ്ളാക്ക്പ്രിൻസ് 30000 ഭടന്മാരോടുകൂടി 120000 ഭടന്മാരുള്ള ഫ്റഞ്ചുകാരെ തോല്പിച്ചു. ധനുഷ്മാൻ=വില്ലാളി, (ജാത്യേകവചനം-വില്ലാളികൾ എന്നൎത്ഥം.) അന്നു് പാശ്ചാത്യരും വില്ലും അമ്പും ഉപയോഗിച്ചിരുന്നു.

ശോണാങ്കമാൎന്ന കൊടി ധാടികലൎന്നു ധൂമ-
ശ്രേണീപരമ്പരയിലങ്ങനെ മിന്നൽപോലെ
ചേണാൎന്നുമിന്നുമളവങ്ങിതു സിന്ധുയുദ്ധ-
സ്ഥാനാന്തരങ്ങളിലണഞ്ഞധികം വിളങ്ങി. 4

ഏതൽ പ്രതിധ്വനികൾ പൎവ്വതസിന്ധുദുൎഗ്ഗ-
വ്രാതപ്രദേശമഖിലം വിദിതങ്ങളത്രേ;
ഏതൽ പ്രതാപവശരായനുതീരമോരോ
യോധപ്രവീരർ മൃതിപൂണ്ടു ശയിച്ചിടുന്നു. 5

പണ്ടുള്ള പൎവ്വതശതങ്ങൾ പരം മഹത്ത്വം
പൂണ്ടുള്ളതിൻധ്വനികളാലിളകിപ്പിളൎന്നു;
വേണ്ടും ജയങ്ങളിവ ചേൎന്നൊരു ശബ്ദമേ! നീ
വീണ്ടും വിളങ്ങുക യശസ്സോടു സൎവ്വകാലം. 6

---

4. ശോണാങ്കം = ചുവന്ന അടയാളം. ഇതു് = ഇംഗ്ലണ്ടു് എന്ന നാമധേയം—എല്ലാവൎക്കും രണധീരത ജനിപ്പിച്ച എന്നൎത്ഥം.

5. ഏതൽപ്രതിധ്വനികൾ = ഇതിന്റെ (ഈ പേരിന്റെ) പ്രതിനാദങ്ങൾ. ദുൎഗ്ഗം = കോട്ട. വ്രാതം = കൂട്ടം. വിദിതം = അറിയപ്പെട്ടതു്. അനുതീരം = തീരംതോറും. പൎവ്വതം, സമുദ്രം മുതലായസ്ഥലങ്ങളിൽ വെച്ചു നടന്ന യുദ്ധങ്ങളിൽ ഈ പേരു് ധൈൎയ്യത്തിനും മരണത്തിനും ഇടവരുത്തീട്ടുണ്ടു്.

6. പൎവ്വതങ്ങൾ പ്രതിധ്വനിയാൽ പൊട്ടുമാറുള്ള പല യുദ്ധകോലാഹലങ്ങളും ഉണ്ടായിട്ടുണ്ടു്.

## 7. *യോധവീര്യം

പെരുമ്പറയടിക്കുവിൻ
കുഴൽവിളിക്കുവിൻ പൂക്കളി-
ങ്ങുരുപ്രഭകലർന്നിതാ
വിലസിടുന്നിതെല്ലാടവും;
ഇരുട്ടുകളൊഴിഞ്ഞുപോയ്
തെളിവിയന്നു നാടൊക്കെയും;
പെരുത്തൊരു യശസ്സോടേ
വിജയിയാക ഭൂപാലകൻ. 1

പടുതചമിയലുന്ന ന-
മ്മുടെ നൃപൻെറ ഭൂമണ്ഡലേ
കടത്തരുതൊരിക്കലും
കടുതയാർന്ന ശത്രുക്കളെ;
എടുക്ക കരവാളികാ-
ശരകുഠാരകുന്താദികം;
മുടിക്ക രിപുസഞ്ചയം;
വിജയിയാക ഭൂപാലകൻ. 2

---

* ഇതു് ഒരു രാജാവിൻെറ വിവാഹമംഗളാവസരത്തിൽ പ്രഭുക്കന്മാർചെയ്ത വിജയാശംസയാകുന്നു.

2. കരവാളിക = ഖഡ്ഗവിശേഷം.

ധരാധിപനവേണ്ടിയി-
  ദ്ധരയിലിന്നു ജീവിക്ക! ചെ-
ന്നരാതികളോടേൽക്ക! പോ-
  രിടുക! ധൈര്യസാരത്തോടേ;
പുരാ നൃപനൊടോരിനാ-
  നതിരഹസ്യമായ് ധമ്മ-
പ്പരാപരനിതോക്കുവിൻ;
  വിജയിയാക ഭൂപാലകൻ. 3

പെരുമ്പറയടിക്കുവിൻ!-
  കുഴൽവിളിക്കുവിൻ! നന്മയെ-
ത്തരും പരിചൊടേ നമു-
  ക്കനുപദം നരാധീശ്വരൻ;
ഒരുവെട്ടവിനെന്തിനും;
  ശുഭമുദിക്ക,-യേനസ്സുതൻ-
പരമ്പര നശിക്കണം;
  വിജയിയാക ഭൂപാലകൻ. 4

ധരിക്ക വിവിധായുധ-
  ങ്ങളെ; വരിക്ക പേരാശ്രു; സം-
ഹരിക്ക രിപുമണ്ഡല-
  ങ്ങളെ; മരിക്ക; യെന്താണതിൽ

---

3. അരാതി = ശത്രു. പരാപരൻ = ഈശ്വരൻ. രാജാവിനോട് ഈശ്വരൻ ധമ്മം ഉപദേശിച്ചിട്ടുണ്ട്. രാജാവ് ഈശ്വരന്റെ പ്രതിനിധിയാണെന്നാത്ഥം.

4. ഏനസ്സുതൻപരമ്പര = ഏനസ്സിന്റെ (ദുരിതത്തിന്റെ) സമൂഹം.

ഇരിക്ക നൃപനായ് നൃപൻ
മഹിതധർമ്മജാലത്തെയാ-
ചരിക്കുമവനോർക്കുവിൻ;
വിജയിയാക ഭൂപാലകൻ. 5

ഇതാ ദിവി വിളങ്ങിടു-
ന്നിതു ദിനേശനുച്ചസ്ഥനായ്
പ്രതാപമിയലുന്ന ന-
മ്മുടെ മഹീശനാം സൂര്യനും
അതാപമനുവാസരം
വിലസിടേണമുച്ചസ്ഥനാ-
യിതാദരമൊടോർക്കുവിൻ;
വിജയിയാക ഭൂപാലകൻ. 6

ധരേശനതിഭക്തിയോ-
ടനുഗമിച്ചിടുന്നീശനെ-
ദ്ധരേശനെ നമുക്കുമി-
ങ്ങനുഗമിക്കണം ശക്തിപോൽ;
ഒരേമതികലർന്നു നാം
നരവരന്റെയംഗങ്ങളായ്
വരേണമുരുമംഗളം
വിജയിയാക ഭൂപാലകൻ! 7

---

6. അതാപം = ദുഃഖം കൂടാതെ.

## 8. നെപ്പോളിയനും യുവാവായ ഇംഗ്ലീഷ് കപ്പൽക്കാരനും

നെപ്പോളിയൻെറ കഥയിങ്കൽ വധപ്രതാപ-
മപ്പാടുവിട്ടരിയ സൌമ്യതകൊണ്ടു പാരം
ഉൾപ്പൂവിണക്കുമൊരുഭാഗമുരയ്പതിന്നു
നൽപ്രേമമോടിവിടെ ഞാൻ തുനിയുന്നിദാനീം. 1

മുന്നംബലോണിലവനക്കൊടികാട്ടിയിംഗ്ലീഷ്-
സൈന്യങ്ങളോടു സമരം തുടരുന്നകാലം
തന്നാവികപ്പടകളാലൊരു സാധുവായി-
ട്ടന്നാംഗ്ലനാവികനണഞ്ഞിഹ ബദ്ധനായി. 2

ബന്ധംപെടാതെ കടലോരമതിൽ ചരിപ്പാ-
നെന്തോ! കനിഞ്ഞവരവന്നനുവാദമേകി;
സ്വന്തം ഗൃഹംപ്രതിയവൻതരുണേക്ഷണങ്ങൾ
ചന്തം കലർന്നിടവിടാതെ ഗമിച്ചിരുന്നു. 3

ബ്രിട്ടന്നുനേർക്കണയുമപ്പതഗങ്ങളെത്ത-
ദ്ദൃഷ്ടിദ്വയം പകുതിമാർഗ്ഗമനുവ്രജിച്ചു
പെട്ടെന്നു ഡോവറിലെഴും പ്രിയശുഭ്രശൈല-
ത്തട്ടിങ്കലെത്തുമവയെയന്നൊരസൂയയോടേ. 4

---

3. അവൻതരുണേക്ഷണങ്ങൾ = അവൻെറ യൌവനയുക്തങ്ങളായ കണ്ണുകൾ.

4. പതഗം = പക്ഷി. തദ്ദൃഷ്ടി = അവൻെറ കണ്ണ്. അനുവ്രജിക്ക = അനുഗമിക്ക.

"വൻകാററെഴും നിശയിലുള്ളൊരു കപ്പൽയാത്ര-
യെൻകല്പെട്ടുന്നതിതിലും സുഖമായിരുന്നു;
എൻകപ്പലായതിലലഞ്ഞു മദീയദേശ-
ത്തിങ്കൽ ഗമിച്ചിട്ടുകി"ലെന്നവനുള്ളിലോർത്തു. 5

ദുഃഖാന്ധനായ് നിശയിൽ നിദ്ര വെടിഞ്ഞു പാര-
മുൽക്കണ്ഠപൂണ്ടു മരുവീട്ടുമവൻ പ്രഭാതേ
ചിക്കെന്നു വാരിധിയിൽനിന്നൊരൊഴിഞ്ഞവീപ്പ
തക്കത്തിലക്കരയിലെത്തുവതത്ര കണ്ടു. 6

ധന്യൻ ഗ്രഹിച്ചതിനെയന്നൊരു കന്ദരത്തിൽ
ചെന്നങ്ങൊളിച്ചധികദീർഘദിനാന്തമോളം
നന്നായ്ശ്രമിച്ചു പണിചെയ്തൊരു കൊച്ചുവള്ള-
മെന്നുള്ളമാതിരിയിലാക്കിയിറക്കി മെല്ലെ. 7

അമ്മോ! പറഞ്ഞിടുവതെന്തിഹ? കഷ്ടമേററ-
മിമ്മട്ടിലുള്ളൊരു നികൃഷ്ടതയാർന്നവള്ളം
നന്നല്ലതാൻ നദികൾതന്നെ കടത്തുവാനു-
മെന്നല്ല വാപികളിലിട്ടു കളിക്കുവാനും. 8

ഇല്ലിങ്ങു കീലുചിതമാം ചുവടില്ല ചുക്കാ-
നില്ലില്ല പായുമിതിലില്ല വടക്കുനോക്കി;
ചൊല്ലേറു!—മീയുരുവിലംബുധിയെക്കടപ്പാൻ
കില്ലേറിയേററമതിധീരനുമൊന്നുഞെട്ടും. 9

---

7. കന്ദരം = ഗുഹ.

9. ചൊല്ലേറും = കീർത്തിപ്പെട്ട. ഇവിടെ ഈ വിശേഷണം ഹാസ്യരസസൂചകമാകുന്നു. കില്ല് = സംശയം.

കാട്ടിൽ പടർന്നിഹ പിണഞ്ഞുകിടന്നവള്ളി-
ക്കൂട്ടങ്ങൾകൊണ്ടവനലംകൃതമാക്കി വള്ളം;
ചട്ടങ്ങളീവകനടത്തിയവൻ പ്രയാസ-
പ്പെട്ടംബുരാശിവഴി പോയിട്ടുമായിരുന്നു. 10

അത്തവ്വിൽവന്നൊരു പരാങ്കിശിപായി വേഗാ-
ലത്തോണികണ്ടുപഹസിച്ചവനെപ്പിടിച്ചു;
അപ്പോളവൻകഥ പരന്നുപരന്നുചെന്നു
നെപ്പോളിയന്റെ ചെവിയിങ്കലണഞ്ഞുവല്ലോ. 11

ഒപ്പം ശമം രണമിവരറിലതിസ്ഥിരാത്മാ
നെപ്പോളിയൻ നിജ ഭുജം ബത! കെട്ടിനിന്ന്
എപ്പോഴുമുള്ളൊരു ഗഭീരതയോടു മുമ്പിൽ
നില്പോരു സാധുപരദേശിയൊടോതിയേവം:- 12

“ഇച്ചുള്ളിവള്ളമതിലിക്കടലിൽ ഗമിപ്പാ-
നിച്ഛിച്ചിടുന്ന ബഹുസാഹസിയാംയുവാവേ!
സ്വച്ഛാഭയായിട്ടുമൊരാങ്ഗലകന്യയിങ്ക-
ലിച്ഛാവശാൽ തവ മനസ്സനുരക്തമത്രേ!” 13

“ഇല്ലങ്ങു മേ ഹൃദയമോഹിനിയൊരു മേറെ-
ക്കൊല്ലങ്ങളായ് ജനനിയോടുപിരിഞ്ഞമൂലം
തെല്ലല്ലെനിക്കവരെയൊന്നിഹ കണ്ടുകൊൾവാ-
നുള്ളിൽകലർന്നകൊതി”യെന്നവനങ്ങുണർത്തി. 14

---

12. ശമം = സമാധാനം.

“കണ്ടാലുമെങ്കിലവളെസ്സുഖമായി; നിങ്ങൾ
രണ്ടാളുമെൻബഹുമതിക്കിഹ പാത്രമായി;
കൊണ്ടാടിടേണ്ട ഗുണമീവിധമുള്ള പുത്ര-
നുണ്ടായിരിക്കുമൊരു മാന്യതയാർന്നമാതാ.” 15

ഇത്ഥംപറഞ്ഞൊരുപവൻ കനിവോടു നൽകി-
ച്ചിത്തംതെളിഞ്ഞൊരവനെശ്ശമവൈജയന്തി
തത്തുന്നകപ്പൽവഴി സൗഖ്യമൊടേ സ്വദേശ-
ത്തെത്തിപ്പതിന്നവനനുജ്ഞയുടൻകൊടുത്തു. 16

അമ്മാനവൻ പലദിനങ്ങളിലും യഥേഷ്ട-
മുമ്മാനലഞ്ഞിഹ വലഞ്ഞലമെങ്കിലുംതാൻ
സന്മാനമേറിയ മഹാപ്രഭുനൽകിയോര-
സ്സമ്മാനമായ കനകം ചെലവാക്കിയില്ല. 17

---

16. ശമവൈജയന്തി = സമാധാനക്കൊടി (Flag of truce) തത്തുന്ന = ഉള്ള.

17. അലം = ഏറ്റവും. സന്മാനം = സത്തായമാനം; അഭിമാനം.

## 9. താതോപദേശം

ഉള്ളത്തിലേറുന്ന വിചാരമെല്ലാം
കൊള്ളിക്കൊലാ നീ തവ ഭാഷണത്തിൽ
കൊള്ളാത്ത ചിന്തയ്ക്കനുകൂലനായി
തുള്ളാൻ തുനിഞ്ഞീടരുതൊന്നുകൊണ്ടും. 1

സ്നേഹിച്ചുവാണീടുക സർവരേയും
സ്നേഹത്തിൽ നീചത്വമുദിച്ചിടൊല്ല
സ്നേഹാതിരേകത്തിന്നു പാത്രമാകും
ദേഹം പരീക്ഷാതതിയാൽ ഗ്രഹിക്ക. 2

പരീക്ഷണംചെയ്തു വരിച്ചസഖ്യം
ധരിക്ക ഗാഢം ദൃഢമായ് മനസ്സിൽ;
ഓരോ നവസ്നിഗ്ദ്ധരിലും പരം സൽ-
ക്കാരങ്ങൾചെയ്തിട്ടു പരുങ്ങിടൊല്ലാ. 3

കൂടങ്ങൊലാ ശണ്ഠയിലൊന്നിലും നീ,
കൂടങ്ങിയാൽപിന്നെ മടങ്ങിടൊല്ലാ;
ശ്രവിക്ക നിശ്ശേഷജനോക്തിയേയും;
വചിക്ക പാരം മിതമായിമാത്രം. 4

ഓരോജനം ശാസനയായി നിന്നോ-
ടോതുന്നതൊന്നും നിരസിച്ചിടൊല്ലാ;
എന്നാൽ സ്വകൃത്യങ്ങളശേഷവും നീ
നന്നായ് വിചാരിച്ചു നടത്തിടേണം. 5

5. നവസ്നിഗ്ദ്ധൻ = പുതിയ സ്നേഹിതൻ. പരം = ഏറാവും.

ഉടുപ്പിലാഡംബരമേറിടൊല്ലാ;
വെടിപ്പിലും കേടുവരുത്തിടൊല്ലാ;
ഉടുപ്പുകൊണ്ടാണൊരുവന്റെ തത്ത്വം
പലപ്പൊഴും ലോകർ ഗ്രഹിപ്പതോർക്ക. 6

കടം ഗ്രഹിച്ചീടരുതത്രയല്ല
കടം കൊടുത്തീടുകയും നിഷിദ്ധം;
കടം ഗ്രഹിച്ചീടിൽ നിജാശ്രമത്തിൽ
സ്ഫുടം ഭവിക്കുന്നിതു മന്ദഭാവം. 7

കടംകൊടുത്തുള്ള ധനത്തിനുണ്ടാം
പലപ്പൊഴും ഹാനികളത്രയല്ല
കടത്തിനാലേ സഖിയും നശിക്കും
കടം മഹാദുർഘടമേവ നൂനം. 8

ഇതോർക്ക സർവോപരി സന്തതം നീ-
യിരിക്കയാത്മാവിനു സത്യവാനായ്;
എന്നാലൊരാൾക്കും ഭുവി ദോഷിയാകാ-
തെന്നും സുഖംപൂണ്ടു നിനക്കു വാഴാം. 9

## 10. കാരുണ്യം

കാരുണ്യമാകുന്ന ഗ്ഗുണം ബലത്താ-
ലാകൃഷ്ടമായീട്ടുവതല്ല നൂനം;
മേൽനിന്നു കീഴോട്ടതു ശാന്തമായ
വർഷംകണക്കേ പൊഴിയുന്നതത്രേ. 1

അതീവ മാഹാത്മ്യമൊടായതിങ്ക-
ലനുഗ്രഹം രണ്ടു വിളങ്ങിടുന്നു;
ഒന്നായതേകുന്നൊരു പൂരുഷന്നും
മറ്റേതതേല്ക്കുന്നവനും ലഭിപ്പൂ. 2

പ്രഭാവമേറുന്ന മഹാജനത്തിൽ
പ്രഭാവമേറുന്നിതതിന്നു പാരം;
പ്രതാപവാനാകിയ സാർവ്വഭൗമ-
ന്നതാണു രമ്യം മകുടത്തിനെക്കാൾ. 3

പ്രതാപഭാരത്തിനു ചിഹ്നമായി-
ദ്ദരാദരങ്ങൾക്കു നിവാസമാകും
അവന്റെ ചെങ്കോലിഹ കാട്ടിടുന്നു
നിരന്തരം ലൗകികമായ ശക്തി. 4

---

4. ദരാദരങ്ങൾ = ദരവും ആദരവും. ദരം = ഭയം.

എന്നാലതിന്നുള്ളധികാരമെല്ലാം
ദയയ്ക്കു കീഴായ് മരുവുന്നതത്രേ;
ഈശാങ്കമാമായതു ഭൂപഹൃത്തിൽ
സാമ്രാജ്യമേററിട്ടു വസിച്ചിടുന്നു. 5

പാരുഷ്യമേറീടിന നീതിതന്നെ-
കൃപാമൃതത്താൽ മൃദുവാക്കിയെന്നാൽ
മനുഷ്യനുള്ളോരധികാരമപ്പോ-
ളീശാധികാരത്തിനടുത്തു നില്ക്കും. 6

ന്യായത്തിനാൽ കേവലമത്ര നമ്മി-
ലൊരുത്തനും മുക്തി ലഭിക്കയില്ല
കാരുണ്യമുണ്ടാകണമെന്നു നിത്യം
നാമീശനോടർത്ഥന ചെയ്യുകില്ലേ? 7

ഈശന്നു നമ്മിൽ കൃപ വേണമെന്നു
നമുക്കു മോഹം വളരുന്നുവെങ്കിൽ
മോശംവരാതന്യജനങ്ങളോടു
നമുക്കുമുള്ളിൽ കൃപ തോന്നിടേണം. 8

---

5. ഈശാങ്കം = ഈശ്വരലക്ഷണം.

## 11. ഇന്നും നാളെയും

നന്നായ്തെളിഞ്ഞു വിധി നമ്മുടെ മാർഗ്ഗമദ്ധ്യേ
വന്നാദരാൽ സുമഗണം ചൊരിയുന്നുവെങ്കിൽ
എന്നാണു നാമവ പെറുക്കിയെടുത്തിടേണ്ട-
തിന്നാണതെന്നു കരുതീടുക മാന്യബുദ്ധേ! 1

എന്നാലവൻ കഠിനഭാവമിയന്നു ദുഃഖം
വന്നാകുലത്വമിഹ ചേർത്തിടുമെന്നു ചൊന്നാൽ
എന്നാണു നാം പരിതപിപ്പതു വേണ്ടിവന്നാ-
ലിന്നാകയില്ല പുനരായതു നാളെയത്രേ. 2

നന്നായ് നമുക്കു പകചെയ്തവനാത്മദോഷം
ചൊന്നാദരേണ കരുണാർത്ഥന ചെയ്തുവെന്നാൽ
എന്നാണു നാമവനു മാപ്പു കൊടുത്തിടേണ്ട-
തിന്നാണതെന്നു കരുതീടുക മാന്യബുദ്ധേ! 3

എന്നാലൊരാൾക്കു പകചെയ്യുവതിന്നു നീതി-
വന്നാത്മവൈരമതിയായി നമുക്കു ചേർത്താൽ
എന്നാണു നാമവനൊടായതു ചെയ്തിടേണ്ട-
തിന്നാകയില്ല പുനരായതു നാളെയത്രേ. 4

---

1. നമുക്ക് നന്മവരാനുള്ള മാർഗ്ഗത്തെ നാം എപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കണം.

2. ആപത്തിൽ ദുഃഖിക്കരുത്.

3. ആത്മദോഷം = തന്റെ ദോഷം. കരുണാർത്ഥന = കൃപചെയ്യണമെന്നുള്ള പ്രാർത്ഥന.

4. ഒരാളുക്കു ദോഷംചെയ്വാൻ നീതി നമ്മെ നിർബ്ബന്ധിച്ചാൽത്തന്നെയും വളരെ പശ്ചാലോചിച്ചേ വല്ലതും പ്രവർത്തിക്കാവൂ.

ഇന്നാം ഗ്രഹിച്ചൊരു കടം ബത! വീട്ടിടാഞ്ഞി-
ട്ടന്യാശയത്തിലതിദുഃഖമുയർന്നുവെന്നാൽ
എന്നാണു നാം ത്വരയൊടായതു വീട്ടിടേണ്ട-
തിന്നാണതെന്നു കരുതീടുക മാന്യബുദ്ധേ! 5

എന്നാൽ നമുക്കിഹ കടത്തിനെ വീട്ടിടാതെ
വന്നാത്മകഷ്ടതകൾ നമ്മോടൊരാൾ പറഞ്ഞാൽ
എന്നാണു നാമവനെയുള്ളിൽ വെറുത്തിടേണ്ട-
തിന്നാകയില്ല പുനരായതു നാളെയത്രേ. 6

നന്നായ കൃത്യമതിനായുമശേഷസൗഖ്യ-
ത്തിന്നായുമത്ര നിലനില്ക്കുകയില്ല കാലം;
ഇന്നാമതോർത്തവ മുദാ നിറവേറ്റിടേണ്ട-
തിന്നാണതങ്ങു കരുതീടുക മാന്യബുദ്ധേ! 7

എന്നാൽ ശകാരവചനങ്ങൾ നിരർത്ഥമായീ-
ട്ടന്നാത്മഖേദ, മുരുചിന്ത,യമർഷഭാരം
ഇന്നാലുമിന്നരുതു കേളിഹ നാളെയാട്ടെ-
യെന്നാകിട്ടുന്നതുമഹോ! ബഹുസാഹസംതാൻ. 8

---

7. നമുക്കു സൽകൃത്യങ്ങൾ ചെയ്യുന്നതിനും നിർദ്ദോഷങ്ങളായ സുഖങ്ങളെ അനുഭവിക്കുന്നതിനുംവേണ്ടി സമയം താമസിച്ചുനില്ക്കയില്ല. അതിനാൽ അവയെ അപ്പോഴപ്പോൾത്തന്നെ ചെയ്യുക.

8. നിരർത്ഥം = നിഷ്പ്രയോജനം. ആത്മഖേദം = മനോദുഃഖം
അമർഷം = കോപം. ഇന്നാലും = ശകാരവാക്ക്, മനോദുഃഖം, ചിന്ത, കോപം; ഇവ നാലും ഒരിക്കലും പാടില്ല എന്നർത്ഥം.

## 12. കൃത്യോപദേശം

ബഹ്വശനാശയ്ക്കുള്ളും
പ്രഹ്വതയൊരുനാളുമേ വഹിക്കൊല്ലാ;
ജിഹ്വയുടയ ലൌല്യം ഗദ-
വിഹ്വലതാബീജമെന്നു കരുതേണം. 1

ഏതെങ്കിലുമൊരു ഗുണമെൻ-
താത! നിനക്കോ നിനയ്ക്കിലന്യന്നോ
അരുളീടാത്തതിനെച്ചൊ-
ല്ലരുതിഹ നിസ്സാരമായവറേറയും. 2

വടിവൊടു സൂക്ഷിക്കുക നി-
ന്നുടെ സാമാനങ്ങൾ തക്ക ദിക്കുകളിൽ
ഓരോരോ കൃത്യത്തിനു-
മോരോ സമയത്തെ നിശ്ചയിക്ക ദൃഢം. 3

നിന്നുടെ കർത്തവ്യങ്ങളെ
നീതാൻ വഴിപോലെ നിർണ്ണയിക്കേണം;
നിർണ്ണീതങ്ങളെയെല്ലാം
നിർവിഘ്നംതന്നെ നിർവഹിക്കേണം. 4

---

1. ബഹ്വശനാശ = അമിതഭക്ഷണത്തിലുള്ള ആഗ്രഹം. പ്രഹ്വത = അനുകൂലത. ജിഹ്വ = നാക്ക്. ലൌല്യം = ചാപല്യം. ഗദ... ബീജം = രോഗംകൊണ്ടുള്ള പാരവശ്യത്തിനു കാരണം.

2. താത = കുഞ്ഞേ! അരുളുക = തരിക.

4. നിർണ്ണീതം = നിശ്ചയിക്കപ്പെട്ട.

പരനോ പാൎക്കിൽ നിനക്കോ
പരിചിൽ ഗുണമേകിടാത്ത വിഷയത്തിൽ
ഒരു ധനവും ചെലവാക്കി-
ടരുതു; വൃഥാവ്യയമനൎത്ഥമെന്നറിക. 5

സമയം കളയരുതു വൃഥാ
സഫലം കൎമ്മം സദാപി ചെയ്യുക നീ;
ആവശ്യകമല്ലാത്തതു
നീ വത്സ! കദാചനാപി ചെയ്യൊല്ലാ. 6

അന്യന്നുപദ്രവകരമാ-
കുന്നൊരു ചരിചെയ്തിടായ്കയൊരുനാളും
നിനവും സംഭാഷണവും
നീത്യനുഗുണമായിരിക്ക നിൎദ്ദോഷം. 7

ദുൎന്നയമതു ചെയ്തിട്ടോ
നിന്നുടെ കൃത്യം നടത്തിടാഞ്ഞിട്ടോ
ഒരുവനുമൊരു ദോഷത്തെയു-
മൊരുപൊഴുതും ഹന്ത! നീ വരുത്തൊല്ലാ. 8

മദ്ധ്യസ്ഥിതിയെ മുദാഖില-
കൃത്യങ്ങളിലും വഹിക്ക നീ നിയതം
അന്യകൃതദ്രോഹങ്ങളെ-
യൊന്നും വലുതായി നീ നിനയ്ക്കൊല്ലാ. 9

6. കദാചനാപി = ഒരിക്കലും.
7. നീത്യനുഗുണം = നീതിക്കു ചേൎന്നതു്.
9. അന്യ...ങ്ങൾ = അന്യന്മാരാൽ ചെയ്യപ്പെട്ട ദ്രോഹങ്ങൾ.

ദേഹം വസ്ത്രം നിജമാം
ഗേഹം സാമാനജാലമിവയെല്ലാം
നിർമ്മലതരമായ് വയ്പാൻ
നിന്മതി ജാഗർത്തിയാർന്നിരിക്കേണം. 10

നിസ്സാരതയുള്ളവയും
യാദൃച്ഛികസംഭവം കലർന്നവയും
അനിവാര്യങ്ങളുമായോ-
രാപത്തുകളിൽ ചലിക്കയരുതൊട്ടും. 11

അനിശമനർഹസുഖങ്ങളി-
ലനീഹ കൈക്കൊണ്ടു ധീരനായ് വാഴ്ക;
വിനയത്തിൽ സാക്രട്ടീ-
സ്സിനെയനുപദമനുകരിക്ക ശാന്തിയോടേ. 12

---

10. ഗേഹം = വീട്. ജാഗർത്തി = ഉണർച്ച (ശ്രദ്ധ).

12. അനീഹ = ആഗ്രഹമില്ലായ്ക.

ബഞ്ചമിൻഫ്രാങ്ക്ളിൻ എന്ന മഹാൻ, തന്റെ അറിവിനെ ആസ്പദമാക്കി, തനിക്കു് അനുദിവസം നോക്കി അനുഷ്ഠിക്കുന്നതിനായി ഒരു പ്രത്യേക പുസ്തകത്തിൽ കുറിച്ചുവച്ചിരുന്ന കൃത്യങ്ങളാണിവ.

## 13. ജ്ഞാനാഭിവൃദ്ധി

തെററായീടിന ബോധമേകി നരനെ-
ത്തെററിച്ചബദ്ധങ്ങളിൽ
പററിക്കും പല ദോഷസംഹതിയിൽവ-
ച്ചഗ്രേസരത്വത്തോടേ
ഏററം പ്രേരണശക്തിപൂണ്ട മതിവൈ-
കല്യത്തെ വേണ്ടുംവിധം
പോററീടുന്നതു മൂഢരിൽ സഹജമായ്
മേവുന്നഗർവ്വം ദൃഢം. 1

ഗർവ്വം, പ്രജ്ഞകടന്നിടാത്ത വിഷയേ
സാഹായകം മർത്ത്യനിൽ
ചെയ്യാനെത്തി, നിറഞ്ഞിടുന്നു ധിഷണാ
ശൂന്യസ്ഥലേ സാന്ദ്രമായ്;
ചൊവ്വാളുന്ന വിവേകവായുവൊരുനാ-
ളിക്കാറിനെത്തള്ളിടും
തവ്വിൽത്താൻ തടവെന്നിയേ തെളിവിലാ-
യീടുന്നു തദ്ഭാസ്വത്വം. 2

---

1. മതിവൈകല്യം = ബുദ്ധിയുടെ ന്യൂനത.

2. പ്രജ്ഞ = ഔചിത്യജ്ഞാനം. സഹായകം = സാഹായകർമ്മം; രക്ഷ എന്നർത്ഥം. ധിഷണ = ബുദ്ധി. ഇക്കാറ് = ഈ ഗർവ്വമാകുന്ന മേഘം.

ഞാനേററം ബഹുയോഗ്യനായ പുരുഷൻ-
താനെന്ന മാനത്തൊടേ
താനേതന്നെയഹോ! തെളിഞ്ഞയി സഖേ!
നീ വിശ്വസിച്ചീടൊലാ;
ന്യൂനത്വങ്ങളറിഞ്ഞിടുന്നതിനു തേ
മിത്രങ്ങളേയും രിപു-
സ്ഥാനം പൂണ്ട ജനങ്ങളേയുമുപയോ-
ഗിച്ചീടണം വേണ്ടപോൽ. 3

സ്വല്പം ഹന്ത! കുടിക്കുകിൽത്തലതിരി-
ഞ്ഞേറെ പ്രലാപങ്ങളെ-
ജ്ജല്പിക്കാനിടയാക്കിടുന്നു; വളരെ-
സ്സേവിച്ചുവെന്നാകിലോ
കെല്പോടൊത്തുളവായിടുന്നു ശമവും
പാരം സമാധാനവും
ചൊല്പൊങ്ങുന്നൊരു വിദ്യയായ മധുവിൻ-
മാഹാത്മ്യമത്യത്ഭുതം! 4

ചോരത്തള്ളൽ വളർന്ന യൗവനമിയ-
ന്നീടുന്ന നാം വാണിയാം
സാരസ്യത്തൊടു തന്നിടും പ്രഥമമാ-
യുള്ളോരു സന്ദർശനേ
പാരിക്കും ത്വരപൂണ്ടു ദിവ്യയവളെ
കെട്ടിപ്പുണർന്നീടുവാ-
നാരംഭിക്കുമതെത്രയും സുകരമാ-
ണെന്നുള്ള മോഹത്തൊടേ. 5

5. വല്ലതുമൊക്കെ പഠിക്കുമ്പോൾ വലിയ അറിവുകൾ എളുപ്പത്തിൽ ഗ്രഹിച്ചുകളയാം എന്നു മോഹിക്കുന്നു.

വിദ്യാസീമയടുക്കലൊലതിലണ-
ഞ്ഞീടാം ജവാലെന്നുക-
ണ്ടുള്ളൂൽകൗതുകമീവിധത്തിലതിനാ-
യുദ്യോഗമാന്നിടവേ,
ബുദ്ധിക്കില്ല വിശാലഭാവ,മതിനാൽ
നിസ്സാരമാമായതിൽ
സിദ്ധിക്കുന്നൊരു ദർശനങ്ങളധികം
ഹ്രസ്വങ്ങളായ്ത്തീന്നിട്ടും. 6

എത്തീടേണ്ടൊരു ദിക്കിനുള്ള വഴിതാൻ
ദൈർഘ്യം ഗ്രഹിക്കാതെക-
ണ്ടത്യുത്സാഹമൊട്ടും ഗമിക്കുമളവിൽ
ചെമ്മേയനന്തങ്ങളായ്
വത്തിച്ചീടിന ശാസ്ത്രസംഹതികൾതൻ-
ഭാഗങ്ങൾ നാം മേൽക്കുമേൽ
പുത്തൻ പുത്തനതായ് വിളങ്ങുവതുക-
ണ്ടത്യൽഭുതം പൂണ്ടിട്ടും. 7

ദൂരത്തിങ്കലിരുന്നുകൊണ്ടൊരു മഹാ-
ശൈലത്തെ നോക്കീടുകിൽ
ചാരത്തെത്തുവതെത്രയും സുകരമായ്-
ത്തോന്നും നമുക്കഞ്ജസാ;
പാരം കൗതുകവേഗമോടതിലണ-
ഞ്ഞീടാൻ നടന്നീടവേ
ദൂരംക്രുടിവരും ക്രമേണ പുനര-
ങ്ങെത്തുന്നു നാം സാനുവിൽ. 8

---

6. ആയതിൽ = ബുദ്ധിയിൽ.

വന്നേൻ സാനുവിലിങ്ങിനിശ്ശിഖരമേ-
റീടാം ജവാലെന്നുറ-
ച്ചന്നേറെക്കുതുകാൽ നടന്നതിനെഴും
മൂർദ്ധാവിലെത്തീടവേ
മുന്നംകണ്ടൊരു ശൈലമേററമകല-
ത്തായിട്ടതിന്നപ്പുറ-
ത്തുന്നമ്രം ബഹുശൃംഗരാശി ബത! ക-
ണ്ടേററം ഭ്രമിക്കുന്നു നാം. 9

ചാരുശ്രീയൊടു പാരമായി വിളയാ-
ടീടും മഹാസിന്ധുവിൻ-
തീരത്തിങ്കലിരുന്നു പാറകൾ പെറു-
ക്കിക്കൊണ്ടു കൊണ്ടാടിടും
ഓരാത്തുള്ളൊരു ബാലനാണു നിയതം
താനെന്നു വിദ്വച്ഛരടാ
ഹീരം ന്യൂട്ടനുരച്ച ചാരുതരമാം
ഗീരെത്ര സാരോത്തരം. 10

## 14. പത്മിനി

ചിററൂർ നരാധിപതിയായതിയായ കീത്തി-
പെററോരു ഭീംസിയുടെയുത്തമധമ്മപത്നി
കററക്കരിംകുഴലി പത്മിനിതൻെറവൃത്തം
ചെററിങ്ങു പദ്യമയമായുരചെയ്തിടുന്നേൻ. 1

ചൊല്ലാന്ന ദില്ലിയുടെ വല്ലഭനായിരുന്നോ-
രല്ലാവുദീനവഠംതനിക്കിയലും ഗുണങ്ങഠം
എല്ലാം ശ്രവിച്ചവളെ വല്ലഭയാക്കിവയ്പാ-
നപ്പാസമേററമകതാരിൽ വഹിച്ചു മുന്നം. 2

ഉദ്ദേശ്യമേവമിയലും ബലിയായ സുൽത്താ-
നദ്ദേശമാത്മബലമോടതിദീർഘകാലം
രോധിച്ചുവെങ്കിലുമഹോ! നിജവാഞ്ഛയേത്തും
സാധിച്ചിടാതെ പരമാകുലനായ്ചമഞ്ഞു. 3

ചേണാന്നറാണിയുടെയാനനപത്മമൊന്നു
കാണുന്നതിന്നനുവദിക്കുകിലിന്നിരോധം
ഞാനിക്ഷണം വിടുവനെന്നവനന്നു പാരം
മാനിച്ചു ഭീംസിയൊടു ദൂതമുഖേന ചൊന്നാൻ. 4

---

3. ആത്മബലം = തൻെറ സൈന്യം.

കണ്ണാടിയിൽ പ്രതിഫലിച്ച നിജാംഗനാസ്യം
കണ്ണിന്നു നൽകിടുവനെന്നരുൾചെയ്തു ഭീംസി;
എന്നാൽ നമുക്കു മതിയാമതുമെന്നുചൊല്ലി-
ച്ചെന്നാനകത്തു ചിലരൊത്തു രസേന സുൽത്താൻ. 5

അല്ലാവുദീൻ നിജവരൂഥിനി വിട്ടിവണ്ണം
ചെല്ലാന്തരച്ചതിലതീവ തെളിഞ്ഞു ഭീംസി
നല്ലാദരേണ മുകുരപ്രതിബിംബിതം തൻ-
നല്ലാരിൽമൗലിവദനം നലമോടു കാട്ടി. 6

വണ്ടാറണിക്കുഴലിതൻ മുഖചന്ദ്രകാന്തി
കണ്ടായവൻ കുതുകമോടു മടങ്ങിടുമ്പോൾ
ഉണ്ടായ മോദമൊടു ഭീംസിയുമൊട്ടുദൂരം
കൊണ്ടാടിയന്നരപതിക്കനുയാത്രചെയ്തു. 7

മുൻപായവൻ വെളിയിൽ നിർത്തിയിരുന്നതായ-
വൻപാർന്ന സൈന്യനിരതൻ നടുവിങ്കലേററം
ഇമ്പംകലർന്നവരണഞ്ഞളവത്ര ഭീംസി
കമ്പംവരുമ്പടിയുടൻ ബത! ബന്ദിയായി. 8

ഏകാം വധൂമണിയെയെങ്കിലുടൻ വിശങ്കം
പോകാം ഭവാനു സുഖമെന്നുരചെയ്തു നീചൻ;
ശോകാതിരേകമൊടിതാകെയറിഞ്ഞൊടുക്ക-
മാകാമതെന്നു നൃപവല്ലഭ സമ്മതിച്ചാൾ. 9

---

6. വരൂഥിനി = സൈന്യം.
8. ബന്ദി = തടവുകാരൻ.

എന്നാൽ നിജസ്ഥിതിയതിന്നനുരൂപമായി-
ട്ടന്നോരകമ്പടികളാലനുയാതയായി
വന്നീട്ടുവാനനുവദിക്കണമെന്നു ചൊന്നാ-
ളന്നീലനീരദലസന്നിബിരീസവേണി. 10

സന്തോഷപൂർവ്വമവനായതു സമ്മതിച്ചാ-
നന്തോളമേറിയവളും തരസാ തിരിച്ചാൾ;
എന്തോതിടാമവൾ കരുത്തെഴുന്നൂറു നല്ലോ-
രന്തോളമാണനുഗമിച്ചതതിപ്രഭാവം. 11

പാരം പ്രതാപവതിയാമൊരു റാണിയാൾതൻ-
ചാരത്തുവേണ്ട പരിചാരകവൃത്തിചെയ്വാൻ
നാരീസഹസ്രമൊരുമിച്ചമരുന്നതിങ്ക-
ലാരാണു സംശയലവം കരുതുന്നതുള്ളിൽ? 12

ഈവണ്ണമെത്തിയൊരു പത്മിനിയാൾക്കു തന്റെ
ജീവാധിനാഥനൊടു യാത്രയുരയ്പതിന്നായ്
കൈവന്ന നൽക്കരുണയാലതിഹൃഷ്ടനായ
ഭൂവിന്നധീശനൊരുനാഴികനേരമേകി. 13

എന്തായി നേരമിനിയും ബത! മത്സമീപ-
ത്തെന്താണു പത്മിനി വരാത്തതിവണ്ണമേററം
ചിന്താകുലതപമുളവായ് ക്ഷമവിട്ടു പാരം
സന്താപമോടഥ ഗമിച്ചു തിരഞ്ഞു സുൽത്താൻ. 14

---

10. അനുയാതാ = അനുഗമിക്കപ്പെട്ടവൾ. നീല.....വേണി = കാർമേഘംപോലെ ശോഭിക്കുന്ന തിങ്ങിയ കേശത്തോടുകൂടിയവൾ.

കാണായതില്ലവളെയെന്നതുമാത്രമല്ല
കാണായതില്ല നൃപനാകിയ ഭീംസിയേയും
ചേണാൎന്ന വാഹനമതിൽ കരയേറി വേഗാ-
ലേണാക്ഷിയാൾ വരനൊടൊത്തു ഗമിച്ചിരുന്നു. 15

എന്നല്ല നാരികൾ കരേറിയതായ്നിനച്ചോ
രാന്ദോളികാതതിയിൽനിന്നതിഘോരമപ്പോൾ
മിന്നീടുമായുധഗണങ്ങൾ ധരിച്ച സേനാ-
വൃന്ദങ്ങൾ ചാടി വടിവോടടലാടിടുന്നു. 16

ഉള്ളിൽക്കവിഞ്ഞകടുകോപമിയന്ന സുൽത്താൻ
കൊള്ളിച്ചവൎക്കു മൃതിയെങ്കിലുമാൎത്തഖേദം
പുള്ളിക്കുരങ്ഗമിഴിമാർമണിറാണിയിങ്ക-
ലുള്ളിൽ കനത്തബഹുമാനമഹോ! വഹിച്ചു. 17

ലോകാധിനാഥഹിതമാകിയ സൽപഥത്തി-
ലേകാന്തനിഷ്ഠയൊടുക്രടിനടക്കുവോരിൽ
രാകാധിനാഥരുചിമഞ്ജുളമായകീൎത്തി
ലോകാവസാനസമയംവരെ നില്ക്കുമല്ലോ. 18

---

18. രാകാ...മഞ്ജുളം = പൂൎണ്ണചന്ദ്രകാന്തിപോലെ മനോഹരം.

## 15. നാഴികമണി

ആഴികളുഴകൊട്ടുമൂഴമൊ-
ട്ടാഴികൾ മുഴുവൻപരന്ന വഴിപോലെ
നാഴികയറിയിച്ചീടും
നാഴികമണി! നിൻമഹത്വമതിചിത്രം. 1

താണാലനുപദമധികം
ചേണാൎന്നുയരാ;-മുയൎച്ച്യതിയാക്കി
വാണാൽ താഴ്ചയുമുണ്ടാം;
കാണാമിവ നിന്റെ സൂചിതൻഗതിയാൽ. 2

ആയുസ്സനുമാത്രം ബത!
പോയിസ്സഹസാ നശിക്കുമെന്നിഹ നീ
ഭൂയസ്സുതരാമുൽബണ-
മായിസ്സൂക്ഷ്മാശയൎക്കു ചൊല്ലുന്നു. 3

തെരുതെരെ ഓടും മാത്രക;-
ളരുതവ നിൎത്തിടുവാനൊരുത്തൎക്കും
കരുതിയതുത്സാഹത്തോടു
മരുവുകയെന്നോതിടുന്നു നീ നിയതം. 4

---

2. അനുപദം = ക്രമേണ.

3. അനുമാത്രം = മാത്ര (നിമേഷം) തോറും. ഭൂയഃ = പിന്നെയും. ഉൽബണം = സ്പഷ്ടം.

അന്തർബഹുവിധയന്ത്രം
ഹന്ത! വഹിക്കുന്നുവെന്നിരുന്നാലും
ചന്തമെഴുന്നൊരുമേനി നി-
രന്തരമായ് നീ ബഹിർവഹിക്കുന്നു. 5

പതിവായ് സംസ്കൃതിചെയ്യു-
ന്നതിലൊരുഭേദം ഭവിച്ചുവെന്നാകിൽ
ഗതിദോഷം വരുമുടനെ-
ന്നതിവിശദം നീ വിളിച്ചുചൊല്ലുന്നു. 6

തന്നുടെയംഗസ്ഥിതിയാൽ
ചെന്നുള്ളൊരു കാലമിത്രയെന്നു സദാ
ചൊന്നും ക്ഷണമനു നീ ഹൃദി
ചിന്നും ധ്വനിപൂണ്ടുമുല്ലസിക്കുന്നു. 7

ഏവൻ സൂക്ഷിച്ചിട്ടുമോ
കേവലമവനേകിടുന്നു നീ മോദം
ഏവം നരതനുസദൃശീ-
ഭാവം നലമൊടു നീ വഹിക്കുന്നു. 8

---

5 മുതൽ 8 വരെ ശ്ലോകങ്ങളിൽ ദേഹപരമായി ഒരർത്ഥംകൂടിയുണ്ട്. അന്തർ = അകത്തു്. ബഹിർ = പുറത്തു്. സംസ്കൃതിചെയ്ക = താക്കോൽ കൊടുക്കുക; സ്നാനാദിചെയ്ക എന്നും. മണി സൂചിയുടെ ഗതിയാൽ സമയം ഇത്രയായി എന്നറിയിക്കുന്നു. ദേഹം, തന്റെ അവയവങ്ങളുടെ അവസ്ഥാഭേദത്താൽ ബാല്യയൗവനാദികാലത്തെ അറിയിക്കുന്നു. ക്ഷണമനു = ക്ഷണംതോറും. ഹൃദി = അകത്തു്; ഹൃദയത്തിൽ എന്നും. നരതനുസദൃശീഭാവം = മനുഷ്യദേഹത്തോടുള്ള തുല്യത.

സമയത്തിൻവിലയറിയും
സമസുമതിജനങ്ങളും സമോദരം
സമലംകൃതമാം നിന്നെ-
സ്സമമായ് വക്ഷസ്സടത്തിലണിയുന്നു. 9

അടിയളവാദികളാം നട-
വടികളിൽ വിരളത്വമനന്വഹം ചേർത്തും
വടിവുകൾ പലതാന്റും നീ
ചൊടിയൊടു നടമാടിടുന്നു നാടെങ്ങും. 10

പ്രത്യക്ഷപരോക്ഷങ്ങളിൽ
നിത്യം നിർഭേദമായ രവമോടേ
സ്തുത്യം വൃത്തമെഴും നീ
അത്യന്തോൽകൃഷ്ടമായ മിത്രംതാൻ. 11

എന്നും സംഖ്യാവത്ത്വമി-
യന്നു പരം ലബ്ധവർണ്ണഭാവമൊടേ
മിന്നും സഭ്യതയാന്റൊരു
നിന്നുടെ ഭജനത്തിലാരുവാൻ വിമുഖൻ? 12

---

9. സമ...ളും = എല്ലാ ബുദ്ധിമാന്മാരും. സമമായ് = ഒരുപോലെ.

10. വിരളത്വം = കുറവ്.

11. പ്രത്യക്ഷ...രവമോടേ = മണി പ്രത്യക്ഷത്തിലും മറവിലും ഒരുപോലെ ശബ്ദിക്കുന്നു. ബന്ധുവും അതുപോലെ സംസാരിക്കുന്നു. പ്രത്യക്ഷത്തിൽ സ്തുതിച്ചും മറവിൽ ദൂഷിച്ചും പറയുന്നവൻ ബന്ധുവല്ലല്ലോ. വൃത്തം = ആചാരം; വൃത്താകാരം എന്നും.

12. സംഖ്യാവത്ത്വം = സംഖ്യയോടുകൂടിയിരിക്ക. സംഖ്യ = പര്യാലോചന; എണ്ണം എന്നും. ലബ്ധവർണ്ണഭാവം = വൈദുഷ്യം; വർണ്ണത്തോടുകൂടിയിരിക്ക എന്നും. സഭ്യത = സഭായോഗ്യത.

## 16. പ്രസൂനസംവാദം

തണ്ടാരും പനിനീർപ്പൂവും
തമ്മിലീഷ്യയൊടേകദാ
ഉണ്ടായുള്ളൊരു സംവാദ-
മുരുമോദാലുരച്ചിടാം.

ശ്രീവിങ്ങിടുന്നോരഴകെത്രയുമാഭിജാത്യ-
മീവൻഗുണങ്ങൾ വിലസുന്നതുകൊണ്ടു നിത്യം
പൂവിൻെറവംശമതിലിന്നധിരാജനായി
മേവുന്നു ഞാനതിനു സംശയമില്ല തെല്ലും. 1

എന്നോടുതുല്യമഴകില്ല സഖേ! നിനക്കി-
ങ്ങെന്നല്ല പാക്കിൽ നഹി ജാതിവലിപ്പവും തേ;
ചിന്നുന്നഗവ്മൊടിവണ്ണമഹോ! ഞെളിഞ്ഞാൽ
മന്നിങ്കലുള്ള ജനമൊക്കെ ഹസിക്കുമല്ലോ. 2

ശ്രീകാളിദാസമുഖരാം കവികൾക്കു പണ്ടേ-
യേകാന്തബന്ധുതകലൎന്നു വസിക്കുമീഞാൻ
മാഴ്കാതെയിക്കുസുമരാജ്യമതിൻെറ നല്ലോ-
രേകാധിപത്യമൊടു വാഴ്വതു യുക്തമല്ലോ. 3

ഷേക്സ്പീയരാദികവിമൗലികൾ പണ്ടുപണ്ടേ
വായ്ക്കുന്നൊരെന്നുടയ വണ്ണഗുണത്തെയത്രേ
നീക്കംവെടിഞ്ഞധികമായ് സ്തുതിചെയ്തതെന്നു
കേൾക്കുന്നതിന്നിഹ നിനക്കിടയായതില്ലേ? 4

ഇക്കണ്ടലോകമഖിലം ബത! സൃഷ്ടിചെയ്തു
ചൊൽക്കൊണ്ടിടുന്നവിധിയെന്നുടെ പുത്രനല്ലോ;
ഇക്കാര്യമൊന്നു നിരൂപിക്കുകിലെൻമഹത്വ-
മെക്കാലവും കുറയുകില്ലതിനില്ല വാദം. 5

സൃഷ്ടിപ്പതിന്നു വിധിതന്നെ രജോഗുണത്താൽ
സൃഷ്ടിച്ച വിഷ്ണുവിതിലെന്തു ഭവാന്നു ബന്ധം;
പിട്ടേവമെന്തിനരുളുന്നു? നിനക്കു രാജ്യം
കിട്ടേണ്ടതിന്നു വഴിയില്ല, വിവാദമില്ല. 6

കഷ്ടം! ഭവാന്റെമൊഴി;-യെങ്കിലുമെന്നു ചൊല്ലാം
പുഷ്ടപ്രഭാവമെഴുമെന്നുടെ കാന്തികണ്ടാൽ
ശിഷ്ടർക്കു നല്ല ബഹുമാനവുമുള്ളിലേററം
തുഷ്ടിപ്രസാദവുമുദാരമുദിക്കുമല്ലോ. 7

പൂവിന്നു വേണ്ട ഗുണമത്രമനോഹരത്വം
താവുന്ന നല്ലമണമെന്നതു സിദ്ധമത്രേ;
ആ വൻഗുണം കരുതിടുമ്പൊഴുതെന്നൊടൊപ്പ-
മാവുന്നതെങ്ങനെ ഭവാനയി സാധുബുദ്ധേ! 8

കൊള്ളാമെടോ തവ മണം തവ പാർപ്പിടത്തി-
ന്നുള്ളിൽ കടന്നിടണമെങ്കിലഹോ! ജനങ്ങൾ
മുള്ളെത്രകൊള്ളണമതോർക്കുകിൽ വേണ്ടയെന്നു
തള്ളീടുമാരുമയി തേ മണമൊക്കെ നൂനം. 9

വെള്ളത്തിനുള്ളിൽ മരുവുന്നതിനാൽ നിനക്കു
മുള്ളുള്ളവാർത്തയറിയുന്നവരില്ലയെന്നോ?
മുള്ളുള്ളനിന്നരികിലെത്തിടുവാൻ തുനിഞ്ഞാൽ
വെള്ളത്തിൽവീണു മൃതിയും നിയതം ഭവിക്കും. 10

ധാരാളമുള്ള മമ ശുദ്ധി നിനച്ചു ഭക്ത-
ന്മാരായിടുന്ന ജനമന്വഹമാർത്തമോദം
പേരാർന്നോരെന്നെ നലമേറിനമാലയാക്കി-
പ്പാരാളുമീശ്വരനു ചാർത്തിവരുന്നതില്ലേ. 11

തള്ളിച്ചയുള്ളവരെയാശു വരിഞ്ഞുകെട്ടി-
ക്കൊള്ളിച്ചിടുന്നതുചിതം വലിയോർക്കുമുമ്പിൽ;
ഉള്ളത്തിലോർക്കുക, മഹാജനമെന്നെ മൗലി-
ക്കുള്ളിൽ തരത്തിലണിയുന്നിതമന്ദമോദം. 12

അൻപാർന്നൊരിക്കൽ വിലസീടുകിലന്നു നിന്റെ
വൻപാകവേ തളരുമാശു നശിച്ചിടും നീ;
ഇമ്പംകലർന്നു വിലസീട്ടലസാതെ ഞാനോ
കൂമ്പുന്നു വീണ്ടുമതുപോൽ പലനാൾ വസിക്കും. 13

ശീലം സദാ ചപലമായ ജനങ്ങളേറെ-
ക്കാലം വസിക്കുകിലുമായതു നിന്ദ്യമത്രേ;
ശീലത്തിൽ നിശ്ചലതയുള്ളവരല്പമാത്രം
കാലം വസിക്കിലുമതാണഭിവന്ദനീയം. 14

പാലാഴിതന്നിലമരും ജഗദീശനേററം
ലീലാരസം കരുതിയെന്നെയമന്ദശോഭം
ചേലാൎന്ന പാണിയതിൽവച്ചലമോമനിച്ചെൻ-
ശ്രീലാളനേ കുതുകിയായ് മരുവുന്നുവല്ലോ. 15

കെങ്കേമമെന്നു വെറുതെ കരുതേണ്ട തെല്ലും;
നിൻകേളിയൊക്കെ വഴിപോലറിയുന്നു ഞാനും;
പങ്കേജനിച്ചതുനിമിത്തമഹോ നിനക്കു
പങ്കേരുഹാഖ്യ ജനമിങ്ങരുളുന്നതില്ലേ? 16

ഉണ്ടായിടുന്നു വലുതായ ഗുണങ്ങളെന്നാ-
ലുണ്ടായടിക്കു തിരയുന്നതയുക്തമത്രേ;
ഉണ്ടായി ധീവരമഹേളയിലെന്നമൂല-
മുണ്ടായിതോ മറപകുത്ത മുനിക്കു ദോഷം? 17

എന്നാകിലും നിയതകാരണധൎമ്മമോൎത്താൽ
നന്നായിനില്ക്കുമിഹ കാൎയ്യമതിങ്കൽ നൂനം
മന്നിൽ ജലാശയസമുത്ഭവനാം നിനക്കു
ചിന്നുന്ന നീചഗതിയെങ്ങനെ വിട്ടുമാറും? 18

---

15. ശ്രീലാളനേ = ശോഭയെ ലാളിക്കുന്നതിൽ.

17. ധീവരമഹേള = മുക്കുവത്തി.

18. ജലാശയസമുത്ഭവൻ = മൂഢാശയനിൽനിന്നുജനിച്ചവൻ; പൊയ്കയിൽനിന്നുണ്ടായവനെന്നും.

ലോകാവലിക്കൊരു വിളക്കിനുതുല്യമായി-
ട്ടാകാശദേശമതിൽ വാണരുളുന്ന സൂര്യ്യൻ
ഏകാന്തമാം പ്രണയമാർന്നൊരു ബന്ധുവായി-
ട്ടേകുന്നു സാദരമെനിക്കു കരത്തെ നിത്യം. 19

ചെന്താർശരാരിഭഗവാന്റെ ശിരസ്സിലേറി-
ച്ചന്തംകലർന്നു മരുവും ശശി വൈരമോടെ
അന്തിക്കണഞ്ഞു സുതരാം കരതാഡനത്താൽ
സന്താപമങ്ങരുളിടുന്നതുമോർക്കണം നീ. 20

ഭേഷായിതേഷണിയവന്നു ഭയംവരുമ്പോൾ
ദോഷാഗമം കരുതി ഞാനിഹ കണ്ണടയ്പൂ;
ദോഷാകരൻ ജഡനകത്തുകളങ്കമുള്ളോൻ
തോഷാലുദിപ്പതു ജഗത്തിനു ദോഷമല്ലോ. 21

ആമോദമേററമരുളുന്ന മദീയമായോ-
രാമോദമുള്ള ഹിമവാരിയണിഞ്ഞു മെയ്യിൽ
കാമം നിജം സഫലമെന്നു തെളിഞ്ഞു ലോക-
സ്തോമം നിരന്തരസുഖം കലരുന്നുവല്ലോ. 22

---

19 കരം = കപ്പം, കൈ എന്നുമാം, രശ്മി എന്നും.

21. ദോഷാഗമം = ദോഷങ്ങളുടെ വരവു്; രാത്രിയുടെ വരവെന്നും. ദോഷാകരൻ = അധികം ദോഷങ്ങളുള്ളവൻ; ചന്ദ്രൻ എന്നും.

22. ആമോദം = സന്തോഷം. ആമോദം = സൗരഭ്യം. ഹിമവാരി = പനിനീർ.

ഇല്ലാതെയാക്കിയിഹ ചൂടു, തണുപ്പു ദേഹ-
ത്തെല്ലാടവും സപദി ചേർത്തു, മനസ്സിൽ മോഹം
വല്ലാതെ നൽകിടുമൊരപ്പനിനീരതിങ്ക-
ലുല്ലാസമുള്ളവരഹോ! ബഹുയോഗ്യരത്രേ! 23

നല്ലർത്ഥമുള്ളൊരു പദത്തെയെടുത്തതിങ്കൽ
പൊല്ലാത്തൊരർത്ഥമുളവാക്കി ഹസിപ്പതേതും
കല്യത്വമല്ലുചിതമാം പൊരുളോർത്തുകണ്ടാൽ
തുല്യത്വമില്ല ദൃഢമെന്നൊടു തേ ഗുണത്തിൽ. 24

ശ്രീവാസുദേവനുടെ നാഭിയിലുത്ഭവിച്ചോ-
രീവാരിജത്തിനു ദൃഢം സുമരാജഭാവം;
നീ വാശിയെന്തിനു പിടിച്ചുഴലുന്നിവണ്ണം?
ദേവാംശസംഭവതയാണിഹ രാജചിഹ്നം. 25

---

23. പനിനീർ എന്നതിന് പനിയോടുകൂടിയുള്ള നീരെന്നും അർത്ഥം ഉണ്ട്. വിശേഷണങ്ങളെ രണ്ടിലും യോജിപ്പിച്ചുകൊള്ളുക.

## 17. ഗുരുഭക്തി

ഉണ്ടായി പണ്ടു മനുവിൻെറ കുലത്തിലാരും
കൊണ്ടാടിടുന്ന ഗുണമുള്ള ദിലീപഭൂപൻ;
തണ്ടാർദളേക്ഷണ സുദക്ഷിണയെന്നു പേരാം
വണ്ടാർതൊഴുംകുഴലിയാളെയവൻ വരിച്ചു. 1

കാലോചിതം സുതജനുസ്സു ഭവിച്ചിടാഞ്ഞി-
ട്ടാലോലനാം നൃപതി കാന്തയൊടേ തിരിച്ചു,
മാലേവമറ്റകലുന്നതിനുള്ള മാർഗ്ഗം
ചാലേ വസിഷ്ഠമുനിയോടനുയുക്തവാനായ്. 2

"മുന്നം ഭവാൻ ദിവി ഗമിച്ചമരേന്ദ്രനെക്ക-
ണ്ടുന്നതവേഗമിവിടേക്കു മടങ്ങിടുമ്പോൾ
ധന്യാംഗിയാം സുരഭിയാൾ സുരവൃക്ഷമൂലം-
തന്നിൽ ശയിച്ചു പഥി; നീയതു കണ്ടതില്ല. 3

"സൽക്കാരമെന്നിലരുളാതെ ഗമിക്കമൂലം
മൽക്കാത്മജാതയുടെ സേവനടത്തിടാതെ
എക്കാലവും പ്രജ ഭവാനു ലഭിക്കയില്ലെ"-
ന്നക്കാമധേനുവതികോപമൊടേ ശപിച്ചാൾ. 4

---

2. ജനുസ്സ് = ജനനം. അനുയുക്തവാനായ് = ചോദിച്ചു.

4. മൽക്കാത്മജാത = എൻെറ മകൾ.

ശാപംനിമിത്തമുളവായിവളൎന്നതാമി-
ത്താപം നശിപ്പതിന്നു തൽസുതയെസ്സഭക്ത്യാ
നീ പത്നിയോടു വഴിപോലെ ഭജിക്ക”യെന്നു
ഭൂപാലനോടു ഗുരുനായകനന്നുചൊന്നാൻ. 5

മുന്നേ മുനീന്ദ്രനിലയത്തിൽ മുദാ വസിച്ചി-
ട്ടുന്നോരു നന്ദിനി സുരാലയധേനുപുത്രി
അന്നേരമമ്മുനികുലാധിപസന്നികൃഷ്ടേ
വന്നീടിനാൾ തളിർതൊഴുംമൃദുമേനിയോടേ. 6

കല്യാണിയാകുമിവൾ സമ്പ്രതിവന്നതോൎത്താൽ
കല്യാണസൂചക;-മതിന്നൊരുവാദമില്ല;
തുല്യാത്മഭക്തിയൊടു നിങ്ങൾ ഭജിച്ചിടേണം
കല്യാത്മികയ്ക്കു ഹൃദി മോദമുദിക്കുവോളം.” 7

ഏവം വസിഷ്ഠമൊഴികേട്ടു നരാധിനാഥൻ
ഭാവംതെളിഞ്ഞു നിജപത്നിയൊടാശ്രമത്തിൽ
രാവങ്ങുപോക്കിയുദയത്തിലെണീറ്റു കാട്ടിൽ
പോവുന്നതിന്നു വിധിപോലെയൊരുങ്ങി വേഗാൽ. 8

ചാലേ സുദക്ഷിണ നറുംമലർമാല്യവും ന-
ന്മാലേയവും വിനയമോടണിയിച്ചശേഷം
പാലേകി വത്സനെ നിറുത്തി നൃപാനുയാന-
ത്താലേ തെളിഞ്ഞവൾ വനത്തിന്നു യാത്രയായി. 9

---

6. സന്നികൃഷ്ടേ = അടുക്കൽ.

പുത്തൻതൃണങ്ങളെയറുത്തുകൊടുത്തുമൻപോ-
ടെത്തുന്നദംശനികരത്തെയുടൻ തടുത്തും
ഉൾത്തൂർന്നഭക്തിയൊടു വേണ്ടവിധം ചൊറിഞ്ഞും
പൃത്ഥ്വീശനേകനവൾതൻപിറകേ നടന്നാൻ. 10

നില്ക്കുമ്പോൾ നില്ക്കുക നടക്കെ നടന്നിടുമ്പോ-
ളുൾക്കൊൾക വെള്ളമവളത്ര കുടിച്ചിടുമ്പോൾ
ചൊൽക്കൊണ്ട ഭൂപതിവരൻ നിഴൽപോലിവണ്ണ-
മക്കാമധേനുസുതയാളെയനുവ്രജിച്ചു. 11

അന്തിക്കു ചെന്തളിർനിറത്തിനെഴുന്ന ചന്തം-
ചിന്തുന്ന സൂര്യരുചിയും മുനിധേനുതാനും
ആശാവകാശനിരയാത്മസമാഗമത്താൽ
സംശുദ്ധമാക്കി നിലയാപ്തിയതിന്നൊരുങ്ങി. 12

ആപീനഭാരമതിനാലവളും വപുസ്സിൽ
ചേർന്നുള്ള ഗൌരവവശാൽ നൃപമൌലിതാനും
മന്ദത്വമാർന്നൊരു മനോജ്ഞഗതങ്ങളെക്കൊ-
ണ്ടന്നത്തപോവനപഥത്തെയലങ്കരിച്ചു. 13

---

10. ദംശനികരം = കാട്ടീച്ചകളുടെ കൂട്ടം.

12. ആശാവകാശനിര = ആശാവകാശങ്ങളുടെ നിര ആശാവകാശങ്ങൾ = ദിക്കുകളുടെ ഇടകൾ. നിലയാപ്തി = നിലയത്തെ പ്രാപിക്കുക. നിലയം = അസ്തമയം (വാസസ്ഥാനമെന്നും.)

13. ആപീനം = അകിട്.

കാട്ടിങ്കൽനിന്നു പശുവിൻപിറകേവരുന്ന
രാട്ടിൻെറമേനിയെ വധൂമണി, പക്ഷ്മപങ്ക്തി
ക്കൂട്ടാതെ പട്ടിണികിടന്നവയെന്നു തോന്നും-
മട്ടാൎന്നകൺമുനകൾകൊണ്ടു സമാസ്വദിച്ചാൾ. 14

ചേണാൎന്നു ഹസ്തമതിലക്ഷതപാത്രമേന്തി-
യേണാക്ഷി ധേനുവിനെയാശു വലത്തുവച്ചു,
വന്ദിച്ചു കാമിതഫലത്തിനു വാതിലെന്നു
തോന്നുന്നശൃംഗയുഗളാന്തരമൎച്ചചെയ്താൾ. 15

പാലാത്മജന്നരുളുവാനതിലോലയാണെ-
ന്നാലും ഗ്രഹിച്ചിതവൾ പൂജയെയെന്നുകണ്ടു
പാരംതെളിഞ്ഞിതവരന്നു; മഹൽപ്രസാദം
ദൂരത്തിലല്ല ഫലമെന്നരുളുന്നുവല്ലോ. 16

വന്ദിച്ചു ദാരയുതനാംഗുരുവിൻപദങ്ങൾ
നന്ദിച്ചു സാന്ധ്യവിധിയും നിറവേററി മന്നൻ
ദോഹം കഴിഞ്ഞഥ കിടന്നൊരു ധേനുവിൻെറ
സേവയ്ക്കുതന്നെ വഴിപോലെയൊരുങ്ങി വീണ്ടും. 17

പാരംതെളിഞ്ഞു ബലിദീപമതിന്നടുക്കൽ
സ്വൈരംകിടന്നൊരവൾതന്നരികേ നരേന്ദ്രൻ
ദാരങ്ങളോടുടനിരുന്നവൾ സുപ്തയായ
നേരത്തുറങ്ങി-യെഴുനേററതുപോതെണീററാൻ. 18

---

15. അക്ഷതപാത്രം = അക്ഷതങ്ങളുടെ പാത്രം. അക്ഷതങ്ങൾ = ഒരുമിച്ചുചേൎത്ത നെല്ലും ഉണക്കലരിയും.
16. മഹൽപ്രസാദം = മഹത്തുക്കളുടെ പ്രസാദം.
17. ദാരയുതൻ = ഭാൎയ്യാസഹിതൻ. ദോഹം = കറവു്.
18. ബലിദീപം = ബലിക്കു് (പൂജയ്ക്കു്) ഉള്ള വിളക്കു്.

മൂവേഴുനാളിതി കഴിഞ്ഞു നരാധിപന്റെ
ഭാവംഗ്രഹിപ്പതിന്നു ധേനുവട്ടത്തനാളിൽ
അല്ലേതരാശയൊടു ഗംഗയതിൻസമീപേ
നൽപ്പുല്ലെഴുന്ന ഹിമവൽഗുഹയിൽ ഗമിച്ചാൾ. 19

ഉള്ളാലുമായവളെ ഹിംസ്രമൃഗങ്ങൾ ബാധി-
ക്കില്ലെന്നതോർത്തു നരപാലകനദ്രിതന്റെ
കല്യാഭനോക്കിയിഹ നില്ക്കെയൊരുഗ്രസിംഹം
കല്യാണിയായ പശുവിന്റെ പുറത്തു ചാടി. 20

ധന്യാംഗിനന്ദിനി കരഞ്ഞ കരച്ചിലപ്പോൾ
ചെന്നഗ്ഗുഹാപ്രതിരവത്തൊടു ചേർന്നുനീണ്ടു
മന്നന്റെ കൺമുനകളെക്കടിഞാൺപിടിച്ചി-
ട്ടെന്നോണമഗ്ഗിരിയിൽനിന്നു മടങ്ങി ശീഘ്രം. 21

ചെങ്കല്ലിയന്ന മലതന്റെ മുകൾപ്പരപ്പിൽ
തങ്കുന്നൊരുല്ലസിതലോദ്ധ്രമഹീരുഹംപോൽ
ധാനുഷ്കനാംനൃപതി പാടലയായ ഗോവിൽ
മാനംകലർന്നു ഹരി വാഴ്വതു കണ്ടിതഗ്രേ. 22

പെട്ടെന്നു തൂണിയിലെഴും കണതൻചുവട്ടിൽ
തൊട്ടുള്ളഭൂപനുടെ ദക്ഷിണമായപാണി
ചിത്രം വരച്ചതുകണക്കൊരിളക്കമെന്യേ
തത്രൈവ ഹന്ത! ജഡമായഥ നിന്നുപോയി. 23

---

20. കല്യാഭ = മനോഹരമായ ശോഭ.

22. ഉല്ലസിതലോദ്ധ്രമഹീരുഹം = പൂത്ത പാച്ചോററിമരം.

സ്തംഭത്തിനാലരിയ കോപമിയന്ന ഭൂപൻ
മന്ത്രൗഷധപ്രതിഹതൻ ഫണിയെന്നപോലെ
തൻമുമ്പിൽമേവുമപരാധിയിലേററിടാത്ത
തേജസ്സിനാലതിതരാമിഹ ദശ്ഥനായി. 24

അക്കേസരിപ്രവരനും നിജവൃത്തിയോത്തി-
ട്ടുൾക്കാമ്പിലത്ഭുതമിയന്ന നൃപനു വീണ്ടും
ഉൽക്രൂലമത്ഭുതരസം വളരുംവിധത്തി-
ലുൽകൃഷ്ടമാനുഷവചസ്സിലിവണ്ണമോതി: 25

"ആയാസമെന്തിനു ഭവാൻ തുടരുന്നു? ശസ്ത്ര-
മീയെൻകൽ വിട്ടിടുകിലും വിഫലീഭവിക്കും;
സാലങ്ങളെപ്പിഴുതിടും പവനൻെറ ശക്തി
ശൈലാധിപങ്കലണുവും പ്രസരിപ്പതുണ്ടോ? 26

ജംഭാരിതുല്യ! നിശമിക്ക നികുംഭതുല്യൻ
കുംഭോദരാഹ്വയനഹം ഗിരിശൻെറ ഭൃത്യൻ;
വൻപേറിടുന്ന വൃഷരാജനിലേറിടുമ്പോ-
ളൻപോടവൻ പദമണയ്ക്കുവതെങ്കലത്രേ. 27

അദ്ദേവനാത്മജസമം കരുതുന്നതത്രേ-
യിദ്ദേവതാരുതരുതല്ലജമത്ര കാൺക
ചെമ്പൊൻഘടസ്തനവിനിസ്സൃതമാം പയസ്സാ-
ലൻപിൽ ഗിരീന്ദ്രജ വളർത്തിയതാണിതോർക്ക 28

---

28. തരുതല്ലജം = ശ്രേഷ്ഠമായ വൃക്ഷം. ചെമ്പൊൻഘടസ്തനവിനിസ്സൃതം = സ്വർണ്ണക്കുടങ്ങളാകുന്ന സ്തനങ്ങളിൽ നിന്നു വിനിസ്സരിച്ചതു്. വിനിസ്സരിക്ക = പ്രവഹിക്ക. പയസ്സ് = ജലം. സ്വർണ്ണക്കുടങ്ങളിൽ

അന്നാളൊരിക്കലൊരു വന്യമതംഗജേന്ദ്രൻ
ഗണ്ഡം ചൊറിഞ്ഞിതിനെഴുംതൊലിയെച്ചതച്ചു;
സ്സന്ദൻ പുരാ ധനഞ്ജസായകമേററകാല-
ത്തെന്നോണമഗ്ഗിരിജയാളതുകണ്ടു കേണാൾ. 29

അന്നാൾതുടങ്ങിയൊരു കേസരിയാക്കിയെന്നെ-
ച്ചന്ദ്രാർദ്ധമൗലിഭഗവാനിവിടത്തിലാക്കി
വന്നെത്തിടും മൃഗഗണത്തെയശിച്ചുകൊണ്ടു
വന്യദ്വിപങ്ങളണയാതിതു കാത്തുകൊൾവാൻ. 30

ഇന്നേരമിഗ്ഗുഹയിലിപ്പശു വന്നതോർത്താൽ
ചന്ദ്രാവതംസനുടെ കല്പനകൊണ്ടു നൂനം;
നന്നായ്‌വിശന്നു വലയുന്നൊരെനിക്കു ഭാഗ്യാൽ
വന്നുള്ളൊരീരുധിരപാരണ പോരുമേററം. 31

നാണിച്ചിടാതെയിനി നീ നടകൊൾക വേഗാൽ;
കാണിച്ചു നീ ഗുരുവിലുള്ളതിഭക്തി കാമം;
പാലിച്ചിടേണ്ടതു നിജായുധരക്ഷ്യമല്ലാ-
തായിച്ചമഞ്ഞിടുകിലായതകീർത്തിയാമോ?" 32

ഗംഭീരനായ ഹരിതന്നുടെ ഹാസ്യമാന്ന
സംഭാഷണത്തെ നിശമിച്ചു മഹീമഹേന്ദ്രൻ
ശംഭുപ്രഭാവമതിനാലുളവായൊരാത്മ-
സ്തംഭംഗ്രഹിച്ചു മതിമാൻ ചെറുതാശ്വസിച്ചു. 33

---

നിന്നു പുറപ്പെട്ടതു് എന്നും, പയസ്സ് പാലു് എന്നുംകൂടി അർത്ഥം ഗ്രഹിക്കണം.

30. ദ്വിപം = ആന.

32. കാമം = വേണ്ടുവണ്ണം. അകീർത്തി = ദുഷ്കീർത്തി.

രുദ്രന്റെനേർക്കു കുലിശത്തെ വിടാനൊരുങ്ങി-
ത്തദ്ദൃഷ്ടിയേററു ജഡനായ വലാരിപോലെ
അസ്ത്രപ്രയോഗമതിലാദ്യമുദിച്ചഭംഗേ
വ്യർത്ഥപ്രയത്നനവനുത്തരമേവമോതി: 34

"നിശ്ചേഷ്ടനായ പുരുഷന്റെ വചോവിലാസം
നിശ്ചേയമാണു പരിഹാസ്യമിതെന്നു പാർത്താൽ
എന്നാകിലും സകലജന്തുമനോരഥത്തെ
നന്നായ്ഗ്രഹിപ്പൊരു ഭവാനൊട്ടു ചൊൽവനല്പം. 35

സർഗ്ഗസ്ഥിതിപ്രളയവൃത്തിനടത്തിടുന്ന
ഭർഗ്ഗാഖ്യനായ ഭഗവാൻ മമ മാന്യനത്രേ!
അത്രാഹിതാഗ്നി ഗുരുവിൻപശുവിന്നു ഹാനി-
യെത്തുന്നതിങ്ങസഹനീയവുമാണു നൂനം. 36

എൻദേഹമിന്നയി ഭവാനതിനാൽ ഭുജിച്ചു
സന്തോഷമാർന്നു നിജവൃത്തി നടത്തിയാലും;
അന്തിക്കു കാണുമതിനു വാഞ്ഛ വളർന്നു വത്സൻ
ചിന്തിക്കുമിസ്സുരഭിപുത്രിയെ വിട്ടിടേണം." 37

---

34. ഇന്ദ്രൻ ഒരിക്കൽ ശിവന്റെനേരേ വജ്രം പ്രയോഗിക്കാൻ തുടങ്ങി എന്നും ആ സമയം ശിവൻ വജ്രസഹിതമായ ഇന്ദ്രപാണിയുടെ നേരേ ഒന്നു നോക്കി എന്നും ഉടൻ ആ പാണി സ്തംഭിച്ചുപോയെന്നും പുരാണപ്രസിദ്ധം.

35. നിശ്ചേയം = നിശ്ചയിക്കത്തക്കതു്.

36. ആഹിതാഗ്നി = ആഹിതനായിരിക്കുന്ന അഗ്നിയോടുകൂടിയവൻ. ആഹിതൻ = ആധാനംചെയ്യപ്പെട്ടവൻ. ആധാനംചെയ്ക = വിധിച്ചവണ്ണം ഇടുക.

എന്നീവിധം നൃപതിവാക്കുകൾ കേട്ടു സിംഹം
മന്ദം ഹസിച്ചു നിജദംഷ്ട്രകൾതൻ മഹസ്സാൽ
കുന്നിൻഗുഹാന്തരതമസ്സുകളെ ക്ഷണത്തിൽ
ഛിന്നങ്ങളാക്കി നൃപനോട്ടരചെയ്തു വീണ്ടും: 38

"ലോകൈകനായകതയും നവമാം വയസ്സും
ലോകൈകസുന്ദരതയാർന്നിട്ടുമീ വപുസ്സും
നിസ്സാരവസ്തുവിനുവേണ്ടി വെടിഞ്ഞിടാനാ-
യുത്സാഹവാൻ ബത! ഭവാനവിവേകവാൻതാൻ. 39

ഭൂതാനുകമ്പ വളരുന്ന ഭവാനിലെന്നാ-
ലോതാം, തദീയമൃതിയിങ്കലിവൾക്കുമാത്രം
ജീവിച്ചിടാ,മഥ ഭവാനിഹ നാടുവാണാൽ
പാലിച്ചിടും ബഹുജനങ്ങളെയത്തൽപോക്കി. 40

ഇദ്ധേനുവിൻമൃതിയിലഗ്നിസമാനനായോ-
രദ്ദേശികന്നരിയകോപമുദിക്കുമെങ്കിൽ
പൃഥ്വീശനാകിയ നിനക്കൊരു നൂറുലക്ഷം
ധേനുക്കളെപ്പകരമേകുക സാദ്ധ്യമല്ലോ. 41

ഇത്ഥം നിനച്ചു പല മംഗലജാലഭോഗം
തരുന്ന നൽത്തനുവിനെപ്പരിരക്ഷചെയ്തു;
പൃഥ്വീതലസ്ഥിതിയെമാത്രമൊഴിച്ചുപാർത്താൽ
വദ്ധിച്ച രാജ്യമിതുകേൾ പദമൈന്ദ്രമല്ലോ." 42

---

40. ഭൂതാനുകമ്പ = ജീവകാരുണ്യം.

42. മംഗലജാലഭോഗം = ശുഭപരമ്പരകളുടെ അനുഭവം. ഐന്ദ്രം = ഇന്ദ്രനെ സംബന്ധിച്ചതു്. പദം = സ്ഥാനം.

എന്നേവമോതി മൃഗരാജനടങ്ങിയപ്പോൾ
നന്നായ് മുഴങ്ങിയൊരു മാറ്റൊലിയോൎത്തുകണ്ടാൽ
നന്ദിച്ചപാരമചലേന്ദ്രനമപ്രകാരം
ചൊന്നീടിനാനവനിപാലനൊടെന്നുതോന്നും. 43

സിംഹം സ്വപൃഷ്ഠമതിലേറിയിരിക്കമൂലം
കാതൎയ്യമാൎന്ന മിഴികൊണ്ടവളത്തലോടേ
നോക്കുന്നതോൎത്തു കരുണാകുലനായ ഭൂപൻ
വീണ്ടും മഹേശനുടെ കിങ്കരനോടു ചൊന്നാൻ: 44

"ആപത്തിൽനിന്നു പരിപാലനമാചരിപ്പോൻ
ക്ഷത്രാഖ്യനെന്നു ഭുവനത്തിലതിപ്രസിദ്ധം;
ആ വൃത്തിവിട്ടവനഹോ! ബഹുനിന്ദ്യമായ
ജീവിച്ചിരിപ്പുമിഹ രാജ്യവുമെന്തിനോൎത്താൽ? 45

മറ്റുള്ളഗോക്കളെ മുനീന്ദ്രനു നൽകിയാലും
പറ്റുന്നതല്ലനുനയം ദൃഢമായവങ്കൽ;
അക്കാമധേനുസമയാണിവൾ; ശംഭുവിന്റെ
ശക്ത്യാ ഭവൽഗ്രഹണമത്ര ഫലിച്ചു നൂനം. 46

സന്ദേഹമില്ലിവളെ ഞാൻ വിട്ടുവിപ്പതിന്നാ-
യെൻദേഹമിന്നു കളയുന്നതു യുക്തമത്രേ;
എന്നാൽ ഭവാനുടയ പാരണയും മുനീന്ദ്രൻ-
തന്നുത്തമക്രിയകളും ശരിയായ് നടക്കും. 47

രക്ഷിച്ചിടേണ്ടതിനു തന്നതഹോ! നശിപ്പി-
ച്ചക്ഷീണനായ്തിരിയെയെങ്ങനെ ചെന്നിടും ഞാൻ?
ത്ര്യക്ഷന്റെ ശാസന നിനച്ചതിയത്നമിന്നീ-
വൃക്ഷത്തിലുള്ളൊരു ഭവാനുമിതോൎക്കുമല്ലോ. 48

എങ്കൽ ഭവാനു കനിവെള്ളമുവുണ്ടിതെന്നാൽ
ഹിംസിക്കൊലാ മമ യശോമയമാം ശരീരം;
നൂനം നശിക്കുമൊരു ഭൌതികമായിട്ടുന്ന
പിണ്ഡത്തിലാസ്ഥയിവനില്ലൊരു തെല്ലുപോലും. 49

സംഭാഷണത്തിൽ വഴിപോലെ ജനിപ്പതല്ലോ
സംബന്ധ;-മായതു നമുക്കിഹ സംഭവിച്ചു;
സർവ്വജ്ഞകിങ്കര! ഭവാൻ സഖിയായൊരെൻെറ
സംപ്രാർത്ഥനത്തെ നിരസിപ്പതു യുക്തമല്ല." 50

'അവ്വണ്ണ'മെന്നരുളി നന്ദിനിയെ ത്യജിച്ച
സിംഹത്തിനായ് സപദി ജാഡ്യമകന്നഭൂപൻ
ശസ്ത്രങ്ങൾ വച്ചു നിജവിഗ്രഹമത്തൽക്കൂടാ-
തർപ്പിച്ചിതാമിഷമതിൻകബളംകണക്കേ. 51

ഭീമം ഹരിപ്രപതനം കരുതിക്കമിഴ്ന്നു
ഭൂമൌ ശയിപ്പൊരു നരാധിപമൌലിതന്മേൽ
ഹർഷാതിരേകമുളവായ സുധാശനന്മാർ
വർഷിച്ച പുഷ്പനിര വന്നു പതിച്ചിതപ്പോൾ. 52

"ഹേ വത്സ! പോരുമെഴുന്നേല്ക്കുക"യെന്ന വാക്യം
പീയൂഷതുല്യമഥ കേട്ടെഴുന്നേററു മന്നൻ
നോക്കീടവേ ജനനിപോലെ നിജാന്തികത്തിൽ
വാത്സല്യമോടു മരുവുന്നിതു ധേനുമാത്രം. 53

---

49. ഭൌതികമായപിണ്ഡം = ഭൂതങ്ങളെക്കൊണ്ടുണ്ടാക്കിയ ദേഹം.

51. വിഗ്രഹം = ദേഹം. ആമിഷം = മാംസം.

ആശ്ചര്യമാന്ന നൃപനോടവളും പറഞ്ഞാൾ:-
"മായാമയം മമ പരീക്ഷണമാണിതെല്ലാം;
എന്നെത്തൊടാ ശമനനും മുനിതൻപ്രഭാവാൽ;
മററുള്ള ഹിംസ്രകഥയോ പുനരെന്തുചൊൽവൂ? 54

ബോധിച്ചു നിൻകരുണയും ഗുരുഭക്തിയും ഞാൻ
മോദിച്ചു; മൽസുത! വരത്തെ വരിച്ചുകൊൾക;
മോദിക്കിൽ ഞാൻ മമ പയസ്സിനെ മാത്രമല്ല
ബോധിച്ചതൊക്കെയരുളുന്നവളാണു പാക്ക." 55

ഇത്ഥംശ്രവിച്ചു മഹിതൻ മഹിതൻമണാളൻ
ചിത്തം തെളിഞ്ഞവളൊടഞ്ജലിബന്ധപൂർവ്വം
ഉത്തുംഗകീർത്തിയൊടു തന്നുടെ വംശമെന്നും
നിത്തുന്നപുത്രനുളവാകണമെന്നിരന്നാൻ. 55

"കാമിച്ചപോലെ തവ സന്തതിയുത്ഭവിക്കും;
ഭൂമീശ! നീ മമ പയസ്സൊരു പത്രപാത്രേ
കാമം കറന്നിവിടെവച്ചു കുടിച്ചുകൊൾകെ"-
ന്നാമോദമോടരുളിനാളഥ സൗരഭേയി. 57

"വത്സൻ കുടിച്ചതിനുമേലഥ ഹോമകൃത്യം
നിർവൃത്തമാകുമളവിൽ ഗുരുവിൻനിയോഗാൽ,
പാലിച്ചിട്ടും ധരണിതന്നുടെ ഷഷ്ഠമംശം-
പോലംബ! പാൽ തവ ഭുജിപ്പതിനാണു കാമം" 58

---

54. ഹിംസ്രകഥ = ഹിംസ്രങ്ങളുടെ-ഹിംസിക്കുന്ന ജന്തുക്കളുടെ-കഥ.

57. പത്രപാത്രം = ഇലകൊണ്ടുണ്ടാക്കിയ പാത്രം.

ഈവണ്ണമന്നൃപതിചൊല്ലിയ വാക്കുകേട്ടി-
ട്ടാവിർഭവിച്ച വലുതാകിയ മോദമോടേ
ആ വന്ധ്യയാളവനൊടഗ്ഗുഹയിങ്കൽനിന്നു
മന്ദംനടന്നു മുനിതന്നുടജത്തിലെത്തി. 59

ഗോവിൻപ്രസാദമൃഷിയോടഥ പത്നിയോടും
ഭൂപൻ പറഞ്ഞു പുനരമ്മുനിതൻനിയോഗാൽ
പാരം പ്രമോദമൊടു വത്സഹുതാവശേഷം
ക്ഷീരം ഭുജിച്ചു വലുതായൊരു തൃഷ്ണയോടും. 60

പിറേറന്നാൾ വ്രതപാരണാവസിതിയിൽ
ഭൂപാലകൻ ഭാര്യയോ-
ടേററം ഭക്തികലൎന്നു മാമുനിയെയും
ശ്രീമാഹയാൾതന്നെയും
വന്ദിച്ചാശിയതും ഗ്രഹിച്ചഥ പുരം
പ്രാപിച്ചു കാലേ മുദാ
തന്നിച്ഛയ്ക്കനുരൂപനാം സുതനെയാ-
സാദിച്ചു വാണാൻ ശുഭം. 61

---

60. വത്സഹുതാവശേഷം = വത്സഹുതങ്ങളുടെ അവശേഷം. വത്സഹുതങ്ങൾ = വത്സനും (കുട്ടിയും) ഹുത(ഹോമ)വും. അവശേഷം = പരിശിഷ്ടം. കുട്ടി കുടിച്ചതിന്റെയും ഹോമിച്ചതിന്റെയും ശിഷ്ടം.

61. അവസിതി = അവസാനം. മാഹ = പശു. ആശി = ആശീർവാദം. ആസാദിക്ക = പ്രാപിക്ക.

# VII

# സാഹിത്യവിലാസം

## വിഷയാനുക്രമണി


മുഖവുര

സ്തുതികൾ

- ഗണപതി
- സരസ്വതി
- പാർവ്വതി
- വിഷ്ണു
- ശ്രീരാമൻ
- സൂര്യൻ
- ശ്രീകൃഷ്ണൻ
- കേശവാഷ്ടകം
- രാഗമുദ്രാഷ്ടകം (ദേവീസ്തുതി)
- ശിവദശകം
- വാർത്താളി

അന്യാപദേശങ്ങൾ

അപത്യസ്നേഹം

അശ്വതിതിരുനാൾ - സ്വർഗ്ഗാരോഹണം

ഒരു വിലാപം

കന്ദുകലീല

കവിത

കവിസ്തുതി

ദുഷ്കവി

കാലവർണ്ണന

- സൂര്യോദയം
- സൂര്യാസ്തമയം
- ചന്ദ്രോദയം
- വർഷാകാലം

കൃഷ്ണൻകുന്ന്
ചിത്രപ്രശ്നങ്ങളും ഉത്തരങ്ങളും
ചിത്രമെഴുത്തുരവിവർമ്മയുടെ ചരമം
തത്വാന്വേഷിണീമംഗളം
ദൗഷ്ട്യം
പിച്ചകപ്പൂവ്
ഭൂകമ്പം
വൈദ്യൻ
ശാരദാവിലാപം
ശൃംഗാരശ്ലോകങ്ങൾ
സാമാന്യനീതികൾ
വിവിധവിഷയങ്ങൾ
സംസ്കൃതശ്ലോകങ്ങൾ

# മുഖവുര

സഹൃദയസമ്മതങ്ങളായ അനേകകൃതികൾ എഴുതി ശാശ്വതമായ കീർത്തി സമ്പാദിച്ചിട്ടുള്ള കെ. സീ. കേശവപിള്ള അവർകൾ 'സുഭാഷിതരത്നാകരം' എന്ന ഗ്രന്ഥം തയ്യാറാക്കുന്നതിനായി അപ്പൊഴപ്പോൾ ഉണ്ടാക്കീട്ടുള്ള വിവിധവിഷയങ്ങളായ ശ്ലോകങ്ങളെ തിരഞ്ഞെടുത്തു് എഴുതിയ കാലത്തു്, സാധാരണ വിദ്യാർത്ഥികൾക്കു് അത്ര ആവശ്യകങ്ങളല്ലാത്ത ഏതാനും ശ്ലോകങ്ങളെ അതിൽനിന്നും ഒഴിച്ചു് പ്രത്യേകം സംഗ്രഹിച്ചിരുന്നതു് ഞാൻ ഒരിക്കൽ കാണുകയും, അവിടവിടെ വായിച്ചുനോക്കുകയും ചെയ്തു. അപ്പോൾ, അവയും ഒരു പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തേണ്ടതു് അത്യാവശ്യകമാണെന്നു് എനിക്കു തോന്നിയ അഭിപ്രായം ഞാൻ ഗ്രന്ഥകർത്താവിനോടു് പ്രസ്താവിക്കയുണ്ടായി. ശ്ലോകങ്ങളിൽ ചിലതു് വളരെക്കാലം മുൻപേയും ചിലതു് ഓരോരുത്തരുടേയും നിർബന്ധത്താലും എഴുതീട്ടുള്ളതാകയാൽ അതുകളിൽ കാവ്യഭംഗി വിരളമായേ ഇരിക്കയുള്ളു എന്നാണു് അദ്ദേഹം എന്നോടു് മറുപടി പറഞ്ഞതു്. കാലഭേദംകൊണ്ടും മററും കവിക്കും ഭാഷയ്ക്കും ഉണ്ടായിട്ടുള്ള വ്യത്യാസം തിരിച്ചറിയുന്നതിനു് ആ ശ്ലോകങ്ങൾ ഉപയോഗപ്പെടുന്നതാകയാൽ എല്ലാംകൂടി പ്രസിദ്ധീകരിക്കുന്നതിൽ ഒട്ടും ഉദാസീനത വന്നുകൂടാ എന്നു ഞാൻ വീണ്ടും പറഞ്ഞിരുന്നു. എന്നിട്ടും ഗ്രന്ഥകർത്താവു് ഓരോ പുതിയ കൃതികൾ ഉണ്ടാക്കുന്നതിൽ ദൃഷ്ടിവെച്ചതല്ലാതെ ഇതിലേയ്ക്കായി തുനിഞ്ഞില്ല. അങ്ങനെയിരിക്കെ അദ്ദേഹത്തിൻെറ ചില കൃതികളുടെ 'പ്രകാശക'നായ മിസ്റ്റർ മണക്കാട്ടു പി. നാരായണപിള്ള ഇതിലേയ്ക്കായി ഉദ്യമിക്കുകയും, ഗ്രന്ഥകർത്താവിൻെറ ഡയറി നോക്കി ഈ മാതിരിയിലുള്ള ഏതാനും ശ്ലോകങ്ങൾകൂടി എഴുതിയെടുക്കുകയും, എല്ലാംകൂടി ക്രമപ്പെടുത്തി ഒരു

ടിപ്പണം എഴുതുന്ന ജോലി ഗ്രന്ഥകർത്താവിനെത്തന്നെ വഹിപ്പിക്കയും ചെയ്തു. ഡയറിയിൽ കണ്ട ശ്ലോകങ്ങൾ മുഴുവനും പകർത്തിയാൽ പുസ്തകത്തിനു സാമാന്യത്തിലധികം വലിപ്പം വരുമെന്നുള്ളതിനാൽ അപ്രകാരം ചെയ്തിട്ടില്ലെന്നും, സൗകര്യപ്പെടുന്നപക്ഷം ശിഷ്ടമുള്ളവ ഇനിയൊരിക്കൽ പ്രസിദ്ധപ്പെടുത്താമെന്നുമാണു് പ്രകാശകൻ ആലോചിച്ചിരിക്കുന്നതെന്നും കാണുന്നു. ഇപ്രകാരം എന്റെ പ്രോത്സാഹനവും മിസ്റ്റർ നാരായണപിള്ളയുടെ പരിശ്രമവുംകൊണ്ടാണു് 'കേശവകവികേസരി' ഈ സാഹിത്യവിലാസദ്വാരാ വീണ്ടും പുറത്തിറങ്ങി പ്രസന്നഗംഭീരമായ ശബ്ദംകൊണ്ടു് കവിതാടവിയുടെ സനാഥതയെ ഉച്ചത്തിൽ ഘോഷിപ്പാൻ ഇടയായതു്.

ഈ ഗ്രന്ഥത്തിൽ, കവി, മലയാളമനോരമ, ഭാഷാപോഷിണി മുതലായ പത്രങ്ങൾക്കായും, ഓരോരുത്തരുടെ അപേക്ഷയാലും മററും ഏകദേശം ഇരുപതു കൊല്ലങ്ങൾക്കുമുൻപേ തുടങ്ങി എഴുതീട്ടുള്ള സമസ്യാപൂരണങ്ങൾ, ഭാഷാന്തരങ്ങൾ, ചിത്രപ്രശ്നങ്ങൾ, അവയ്ക്കു് അന്യകവികൾ എഴുതീട്ടുള്ള ഉത്തരങ്ങൾ. സ്വതന്ത്രകൃതികൾ മുതലായ പലമാതിരി ശ്ലോകങ്ങളാണു് അടങ്ങിയിരിക്കുന്നതു്. സമസ്യകളെ നാലാംപാദത്തിലുള്ള ഉദ്ധരണികൊണ്ടും സ്വതന്ത്രകൃതികളെ 'സ്വ' എന്ന അടയാളംകൊണ്ടും സൂചിപ്പിച്ചിട്ടുണ്ടു്. 'അപത്യസ്നേഹം' എന്നതു് ഇംഗ്ലീഷ്തർജ്ജമയും, ശേഷമുള്ളവ സംസ്കൃതപദ്യങ്ങളുടെ തർജ്ജമയും ആകുന്നു. അന്യകവികളുടെ ശ്ലോകങ്ങൾ ചേർക്കേണ്ടിവന്നിട്ടുള്ള ഭാഗങ്ങളിൽ അവരുടെ പേരുകൾകൂടി എഴുതീട്ടുണ്ടു്. ഇതിൽ തർജ്ജമയേക്കാൾ അധികമുള്ളതു് സ്വതന്ത്രകൃതികളായ ശ്ലോകങ്ങളാണു്.

ശ്ലേഷപ്രയോഗംനിമിത്തം ശരിയായി ഭാഷപ്പെടുത്തുന്നതിനു തീരെ എളുപ്പമില്ലാത്ത അനേകം സംസ്കൃതശ്ലോകങ്ങളുടെ അക്ലിഷ്ടമായ തർജ്ജമ ഇതിൽ അടങ്ങീട്ടുണ്ടു്.

"നാദേയം കിമിദം ഘടസ്ഥമുദകം?
നാദേയമേവോഹ്യതേ;
സത്യം നാമ പിബാമി; കസ്ത്വപതൃഷഃ
പീതേന നാമ്നാ ഭവേൽ?;
കിം വർണ്ണാ അപി സന്തി നാമ്നി?; ബഹവഃ;
കിം തൈരലം, ത്വം കുതോ?;
യസ്മാദേവ ഭവാം; സ്തതോസി ഭഗിനീ;
തേനൈവ മാം ഭാഷസേ."

ഈ ശ്ലോകത്തിന്ന് ഇതിൽ കൊടുത്തിട്ടുള്ള തർജ്ജമതന്നെ അതിന്ന് മതിയായ ഒരുദാഹരണമാകുന്നു. 'കേരളപ്രാസ'മുള്ള ശ്ലോകങ്ങൾ ഇതിൽ ധാരാളം ഉണ്ട്. സാധാരണമായി ദ്രുതവിളംബിതവൃത്തശ്ലോകങ്ങളിൽ യമകം വരുത്തുന്നതു് നാലാംപാദത്തിൽ മാത്രമായിരിക്കേ, ഇതിലേ 'കേശവാഷ്ടക'ത്തിൽ നാലു പാദങ്ങളിലും യമകം വരുത്തിയിരിക്കുന്നതും, 'ശിവദശക'ത്തിൽ ദ്വിതീയതൃതീയചതുൎത്ഥാക്ഷരങ്ങൾക്ക് ഐകരൂപ്യത്തോടുകൂടി പ്രാസം പ്രയോഗിച്ചിട്ടുള്ളതും, 'രാഗമുദ്രാഷ്ടക'ത്തിൽ അഠാണ, കാനട മുതലായ ദുർഘടങ്ങളായ രാഗനാമങ്ങളെ പ്രകൃതാൎത്ഥത്തിൽ യോജിപ്പിച്ചിരിക്കുന്നതും മററും കവിയുടെ വശ്യവചസ്ത്വത്തെ നല്ലവണ്ണം വെളിപ്പെടുത്തുന്നു. ദ്വിതീയാക്ഷരപ്രാസദീക്ഷ കൂടാതെ മററുള്ള പ്രാസങ്ങൾകൊണ്ടുതന്നെ പദ്യങ്ങൾക്ക ഭംഗിവരുത്താമെന്നു തെളിയിക്കുന്ന ശ്ലോകങ്ങളും ഇതിൽ ധാരാളം ഉണ്ട്. 307-ാമത്തേയും 348-ാമത്തേയും, 349-ാമത്തേയും മററും ശ്ലോകങ്ങൾ ആ കൂട്ടത്തിൽ പെട്ടവയാണു്. ഇങ്ങനെ എടുത്തുപറയത്തക്ക വിഷയങ്ങൾ ഇനിയും ഇതിൽ ഉണ്ടെങ്കിലും വിസ്തരഭയത്താൽ ചുരുക്കുന്നു.

കവിയുടെ 1075-ാമാണ്ടുവരെയുള്ള ജീവചരിത്രം ഒരു നല്ല ഗദ്യമെഴുത്തുകാരനും സഹൃദയനുമായ മയ്യനാട്ടു

സീ. വീ. കുഞ്ഞുരാമൻ അവർകൾ എഴുതീട്ടുണ്ടായിരുന്നു. മിസ്റ്റർ നാരായണപിള്ള ഡയറിനോക്കി ശ്ലോകങ്ങൾ പകത്തിയ സന്ദർഭത്തിൽ ജീവചരിത്രത്തിനാവശ്യമുള്ള സംഗതികൾക്കൂടി കുറിച്ചെടുത്തു് കുഞ്ഞുരാമൻ അവർകൾക്കയച്ചു് ഇതേവരെയുള്ള ജീവചരിത്രം എഴുതിച്ചുവരുത്തി കവിയുടെ ഛായാപടത്തോടുകൂടി ചേർത്തിരിക്കുന്നതു് ഈ പുസ്തകത്തിനു് വളരെ ഉചിതമായ ഒരു ഭൂഷണമായിട്ടുണ്ടു്. കേശവപിള്ള അവർകളെപ്പോലെയുള്ള ഒരു കവിയുടെ ജീവചരിത്രം എഴുതേണ്ട ആവശ്യകതയെപ്പററി ഞാൻ വിശേഷാൽ പ്രസ്താവിക്കേണ്ടതില്ലല്ലോ.

അനേകരീതിയിൽ എഴുതപ്പെട്ടിട്ടുള്ള വിവിധവിഷയങ്ങളായ ശ്ലോകങ്ങളും, അവയ്ക്കു് ഒരു ടിപ്പണവും, ഗ്രന്ഥകത്താവിൻെറ *ജീവചരിത്രവും, ഛായാപടവും അടങ്ങിയിരിക്കുന്ന ഈ പുസ്തകം നിമ്മത്സരന്മാരായ ഭാഷാഭിമാനികളുടെ നിവ്വ്യാജമായ അനുമോദനത്തിനു് പാത്രീഭവിക്കുമെന്നുള്ള പൂണ്ണവിശ്വാസത്തോടും, ഇതിലേയ്ക്കായി ഞാൻ ആദ്യം ചെയ്തിരുന്ന പ്രോത്സാഹനം എൻെറ പ്രതീക്ഷയിലുംകൂടുതലായി ഇപ്പോൾ ഫലിച്ചുകണ്ടതുകൊണ്ടുള്ള കൃതാത്ഥതയോടുംകൂടി ഈ മുഖവുരയെ അവസാനിപ്പിച്ചുകൊള്ളുന്നു.

പി. പത്മനാഭപിള്ള ബി. എ.

ചവറ,
1087 ധനു 19.

* ജീവചരിത്രം ഗ്രന്ഥാരംഭത്തിൽ ചേർത്തിട്ടുണ്ടു്.

# സാഹിത്യവിലാസം

## സ്തുതികൾ

### ഗണപതി

കണ്ടിക്കാർക്കുന്തലാളാം കമനിയുമയൊടും
കാട്ടിലുൾപ്പൂക്ക പണ്ട-
ക്കണ്ഠേകാളൻ കരീന്ദ്രാകൃതിയൊടു കളിയാ-
ടുന്നകാലത്തിലാരും
കണ്ടെത്താതന്തമാളും കൃപയൊടുദിനമാ-
കണ്ഠമർത്ത്യസ്വരൂപം
കണ്ടാലാനന്ദമേറും കളഭമനുദിനം
കണ്ണിലാടീടണം മേ. 1

### സരസ്വതി

ചിന്മേദുരാഭയൊടു നാന്മുഖനന്മുഖാബ്ജ-
ത്തിന്മേൽ വിളങ്ങിന സരസ്വതിയാകുമമ്മേ!
നെന്മേനിതൻമൃദുലമേനി വണങ്ങിടുന്ന
നിന്മേനിയുള്ളിലനിശം വിളയാടണം മേ. (സ്വ) 2

സരസകാവ്യവിലാസകലാസമാ-
ഹരണനൈപുണി കൈവരുവാൻ സദാ
സരസിജോരസിജോരുരുചേ ഭവൽ
കരുണ ചേ“രണമേണവിലോചനേ!” 3

മാലാകെ മങ്ങി മഹിതം മതിവൈഭവം മേ
കാലാനുകൂലമിയലാൻ കളവാണി! വാണി!
നീലാരവിന്ദദളകോമളലോചനോദ്യ-
ല്ലീലാവലോകലവമേകുക മേദുരാഭേ! (സ്വ) 4

## പാർവതി

ഗരളസ്പർശനമൂലം
കരളിൻബോധം നശിച്ചുവെന്നോണം
ഹരകണ്ഠഗ്രഹണരസാൽ
പരമീലിതമിഴി തുണയ്ക്കു ശർവാണി. 5

കചകുടിലതയും, ലതയും
തൊഴുമുടലും, ശംഭുചിത്തമുലയും മുലയും
പങ്കജമിഴിയും മിഴിയും
പാർവതി! വന്ദേ തവാഘമൊഴിയും മൊഴിയും. (സ്വ) 6

വിഷംകുടിച്ചുള്ളൊരു ശൂലിയിങ്കൽ
യാതൊന്നു മൃത്യുഞ്ജയഭാവമേകി
അപർണ്ണയായ് പാർവതിയാകിയോര-
മ്മഹൗഷധിക്കായനിശം നമിക്കാം. 7

---

7. ശൂലിയിങ്കൽ = ശൂലരോഗമുള്ളവൻ; ശിവൻ എന്നും. അപർണ്ണാ = പർണ്ണങ്ങളോടു (ഇലകളോടു) കൂടാത്തതു്; അപർണ്ണ എന്ന പേരോടു കൂടിയവളെന്നും. പാർവതി = പർവതസംബന്ധിനി; പർവതപുത്രി എന്നും.

## വിഷ്ണു

രാധാരോധത്തിനായ് ലക്ഷ്മി
മുദ്രവെച്ചെന്നപോലവേ
കൗസ്തുഭോല്ലസിയാം വിഷ്ണു
ഹൃദയം തരണം ശുഭം. 8

ഒരിക്കൽ സ്മരിക്കിൽ തെരിക്കെന്നഘൗഘം
ഹരിക്കും ഹരിക്കാചരിക്കും നമസ്യ
ഇരിക്കുമ്പൊഴും സഞ്ചരിക്കുമ്പൊഴും മേ
മരിക്കുംവരെയ്ക്കും സ്മരിക്കും ധരിക്ക. 9

ഹന്ത! രാഹു വധുവിൻകുളിർകൊങ്ക-
പ്പന്തിനേവനഫലത്വമിയററി
ചന്തമേന്തുമവനങ്ങൊരു പുത്തൻ-
ചെന്തളിർക്കഴലിണയ്ക്കു നമിക്കാം. 10

പാരാകെ പ്രളയാംബുരാശികളിൽ മു-
ങ്ങീടുന്നനാളോമന-
ശ്രീരാശിക്കു നിധാനമായ ശിശുവാ-
യാശ്ചര്യമേവംവിധം
പേരാലിൻറിലമേൽ ശയിച്ചു വിളയാ-
ടീടുന്ന ലക്ഷ്മീശ! നിൻ-
പേരാളും പദപങ്കജങ്ങളനിശം
ഭക്ത്യാ വണങ്ങുന്നു ഞാൻ. (സ്വ) 11

---

9. നമസ്യ = പൂജ.
10. രാഹു ശിരോമാത്രനാകയാൽ ദയിതയെപ്പുണരാൻ അശക്തനായി.

കാല്യൾക്കാമ്പായ കണ്ണാൽ കലുഷതതി കള-
ഞ്ഞീട്ടുവാൻ കാണുവോരെ-
ക്കാലേ കാമങ്ങളേകിക്കനിവിനൊടു കട-
ക്കണ്ണിനാൽ കാത്തു കാമം
കാലാബ്ദശ്രീ കളിക്കും കളതരകളമായ്
കാളകണ്ഠാദികൾക്കും
കാലുഷ്യം തീർത്തു "പാലാഴിയിലടിയരുളും
പോററി മാം പോററിടേണം." 12

---

12. കലുഷതതി = പാപസമൂഹം. കളതരകളം = അതിമനോഹരമായ സ്ഥാനം. കാലുഷ്യം = ചാഞ്ചല്യം.

ഈ സമസ്യാപൂരണത്തെപ്പററി സമസ്യകർത്താവായ നടുവത്തച്ഛൻ നമ്പൂരി അവർകൾ അയച്ച അനുമോദനശ്ലോകങ്ങൾ:—

"പാലാഴിയെന്നുള്ളതിനുള്ള പൂരണം
നാലാറുവട്ടം വഴിപോലെ നോക്കി ഞാൻ
ചേലേറെയുണ്ടെന്നതുതന്നെയല്ലതിൽ
കോലാഹലംതന്നെ കകാരമെത്രയും. 13

ഹേ കേശവാഖ്യയ്യൊഴമാദ്യവർണ്ണ-
മാകുന്നുവെന്നുള്ള മഹത്വമോർത്തു
സ്വകാര്യമായിക്കരുതിക്കിടന്നോ
കകാരമീവർണ്ണമെടുത്തുതീർപ്പാൻ?" 14

## ശ്രീരാമൻ

ഒട്ടേറുന്ന ഖരന്റെ സൈന്യനിരതൻ-
കോലാഹലം കേൾക്കവേ,
കുട്ടിക്കുഞ്ജരദന്തകാന്തി കലരും
സീതാകപോലസ്ഥലേ
പുഷ്ടശ്രീ പുളകാന്വിതം നിജമുഖം
ദർശിച്ചു കേശങ്ങളെ-
ക്കെട്ടിക്കോതിയൊതുക്കിടുന്ന രഘുവം-
ശോത്തംസമൂർത്തേ! തൊഴാം. 15

## സൂര്യൻ

ലോകങ്ങളൊക്കെ വഴിപോലെ വിളങ്ങുമാറ-
ങ്ങാകാശദേശമതിൽ വാണരുളുന്ന ഭാനോ!
ശോകങ്ങൾ നീക്കിയനിശം ശുഭമേകുവാനാ-
യാകുന്നപോലയി ഭവാനെ വണങ്ങിടുന്നേൻ. 16

നീയല്ലയോ നിജവിശുദ്ധകരങ്ങൾകൊണ്ടി-
ങ്ങീയുള്ളവർക്കരിയ ജീവനമേകിടുന്നോൻ?
നീയില്ലയെങ്കിലിരുൾകൊണ്ടിഹ പാർക്കിലന്ധ-
പ്രായം സമസ്തജനവും ജഗതീതലത്തിൽ. 17

നീരാവി ചേർന്ന ഗഗനേ ഘനമായ്ചമഞ്ഞു
ധാരാളമായ സലിലം വിമലം ചൊരിഞ്ഞു
പാരാകെയിങ്ങു ശിശിരീകൃതമാക്കുവാനും
പേരാർന്ന നിന്നുടയരശ്മികൾ ഹേതുവല്ലോ. 18

---

17. ജീവനം = ജീവിതം; ജലമെന്നും.

ചൊല്ലാർന്നിടുന്ന ഭവദാഗമവേളയോർത്തി-
ട്ടുല്ലാസമോടു പതഗാവലി വാഴ്ത്തിടുമ്പോൾ
കല്യത്വമിങ്ങുണരുമാറണയും വിഭോ! നിൻ-
കല്യാണകാന്തിഭരകന്ദളമെത്ര രമ്യം! 19

ചൂട്ടുള്ള പൊന്നിൽ വിലസുന്നൊരു കാന്തി തോലി-
പ്പെട്ടുള്ള നല്ലൊളി വിളങ്ങിന നിന്റെ ബിംബം
മട്ടുള്ളഴിഞ്ഞു കിഴിയുമ്മൊഴിമാരെയും വേർ-
പെട്ടുള്ളലിഞ്ഞഥ പുകഴ്ത്തിടുമുത്തമന്മാർ. 20

കാലത്തു നല്ല മൃദുലത്വമൊടേ വിളങ്ങും
ചേലൊത്ത രശ്മിനികരങ്ങൾ ഭവാൻ ക്രമത്താൽ
മേലെത്തിടുംപൊഴുതു ഞങ്ങളിലല്പമല്പം
മാലെത്തുമാറുരുതരം കഠിനങ്ങളാകും. 21

പിന്നെ ക്രമേണ തവ ചൂടു വിഭോ! കുറഞ്ഞു
മുന്നേക്കണക്കു മൃദുവായ്വരുമന്തിയിങ്കൽ;
അന്നേരമേറ്റമുപശാന്തമരീചിയായി-
ട്ടുന്നോരു ബിംബമയി തേ മറയും മഹാത്മൻ! 22

ഈവണ്ണമാണു ഭുവനേ മനുജർക്കു ജന്മ-
ഭാവങ്ങളാകിയൊരു ശൈശവയൌവനങ്ങൾ
താവും ജരാമൃതിയുമെത്തുവതെന്നു നിത്യം
നീ വിണ്ണിൽനിന്നു പറയുന്നു വിവേകികൾക്കായ്. 23

കാണുന്ന പാരമിഹ ഗോളഗണങ്ങൾ വിണ്ണിൽ
വാണുല്ലസിപ്പതു; വിഭോ! ഭവദീയമാകും
ചേണാർന്നൊരപ്രതിഹതോജ്ജ്വലരശ്മിജാല-
മാണാശ്രയം പരമവയ്ക്കുമഹോ നിനയ്ക്കിൽ. 24

നിന്നിൽ കവിഞ്ഞൊരു മഹത്വമശേഷലോകം
തന്നിൽ തിരക്കിലുമൊരിക്കലുമാർക്കുമില്ലാ
എന്നിപ്രകാരമതിഭക്തിയോടേ സദാ ഞാ-
നന്നിബ്ഭവാനെ വഴിപോലെ വണങ്ങിടുന്നേൻ. 25

കാലേ കുളിച്ചതിവിശുദ്ധികലൻ വാനിൻ-
മൌലേ! ഭവൽസ്തുതി നിരന്തരമായ്കഴിച്ചു
ചാലേ സുകർമ്മരതനായനിശം വസിപ്പാൻ
മാലേതുമെങ്കലണയാതെ തുണച്ചിടേണം. 26

## ശ്രീകൃഷ്ണൻ

പീയൂഷത്തെ വെടിഞ്ഞു മാമുനികളെൻ-
പാദാരവിന്ദാസവം
പെയ്യും മോദമൊടാസ്വദിച്ചിടുവതെ-
ന്താണെന്നു ചിന്തിച്ചുതാൻ
കൈയാലൻപിനൊടംഘ്രിപങ്കജമെടു-
ത്താസ്യാരവിന്ദത്തിൽ വെ-
ച്ചയ്യാ! തദ്രസമാസ്വദിപ്പൊരു ശിശു-
ശ്രീകൃഷ്ണനെക്കൈതൊഴാം. 27

തരണേ ഗുരു ചാലേ മേ
ബലം സാരയമാനഘ!
ഘനമായ രസാലംബ!
മേലേ ചാരുഗുണേ രത! (സ്വ) 28

(അനുലോമപ്രതിലോമം)

പുള്ളിപ്പേടമൃഗാക്ഷി രാധയുടയ-
ച്ചൊൽക്കൊണ്ട തൈക്കൊങ്കത-
ന്നുള്ളിൽ പെട്ടൊരു തന്മനസ്സുതിരയു-
ന്നെന്നൊന്നു തോന്നുംവിധം
കൊള്ളിച്ചായതിൽ നല്ലൊരാംഗുലി മൃദാ
മന്ദം തലോടീടുമ-
ക്കള്ളഗ്ഗോപകിശോരകൻ കനിവൊടേ
കാമം കടാക്ഷിക്കണം. 29

ഉണ്ണീ ചൊല്ലുകയെത്ര വെണ്ണയിഹ നീ
മോഷ്ടിച്ചുതിന്നിപ്പൊഴെ-
ന്നണ്ണോജേക്ഷണയാം യശോദയധികം
കോപിച്ചുചോദിക്കവേ

---

28. അല്ലയോസാരയമ = ശ്രേഷ്ഠമായ യമത്തോടു (മനോനിഗ്രഹത്തോടു) കൂടിയവനേ! അനഘ! ഘനമായ = തിങ്ങിയിരിക്കുന്ന മായയോടു കൂടിയവനേ! ചാരുഗുണേ രത = നല്ല ഗുണത്തിങ്കൽ അല്ലെങ്കിൽ നല്ല ഗുണങ്ങൾ ഉള്ളവനിൽ താല്പര്യമുള്ളവനേ! രസാലംബ = രസയ്ക്കു— ഭൂമിയ്ക്കു അഥവാ രസത്തിനു—പരമാനന്ദരസത്തിനു ആശ്രയമായവനേ! മേ = എനിക്കു. ഗുരു = ഉൽകൃഷ്ടമായ. ബലം = ഐശ്വര്യം. മേലേ = മേല്ക്കുമേൽ. ചാലേ = വഴിപോലെ. തരണേ = തരേണമേ.

തിന്നും രാധികതൻകുചം ഗുരുജനം
കണ്ടീടവേ താൻ ഗ്രഹി-
ച്ചുന്നോന്നിത്രയെട്ടുത്തുവെന്നരുളുമ-
ക്കണ്ണൻ കനിഞ്ഞീടണം. 30

"അമ്മേ! പൈക്കളെ മേയ്ക്കുവാനിനിയെനി-
ക്കാവില്ല പോവില്ല ഞാൻ
ചെമ്മേ ചൊല്ലിട്ടുകെന്തു ഗോപികൾ മഹാ-
വക്ഷോജയുഗ്മങ്ങളാൽ
എന്മെയ്ഞെക്കിയുടച്ചിട്ടുന്നിതി" വില-
ക്കീട്ടും കഥിക്കുന്ന വാ-
യിന്മേൽ ഗോപികൾ ചെന്നുപൊത്തിയൊരിളം-
പൈതൽക്കു കൈക്കൂപ്പിടാം. 31

അല്ലേ കേശവ! ഗോപരാഗമതിനാൽ
കണ്ണിങ്ങു കാണാതെയാ-
യല്ലൽപെട്ടിഹ വീണു ഞാൻ പതിതയെ-
ക്കൈക്കൊൾകയില്ലേ ഭവാൻ?
ഇല്ലോത്താലബലാവലിക്കതെന്തതാ-
പത്തിങ്കൽ നീയെന്നിയേ
നല്ലോരാശ്രയമെന്നു ഗോപിയരുളും
ഗോവിന്ദനെക്കൈതൊഴാം. 32

---

32. ഗോ-പരാഗം = ഗോക്കളുടെ(സഞ്ചാരംനിമിത്തമുണ്ടായ) പരാഗം = പൊടി, ഗോപ = ഹേ ഗോപാലാ! രാഗം = (നിന്നിലുള്ള) അനുരാഗം എന്നും. പതിത = പതിച്ചവൾ = വീണവൾ. പതി(ഭത്താവു്) എന്ന അവസ്ഥ എന്നും. അബലാവലി = അബലന്മാരുടെ (ബലഹീനന്മാരുടെ) ആവലി = കൂട്ടം. അബലകളുടെ ആവലി എന്നും. അതന്തതാപം = വലുതായ ദുഃഖം; കാമാത്തി എന്നും.

കിംസാരാനന്ദമൂലം മഹിതമതി വിചാ-
രിച്ചറിഞ്ഞിട്ടു സൂക്ഷ്മം
ഹിംസാരാഹിത്യമാകും വരഗുണമണുവും
സന്ത്യജിക്കാതെ ഭക്ത്യാ
കംസാരാതിത്വമാൻറുള്ളൊരു പരമപുമാൻ
തൻപദംതാൻ ഭജിക്കിൽ
സംസാരാകാരഘോരാംബുധി 'കരയണവാൻ-
രക്കതാം തക്കമിപ്പോ.' 33

## കേശവാഷ്ടകം

(സ്വ)

വ്രജവധൂജവധൂനനദക്ഷ! ഹേ
വിഹഗവാഹ! ഗവാംപതിയോടലം
ഇടയുമാടയുമാമൃദുമെയ്യുമെൻ-
ധിഷണമോഷണമോദിത! കാണണം. 34

അവനമാവനമാലി നടത്തുമെ-
ന്നിഹ മുദാഹമുദാര! നിനച്ചു ഞാൻ
ഭുവനപാവന! പാർക്കവതെന്നതോ-
ർക്കണമിതാണമിതാദരമാശ മേ. 35

---

34. വ്രജ...ദക്ഷ=ഗോപികളെ പെട്ടെന്നു് ആകർഷിക്കുന്നതിൽ സമർത്ഥ! ഗവാംപതി=സൂര്യൻ (ബാലസൂര്യൻ എന്നു ഭാവം.) ധിഷണ=ബുദ്ധി.

35. മുദാ, അഹം, ഉദാര എന്നു പദച്ഛേദം.

ഭുരിതമീരിതമീശ! പൊറുത്തു നി
മഹിത! മേ ഹിതമേകണമേ സദാ
വിമലകോമലകോലതനോ! ഭവൽ
പദമിതാ ദമിതാഹിത! കൈതൊഴാം. 36

ജഗതി മേ ഗതി മേശ! സമർച്ചനം
തവ, ലയേ വലയേണ്ടിവരാ മുഹുഃ;
വിഹിതമേ ഹിതമേതിലുമാക നിൻ-
തുണയിതാണയി താമരസേക്ഷണ! 37

ജയ കളായകളാഭ! വണങ്ങിടു-
ന്നിവനിതാ വനിതാമദനപ്രഭോ!
മരണകാരണകാലഭയത്തിൽ നി-
ന്നുപരമം പരമം തരണം ഹരേ! 38

അഭവ! മേ ഭവമേദുരസിന്ധുവി-
ന്നലകളാലകളാത്മക! സങ്കടം;
അവനതാവനതാന്ത! തുണയ്ക്കു നീ
യജിത ഹേ ജിതഹേമനവാംബര! 39

---

36. മേ = എനിക്ക്. ഇതു് ഇവിടെ വിഭക്തിപ്രതിരൂപകം അവ്യയം. കോലതനോ = വരാഹമൂർത്തേ! ദമിതാഹിത! = ശത്രുക്കളെ അടക്കുന്നവനേ.

37. മേശ! = ലക്ഷ്മീശ! തവ സമർച്ചനം മേ ഗതി എന്നന്വയം. ലയേ = മോക്ഷേ = മോക്ഷം ലഭിച്ചാൽ എന്നർത്ഥം. ഏതിലും = ഏതു കാര്യത്തിലും (എനിക്ക്) വിഹിതമേ = വിധിക്കപ്പെട്ടതുതന്നെ. ഹിതമാക = ഹിതമായിത്തീരാനാണം.

38. കളായ = കായാമ്പൂ. ഉപരമം = വേർപാട്.

39. അഭവ = ജന്മരഹിത! മേ = എനിക്ക്. വിഭക്തിപ്രതിരൂപകം

അമലമാമലമാതിനെഴും വരൻ
സമരസാമരസാഹ്യമൊടേ തൊഴും
സുമഹിമാ മഹിമാനദ! തേ യഥാ
സമയമാമയമാകെയൊഴിക്ക മേ. 40

ഇഹ രമാഹരമാകിയ മേനിതൻ
നമനമേ മനമേ തവ ഭവ്യദം;
നരകകാരകകാപഥസേവനം
ത്യജ നിജാജഹിജാഗരണാന്വിതം. 41

---

വ്യയം. അകളാത്മക! = നിഷ്കളരൂപ! അവനതാവനതാന്ത = അവനതന്മാരുടെ (നമസ്കരിച്ചവരുടെ) അവനത്തിങ്കൽ താന്ത = വ്യസനമുള്ളവനേ = ഭക്തരക്ഷണതല്പര! എന്നർത്ഥം. ജിതഹേമം = സ്വർണ്ണത്തെ ജയിച്ചത്.

40. മാമലമാത് = പാർവ്വതി. സമരസാമരസാഹ്യമൊടേ = തുല്യരസന്മാരായ (തുല്യഭക്തിയുള്ള) അമരന്മാരുടെ സാഹ്യത്തോടു (സഹഭാവത്തോടു)കൂടി. മഹിമാനദ = മഹിക്ക് മാനത്തെ ദാനംചെയ്യുന്നവനേ! തേ സുമഹിമാ (കർത്താവ്) യഥാസമയം = സമയാനുരൂപം. മേ ആമയം ആകെ ഒഴിക്ക.

41. രമാഹരം = രമയെ ആകർഷിക്കുന്നത്. നരക......സേവനം = നരകത്തെ ഉണ്ടാക്കുന്ന ദുർമ്മാർഗ്ഗത്തിന്റെ സേവനത്തെ. ത്യജ = നീ ഉപേക്ഷിച്ചാലും. നിജ......ന്വിതം = തന്റെ അജനിയിൽ (പുനർജ്ജന്മത്തിന്റെ അഭാവത്തിൽ) ജാഗരണത്തോടു (താല്പര്യത്തോടു) കൂടി.

## രാഗമുദ്രാഷ്ടകം

(സ്വ)

### ദേവീസ്തുതി.

കോപേ'നാട്ട'഻ഹസിച്ചുകൊണ്ടസുരരെ-
ധ്വംസിച്ച 'കല്യാണി!' നീ
താപംതീക്ക 'വരാളി' കുന്തളഭരേ!
'സാരംഗ' ലോലേക്ഷണേ!
ആപന്നാശിനി 'ശങ്കരാഭരണ'മാ-
യീടും ശുഭേ 'ഭൈരവി!'
'ശ്രീ' പാദസ്തുതിയിങ്കൽ മേ 'നവരസം'
ചേത്തീടുവാനായ്ത്തൊഴാം. 42

ചേടീഭൂതസുരാംഗനാരിനി'ധനാ-
ശ്രീ'തത്വവും സൽകൃപാ-
ധാടീമഞ്ജുളനേത്രധാ'മലഹരി'
മാധുര്യവും സന്തതം
'പാടീ'രപ്രഭ ചേന്നിണങ്ങി വിലസും
ഗണ്ഡങ്ങളും സമ്മദ-
'ത്തോടീ'ശൻ തഴുകുന്ന മെയ്യുമലിവോ-
ടുൾക്കാമ്പിലോക്കുന്നു ഞാൻ. 43

---

43. ചേടീ......ത്വം = ദാസിമാരായിത്തീന്നിരിക്കുന്ന സുരാംഗനമാരുടെ അരികളുടെ (അസുരന്മാരുടെ). നിധനത്തിൽ = നാശത്തിൽ ഉള്ള ഉത്സാഹം.

ആനന്ദാമൃത'മോഹനം' നിജലസ-
ച്ചിദ്രൂപസാരം ശിവൻ
ധ്യാനംചെയ്തിട'വേകടാ'ക്ഷനികരം
തൂകിത്തദീയാശയം
മാനംപൂണ്ടിട'നാഹരി'ച്ച മഹിതേ!
നിന്മേനിയെന്മാനസ-
സ്ഥാനംചേൎന്നാലമി'ഞ്ഞെരിക്കില'ത്തു മേ
രുദ്രാണി ഭദ്രാവഹം. 44

വൻപാളും ക'മഠാണകാ'കൃതി പുരാ
കൈക്കൊണ്ട ചിൽക്കാതലും
നിൻപാദം കുടിലാസുരേ'ശഹന'ന-
ത്തിന്നായ് നിനയ്ക്കുന്നതേ;
സുംഭാദിഖ്യ'മുഖാരി'നാശിനി തവ
സ്വാന്തം ഖലന്മാരില-
സ്തംഭാനന്ദനിധേ! 'സുരുട്ടി'തരരിൽ
കാരുണ്യസാരോത്തരം. 45

കേട്ടാൽ നിന്മൊഴി ഖേദമംബ! സഹ'സാ
വേരി'ക്കു പാരിക്കുമി-
ന്നാട്ടാരിൽ കുതുകം വളൎത്തിടുവതി-
ന്നാകാ പികശ്രേണിയും;

---

44. ഞെരിക്കിൽ = ഞെരിക്കുകിൽ = നശിപ്പിക്കുമെങ്കിൽ.

45. കമഠാണകാകൃതി = കുത്സിതമായ കമഠരൂപം. കമഠം = ആമ. ചിൽക്കാതൽ = വിഷ്ണു. ഹനനം = വധം. സുരുട്ട് = ഏററവും കോപത്തോടുകൂടിയതു്.

കോട്ടംവിട്ടനിശം മഹാ'ബലഹരി'-
　　ന്നാഥവ്രജത്തിൻെറയും
വാട്ടം തീപ്പ്ത്തു നീ ഭവാനി! കരുണാർ-
　　ദ്രാലോ'കമാശി'സ്സിനാൽ. 46

ആ 'കാമോദരി'യിങ്കൽ വാസമിഹ മേ
　　നിന്നെബ്ഭജിച്ചീടുവാൻ?
പ്രാകാരാതിനുതേ! വനങ്ങളിലുമി-
　　ന്നാ'കാ നട'ന്നീടുവാൻ
ശോകം 'നാകവരാളി' ഭ്രഷ്ടയിതേ!
　　തീർത്തീടണം മാമകം
നീ കാരുണ്യരസം കലന്നവനിഭൃൽ-
　　'ഭൂപാല'പുണ്യാത്മികേ! 47

46. വേരി = മധു. മഹാബല......വ്രജം = വളരെ ബലമുള്ള ദിക്പാല സമൂഹം. ആശിസ്സ് = അനുഗ്രഹം.

47. ദരി = ഗുഹ. അവനിഭൃൽഭൂപാലൻ = പർവ്വതരാജൻ = ഹിമവാൻ.

## ശിവദശകം

(സ്വ)

വലയമാക്കി മുദാ ഫണിയെസ്ത്രയാ–
നിലയമായ് മരുവ്വം ഹര! ദൈവമേ!
അലയമായ് വിലസും ഗിരിജാതപഃ–
ഫല! യമാന്തക! പാലയ മാം സദാ. 48

ദുരിതമാകെ നശിപ്പതിനത്ര നിൻ–
ചരിതമാമമൃതാഴിയിൽ മുങ്ങുവേൻ;
ത്വരിതമായതിനായധികം കൃപാ–
ഭരിതമായ് വരണം തവ മാനസം. 49

കമലമാനിനിയാഠംമണവാളനും
ശമലമാകെയകററുവതിന്നഹോ!
അമലമാശ്രയമാം കഴലാന്നിട്ടും
ത്വമലമാത്തികഠം തീപ്പതിന്നേവനും. 50

അടിയിലത്രിദശസ്തുതികേളിയും
കടിയിലഗ്ര്യഭുജംഗമഹേളിയും
മടിയിലൻപൊളി ചേന്നൊരു കാളിയും
മുടിയിലമ്പിളിതൻകിരണാളിയും. 51

---

50. ത്വം = നീ. അലം = ശക്തനാകുന്നു.

51. ഹേളി = ആലിംഗനം, ചേച്ച് എന്നത്ഥം. അൻപൊളി = അൻപിന്റെ (ദയയുടെ) പ്രകാശം.

വിരവിലാന്നു ഭവാൻ സമവർത്തിതൻ-
വരവിലാമയമാകെയകററണം;
വരവിലാസിനിമാർമണിഗംഗതൻ-
വര! വിലാസകശായി തൊഴുംവിഭോ! (യുഗ്മകം) 52

അസിതമായ ഗളത്തിലുമുജ്ജ്വലൽ
ഭസിതമാം തിരുമേനിയിലും പ്രഭോ!
ഹസിതമായ നിലാവിലുമേററമു-
ല്ലസിതമാകണമെന്നുടെ മാനസം. 53

ധരവരാലയ! നീ ദുരിതങ്ങൾതൻ
നിരവരാസ്സ്വതിനായ് വരികാത്മന്;
അരവരാജിവിരാജിത! നിന്റെയീ
വരവരാതികളെപ്പൊടിയാക്കണം. 54

അവനമാം തൊഴിലാർന്ന ദയാന്വിതം
ഭുവനമാകെ വഹിച്ചരുളും വിഭോ!
കവനമാകിന കർമ്മമതിൽ ഭവാ-
നിവനമാന്ദ്യമൊഴിഞ്ഞു തുണയ്ക്കണം. 55

മരണമായ വിപത്തിയിലേയ്ക്കു സ-
ഞ്ചരണമാണിഹ ചെയ്വതു സർവ്വരും;
വരണമായളവിങ്ങു സുഖം, ഭവ-
ച്ചരണമാകണമായതിനാശ്രയം. 56

52. വിരവിൽ = മനോഹരമായി. വിലാസകശായി = വിലാസകത്തിൽ ശയിക്കുന്നവൻ = വിഷ്ണു. വിലാസകം = വബയോരഭേദാൽ. ബിലാസകം = ബിലേശയം = സർപ്പം.

മദനമാരക! നീ വഴിപോലെ മൽ-
കദനമാശു ഹരിച്ചരുളീടണം;
വദനമാറെഴമർഭകനൊത്തു നീ
സദനമാക മനസ്സിനു മേ സദാ. 57

അതികുതുകം പ്രാസത്തിൻ-
ഗതിയിലെഴുന്നോരു സുഹൃത്തിനാമോദം
മതിയിൽ വളർത്താനീശ-
സ്തുതിയീവണ്ണം ചമച്ചു ഞാൻ സഹസാ. 58

## വാത്താളി

എന്ന ദേവതയെപ്പററി എഴുതിയ
ഒരു സമസ്യാപൂരണം.

വാത്താളി തിങ്ങിനകൃപാരസമോടു നൽകി
സ്വാത്താളി തിന്മയണയാതെ ഭരിക്കുമമ്മേ!
വാത്താളി തിങ്കഠംമുഖി! നിൻെറ കടാക്ഷമെന്നിൽ
"പാത്താലിതിൽപരമിനിസ്സുഖമെന്തുവേണ്ടു?" 59

## അന്യാപദേശങ്ങൾ

തെളിവാൽ മണിജാലത്തെ-
ക്കാണിക്കും സിന്ധുവെങ്കിലും
അതിൽ മുട്ടോളമേയുള്ളു
വെള്ളമെന്നു നിനയ്ക്കൊലാ. 60

രത്നസമ്പൂൎണ്ണമെന്നാല-
മബ്ധിക്കില്ലല്പവും മദം
ചില മുത്തുകളുള്ളോരു
ഗജേന്ദ്രൻ മദവിഹ്വലൻ. 61

താഴെയാകുന്നു രത്നം നീ
തൃണംചൂടുന്നു മൗലിയിൽ;
സിന്ധോ! നിനക്കുതാൻ ദോഷം;
രത്നം രത്നം, തൃണം തൃണം. 62

കാററിനാൽ തിരപൊങ്ങുന്നു,
നീ മുഴങ്ങുന്നു കേമമായ്;
നിൻതീരേ നിന്നു ദാഹിച്ചോൻ
കുളംതേടുന്നു വാരിധേ! 63

ഊഴിക്കെഴും ദാഹമൊഴിക്കുമബ്ദം
മുഴങ്ങിടുന്നെങ്കിൽ മുഴങ്ങിടട്ടേ;
ഒരുത്തനും ദാഹമൊഴിച്ചിടാത്ത
സമുദ്രമെന്തിന്നു മുഴങ്ങിടുന്നു? 64

---

61. മദം = അഹങ്കാരം; മദജലമെന്നും.

വാരാശി രത്നാകരമെന്നു ചിന്തി-
ച്ചോരാതെ സേവിച്ചു ധനേച്ഛയാ ഞാൻ;
ദൂരത്തുപോട്ടേ ധന, മെൻെറ വായിൽ
ക്ഷാരാംബുപൂരിച്ചതു കഷ്ടമല്ലോ! 65

മുന്നം മഹാഗിരികഠംകൊണ്ടണകെട്ടി പിന്നെ-
ച്ചിന്നംധനങ്ങഠം മഥനത്തിലെടുത്തുസൎവ്വം;
എന്നാലുമന്യഭയമാൎന്നണയുന്ന ശൈലം-
തന്നിൽത്തുണയ്ക്കുതിനു സിന്ധുവിനുണ്ടൊരുക്കം. 66

പോററുന്ന വൻതിരകളാൽ നരയെസ്സമുദ്രം
ചേററിങ്കൽ നന്മണികളേയുമമൎത്തിടുന്നു;
എന്നാലുമമ്മണികഠംതന്നെ മഹീശർചൂട്ടും
പൊന്നിൻകിരീടതടമാൎന്നു വിളങ്ങിടുന്നു. 67

മണ്ടുന്നുകാടുകളിൽ, നല്ലൊരു സൌരഭംകൈ-
ക്കൊണ്ടിന്നു നീ പവന! മന്ദമണഞ്ഞിടുന്നു;
വേണ്ടുന്നവൎക്കു തിരിച്ചുകൊടുപ്പതിന്നു
വേണ്ടുന്നബുദ്ധി തവ കേവലമില്ലയല്ലോ. 68

അയ്യോ സഖേ ചണ്ഡസമീര! കഷ്ടം,
ചെയ്യാവതോചെയ്തതു നീയിദാനീം?
വേഴാമ്പലിൻവായിലഹോ! പതിപ്പാൻ
ഭാവിച്ചനീൎത്തുള്ളി തടുത്തുവല്ലോ! 69

നിന്നെക്കൊണ്ടു ജനങ്ങളൊക്കെയിവിടെ-
ജ്ജീവിച്ചിടുന്നെപ്പൊഴും
നിന്നെക്കൈവെടിയുന്നനേരമഖില-
ന്മാരും മരിക്കുന്നെടോ!
എന്നല്ലേ പവമാന! നീ ശിവവപു-
സ്സാണെ,ങ്കിലും, സ്വീകരി-
ക്കുന്നെന്നുള്ളതു നല്ലതല്ല മണവും
ദുർഗ്ഗന്ധവും ഹന്ത! നീ. 70

വെള്ളത്തിലാണു ജനനം, വനമാലിതൻകൈ-
ക്കുള്ളൊത്തു വാസ,മതിവെണ്മവപുസ്സിലേവം
ചൊല്ലുന്ന സൽഗ്ഗുണമിണങ്ങിയശംഖമേ! നി-
ന്നുള്ളം മഹാകുടിലമെന്നതു കഷ്ടമത്രേ! 71

പൂന്തിങ്കളീശമുടിയാർന്നതിയായ സൗഖ്യ-
മേന്തുന്നുവെന്നഖിലലോകരുമോർത്തിടുന്നു;
ചെന്തീമിഴിക്കെഴുമൊരുഗ്രതപൂണ്ടചൂടാൽ
വെന്തീടുമക്കൊടിയ ദുർദ്ദശയാരറിഞ്ഞു? 72

തരത്തിൽ വർഷിപ്പൊരുവാർഷികാംഭോ-
ധരത്തിൽ മാലിന്യമനിന്ദ്യമത്രേ;
ശരത്തിൽമിന്നും മുകിലിൻെറവെണ്മ
വരുത്തിടുന്നോരുപയോഗമെന്തേ? 73

---

70. ശിവവപുസ്സ് = ശിവൻെറ ദേഹം. ശിവൻെറ അഷ്ടമൂർത്തികളിൽ ഒന്നു വായു എന്നു പ്രസിദ്ധം.

നീലാഭ്ര! നീത്തുള്ളികളാൽ വലിപ്പം
ചാലേ നിനക്കേകിയ സിന്ധുവിന്റെ
മേലേറി നീ നിന്നലറുന്നതോത്താൽ
മാലിന്യമേറുന്ന നിനക്കു യോഗ്യം. 74

കിണറും കുളവും പിന്നെ-
ക്കടലും വേണ്ടതുണ്ടഹോ!
എന്നാലും മുകിൽതാനത്രേ
വേഴാമ്പലിന്നൊരാശ്രയം. 75

എന്തിന്നിങ്ങനെ ഭൃംഗമേ! ബത! രജ-
സ്സില്ലാതലം ബാലയായ്
ചന്തംചേൎന്നൊരു മല്ലികാകലികയെ
ക്ലേശപ്പെടുത്തുന്നു നീ?
സന്തോഷാൽ തവ മൎദ്ദനങ്ങളെവഹി-
ച്ചീടാൻ കരുത്തുള്ള നൽ-
ച്ചെന്താർവള്ളികൾ വേറെയുള്ളതുകളിൽ
സ്വാന്തം രമിപ്പിക്കെടോ! 76

ഹംസം വെളുത്തോൻ, ബകവും വെളുത്തോൻ;
വിശേഷമെന്തായവർതമ്മിലുള്ളു?
ക്ഷീരത്തെയും നീരിനെയും തിരിക്കും-
നേരത്തു കാണാമവർതൻവിശേഷം. 77

പട്ടിയോ പൂച്ചയോ കേറി-
ക്കൊട്ടാരത്തിൽ നടക്കിലും
വെളിക്കു നില്ക്കുമാനയ്ക്കു
വിലയ്ക്കു കുറവേല്ക്കുമോ? 78

അളിവര! കളയുക ബഹുപരി-
മളമാകിലുമാശു കേതകീകുസുമം;
പൊളിയല്ലിഹ മധു ലഭിയാ,
വിളറുകയേയുള്ളു നിൻമുഖം പൊടിയാൽ. 79

ഹരിചന്ദനമലർതന്നിലെ
മകരന്ദരസം നുകൎന്നു തൃപ്തിയോടേ
മരുവുന്നോരളി മററലർ
തിരയുന്നതു നിന്ദ്യമെന്നു നിർവ്വാദം. 80

ഉള്ളത്തിൽവേണ്ടഴൽ മധുവ്രത! കേതകിത്താ-
രുള്ളിൽ ധരിപ്പൊരുരസം ലഭിയായ്കമൂലം;
മുള്ളുള്ളതിൻറിലകൾ നിന്നുടെ മേനിയിന്മേൽ
കൊള്ളാതെപോവതിഹ തേ വലുതായഭാഗ്യം. 81

പലപക്ഷികൾ തേന്മാവിൻ-
തലമേൽ വിലസീടിലും
അതിൽ താർമധുമാധുൎയ്യ-
മറിവോൻ കുയിൽമാത്രമേ. 82

കുയിൽ ഞാൻ, കാകനത്രേ നീ,
നിറവും സദൃശം ദൃഢം;
കേവലം സ്വരവിദ്വാന്മാ-
രറിവോരസ്മദന്തരം. 83

---

83. അസ്മദന്തരം = നാംതമ്മിലുള്ള വ്യത്യാസം.

എന്നാളമമന്ദമാനന്ദ-
മേകും നിനദമാർന്നിട്ടും
അന്നാൾവരെയ്ക്കു മിണ്ടാതെ
മരുവീടുന്നു കോകിലം. 84

ഏകൻനീയിഹ വിപിനേ
കാകളിയരുളാതെ വാഴ്ക കോകിലമേ!
കാകന്മാർ പരജാതിജ-
നാകുന്നെന്നോർത്തു കൊന്നിടും നിന്നെ. 85

ഒരേടം ചീവീടിൻനിനദമൊരിടം കാകരവമി-
ങ്ങൊരേടം കങ്കാളീകളകളമൊരേടം കപിരവം
ഒരേടം ഹാ കഷ്ടം! കുറുനരികൾക്രകംലഹള; നൽ
സ്വരംചേർന്നുള്ളോമൽക്കുയിലിവിടെമിണ്ടുന്നതെവിടെ? 86

ചാതകമേ!—യിതു ധൂമ-
വ്രാതം, മുകിലെന്നു പാർത്തുപോകൊല്ലാ;
ഇതിനാൽ ജലമതിയായി-
ട്ടുതിരും നിൻകണ്ണിൽനിന്നുതന്നെയെടോ. 87

അധികിൽവരട്ടേ സാഗര-
മഖിലബ്രഹ്മാണ്ഡവും നനയ്ക്കട്ടെ;
മുകിലാലുള്ളോരു വൃത്തിയെ-
യകലത്താക്കീടുകില്ല വേഴാമ്പൽ. 88

---

86. കങ്കാളി = പരുന്തുകളുടെ കൂട്ടം.

ഈടേറും കമലങ്ങൾ ഭംഗിയിൽവിള-
ങ്ങീടുന്ന നൽപ്പൊയ്കയിൽ
ക്രൂടംവാരി മനോജ്ഞമെങ്കിലുമഹോ!
മൂർദ്ധാവു താഴ്ത്തീടുകിൽ
കേടാണെന്നഭിമാനമോടിഹ, തണു-
പ്പിക്കുന്നിതക്കാർപൊഴി-
ച്ചീടുന്നോരു പയഃകണങ്ങളെയശി-
ച്ചഞ്ചാതകം ചാതകം. 89

മയിലാണീഞാൻ നിന്നുടെ-
യൊലിമാത്രംകൊണ്ടു തൃപ്തനായീടും
മുകിലേ! നിന്നൊടു ജീവന-
മിരന്നിടുന്നില്ല ചാതകംപോലെ. 90

കാകോലൂകകപോതകോകിലകുലം
കൊണ്ടെന്തുവാ?-നേകനാം
കേകീന്ദ്രൻ മലയാചലത്തിലിവിടെ-
ത്തെല്ലൊന്നു ശബ്ദിക്കുകിൽ
ആകെച്ചേർന്നു പിണഞ്ഞുചുററിയഫണി-
ക്കൂട്ടങ്ങൾ വേർപെട്ടുപോയ്
ലോകങ്ങൾക്കഭിഗമ്യമാം ബത! ശരീ-
രാനന്ദനം ചന്ദനം. 91

---

89. ചാതകം, കാർ പൊഴിച്ചീടുന്നോരു പയഃകണങ്ങളെ അശിച്ച് അഞ്ചാതെ (മടിക്കൂടാതെ) അകം തണുപ്പിക്കുന്നു എന്നന്വയം.

91. ഉലൂകം = മൂങ്ങ. ചന്ദനം = ചന്ദനമരം. അഭിഗമ്യമാം = പ്രാപിക്കാൻ യോഗ്യമാകും.

വാഴാം കാഞ്ചനപഞ്ജരത്തിലനിശം
ലാളിച്ചിടും ഭൂവരൻ,
ചൂഴ്ം മാങ്കനിമാതളപ്പഴവുമു-
ണ്ടതൃപ്തമാം തോയവും,
ആഴിപ്പെൺകണവൻെറ നാമമരുളാ-
മാനന്ദമോടെ,ങ്കിലും
കേഴുന്നു നിജമായജന്മതരുവിൽ
പോകുന്നതിന്നായ് ശുകം. 92

മിന്നാമിനുങ്ങേ! വലിയോരിരുട്ടിൽ
മിന്നുന്നു നീയെന്നതു സത്യമത്രേ;
എന്നാൽ സഹസ്രാംശുവുദിച്ചു പാരം
വിളങ്ങിടും വാസരമാണിതോൎക്ക. 93

പ്രദ്യോതനൻപോയ്, മുകിലിൻെറയുള്ളിൽ
താരങ്ങളോടശ്ശശിയും മറഞ്ഞു;
ഖദ്യോതമേ! സമ്പ്രതി കൂരിരുട്ടിൽ
നീതാൻ പ്രകാശിക്കുക നല്ലവണ്ണം. 94

ആകട്ടേ വൃദ്ധനോ ശക്തി-
ഹീനനോ കൃശനോ ഹരി;
എങ്കിലും യൂഥനാഥനു
ശങ്കയേകുമവൻ ദൃഢം. 95

---

94. പ്രദ്യോതനൻ = സൂൎയ്യൻ. ഖദ്യോതം = മിന്നാമിനുങ്ങ്.

95. ഹരി = സിംഹം. യൂഥനാഥൻ = ആനത്തലവൻ.

അരികിൽ വസിച്ചീടുന്നൊരു
ഹരിണത്തെത്തെല്ലമാഗ്രഹിക്കാതെ
കലയാനത്തലവൻതൻ-
തലയിലലയയ്ക്കുന്ന ലോചനം സിംഹം. 96

കുറുനരി കൂട്ടം രോഷാ-
കുലതയൊടേ മുന്നിൽ വന്നുനിന്നധികം
കൂകിവിളിച്ചീടുകിലും
കേസരി മിണ്ടാതെ കേവലം വാഴും. 97

ഇവനൊരു ശിശുവെന്നു വൃദ്ധഫേരു-
പ്രവരനിരുന്നധികം ഹസിച്ചിടട്ടേ;
ദ്വിരദവരശിരസ്സിനെത്തകർക്കും
ഹരിതനയന്നതിൽ മാനഹാനിയുണ്ടോ? 98

ഹരിയുടെ ഗുഹയിൽ ഗമിച്ചുവെന്നാൽ
ദ്വിരദശിരോഭവമൗക്തികങ്ങൾ കിട്ടും;
കുറുനരിനിലയേ പശുക്കിടാവിൻ-
ഖുരമുറി തോൽക്കഷണങ്ങൾ വാലുമുണ്ടാം. 99

വേട്ടയ്ക്കു വന്നവരെ നോക്കിയുടൻ സലീലം
കോട്ടംവരാതെയലസാക്ഷനുറങ്ങി സിംഹം;
വാട്ടം വെടിഞ്ഞ നിജവല്ലഭവിക്രമത്തിൻ-
ശ്രേഷ്ഠതപമോർത്തവരെ നോക്കിയുമില്ല സിംഹി. 100

---

98. ഫേരു = കുറുക്കൻ. ഹരിതനയൻ = സിംഹക്കുട്ടി.

ഗ്രാമാന്തങ്ങളിലൊത്തുകൂടിയതിയാ-
യീടുന്ന ശബ്ദത്തൊട-
ഗ്ഗോമായുക്കളനേകരീതിയിൽ വിളി-
ച്ചീടുന്നുവെന്നാകിലും
കുംഭീന്ദ്രൻ കടവും നിജക്കൈ-
കർണ്ണങ്ങളാട്ടാതലം
സ്തംഭിച്ചങ്ങനെ കേട്ടിടുന്ന ഹരിതൻ-
നിസ്വാനമന്യാദൃശം. 101

കാട്ടാനത്തലവന്റെ ദർപ്പഹരനാം
പഞ്ചാസ്യനിൽ തൻബലം
കാട്ടാനായി മുതിർന്നു ജംബുകയുവാ
പോരിന്നൊരുങ്ങീടവേ
നാട്ടാരിൽ ചിലർ 'തുല്യരാണിവർ ബലം-
കൊണ്ടെ'ന്നു ചൊന്നാരിദം
കേട്ടോരിൽ ചിലർ സംശയിച്ചു, ഹരിതാൻ
തോററീടുമെന്നൊട്ടുപേർ. 102

മൃഗത്തെ മടിമേലേററി
മൃഗലാഞ്ഛനനായ് ശശി;
മൃഗാളിയെസ്സംഹരിച്ചു
മൃഗാധിപതിയായ് ഹരി. 103

---

101. ഗോമായു = കുറുക്കൻ. കടം = കവിൾത്തടം. അന്യാദൃശം = അസാധാരണം.

മാകന്ദത്തിലിരുന്നു മഞ്ജുളരസം
　　ത്തുകുന്നവണ്ണം ലസ-
ത്താകുന്നൽക്കുയിലും വിലാസശ്ശുകവും
　　ക്രുകുന്ന ശബ്ദങ്ങളെ,
ലോകം നിന്ദ വഹിച്ചിട്ടും പരുഷഗീ-
　　രാകുന്ന ശല്യം ചെവി-
ക്കേകുന്നോരു ഖരോഷ്ട്രകങ്ങൾ വിഹസി-
　　ച്ചാലെന്തു മാലേന്തുവാൻ? 104

നിറം ശ്യാമം തേന്മാവതിൽ വസതിയും
　　തുല്യമിവയാൽ
വെറും മൂഢാത്മാവേ! കരട! കുയിൽനാ-
　　ട്യം തുടരൊലാ
നറുംതേന്തുറും താർമണമൊട്ടുവസ-
　　ന്തം യുവമദം
പെറുംനേരം 'ക്രോം ക്രോം' കരയുകിലതെ-
　　ന്തായ് വരുമെടോ! 105

മൗനം തള്ളുക കുയിലേ പഞ്ചമ-
ഗാനം ചെയ്യൊന്നല്ലെന്നാൽ തേ
ജ്ഞാനം ചേരുവതാക്കിഹ കാക്കകൾ
മാനംവിട്ടു നിറഞ്ഞൊരു മാവിൽ. 106

---

104. ഖരോഷ്ട്രകങ്ങൾ = കഴുതയും ഒട്ടകവും. വിഹസിക്ക = പരിഹസിക്ക.

105 കരട = കാക്കേ. യുവമദം = യുവാക്കന്മാരുടെ മദം.

## അപത്യസ്നേഹം

(ടെനിസൻെറ കൃതിയിൽനിന്ന്)

വീര്യസ്വർഗ്ഗമണഞ്ഞ കാന്തനുടെ മെയ്
ഗേഹത്തിലെത്തിക്കവേ
മോഹിച്ചീടുകയോ കരഞ്ഞിടുകയോ
ചെയ്തില്ല ശാതോദരി;
രോദിച്ചീടണമില്ലയെങ്കിലവള-
ദ്ദുഃഖാതിരേകത്തിനാൽ
പ്രാപിക്കും മൃതിയെന്നു ചൊന്നിതു തദാ
തദ്ദാസിമാരേവരും. 107

അന്നേരത്തവരപ്പുമാനിലിയലും
കാമ്യത്വവും ശുദ്ധമായ്
ചേർന്നുള്ളൊരു മഹാമനസ്കതയുമ-
ന്നിർവ്യാജമാം സ്നേഹവും
ഒന്നൊന്നായ് മൃദുവാം സ്വരത്തിലുരചെ-
യ്തേററം പുകഴ്ത്തീടിനാ-
രെന്നാലും മധുവാണി മൗനമൊടുതാൻ
നിശ്ചേഷ്ടയായ് മേവിനാൾ. 108

മെല്ലേ ദാസിയൊരുത്തിയപ്പൊഴുതെഴു-
ന്നേററിട്ടനങ്ങാതെ പോയ്
ചൊല്ലേറും ഭടനായകൻെറയുടലിൻ-
ചാരത്തണഞ്ഞഞ്ജസാ,

അല്ലൽപെട്ടവൾ കേഴവാൻ മുഖപടം
കൈകൊണ്ടു മാററീടിനാൾ
മല്ലാക്ഷിക്കൊരിളക്കമായതിലുമു-
ണ്ടായില്ല തെല്ലെങ്കിലും. 109

തൊണ്ണുറാണ്ടു തികഞ്ഞൊരായ ശിശുവാ-
യീടുന്ന തൽപുത്രനെ-
ത്തിണ്ണം കൈയിലെടുത്തു സാധ്വിയവൾത-
ന്നങ്കത്തിൽ വെച്ചാൾ തദാ;
കണ്ണീർ വന്മഴപോൽ ചൊരിഞ്ഞവളുടൻ
ചൊന്നാൾ കനി—‘ഞ്ഞോമലാ-
മുണ്ണീ! ഹന്ത! നിനക്കുവേണ്ടിയിഹ ഞാൻ
ജീവിച്ചിരുന്നീടുവേൻ.’ 110

# അശ്വതിതിരുനാളിന്റെ സ്വർഗ്ഗാരോഹണം

അയ്യോ! കഷ്ടം! ശിവശിവ! മഹാ-
കഷ്ടമിക്കേട്ടതെന്തെ-
ന്തയ്യോ! ഹാഹാ! ദുരിതമിതഹോ!
സ്വപ്നമോ മായതാനോ?
അയ്യോ! ചൊല്ലുന്നതിനിളകിട്ടു-
ന്നില്ല നാവിങ്ങു ദുഃഖ-
ത്തീയ്യോ! കത്തുന്നിതു മനസി മേ
ഹന്ത! ഞാനെന്തുചെയ്‌വൂ? 111

കൈയോ കാലോ ചെറുതുമിളകു-
ന്നില്ല, മോഹം കലന്നി-
മ്മെയ്യോ പാരം വ്യഥയൊടു തള-
ന്നാശു നിശ്ചേഷ്ടമായി;
പൊയ്യോ കേൾക്കുന്നതു ബത! മഹാ-
വഞ്ചിഭൂകല്പവൃക്ഷ-
ത്തയ്യോ പൊയ്യോയതു ദിവിയിനി-
ജ്ജീവിതം നിഷ്ഫലംതാൻ. 112

കൊല്ലാബ്ദം താനറുപതിലെഴു-
ന്നാറിലക്കന്നിമാസേ-
ചെല്ലുന്നോരദ്ദിവസമിരുപ-
ത്തഞ്ചിലയ്യോ! നിശായാം
കല്യാണശ്രീമണിനിലയമാം
തമ്പുരാനശ്വതീന്ദ്രൻ
സ്വർല്ലോകത്തിന്നഹഹ മതിമാ-
നാങ്ങെഴുന്നള്ളി കഷ്ടം! 113

ശ്രീമൂലംനാൾ നൃപതി, യുവഭ്രു-
ചന്ദ്രനിത്തമ്പുരാനും
ശ്രീസാദൃശ്യത്തൊടു വിലസുമാ-
ററിങ്ങലെത്തമ്പുരാനും
ശ്രീമൽ കന്യായുഗളവുമഹോ!
ചേൎന്നു മേൽ വഞ്ചിവംശ-
ശ്രീ വൎദ്ധിക്കും ദൃഢമിനി നിന-
ച്ചേവരും മേവിയല്ലോ! 114

ബി. ഏ. യെന്നുള്ളൊരു മഹിതമാം
സ്ഥാനമിങ്ങാദ്യമായി-
ക്കൈയേല്ലാനും കനിവിയലുമി-
ത്തമ്പുരാൻ പാത്രമായി;
പൊയ്യല്ലേതും പ്രജകളിലതി-
പ്രേമപീയൂഷവൎഷം
പെയ്യും സൗശീല്യവുമസമമാ-
യാൻതാൻ വാണവല്ലോ. 115

അൻപേറീടും നൃപകുലമണി-
ത്തങ്കമിബ്ഭൂപനയ്യോ!
മുൻപേ ഞാൻ തീൎത്തൊരു വിപുലമാ-
യുള്ള നാരായണീയം
താൻ പേറീടും ബഹുകരുണയോ
ടച്ചടിപ്പിക്കുവാനായ്
സമ്പൂൎണ്ണശ്രീവസതി ധനസാ-
ഹായ്യമാഹന്ത! ചെയ്തു. 116

ഇപ്പോൾ ഞാൻതീർത്തൊരു പുതിയതാം
നീതിവാക്യങ്ങളെല്ലാം
കെല്പോടൊന്നിച്ചെഴുതിയതുടൻ
ചെന്നുതൃക്കൈയിൽ നൽകി;
തൃപ്പാദം കൈതൊഴുതൊരളവിൽ
പുസ്തകം വാങ്ങിയെല്ലാ-
മുൾപ്രേമംപൂണ്ടൊരുകുറി കനി-
ഞ്ഞങ്ങു കല്പിച്ചുനോക്കി. 117

'കൊള്ളാം നന്നാണിതിനെയുടനേ-
യച്ചടിപ്പിച്ചിടേണം
പള്ളിക്കൂടങ്ങളിലിതു പഠി-
പ്പിക്കുവാനും വിശേഷാൽ
കൊള്ളാ'മെന്നിങ്ങനെ സപദി ക-
ല്പിച്ചുകൊണ്ടച്ചടിപ്പാ-
നുള്ളിൽത്തിങ്ങും കനിവൊടു ധനം
തൽക്ഷണംതന്നെ തന്നു. 118

തങ്കത്തിന്നുള്ളൊരു തരളമാം
കാന്തിപൂരത്തെ വെല്ലും
തങ്കപ്പൂമെയ്യുടിയനു സദാ
കണ്ടു വന്ദിപ്പതിന്നായ്
തങ്കും മോദാൽ പ്രതിമ കനിവോ-
ടൊന്നു നൽകേണമെന്നാ-
തങ്കം പോക്കും നൃപരണിമണി-
ത്തമ്പുരാനോടിരന്നേൻ. 119

ക്ഷൌമാദിശ്രീഭരസുഭഗമായ്
നേത്രപീയൂഷമായി-
ക്കൌമാരശ്രീമധുരതരമാം
സ്വപ്രതിഛായയപ്പോൾ
സീമാതീതപ്രമദമൊടെന്നി-
ക്കാശ്ശു കല്പിച്ചയച്ചാ-
നീ മാഹാത്മ്യം തടവുമരുമ-
ത്തമ്പുരാനിമ്പമോടേ. 120

'മേലാലീയെൻ ചരണയുഗസ-
ന്ദർശനം നീയവാപി-
ക്കീലാ നൂനം, പ്രതിമയിതുതാൻ
കേവലം കണ്ടുകൊൾക'
ആലോചിച്ചിങ്ങനെയതിനെയ-
ത്താശ്രൻ തോഷപൂർവം
താലോലിക്കും തരുവുടയൊരെൻ-
തമ്പുരാൻ തന്നുവോ മേ? 121

സ്വന്തം ദ്രവ്യം ബത! ചെലവു ചെ-
യ്തെത്രപേരെപ്പുറിപ്പി-
ച്ചന്തംവിട്ടുള്ളലിവിയല്വമി
കല്പവൃക്ഷോപമാനൻ?
അന്തസ്താപാകുലതയിതുപോ-
ലൊന്നിനാലും ജനങ്ങൾ-
ക്കെന്തായാലും പരമിനിവരാ-
നില്ലതിന്നില്ല വാദം. 122

വീഴുന്നയ്യോ! ചിലരിതുനിനച്ചിങ്ങു
ഭൂവിങ്കൽ വിങ്ങി-
ക്കേഴുന്നയ്യോ! ദിശിദിശി മഹാ
ലോകവൃക്ഷങ്ങളെല്ലാം;
മാഴ്കുന്നല്ലോ ദിവസകരനും
മങ്ങിയാകാശമദ്ധ്യേ
വാഴുന്നല്ലോടിഹ സദൃശമായ്
നിർമ്മഹസ്സായഹസ്സും. 123

എന്തിന്നേവം പുനരെഴുതിട്ട-
ന്നന്തമില്ലാതെയിങ്ങൾ--
ച്ചിന്തും ഖേദങ്ങളെയധികമി-
ത്തവ്വിലെൻ തൂവലേ! നീ?
സന്താപത്തീയതിലഖിലരും
വെന്തുനീറീടുവാൻ നി-
ശ്ചിന്താലേശോദയമെഴുതിവ-
ച്ചില്ലയോ മല്ലയോനി? 124

മിന്നും കാന്ത്യാ ഭുവനനയനാ-
നന്ദമേറുന്നതാമി-
പ്പൊന്നുംപൂമെയ്യിവിടെയിരുപ-
ത്തൊൻപതാകും വയസ്സിൽ
ചിന്നും ഖേദം പ്രജകളിൽ വിള-
ങ്ങുംവിധം കൊണ്ടുപോകാൻ
തന്നുള്ളത്തിൽ കരുതിയ വിധി-
ക്കില്ലതെല്ലും വിവേകം. 125

## * ഒരു വിലാപം

ക്രൂരോപഹാസമൊടഹോ! മരുവുന്ന ദൈവ-
മാരോമലാളവളുമത്രിദിവം ഗമിച്ചാൾ
ആരോടു ചൊൽവതഴലെൻമനമേ! കനിഞ്ഞി-
ങ്ങാരോതിടുന്നിതു സമാധി തവാധി തീർപ്പാൻ? 126

വന്നീടുമെന്നെയെതിരേററതിരററ മോദം
ചിന്നീടുമാറു ചെറുപുഞ്ചിരി തൂകി മന്ദം
ചൊന്നീടുമോമനവചസ്സുകൾ നീ, യതെല്ലാ-
മിന്നീവിധം വെടിയുവാനിടയെന്തു? ബാലേ! 127

നന്നായ്പ്പുലഞ്ഞു വശമാക്കിയ വിദ്യയെന്ന-
ല്ലിന്നാശു വിസ്മൃതിയിലായ് വിഷയങ്ങളെല്ലാം;
അന്നാരിമാർമകുടിമാത്രമിരുന്നിട്ടന്നു-
ണ്ടെന്നാശയത്തിലധിദേവതയെന്നവണ്ണം. 128

ചേണാർന്ന മുക്തിയണവാനഴരും ഭവത്യാ
ലോലായതാക്ഷി! ദയയും ബത! മുക്തയായോ?
നീലാരവിന്ദദളമഞ്ജുളമായ് വിളങ്ങും
ലീലാവലോകമരുളാതമരുന്നുവല്ലോ. 129

---

* ജഗന്നാഥപണ്ഡിതരുടെ 'ഭാമിനീവിലാസ'ത്തിൽനിന്നും വൃത്താനുവൃത്തപരിഭാഷ.

126. സമാധി = സമാധാനം.

ക്രൂരന്ന് നീയിടറുമെന്നു ഭയന്നു കല്ലിൽ
കേറാൻ പിടിച്ചു മമ പാണി വിവാഹകാലേ;
വേറാക്കിയെന്നെയിഹ നീ ദിവമുൽപതിക്ക-
മാറായിതെന്നു തകരുന്നു മനം നിതാന്തം. 130

തണ്ടാർനിരയ്ക്കുടയ ചിന്ത ശമിച്ചുവെന്ന-
ല്ലുണ്ടായി നിസ്തുലമഹസ്സു നിശാകരന്നും
കൊണ്ടാടിടുന്നു പികസംഹതി ഗീതിയോടെൻ-
വണ്ടാറണിക്കുഴലി! നീയിഹ പോയമൂലം. 131

നമ്മങ്ങളോടു ചിലനാളിഹ വാണു വിദ്യു-
ദ്ധർമ്മംകലന്നൊരു മഹേന്ദ്രസുഖങ്ങളേകി
നിർമ്മന്ത്രനാം നൃപനെ ലക്ഷ്മികണക്കു പുണ്യ-
കർമ്മംതുലഞ്ഞപൊഴുതെന്നെ വെടിഞ്ഞുവോ നീ? 132

പേരാർന്നമന്ദഹസിതാമൃതിനാൽ കുളിപ്പി-
ച്ചാരാധനം നിയതമക്ഷിസുമങ്ങളാലേ
ധാരാളമെന്നിലരുളും ഗൃഹലക്ഷ്മിയാമെൻ-
നീരാളഗാത്രി പിരിയാ ഹൃദയത്തിൽനിന്നും. 133

ഭൂവിങ്കൽവാണു മധുരോക്തികൾ ചൊല്ലിയെന്നെ
ദ്യോവിങ്കലാക്കിയ മനോഹരയായ നീതാൻ
ദ്യോവിങ്കലിപ്പൊഴുതു പോയളവെന്നെയേവം
ഭൂവിങ്കലെപ്പൊടിയിൽ വീഴ്ത്തുവതെന്തു ബാലേ! 134

ദ്രഷ്ടിക്കു മഞ്ജുഹിമവാലുകയായ്, ഗളത്തിൻ-
തുഷ്ടിക്കു കഞ്ജസുമമാലികയായ്, മനസ്സിൽ
ഹൃഷ്ടിക്കു നൽക്കവിതയായതിദിവ്യശോഭാ-
പുഷ്ടിക്കു പാത്രത കലൎന്നവൾ വാണിരുന്നു. 135

താപിഞ്ഛവേണി! ബത! നിദ്രയിലും പരങ്കൽ
പ്രാപിച്ചതില്ല തവ മാനസമാശയോടേ;
നീ പിന്നെ നിൎഗ്ഗുണതയാൎന്ന പരൻപുമാനെ
പ്രാപിച്ചിടുന്നതിനു സമ്പ്രതി പോയതെന്തേ? 136

---

136. പരൻ = അന്യൻ. നിൎഗ്ഗുണതയാൎന്ന = ഗുണഹീനനായ; സത്ത്വാദിഗുണസംബന്ധമില്ലാത്ത എന്നും. പരൻപുമാനെ = അന്യനായ പുരുഷനെ; പരബ്രഹ്മത്തെ എന്നും.

## * കന്ദുകലീല

തന്വംഗിതൻെറ കരതാഡനമേററു വീണ്ടും
മന്നിൽപതിക്കിലുമുയൎന്നണയുന്ന പന്തേ!
ഭിന്നാശയം വെളിയിലായിളമാഞ്ചലാക്ഷി
തന്നോമനച്ചൊടി തൊടുന്നതിനിച്ഛതന്നെ. 137

മന്നിങ്കലപ്പദനഖാംശുവിനാൽ വെളുത്തും
വിണ്ണിങ്കലന്നയനകാന്തികളാൽ കറുത്തും
തന്വംഗിതൻെറ കരരശ്മികളാൽ ചെമന്നും
മൂന്നെന്നു തോന്നുമിഹ കന്ദുകമൊന്നുതന്നെ. 138

'കൊങ്കയോടു സമമായ പന്തിനെയ-
ടിച്ചിടുന്നൊരിവൾ കോപമോ-
ടെങ്കലും ത്വരിതമാചരിക്കുമിഹ
നേത്രതുല്യത ഭവിക്കയാൽ'
ശങ്കയേവമുളവാകകൊണ്ടധിക-
ഭീതിപൂണ്ടൊരു സരോരുഹം
മങ്കതൻകരുണയങ്കുരിപ്പതിനു
ചെങ്കഴൽത്തളിരിൽ വീണുതേ. 139

---

* ഭോജരാജാവു് ഒരിക്കൽ തൻെറ യാത്രയിൽ ഒരു സ്ത്രീ പന്തടിച്ചുകൊണ്ടിരിക്കുന്നതും അതിനിടയ്ക്കു് അവൾ കൎണ്ണാലങ്കാരമായി വച്ചിരുന്ന പുഷ്പം അവളുടെ പാദത്തിൽ വീണതും കണ്ടിട്ടു് തൻെറ സദസ്സിൽ വന്നു് കന്ദുകലീലയെ വൎണ്ണിക്കണമെന്നു് സദസ്യരായ കവികളോടു് ആജ്ഞാപിച്ചതനുസരിച്ചു് ഭവഭൂതി, വരരുചി, കാളിദാസൻ ഇവർ മൂന്നുപേരും ഓരോ ശ്ലോകങ്ങൾ ഉണ്ടാക്കിയതായി ഭോജചരിത്രത്തിൽ പറഞ്ഞിട്ടുണ്ടു്. അവയുടെ തൎജ്ജമയാണു് ഈ മൂന്നു ശ്ലോകങ്ങൾ.

തുള്ളുംതൈക്കൊങ്കയോടൊത്തിളകിന മണിഹാ-
രങ്ങളോടങ്ങഴിഞ്ഞി-
ട്ടുള്ളോരക്കുന്തലാന്തം ശ്രമജലമൊടണി-
ത്തോടയാട്ടങ്ങൾ പൂണ്ടും
തള്ളും ശ്വാസങ്ങൾ പാണിപ്രഹരണമിവയും
ചേൎന്നു പാരംതളൎന്നി-
പ്പുള്ളിക്കേഴാക്ഷിസേവിപ്പൊരു തവ സുകൃതം
കന്ദുകാ! വന്ദ്യമത്രേ. 140

## കവിത

കവി കാവ്യങ്ങൾ നിർമ്മിക്കും
രസം വിദഗ്ദ്ധാനറിഞ്ഞിടും;
വധൂമാധുര്യമറിവോൻ
വല്ലഭൻ താതനല്ലതാൻ. 141

സരസാ സാലങ്കാരാ
സുപദന്യാസാ സുവർണ്ണമയരൂപാ
ആര്യയുമതുപോൽ ഭാര്യയു-
മാര്യന്മാർക്കേ ലഭിക്കയുള്ളു ദൃഢം. 142

കോമളകാവ്യങ്ങളിലും
കാഠിന്യം പ്രിയതരം ചിലേടത്തിൽ
കാമിനിയുടെ മൃദുമെയ്യിൽ
കാർക്കശ്യം കുചതടത്തിലെന്നതുപോൽ. 143

സരസകവിപ്രൗഢന്മാർ
ഘനജഘനസ്തനസുമന്ദഗാമിനിമാർ
ഇവരിൽ ചിലെടത്തുണ്ടാം
പദവിഘടലഭാവമധികകമനീയം. 144

---

142. സാലങ്കാരാ = ഉപമാദ്യലങ്കാരങ്ങളോടുകൂടിയതു്. ആഭരണങ്ങളോടു കൂടിയവൾ എന്നും. സുപദന്യാസം = ശോഭനമായ പദന്യാസത്തോടു കൂടിയതു്. പദന്യാസം = പദപ്രയോഗം; കാൽവയ്പു് എന്നും. സുവർണ്ണം = നല്ല അക്ഷരം; സ്വർണ്ണം എന്നും. ആര്യ = ശ്ലോകവിശേഷം. ആര്യന്മാർ = ശ്രേഷ്ഠന്മാർ.

ഭ്രമരഹിതം കചമതുപോൽ
സരസഹിതം സുഭ്രുവിൻെറ കുചമതുപോൽ
സാഹിത്യം വിലസുന്നു
സ്വക്ഷരപീയൂഷമധരമെന്നതുപോൽ. 145

അധരത്തിൻ മധുരത്വം
കുചകഠിനതദൃഷ്ടിയുഗളതീക്ഷ്ണത്വം
കവിതാപരിപാകവുമിവ-
യനുഭവരസികത്വമുള്ളവൎക്കറിയാം. 146

വൎണ്ണത്തോടൊരു വൎണ്ണം
വൎഷസഹസ്രം വിചാരമാൎന്നാലും
ചേൎക്കാനാകാത്ത ഖലൻ
ചേൎക്കുന്നിതു നിന്ദ കവികളിൽ പാരം. 147

ഖലനാമഗ്നിയിൽ വെന്താൽ
കാവ്യസുവൎണ്ണം വിശുദ്ധമായിടും;
അതിനാലെങ്ങനെയെങ്കിലു-
മതിനെക്കാണിക്കയീൎഷ്യയുള്ളവരെ. 148

---

145. ഭ്രമരഹിതം = ഭ്രമത്തോടു (അയഥാൎത്ഥജ്ഞാനത്തോടു) കൂടാത്തതു്; ഭ്രമരങ്ങൾക്കു ഹിതമെന്നും. സരസഹിതം = സരസന്മാൎക്കു ഹിതം; സരത്തോടു (മുത്തുമാലയോടു) കൂടിയതെന്നും. സുഭ്രു = സുന്ദരി. സ്വക്ഷരപീയൂഷം = പീയൂഷംപോലെയുള്ള നല്ല അക്ഷരങ്ങളോടു കൂടിയതു്; സു = ഏററവും. അക്ഷരം = നശിക്കാത്തതായ (തീരെ നശിക്കാത്തതായി); അമൃതോടുകൂടിയതെന്നും.

സംഗീതം സാഹിത്യവു-
മിവ വാണിദേവിതന്റെ കുചയുഗളം;
ഒന്നാപാതമനോജ്ഞം,
മറേറതമൃതം നിനച്ചിടുംതോറും. 149

സരസസഭയിൽ കേൾപ്പിക്കേണ്ടും
കവിതാരസായനം
വിരസഹൃദയന്മാരെക്കേൾപ്പിപ്പാനിൽ
കൊതിയില്ല മേ;
തരുണിമുലചൂടേണ്ടും കസ്തൂരിയെ-
ബ്ബഹുചേറണി-
ഞ്ഞുരുളിന മുതുപോത്തിൻമെയ്യിൽ
പുരട്ടുവതാരുവാൻ! 150

കേൾക്കുമ്പോളിഹ സൽക്കവീന്ദ്രവചനാ
കർണ്ണത്തിൽ മാധ്വീരസം
ചേക്കും തൽഗുണസഞ്ചയങ്ങളറിയ-
പ്പെട്ടില്ലയെന്നാകിലും;
നോക്കുന്നോരുടെ നേത്രപംക്തിയെ ഹരി-
ച്ചീടുന്ന സൗരഭ്യമ-
മ്മൂക്കിൽ ചേരുവതിന്നുമുൻപിലുമഹോ !
നന്മാലതീമാലിക. 151

പ്രതാപാധിക്യംപൂണ്ടവനിയഖിലം
കൈത്തണൽക്കീഴിലാക്കി
പ്രഭാവാൽ പാലിച്ചുള്ളൊരു കൊടിയഭൂ-
പാലകന്മാരുമോർത്താൽ

സ്മൃതിക്കും യാതൊന്നിൻവിരഹമണകിൽ
പാത്രമല്ലത്രമാത്രം
മഹത്ത്വം ചേൎന്നീടും കവിമണിമൊഴി-
ക്കെപ്പോഴും കൂപ്പിടുന്നേൻ. 152

കണ്ണിൽകാണാത്തവസ്തുക്കളെയതിവിശദം
കണ്ടപോലാക്കിവെയ്ക്കും,
ദണ്ഡിക്കും ദൂരമോരോ നിയമഗതികളെ,
സ്വൈരവൃത്ത്യാ ചരിക്കും,
എണ്ണിക്കൂടാതെ വായ്ക്കുന്നൊരു പരമരസം
ചിന്തതോറും വളൎക്കും,
വണ്ണിക്കാനാവതല്ലിക്കവിഭണിതികളും-
ക്കാമ്പിലോൎക്കുമ്പൊഴാൎക്കും. (സ്വ) 153

പയ്യാദ്യത്താലുദിക്കും വ്യഥകളയു,മല-
ങ്കാരസൌഭാഗ്യമേറും
മെയ്യാളും, സാധുദീൎഗ്ഘശ്ലക്ഷ്ണമൊടതിസുവ-
ൎണ്ണാഭചേൎന്നുല്ലസിക്കും,
ശയ്യാപാകാദിരാജൽസരസതകലരും
സാഹിതിത്തയ്യലോടൊ-
ത്തയ്യാ! മേളിക്കിലുണ്ടാം സുഖമതനുഭവി-
ച്ചീടിൽമാത്രം ഗ്രഹിക്കാം. (സ്വ) 154

---

153. ഓരോ നിയമഗതികളെ = കാവ്യത്തിനുള്ള നിയമരീതികളെ. ദണ്ഡിക്കും = തിരസ്കരിക്കും. 'നിരങ്കുശാഃ കവയഃ' എന്നുണ്ടല്ലോ. അഥവാ സൃഷ്ടിയുടെ നിയമഗതികളെ ലംഘിക്കും എന്നുമാം.

154. സാധുദീൎഗ്ഘശ്ലേക്ഷണം = ശരിയായ ദീൎഘാലോചന; മനോഹരമായ നീണ്ട കണ്ണെന്നും. ശയ്യാ = പദങ്ങളുടെ ചേൎച്ച; മെത്ത എന്നും.

ആക്കായാലും ശ്രവിക്കുംപൊഴുതിലമിതകൗ-
തൂഹലം ചിത്തതാരിൽ
ചേക്കാനുള്ളോരു ശക്തിപ്രചുരിമയൊടതിൻ-
സാരമോരോന്നു വീണ്ടും
ഓക്കാനൗൽസുകൃമേറുംവിധമിഹ സരസം
കാവ്യമവ്യാജശോഭം
തീക്കാ'നദ്ധ്വാനമുണ്ടിന്നിതു ഭുവി മതിമാ-
ന്മാർകളാൽ സാധ്യമത്രേ'. 155

താണീടാതുള്ളൊരോമൽ ഗുരുകൃപ തികയു-
ന്നേരമേററം വിളങ്ങും
വാണീസാരം ലഭിക്കുന്നതു കവി, പഠനോ-
ദ്യുക്തനല്ലോത്തുകണ്ടാൽ;
താണിട്ടത്താമരപ്പൊയ്കയിലനവരതം
വെള്ളമൊക്കെക്കലക്കും
വീണപ്പോത്തിന്നു പുത്തൻ മലർമണമറിവാ-
നുള്ള സാരസ്യമുണ്ടോ? 156

മററെന്താണിഷ്ടമെന്നാലതു സകലവുമെൻ-
മൗലിയിന്മേൽ വിധേ! നീ
മുററും നന്നായ് വരച്ചീടുക, സുഖമൊടു ഞാ-
നായതൊക്കെസ്സഹിക്കാം;
ചെററും സാരസ്യമില്ലാത്തവരുടെ ചെവിയിൽ
ചേണെഴും കാവ്യസാരം
പററിച്ചീടേണമെന്നുള്ളൊരു വരയതുതാൻ
നീ വരയ്ക്കാതിരിക്ക. 157

എനിക്കില്ലാ പദ്യാവലിയെഴുതുവാൻ
നൈപുണമഹോ!
മിനക്കെട്ടാലുണ്ടാകിലുമതു പിഴ-
ച്ചീടുമതിനാൽ
കനക്കുന്നാക്ഷേപം കവികളി-
ലുരയ്ക്കാമിതി സദാ
നിനയ്ക്കുന്നുണ്ടിപ്പോൾ ചിലർ പര-
മസൂയാവസതികൾ. 158

ഞാൻ ചൊല്ലും മൊഴിയിൽ സുധീജനമന-
സ്സേററം രമിച്ചീടിലും-
ച്ചാഞ്ചല്യം കലരുന്ന മൂഢർ ദൂഷിവാ-
ക്കേന്തീടിലെന്താണതിൽ?
തേഞ്ചൊല്ലാൾമണിതന്നപാംഗകല നി-
സ്സാരം കുമാരങ്കല-
പ്പൂഞ്ചില്ലിച്ചുളിവാൻ ചെന്നതു യുവ-
ശ്രേണിക്കു ചേക്കും സുഖം. 159

രമണീയാത്ഥവിലാസം
രസപോഷകമായ് കലന്നിട്ടും വാക്യം
കമനീയതയോടെഴുതാൻ-
കഴിയുന്ന ബുധൻ യഥാത്ഥകവിയത്രേ. (സ-) 160

## കവിസ്തുതി

മുന്നം കവിഗണനയില-
ച്ചെറുവിരലിൽ കാളിദാസകവിയേറി;
ഇന്നും തത്സമനില്ലാ-
ഞ്ഞനാത്ഥയതായ നാമികാ നൂനം. 161

ആമോദപ്രസരം സദാ രസികരിൽ
ഗാഢം വളർത്തുന്ന ന-
ല്ലോമൽ സാഹിതിയായ മാലയെ മഹി-
ക്കായിസ്സമപ്പിക്കയാൽ
സീമാതീതയശോവിലാസവിശദം
ശ്രീകാളിദാസശ്രുതം
നാമം പൂണ്ട കവീന്ദ്ര! 'താവകപദാം-
ഭോജം നമിക്കുന്നു ഞാൻ.' 162

ഈയുള്ളോരാന്ന മൗഢ്യം സകലവുമകലെ-
ത്തള്ളുമാറുള്ള വാണീ-
പീയൂഷംചേന്ന നാനാസരളസരസകാ-
വ്യങ്ങളവ്യാജശോഭം
ഈയൂഴിത്തട്ടിലെന്നും നലമൊടു നിലനിൽ-
ക്കുംവിധം തീൎത്തു മോദം-
പെയ്യും ശ്രീതുഞ്ചനാകും കവിമണിയുടെ നൽ-
ക്കാലിണയ്ക്കായ് നമിക്കാം. (സ്വ) 163

അൻപേറും പ്രേയസിക്കുള്ളൊരു മൃതിയിലെഴും
ദുഃഖമാമബ്ധിയിൽപ്പെ-
ട്ടമ്പോ! നീന്തുന്നവന്നും ഫലിതമയരസ-
ത്തള്ളലാലുള്ളിലേററം
ഇമ്പം നൽകുന്ന സാരള്യവുമതിമധുര-
പ്രാസവും ചേർന്ന കുഞ്ചൻ-
നമ്പ്യാരാകുന്ന സാക്ഷാൽ കവിമണിയുടെ വാ-
ഗ്വൈഭവം ലോഭനീയം. (സ്വ) 164

## ദുഷ്ടവി

രസികതയതിലാകുലരായ്
കുകവികളും ജാരപൂരുഷന്മാരും
അർത്ഥക്ഷയമപശബ്ദം
വൃത്തത്തിൻഭംഗവും ഗണിച്ചീടാ. 165

വിടുവചനമുരയ്ക്കും ചേലൊടന്യൻ വരിക്കും
മടുമൊഴിയെ ഹരിക്കും ദോഷമേററം നിറയ്ക്കും
അടിയിടെയിടെയേല്ക്കും സജ്ജനൗഘം വെറുക്കും
'വിടരൊട്ടു' കിടയത്രേ ദുഷ്ടവിക്കൂട്ടമോർത്താൽ. 166

---

165. അർത്ഥക്ഷയം = പൊരുളിനുള്ള ന്യൂനത; ധനക്ഷയമെന്നും. അപശബ്ദം = തെററായശബ്ദം; ദുഷ്കീർത്തി എന്നും. വൃത്തം = ശ്ലോകങ്ങളുടെ വൃത്തം; ആചാരമെന്നും.

166. മടുമൊഴി = മധുപോലെയുള്ള മൊഴി; സ്ത്രീ എന്നും.

ആരും നാവിൽ പിടിക്കില്ലിഹ ബത! ചില ശ-
ബ്ദങ്ങഠം നിങ്ങഠംക്കു തോന്നും,
സാരന്മാർ ശാന്തരത്രേ, മനുജപതി തടു-
ക്കില്ല ലോകം സ്വതന്ത്രം
ഓരോരോ വീട്ടുതോറും കവികഠം നിയതമീ
ഞങ്ങളേ ഞങ്ങളെന്നായ്
ധാരാളം ചെന്നുചൊല്ലീടുവിനനവരതം,
ഞങ്ങളോ മിണ്ടുകില്ലാ. 167

കഷ്ടപ്പെട്ടിട്ടുകിട്ടും ചില പദനിര ക-
ഷ്ടിച്ചു ചേക്കുന്നവൻ ത-
ന്നിഷ്ടംപോലൊക്കെ വാക്കുള്ളൊരു കവിയൊടഹോ!
മത്സരിക്കുന്നുവെന്നാൽ
കഷ്ടം ഹാ! പാപിയാമിക്കലിയി, ലധികമെ-
ന്തിന്നു ചൊല്ലുന്നു? ലോക-
സ്രഷ്ടാവോടങ്ങെതിക്കുന്നതിനു കുശവനും
തക്കമില്ലോക്കുമല്ലോ. 168

# കാലവർണ്ണനം

## സൂര്യോദയം

താരാജാലങ്ങൾ മങ്ങി തരണികിരണവും
മന്ദമന്ദം വിളങ്ങി
താരം ഭൂപാളഭംഗീസരസമധുരസം-
ഗീതമേററം മുഴങ്ങി
സാരാത്ഥാംഭസ്സിൽ മുങ്ങിക്കവികൾമനമലം-
കാരരത്നവ്രജാംഗീ-
കാരത്തിന്നായ്ത്തുടങ്ങി സുകൃതികളഖിലേ-
ശാംഘ്രിപത്മം വണങ്ങി. (സ്വ) 169

ഈരഞ്ഞൂറു കരങ്ങളാൽ കതിരവൻ
കൗതൂഹലത്തള്ളൽപൂ-
ണ്ടീരഞ്ഞൂറുദളങ്ങളേയുമുടനേ-
യൊന്നായ്ത്തുറന്നാദരാൽ
ആ രാജീവമുറിക്കകത്തളിവചോ-
ലാലിപ്പിൽ മേളിച്ചുകൊ-
ണ്ടാരാലങ്ങു കിടന്നിടും കമലയെ-
ച്ചേണാൻറ കാണുന്നിതാ! 170

## സൂര്യാസ്തമയം

പശ്ചിമയുടെ സംഗത്തിൽ
പാരം രവി രാഗമാർന്നതിഹ കണ്ടു
പ്രാചീ മേചകമുഖിയായ്;
പ്രമദകളീർഷ്യാസമേതമാരത്രേ. 171

---

171. രാഗം = ചെമപ്പ്; അനുരാഗമെന്നും. മേചകമുഖി = കറുത്ത മുഖത്തോടുകൂടിയതു്; വെറുപ്പുള്ളവൾ എന്നും.

ആനന്ദമേകിയ സുഹൃത്തമനായ സൂൎയ്യൻ
ഹീനാംശുവായഹഹ! വീഴ്‌വതു കാണ്മവേണ്ടാ
ഈവണ്ണമോൎത്തു നളിനീകളവാണിയുള്ളിൽ
താവും വിഷാദമൊടടച്ചിതു പത്മനേത്രം. 172

അന്നേരമക്കാലതാൎക്ഷ്യ-
നാശു കൊണ്ടങ്ങു മണ്ടിടും
ദിനമാം ഫണിതൻസൂൎയ്യ-
മണി വീണിതു സിന്ധുവിൽ. 173

കലാനാഥൻ കുതുകിയായ്
കരംചേൎത്തിട്ടമംബരേ
എന്നുറച്ചു നിശാനാരി
രവിദീപം കെടുത്തിനാൾ. 174

നന്നായിട്ടുണ്ടു രാഗം, നയനസുഖകരം
രൂപവും താപമേകീ-
ട്ടുന്നില്ലെന്നാലുമോൎത്തീടുകിൽ വസുനിവഹം
തീൎന്നുപോയെന്നമൂലം
മിന്നും ഭാസ്വാനെയിപ്പോൾ സപദി ഗഗനമാം
വീട്ടിൽനിന്നാട്ടിയോടി-
ക്കുന്നയ്യോ! നന്ദിവേർപെട്ടപരദിശയതാം
വേശ്യയാൾ പശ്യ ബാലേ! 175

---

174. കലാനാഥൻ = ചന്ദ്രൻ. അംബരേ = ആകാശത്തിൽ; വസ്ത്രത്തിൽ എന്നും. കരം = രശ്മി; കൈ എന്നും.

175. രാഗം = ചെമപ്പ്; അനുരാഗമെന്നും. താപം = ചൂട്; ദുഃഖമെന്നും. വസുനിവഹം = രശ്മിസമൂഹം; ധനസമൂഹം എന്നും. അപരദിശ = പടിഞ്ഞാറുദിക്ക്.

## ചന്ദ്രോദയം

ഇളകിന ചന്ദ്രകരം ചേ-
ന്നളവു തെളിഞ്ഞുജ്വലിച്ച താരകകളൊടേ
വിളയും രാഗഭരത്തൊട്ടു
കളയുന്നിതു സന്ധ്യയംബരം ബത! താനേ. 176

ഓഹോ! ഭാസ്വാനണഞ്ഞാൻ തരമിതു പരമെ-
ന്നോൎത്തു രാഗംകലൎന്ന-
സ്വാഹാജാരൻ കരത്തെക്കമലിനിയെയുടൻ
പുൽകുവാനായ് നിവൎത്തി;
ഹാഹാ! കുമ്പിട്ടു പാരാതവൾ ജളകരസം-
ഗത്തിനാൽ; കണ്ടിതെല്ലാം
മോഹംവിട്ടുല്ലസിച്ചാൾ കുമുദിനി; വിളറി
ചന്ദ്രനും ലജ്ജയാലേ 177

---

176. കരം = രശ്മി; കൈഎന്നും. താരകകൾ = നക്ഷത്രങ്ങൾ; കണ്മിഴികൾ എന്നും. രാഗം = ചെമപ്പ്; അനുരാഗമെന്നും. അംബരം = ആകാശം; വസ്ത്രമെന്നും.

177. ജളകരസംഗം = ജലമയമായ രശ്മിയുടെ സംസൎഗ്ഗം; ജളൻെറ കരസംഗമെന്നും. സൂൎയ്യാസ്തമയം, ചന്ദ്രോദയം, ഉദയത്തിലുള്ള ചന്ദ്രൻെറ ചെമപ്പ്, ചന്ദ്രികയുടെ പ്രസരണം, താമരയുടെ മുകുളീഭാവം, ആമ്പൽപ്പൂക്കളുടെ വികാസം, ചന്ദ്രൻ ഉദിച്ച് കുറേക്കഴിയുമ്പോൾ ആദ്യം ഉണ്ടായിരുന്ന ചെമപ്പ കുറഞ്ഞു് ക്രമേണ ധാവള്യത്തെ പ്രാപിക്കുക. ഇത്രയും വിഷയങ്ങളെ വെച്ചുകൊണ്ടു് കവി ഇപ്രകാരം വൎണ്ണിക്കുന്നു: സൂൎയ്യൻ അസ്തമിച്ചുകഴിഞ്ഞഉടൻ "ഓഹോ, സൂൎയ്യൻ പോയല്ലോ, തൽപ്രണയിനിയായ കമലിനിയെ പ്രാപിക്കുന്നതിനു് ഇതുതന്നെ നല്ല അവസരം'' എന്നു വിചാരിച്ചു് അനുരാഗത്തോടുകൂടി ആ കമലിനിയെ പുൽകുന്നതിനായി കരങ്ങൾ നീട്ടി. അകൃത്യം പ്രവൎത്തിക്കയാൽ ജളനായിരിക്കുന്ന ചന്ദ്രൻെറ ഈ കരപ്രാപ്തിയെ കണ്ടു് അവൾ വിരസയായിട്ടു് കുമ്പിട്ടുകളഞ്ഞു. ഇതെല്ലാം കണ്ടുകൊണ്ടിരുന്ന കുമുദിനി (ചന്ദ്രഭാൎയ്യ) ക്ഷീണതയെ പരിത്യജിച്ചിട്ടു് അത്യന്തം ഉല്ലസിച്ചു. ക്ഷീണതയ്ക്കു കാരണം സ്വകാന്തൻ പരസ്ത്രീയിൽ അനുരക്തനായതും ഉല്ലാസത്തിനു കാരണം ആ പരസ്ത്രീ വിരസയായിട്ടു് അവനെ

## വർഷാകാലം

(സ്വ)

പാരം ഭംഗിയോടേ വിടത്തിയ മയിൽ
പിഞ്ഛങ്ങളാഞ്ചായൽ പൂ-
ണ്ടാരോമൽ പ്രഭയാർന്നെഴുന്ന ചപലാ-
പാംഗങ്ങളോടെത്രയും
സാരംചേർന്നപയോധരങ്ങളുമിള-
ക്കിക്കൊണ്ടു വർഷാംഗനാ
നേരിട്ടിങ്ങുവരുന്നു വെള്ളവസനം
ചാർത്തീട്ടു താർത്തേൻമൊഴി. 178

വർഷാകാലത്തിൽ വർദ്ധിച്ചൊരു ജലനിരയാൽ
തീരമെല്ലാം കവിഞ്ഞി-
ങ്ങാരാലുണ്ടായിട്ടും വൻപൊഴിവഴിയതൊഴി-
ഞ്ഞീടവേ മുൻപിലേക്കാൾ
കാർശ്യംപൂണ്ടേറെമന്ദ്യം തടവിന പരവൂർ-
ത്തോടിതേവക്കമെന്നും
മര്യാദാലംഘനത്താൽ സപദി ലഘുത വ-
ന്നീടുമെന്നോതിടുന്നു. 179

---

തിരസ്കരിച്ചതും ആകുന്നു. താൻ പരസ്ത്രീഗമനം ചെയ്യാൻ ഭാവിച്ചതും പതിവ്രതയായ അവൾ തന്നെ തിരസ്കരിച്ചതും കണ്ടിട്ട് തന്റെ ഭാര്യ തന്നെ അപഹസിച്ചതു കാൺകയാൽ ഉണ്ടായ ലജ്ജ നിമിത്തം ചന്ദ്രൻ ഉടൻതന്നെ വിളറി ഇളിച്ചുപോകയും ചെയ്തു. പരസ്ത്രീനിരതന്മാരുടെ അനുഭവം ഇതാണെന്നൊരു സദാചാരോപദേശം ഇവിടെ സ്പഷ്ടമായി സ്ഫുരിക്കുന്നുണ്ട്. മൂലത്തിലെ ശീതകരശബ്ദത്തിനു ഭാഷയിൽ 'സ്വാഹാജാരൻ' എന്നു പ്രയോഗിച്ചതു് സന്ദർഭത്തിനു കുറെക്കൂടി അനുഗുണമായിട്ടും ഉണ്ട്. വിസ്തരഭയത്താൽ എല്ലാ ശ്ലോകങ്ങളെയും ഇതുപോലെ വ്യാഖ്യാനിക്കാൻ തുനിഞ്ഞിട്ടില്ല.

178. ചായൽ = തലമുടി. ചപലാപാംഗങ്ങൾ = ചപലകൾ (മിന്നലുകൾ) ആകുന്ന അപാംഗങ്ങൾ. പയോധരങ്ങൾ = മേഘങ്ങൾ; കുചങ്ങൾ എന്നും.

## * കൃഷ്ണൻകുന്നു്

(സ്വ)

അഹോ! വിചിത്രം പ്രകൃതിക്കെഴും ശ്രീ
മഹോവിലാസം മഹനീയമത്രേ;
ഇഹോപവേശിച്ചതുനേരമുള്ളിൽ
മഹോദയം ചെയ്തു കുതൂഹലം മേ. 180

ഉയൎന്ന വൃക്ഷങ്ങടെയഗ്രമെല്ലാം
നിരന്നു പാൎശ്വങ്ങളിലിങ്ങു തിങ്ങി
തരുന്നു കണ്ണിന്നതിമോദമാകും
വിരുന്നിതാ! പച്ചനിറത്തിനാലേ. 181

അതിന്നു കീഴായി നിലങ്ങളേററം
മുതിൎന്ന നെല്ലിൻനിരയാൎന്നിണങ്ങി
വിളങ്ങിടും പാരിൽ വിനമ്രരിൽത്താൻ
ധനങ്ങളെന്നുണ്ടു പറഞ്ഞിടുന്നു. 182

നിലങ്ങൾതൻ തീരതലങ്ങൾതോറും
ഗൃഹങ്ങൾ കാണാം വിവിധങ്ങളായി;
ജനങ്ങളേററം കൃശരായ് ചിലേട-
ത്തനങ്ങിടുന്നുണ്ടതുമസ്ഫുടംതാൻ. 183

---

* ഈ കുന്നു് മടവൂർ സി. നാരായണപിള്ള അവർകളുടെ ഗൃഹത്തിനു സമീപമുള്ളതാകുന്നു. ഇതിന്റെ മുകളിലുള്ള ബംഗ്ലാവിൽവച്ചു് ഒരിക്കൽ എഴുതപ്പെട്ടവയാണു് ഈ ശ്ലോകങ്ങൾ.

180. മഹോവിലാസം = തേജോവിലാസം.

നേരേ പടിഞ്ഞാറു കരയ്ക്കുയൎന്നു
കാണുന്ന ഭൂവിന്നു നടുക്കു പാരം
കാർകൊണ്ടൽപോലങ്ങു വിളങ്ങിടുന്നു
'കാക്കോട്ടുപാറ'ത്തലവൻ മനോജ്ഞൻ. 184

വീണ്ടും പടിഞ്ഞാറഥ നോക്കിടുമ്പോൾ
നീണ്ടിട്ടഹോ! വീതികുറഞ്ഞമട്ടിൽ
ഭുജംഗമംപോൽ ക്ഷിതിജത്തൊടൊത്തു
വിളങ്ങിടും വാരിധി കണ്ടിടുന്നു. 185

വടക്കുഭാഗത്തിലതീവ ദൂര-
സ്ഥലം വിശാലം വിലസുന്നു കാന്ത്യാ;
ഇടയ്ക്കിടയ്ക്കങ്ങചലങ്ങൾ നെല്ലിൻ-
പുഞ്ജങ്ങൾതൻ മഞ്ജിമയാൎന്നിടുന്നു. 186

കിഴക്കു സഹ്യാദ്രിവരൻ ഗഭീരൻ
കിടന്നിടും കാഴ്ചയതീവ രമ്യം;
ഇടയ്ക്കു മേഘങ്ങൾ വിചിത്രമായോ-
രാലേഖ്യഭാവത്തെ വഹിച്ചിടുന്നു. 187

എനിക്കുതാനുന്നതിയെന്നുചൊല്ലി-
ത്തനിച്ചുയൎന്നങ്ങനെ വിണ്ണിലെത്തി
തഴച്ചവൃക്ഷാവലിപൂണ്ടു കോട്ടൂർ-
കുന്നങ്ങു തെക്കായ് വിലസുന്നു പാരം. 188

ഇവയ്ക്കു മദ്ധ്യത്തിലെഴുന്ന കൃഷ്ണൻ-
കുന്നിങ്കൽ നന്മന്ദിരമൊന്നിവണ്ണം
ചമച്ച നാരായണപിള്ളയാമെൻ-
സുഹൃത്തിനുള്ളൊരു ചിരി മാന്യമത്രേ. 189

ചൂടേററു വേനല്ക്കു ശരീരമെല്ലാം
പാടേ വിയർത്തേററ വലഞ്ഞിടുന്നോൻ
ഇഹാഗമിച്ചല്പമിരുന്നുവെന്നാൽ
മഹാഗ്നിതൻസന്നിധിയെക്കൊതിക്കും. 190

അതീവ നൈർമ്മല്യമിയന്നു വന്നി-
ങ്ങണഞ്ഞിടും കാററിനുവേണ്ടവണ്ണം
സുഗന്ധമേകുന്നതിനുണ്ടു ചുററും
സൂനങ്ങൾ തിങ്ങുന്ന ലതാവിതാനം. 191

പ്രശാന്തഗംഭീരത പൂണ്ടുമേവും
ദിശാവകാശങ്ങളിഹ സ്വകീയം
വിശാലഭാവത്തെ വിശേഷശോഭാ-
വശാൽ മനസ്സിന്നുമിയററിടുന്നു. 192

ഒരിക്കലിമ്മന്ദിരവാസസൌഖ്യം
ലഭിക്കുവാൻ ഭാഗ്യമിയന്ന മർത്ത്യൻ
മരിക്കുവോളം പുനരായതെന്നും
സ്മരിക്കുമെന്നുള്ളതിനില്ല വാദം. 193

---

192. ദിശാ = ദിക്ക്.

## ചിത്രപ്രശ്നം

(സ്വ)

തണ്ടാർസ്സായകനാകുമേകപദമായ്
കണ്ടാ; ലതിൽത്തന്നെ നീ-
യുണ്ടായിടരുതെന്നൊരത്ഥമുളവാം
രണ്ടായ് മുറിച്ചീടുകിൽ;
വണ്ടാർപൂവണിവേണിമാർകൾ ഹരിയിൽ
കൊണ്ടാട്ടുവോരും വരും
രണ്ടാ;ളെന്തിതു ഹന്ത! കേൾക്കവതിനായ്-
ക്കൊണ്ടാശയുണ്ടാശയേ. 194

### ഉത്തരം

'പേശലസംസ്കൃതകൌശല
കേശവകവിചെയ്ത ചിത്രപ്രശ്നയ്ക്കു്
ക്ലേശമൃതേ ഗതസംശയ
ലേശമഹം ചൊൽവനുത്തരം മാഭ്രഃ.' 195

കേരളവമ്മ വലിയകോയിത്തമ്പുരാൻ.

### പ്രശ്നം (സ്വ)

എന്താണു ചെയ്യേണ്ടതു യോഗ്യനാവാ?-
നെന്താശ്രയിക്കുന്നിതു പാന്ഥരെല്ലാം?
എന്തായിട്ടും തോലു പൊളിഞ്ഞ ചെണ്ട?-
യെന്താമിതിന്നുത്തരമേകരൂപം? 198

ഉത്തരം

ഒന്നാമത്തും അഘമഥനേ
വിദ്ധ്യാപിദ്ധേ ദ്വിതീയമത്തും
ജ്ഞാനാനന്ദേ വണ്ണം
മൂന്നാമത്തുമൊത്തൊരുത്തരമുരയ്ക്കാം. 199

കേരളവൎമ്മ വലിയകോയിത്തമ്പുരാൻ.

പ്രശ്നം (സ്വ)

ചൈതന്യംകലരാത്ത ദേഹിയുമഹോ!
സത്തുക്കളിൽ ഭ്രൂഷണം
ചെയ്യുന്നാലഥ ദന്തഹാനിയുളവാം
നാവും നശിക്കും ദൃഢം
എന്നല്ലാ ബഹുകഷ്ടമാകൃതിയത്തും
ഭേദിച്ചുടൻ വായുമി-
ല്ലെന്നായ് വന്നിട്ടുമെന്നു സൎവ്വരുമക-
ക്കാമ്പിൽ ധരിച്ചീടണം. 200

എന്തെന്നാലതുമോതിടാമിഹ മുദാ;
സൽഭാവമാൎന്നീടുവാൻ
പന്ഥാവോ,ൎക്കക, തൻെറകീഴിൽവഴിപോ-
ലസ്സത്തിനെച്ചേൎക്കയാൽ
ഹന്താദന്തതപൂണ്ടു നാവുമഥപോയ്
വായും നശിച്ചെന്നുമ-
ല്ലെന്താപത്തിതു തൽക്ഷണേന നെടുതാ-
മാകാരവും വിട്ടുതാൻ. 201

പ്രതിഭാമഹിമാതിശയം
മതിയിൽവിളങ്ങുന്ന സല്കവീശ്വരരേ!
ഇതിനുടെ ഭാവം സുഗമം
കുതുകാകുലമത്ര ചൊല്ലുവിൻ സരസം. 202

ഉത്തരം

'അന്ധാവലിക്കുമൊരുമാതിരിശീലമുള്ള
പന്ഥാവുകിട്ടിടുകിൽ മെല്ലെ നടന്നുപോകാം;
എൻതോഴർ കേ. സി. കവികാട്ടിയ സൽപഥത്തി-
ലെന്തോ നമുക്കു പുനരോടിടുവാൻപ്രയാസം'. 203

കുഞ്ഞിക്കുട്ടൻതമ്പുരാൻ.

പ്രശ്നം (സ്വ)

ഇപ്പാരിൽ പ്രാണികൾക്കെന്തധികമുതകിടും
പ്രാണസന്ധാരണാൎത്ഥം?
ചൊല്ലൊല്ലാങ്ങും സജ്ജനത്തിൻദൂഷികൾപറയുവാൻ
ദുഷ്ടരൊട്ടേറെയില്ലേ?

---

203. പന്ഥാവ് എന്നതിനോട് സൽ എന്ന പദം ചേൎത്തപ്പോൾ സല്പഥം എന്നായി. അപ്പോൾ ഹലന്തമായിരുന്ന പന്ഥാവ് എന്ന ശബ്ദം അദന്തമായി. അദന്തം = അത്താകുന്ന അന്തത്തോടുകൂടിയതു്. അത്തു് = അകാരം. അദന്തം = ദന്തത്തോടുകൂടാത്തതെന്നും. നാവു പോയി = ന്ഥ എന്നതു് ഥ എന്നായതിനാൽ നാവ് = നകാരം പോയി. നാവ് = ജിഹ്വ എന്നും. വകാരം ലോപിച്ചതിനാൽ വായും നശിച്ചു. വായ് = വക്ത്രം എന്നും. ആകാരവുംവിട്ട് = വകാരത്തിനു മുമ്പിരുന്ന ആ എന്ന അക്ഷരവും ഇല്ലാതെയായി. ആകാരം = ആകൃതി.

ഇപ്രശ്നങ്ങൾക്കചേരും പ്രതിവചനയുഗം
ചേർത്തുടൻ ചീർത്തമോദാൽ
നൽപേരും വിഗ്രഹാലംകൃതികളിലധികം
മുഖ്യമെന്തെന്നു ചൊൽവിൻ. 204

ഉത്തരം

കരുത്തനാം സൽകവി കേ. സി. യൊന്നാം-
തരത്തിൽ വിട്ടുള്ളൊരുചോദ്യമോർത്താൽ
കരത്തിൽ നന്നായൊരുവെള്ളമുണ്ടു
തരത്തിലാരും രസമോടെടുക്കും. 205

ഏവൂർ എൻ. വേലുപ്പിള്ള.

പ്രശ്നം (സ)

പത്തുമടിശ്ശീലയിലായ്
പവനായിരമിട്ടു കെട്ടിവയ്ക്കേണം;
ഇഷ്ടപ്പെട്ടൊരു തുകയെ
പ്രഷ്ടാവിനു നൽക കെട്ടഴിക്കാതെ. 206

ഒന്നുമുതൽക്കായിരമാ-
കുന്നതുവരെയുള്ളൊരേതു സംഖ്യയെയും
എത്ര മടിശ്ശീലകളായ്
നൽകുകിലും ദോഷമില്ലഴിക്കാതെ. 207

ഇങ്ങനെ നൽകീടുന്നതി-
നെങ്ങനെഭാഗിച്ചു പത്തുസഞ്ചിയിലും
വെയ്ക്കണമെന്നതു ചിന്തി-
ച്ചുൾക്കതുകാൽ സൂക്ഷ്മമതികൾ ചൊല്ലേണം. 208

---

205. വെള്ളമുണ്ടു് = വെള്ളം ഉണ്ടു്; വസ്ത്രമെന്നും.

* ഉത്തരം (സ്വ)

ഒന്നാമത്തെസ്സഞ്ചിയി-
ലൊരുപവനഥ രണ്ടിൽ വയ്ക്കു രണ്ടുപവൻ
മൂന്നാമത്തതിൽ നാലും
നാലാമതിലെട്ടുമെന്നു കരുതേണം. 209

ഇങ്ങനെതന്നെയിരട്ടി-
ച്ചോൻപതിലുംവെയ്ക്കു; ശിഷ്ടമുള്ളവയെ
പത്താമത്തതിൽവെച്ചാ-
ലൊത്തുവരും കെട്ടഴിച്ചിടേണ്ട ദൃഢം. 210

---

* ഈ ഉത്തരം സ്വയം എഴുതിയതാകുന്നു. പ്രശ്നം 'ബഹുരസം' എന്ന മാസികയിലാണ് പ്രസിദ്ധപ്പെടുത്തിയതു്. ആ ലക്കത്തോടു കൂടി ആ മാസിക അന്തർദ്ധാനം ചെയ്കതിനാൽ അന്യന്മാരുടെ ഉത്തരം കാണ്മാൻ ഇടയായില്ല.

# ചിത്രമെഴുത്തു രവിവർമ്മകോയിത്തമ്പുരാന്റെ സ്വർഗ്ഗാരോഹണം

ധാതാവായിഹ ഞാനിരിക്കുമളവിൽ
ഭ്രുവിങ്കലങ്ങന്യനെ-
ദ്ധാതാവെന്നു ജനങ്ങൾ വാഴ്ത്തിട്ടവരി-
ങ്ങേന്നേശ്രവിക്കുന്നു ഞാൻ!
ഏതായാലുമിനി ക്ഷമിച്ചിട്ടുകയി-
ല്ലെന്നേവമപ്പത്മഭ്രൂ-
ചേതസ്സിങ്കലുദിച്ചുയന്നൊരു മഹാ-
സ്പദ്ധേ! നമസ്തേ മുഹുഃ. 211

എന്നല്ലോക്കിൽ നിനക്കിതിങ്കൽ വിജയം
തെല്ലും ഭവിക്കില്ല; നീ-
യെന്നും മേൽ വിലപിച്ചിട്ടുന്നതിനൊരു-
ങ്ങിക്കൊൾക നിസ്സംശയം
വന്നങ്ങീ രവിവമ്മഭ്രൂപമണിതാൻ
തത്രാപി ചിത്രാളിയാൽ,
മിന്നും ധാതൃയശസ്സിനെസ്സരഭസം
കൈക്കൊള്ളുമല്ലോ മുദാ. 212

ചിത്രങ്ങൾ തീർത്തിങ്ങു ജനാശയത്തിൽ
ചിത്രങ്ങൾ ചേർത്തുള്ള മഹാനുഭാവൻ
ചിത്രം! സ്വലോകാന്തരയാത്രയാലും
ചിത്രങ്ങളാക്കുന്നു ജനത്തെയെല്ലാം. 213

---

212. കരവിലാസം = കരകൗശലം; രശ്മിവിലാസം എന്നും.

213. ചിത്രങ്ങൾ = ചിത്രപടങ്ങൾ. ചിത്രങ്ങൾ = അൽഭുതരസങ്ങൾ. ചിത്രം = അൽഭുതം. ചിത്രങ്ങൾ = ചിത്രത്തിൽ എഴുതപ്പെട്ടവരെപ്പോലെ നിശ്ചേഷ്ടരായി എന്നത്ഥം.

## തത്ത്വാന്വേഷിണി എന്ന മാസികയ്ക്കയച്ച മംഗളാശംസ

ശരിയായുള്ളറിവിന്നും
ശരിയല്ലാത്തുള്ളതായൊരറിവിന്നും
പ്രമയെന്നും ഭ്രമയെന്നും
പേരുകൾ പറയുന്നു വിബുധരായജനം. 214

ഇതുകളിലൊടുവിൽ ചൊല്ലിയ-
തീയുലകത്തിൽ പടർന്നു പടുതയോടേ
ഉളവാക്കുന്ന വിപത്തുക-
ളൂഹിപ്പാൻപോലുമാവതല്ലല്ലോ. 215

ഹന്ത ശകുന്തള നിജപതി-
ചിന്തനസിന്ധുവിൽ നിമഗ്നയായ്‌വാണാൾ;
അതു മുനിയവമതിയായ്ക്ക-
ണ്ടരുളിയ ശാപോക്തിയെത്രപരുഷതരം! 216

കതിരവനരുളിയ നന്മണി
കാണാഞ്ഞതു കയർത്തുയാദവൻ മുന്നം
കമലാകാമുകനായതു
കവന്റവെന്നോതിയില്ലയോ കഷ്ടം! 217

തമസാംഭസ്സാൽ താമസ-
തനയൻ കുംഭംനിറച്ചിട്ടും നിനദം
ഗജബൃംഹിതമെന്നോർത്തി-
ട്ടജസൂതനമ്പാലവന്നു മൃതിചേർത്താൻ. 218

---

217. യാദവൻ = സത്രാജിത്ത്.
218. അജസുതൻ = ദശരഥൻ.

സാധ്വീലോകം മുടിയിൽ
ചാൎത്തീടും രത്നമായ തൻപ്രിയയെ
'അത്തല്ലോ'പാംസുലയെ-
ന്നോൎത്തല്ലോ നിൎദ്ദയം വധിച്ചു പുരാ. 219

നന്മകളിയലും തന്മകൾ
കന്മഷവതിയെന്നുറച്ചു'ലീയർ' നൃപൻ
അവളെ വെടിഞ്ഞതിനാൽ പുന-
രവതാളത്തിൽപ്പിണഞ്ഞു ദയനീയം. 220

നന്ദികലന്ന 'ജിലർട്ടി'നെ
നായകനയ്യോ! കഠാരിയിൽ കുത്തി
കൊന്നഥ പശ്ചാത്താപം
കൊണ്ടധികം പരവശതചമാൎന്നല്ലോ. 221

അയഥാൎത്ഥജ്ഞാനത്താ-
ലവനിയിലന്തദിനമിവണ്ണമുളവാകും
അതികഷ്ടോദന്തങ്ങൾ-
ക്കതിരില്ലെന്നുള്ളതഖിലസമ്മതമേ. 222

ഒന്നിഹ മറെറാന്നായി-
ത്തോന്നാനിടയുണ്ടനേകഹേതുവശാൽ;
അതിനാൽ തത്ത്വം വഴിപോ-
ലറിയാതൊന്നും നടത്തൊലാ ധീമാൻ. 223

ഉന്നതമാകും തത്ത്വമി-
തന്വേഷിക്കുന്നതായ ശീലത്താൽ
മാന്യതയാൎന്ന മാസിക
മന്നിൽ ചിരകാലമിങ്ങു വിലസട്ടെ. 224

## ദൌഷ്ട്യം

സ്വാർത്ഥം തീരെ വെടിഞ്ഞു പ-
രാർത്ഥം സാധിപ്പതിന്നു താൻ തുനിയും
സത്തമനാകും പുരുഷനെ-
യുത്തമനെന്നോതിടുന്നു ബുധലോകം. 225

സ്വാർത്ഥത്തിന്നു ഹാനിവരാ-
താർത്താമോദം പരാർത്ഥവും വഴിപോൽ
പാർത്തുനടന്നീടുന്നവ-
നോർത്തീടുന്നാകിൽ മദ്ധ്യമൻ നൂനം. 226

സ്വാർത്ഥം സാധിപ്പതിന-
ന്യാർത്ഥവിനാശം വരുത്തിടുന്നവനാം
ധൂർത്തനെയധമൻ താനെ-
ന്നോർത്തറിവുള്ളവർ ഗണിച്ചിടുന്നു ഭുവി. 227

സ്വാർത്ഥത്തിന്നല്ലാതെ നി-
രർത്ഥമിഹാന്യാർത്ഥഹാനി ചെയ്വാനായ്
പേർത്തും തുനിയും നരനാ-
ണോർത്താലധമാധമൻ ജഗത്തിങ്കൽ. 228

കീർത്തിധനാദികളാകും
സ്വാർത്ഥങ്ങൾക്കരിയ ഹാനിയുൽബണമായ്
ചേർത്തും കർക്കശതരമ-
ന്യാർത്ഥം ദൂഷിപ്പവന്നു പേരെന്താം? 229

## പിച്ചകപ്പൂവ്

(സ്വ)

പിച്ചകമലരേ! നിന്നുടെ
മെച്ചമെഴും ഗുണഗണം നിനച്ചീടിൽ
സച്ചരിതം പലതുമറി-
ഞ്ഞുച്ചതരാനന്ദമാന്നിടാമാക്കം. 230

മണമെന്നുള്ളൊരു നിന്നുടെ
ഗുണമെന്നോത്തീടിൽ നിൻസമീപത്തിൽ
ഇണയായണയാനിന്നലർ-
ഗണമതിലേതാണു ശക്തമിഹ ഭുവനേ? 231

ജാതിയിലൊന്നാമതു താ-
നോതിടുവാനുള്ള മഹിമയാൽ നൂനം
ജാതിയിതെന്നു ജഗത്തിൽ
ഖ്യാതി വഹിക്കുന്നു നീ മനോജ്ഞതനോ! 232

മലർനിര തിങ്ങിവിളങ്ങും
പലപല വല്ലികൾ കലൻപൂങ്കാവും
മാലതി! നീയൊന്നില്ലെ-
ന്നാലതിശോച്യം; വിവാദമില്ലേതും. 233

പരിചേറീടും നിന്നുടെ
പരമാണുഗണത്തിനന്തിനേരത്തിൽ
പരമാനന്ദദമാമി-
പ്പരിമളമെവിടന്നു വന്നുചേരുന്നു? 234

---

234. പരിച് = ഭംഗി.

സത്തുകൾ ശിരസാ പാരം
മുത്തുകലർന്നാദരിച്ചിടുന്നവരിൽ
സഹജം മാർദ്ദവഗുണമെ-
ന്നിഹ നിന്നുടെ മേനികൊണ്ടറിഞ്ഞീടാം. 235

ഓരുമ്പോളതിസുഭഗം
താരുണ്യം ക്ഷണികമാണതിൽ ഗർവ്വം
ചേരുകയില്ലെന്നതു നിൻ
ചാരുശരീരം വിളിച്ചുചൊല്ലുന്നു. 236

ഉണ്മനിനച്ചാൽ നിന്നുടെ
വെണ്മയുമിഹ സത്തുകൾക്കു സഹജംതാൻ;
ദുർമ്മതികളിലൊരുനാളും
നിർമ്മലഭാവം ഭവിക്കയില്ലല്ലോ. 237

ഉഗ്രതയോടു ചില മലർനിര-
യഗ്രസരത്വം നടിച്ചു ഞെളിയുകിലും
വിഗ്രേതരരായവർ നി-
ന്നഗ്രേസരഭാവമറിയുമെന്നോർക്ക. 238

---

238. വിഗ്രേതരർ = മൂക്കുള്ളവർ.

## ഭൂകമ്പം

(സ്വ)

കൊല്ലംതാനെഴുപത്തൊടഞ്ചിൽ മകരേ
ഷഡ്വിംശമാം നാളതിൽ
ചെല്ലും രാത്രിയിലത്ര മൂന്നുമണിയാ-
യീടുന്ന നേരം പരം
എല്ലാവക്കുമനല്പവിസ്മയമുദി-
പ്പിച്ചീടുമാറെത്രയും
ചൊല്ലാളുന്നൊരു മേദിനീചലനമി-
ങ്ങുണ്ടായി വിസ്പഷ്ടമായ്. 239

കിടക്കും പല്യകം കിട്ടുകിട
രവത്തോടുമിളകി-
ത്തിട്ടുക്കെന്നോട്ടമ്പോൾ സുഖതര-
സുഷുപ്തിക്കു സഹസാ.
മുടക്കം ചേൎന്നിട്ടിങ്ങഖിലരു-
മിതെന്തെന്നിളകിനാ-
ടടക്കം സംഭ്രാന്തസ്ഥിതിയിൽ വിഷ-
മിച്ചാർ പലതരം 240

ഓരോകാരണമൊന്നുപോലഖിലരും
സംഭാവനംചെയ്തുകൊ-
ണ്ടോരോ വൃത്തികൾചെയ്തു വാസ്തവമറി-
ഞ്ഞീടാതെ നാടൊക്കവേ;
നേരംപോക്കുകളിപ്രകാരമൊരുപോ-
ലെങ്ങുംനടക്കുംവിധം
നേരേ നാലുമിനിറ്റെറാളം ധരണിയി-
ങ്ങേവം ചലിച്ചീടിനാൾ. 241

# വൈദ്യൻ

(സ്വ)

നാനാസുഖാനുഭവസാധനപൂൎത്തിയോട-
ന്ന്യൂനാധികാരബലമാൎന്നമരും നൃപനും
പാനാശനാശ കവരും രുജയിങ്കൽ വൈദ്യൻ
താനാണൊരാശ്രയമനാമയമേകവാനായ്. 242

ഞാനാശ്രയിച്ചിടുകയില്ലൊവനേയുമേവം
മാനാതിരേകമിയലും നരനും ഗദത്താൽ
നാനാവിധാൎത്തി വളരും ദശയിങ്കൽ വൈദ്യൻ
താനാണു സൌഖ്യമരുളുന്ന മഹാമനസ്കൻ. 243

അത്യന്തവേദനയെഴുന്ന മഹാഗദത്താൽ
നിത്യന്തളൎന്നവശനായ് വലയുന്നവനും
കൃത്യന്തരത്തിലറിയുന്ന ഭിഷക്കണഞ്ഞാൽ
സത്യന്തദൈവഹൃദയം ശിശിരീഭവിക്കും. 244

ധാരാളമുണ്ടു പല പീഡക,ളില്ല ബോധം,
ചേരാമരുന്നു, പറയുന്നു പരം പ്രലാപം,
പോരാ, മുതിൎന്നു മൃതിലക്ഷണ,മീവിപത്തി-
ലാരാണു ധൈൎയ്യമരുളുന്നതു വൈദ്യനെന്ന്യേ? 245

ധൎമ്മംനടത്തണമതേ പുരുഷാൎത്ഥമോൎത്താൽ
ധൎമ്മത്തിനുള്ളരിയ സാധനമാണു ദേഹം
ശൎമ്മംവിടാതെയതിനെപ്പരിരക്ഷചെയ്യും
കൎമ്മംകലൎന്നൊരു ഭിഷഗ്വരനെത്രമാന്യൻ. 246

# * ശാരദാവിലാപം

(സ്വ)

ഹാ! കഷ്ടമെൻജനകനാകിയ ചന്ദ്രമേനോ-
നാകും മഹാരസികലോകകുലാവതംസം
ശോകത്തിലെന്നെയിഹ നിഷ്കൃപമായ് വെടിഞ്ഞു
നാകത്തിലങ്ങു സഹസാ ബത പോയിതല്ലോ. 247

എന്നച്ഛനെന്നെ വഴിപോലെ വളത്തി മേന്മേൽ
തന്നിച്ഛപോൽ മഹിമചേൎപ്പതു കാണ്മതിന്നായ്
കുന്നിച്ച കൌതുകമിയന്നു വസിച്ചിട്ടന്നോ-
രൊന്നിച്ചു കേഴുവതിനിന്നിടയായിതല്ലോ. 248

ഉണ്ടങ്ങെനിക്കരിയ പൂൎവ്വജയായ് ഗുണൌഘം
കൊണ്ടെങ്ങുമുന്നതി കലൎന്നിട്ട'മിന്ദുലേഖാ'
വണ്ടാർതൊഴും കുഴലിമാർ കുലമൌലിയാമ-
ത്തണ്ടാർദളാക്ഷിയുടെ വൈഭവമെന്തുചൊൽവൂ? 249

നന്നായ് വളത്തിയവളെഗ്ഗുണപൂൎണ്ണനായി
മിന്നുന്ന കാന്തനൊടു താതനണച്ചുവല്ലോ;
എന്നാലിവൾക്കതികഷ്ടമനാഥയായോ-
രെന്നാൎത്തിതീൎത്തിഹ പുലൎത്തുവതാരിദാനീം? 250

---

* ഒരു സ്നേഹിതന്റെ അപേക്ഷയാൽ എഴുതിയതു്.

എൻകാര്യമേതുവിധമാണിനി വേണ്ടതെന്നു
ശങ്കാവിഹീനമരുളാനിടയാക്കിടാതെ
ഹുങ്കാരിയായ് ജനകനെസ്സഹസാ നയിച്ച-
വൻകാലനല്ലൊരവിവേകമതെന്തുചൊൽവൂ? 251

ഞാനെന്തിനിങ്ങനെ കരഞ്ഞുഴലുന്നുപാർത്താൽ
നൂനം തിരിച്ചുവരികില്ലിനിയെൻറതാതൻ;
മാനംതികഞ്ഞ ജനകപ്രിയമിത്രമായോ-
രാനന്ദമൂർത്തിയധുനാ വിലസുന്നുവല്ലോ. 252

എൻതാതനോടരിയ കേരളവർമ്മഭൂപ-
ചിന്താമണിക്കു ചെറുതല്ല മമതപമോർത്താൽ
എൻതാപഭാരമകലാനവിടേയ്ക്കുമുള്ളിൽ
ചിന്താലവം വരണമെന്നതിനില്ലവാദം. 253

ആരാണുയോഗ്യതമനെന്നെ വളർത്തിമേലിൽ
നേരായ്നടത്തുവതിനെന്നവിടുന്നു തന്നെ
പാരാതെയോർത്തു മമ സങ്കടമാശു തീർപ്പാ-
നാരാലണഞ്ഞു ചരണങ്ങൾ വണങ്ങിടുന്നേൻ. 254

## ശൃംഗാരശ്ലോകങ്ങൾ

കരിംക്കുവളമെന്തിന്നു
കർണ്ണത്തിലണിയുന്നു നീ?
കടാക്ഷംതന്നെയിക്കാര്യം
നിർവ്വഹിക്കുന്നതില്ലയോ? 255

ചേണാർന്നശംഖിൽനിന്നസ്മൽ
പ്രാണാതിപ്രിയമായിട്ടും
വീണാനിനാദമുണ്ടായി-
ക്കാണാറായതു വിസ്മയം. 256

ബാലേ! കസ്തൂരികൊണ്ടേവം
ഫാലേ കുറിയിടായ്ക നീ
ചാലേ ഞാൻ തുല്യനെന്നിപ്പോൾ
പ്രാലേയാംശു ഞെളിഞ്ഞിടും. 257

കാർവേണി കണ്ണിളക്കീട്ടും
മാർഗ്ഗത്തിൽത്തന്നെ സന്തതം
പ്രവർത്തിക്കുകയാൽ മാര-
നവൾതൻ കിങ്കരൻ ദൃഢം. 258

---

256. കഴുത്തിനും ശംഖിനും അഭേദം കല്പിച്ച് ഉപമേയമായ കഴുത്തിനെ പറയാതെ അതിന്റെ സ്ഥാനത്ത് ഉപമാനമായ ശംഖിനെ പറഞ്ഞിരിക്കുന്നു. ഇങ്ങനെ പറയുന്നതിന് 'നിഗീർയ്യാധ്യവസായം' എന്നു പേർ.

അളവില്ലാത്ത മാധുര്യം
വിളയും നിൻെറ കണ്ണുകൾ
തമ്മിൽ കണ്ടീടുവാൻ നൂന-
മിളകീടുന്നതിങ്ങനെ. 259

അഴകൊഴുകും മിഴിയതിൽ മഷി-
യെഴുതരുതയി തേനിഴിഞ്ഞിടുംമൊഴി! നീ;
സ്വയമേ ജീവിതഹരമാം
ശരമതിലെന്തിനു വിഷംപുരട്ടുന്നു? 260

നാസാമൌക്തികമിതു നി-
ന്നധരത്താലരിയ പവിഴമായിതുഭേ!
കണ്ണാൽ കുന്നിക്കുരുവായ്
പുഞ്ചിരിയാൽ വീണ്ടുമായതായ്ത്തീർന്നു. 261

നിന്മുഖസമമാവാൻ നിജ-
ബിംബം പൂർണ്ണം ചമച്ചു ശീതകരൻ
നന്നാകാഞ്ഞിട്ടതിനെ-
ബ്ഭിന്നമതാക്കുന്നു പിന്നെയും നൂനം. 262

തുലയതിൽ നിൻവദനത്തൊടു
തുലനംചെയ്തപ്പൊളുന്നായീടും
ശശിയുടെ ഭാഗേ ചേർത്താരു
ശകലസമൂഹങ്ങളാണു താരങ്ങൾ. 263

---

261. ആയതായ്ത്തീർന്നു = മൌക്തികമായി (മുത്തായി) ത്തീർന്നു.
263. തുല = ത്രാസ്.

ഭംഗിയിണങ്ങിഞെരുങ്ങി വി-
ളങ്ങുമുരോജങ്ങളെദ്ധരിപ്പാനോ
തിങ്ങിന പൊൻകയറുകൾകൊ-
ണ്ടിങ്ങനെ നിൻവയർ വരിഞ്ഞുകെട്ടിവിധി? 264

പ്രാണാധികപ്രേയസി! നിൻപദൈക്യം
വേണം തനിക്കെന്ന ദുരാഗ്രഹത്താൽ
ചേണാൎന്ന ചെന്താമര വാരിയിങ്കൽ
വാണാചരിക്കുന്നു തപസ്സു കാണ്കെ. 265

കുട്ടിക്കുരംഗമിഴി! നാഴികതോറുമേറി-
പ്പെട്ടെന്നുയൎന്നുവളരും കുളർകൊങ്കകൾക്കു്
തിട്ടം, വസിപ്പതിനു നിൻഭുജവല്ലികൾക്കുൾ-
പ്പെട്ടുള്ള ദേശമിതുകേൾ മതിയാകയില്ല. 266

കണ്ണാലെരിച്ച മലർസായകനെസ്സലീലം
കണ്ണാലെതന്നെ വഴിപോലുളവാക്കിനിത്യം
കണ്ണഗ്നിയായവനെ വെൽവൊരു താമരപ്പൂം-
കണ്ണാൾജനത്തിനു കനത്തമുദാ തൊഴുന്നേൻ. 267

ഉണ്ടായിട്ടും ലത മലയിൽനിന്നായതല്ലാതെ പാൎത്താ-
ലുണ്ടായീടാ മല ലതയിൽനിന്നെന്നു ലോകപ്രസിദ്ധം
ഉണ്ടായിപ്പോളിരുമലകൾ കണ്ടാകിലെല്ലാരുമേറെ-
ക്കൊണ്ടാടീടും കനകമയിയാമീലതയ്ക്കുള്ളിൽനിന്നും. 268

---

268. 'നിശ്ശീൎഷാദ്ധ്യവസായം' ഇവിടെയും കാൺക.

പാരിൽക്കേറംവിയെഴും കളങ്കമതിനെ-
ഘ്ലോക്കിട്ടുവാൻ തിങ്കൾ നിൻ-
ചാരുശ്രീമുഖമായ് ചമഞ്ഞു, പുനരെ-
ന്നാലും കളങ്കത്തെ നീ
സാരംഗാക്ഷി!-യവനു ഹന്ത! തിലക-
വ്യാജേന ചേർക്കുന്നെടോ!
നാരീസഞ്ചയമാശ്രിതക്കു നിയതം
മാലിന്യമേകുന്നതേ. 269

വിണ്ണിൽ കാണുന്ന ചേണാർന്നൊരുകുളമധിക-
ച്ഛായമോടായതിന്മേൽ
പൊന്നിൻസോപാനമാർന്നീടിന ചെറുവഴിയു-
ണ്ടിന്ദ്രനീലോപക്ലപ്തം
മിന്നും നൽചന്ദനം ചേർന്നിരുമലകൾ വിള-
ങ്ങുന്നിതഗ്രത്തിലോമൽ
ചന്ദ്രൻതൻസന്നിധാനാലമൃതവിടെയണ-
ഞ്ഞീട്ടുവോക്കാസ്വദിക്കാം. 270

പ്രേയാൻ ഭവാന്റെ വിരഹത്തിലെനിക്കെഴുന്നോ-
രീയാത്തിയിങ്ങു ചിരകാലമിരിക്കയില്ല;
പോയാലുമത്ര ബത! പോകണമെങ്കിലിപ്പോ-
ളായാസമോടു പല ചിന്തകളെന്തിനുള്ളിൽ? 271

---

270. ചന്ദനം = ചന്ദനമരം; ചന്ദനക്കുറിക്കൂട്ടെന്നും. ഇവിടെയും 'നിഗീർയ്യാദ്ധ്യവസായം' കാൺക. വിണ്ണ് മുതലായ ശബ്ദങ്ങളെക്കൊണ്ട് വർണ്ണ്യയായ നായികയുടെ മദ്ധ്യപ്രദേശം, പൊക്കിൾ, വലിത്രയം, രോമാവലി, കുചങ്ങൾ, മുഖം ഇവയെ ക്രമേണ ഗ്രഹിക്കണം.

നപുംസകം താനിദമെന്നു ചിന്തി-
ച്ചയച്ചു ഞാൻ ചിത്തമവൾക്കുനേർക്കായ്;
അതങ്ങുമാറാതെ രമിച്ചിടുന്നു;
ചതിച്ചുതേ പാണിനി ഹന്ത! നമ്മെ. 272

നീരം നാദേയമാണോ? കുടമതിലമലേ!
ധന്യ! നാദേയമത്രേ;
നേരേ നാമാസ്വദിക്കും; വിവശതയറുമോ
പീതമായ് നാമമെന്നാൽ?;
പേരിന്നും വർണ്ണമുണ്ടോ?; വളരെ;യതുകൾപോ-
കട്ടെ, നിൻ ജന്മദിക്കേ-
താ?;-യ്വന്റേതാണതേ;-ന്നാൽ ഭവതിഭഗിനി;ത-
ന്മൂലമീ വാദമെല്ലാം. 273

---

273. നദിയിൽനിന്നും ഒരു കുടത്തിൽ വെള്ളം കോരിക്കൊണ്ടുപോകുന്ന ഒരു യുവതിയും അവളെ കണ്ട ഒരു യുവാവും തമ്മിലുണ്ടായ സല്ലാപം. ദേയം = ദാനംചെയ്യത്തക്കതു്. അദേയം = ദേയമല്ലാത്തതു്. നാദേയം = അദേയമല്ലാത്തതു്; അതായതു് ദേയം. "അല്ലയോ സുന്ദരി! കുടത്തിലെ വെള്ളം എനിക്കു തരത്തക്കതാണോ" എന്നു ചോദ്യം. യുവതി ഈ അർത്ഥം ധരിച്ചുകൊണ്ടു് ചോദ്യത്തിനു് വേറൊരർത്ഥം കല്പിച്ചു് വക്രോക്തിയായി മറുപടി പറയുന്നു: "ഹേ ധന്യ! ഈ വെള്ളം നാദേയം (നദിയിൽനിന്നെടുത്തതു) തന്നെ." അയാൾ വീണ്ടും "നേരേ (നേരുതന്നെയാണു്) നാം ആസ്വദിക്കും (ഞാൻ കുടിക്കും) എനിക്കു് ദാഹമുണ്ടായിട്ടാണു ഞാൻ ചോദിക്കുന്നതു്" എന്നു പറയുന്നു. അവൾ വീണ്ടും വക്രോക്തിയായി 'നാമാസ്വദിക്കും' എന്നു് അയാൾ പറഞ്ഞതിനു് നാമം (നാമത്തെ = പേരിനെ) ആസ്വദിക്കും എന്നർത്ഥം കല്പിച്ചു് നാമംപീതമായി (കുടിക്കപ്പെട്ടതായി) എന്നാൽ (പേരിനെ കുടിച്ചാൽ) വിവശത (ദാഹം) തീരുമോ? എന്നു ചോദിച്ചു. അയാൾ വക്രോക്തിയായ്

എല്ലാനേരവുമെൻമനസ്സിലയി മൽ
പ്രാണേശ! നി മറെറാരാ-
ളില്ലാതേകനതായി ഹന്ത! മരുവീ-
ട്ടുന്നെന്നിരുന്നീടിലും
പൊല്ലാതുള്ളവൾ ഞാനൊരിക്കലുമിരി-
ക്കുന്നില്ല നിന്നുള്ളിലെ-
ന്നുള്ളോരെന്നപരാധമുന്നതമതേ!
നീതാൻ പൊറുത്തീടണം. 274

---

പീതശബ്ദത്തിനു് മഞ്ഞനിറമെന്നു് അൎത്ഥം കല്പിച്ചിട്ടു് പേരിനും വൎണ്ണം (നിറം) ഉണ്ടോ? എന്നു ചോദിക്കുന്നു. അവൾ വൎണ്ണശബ്ദത്തിനു് അക്ഷരമെന്നൎത്ഥമാക്കി 'വളരെ' (പേരിനു് അക്ഷരങ്ങൾ ധാരാളമുണ്ടു്) എന്നു പറയുന്നു. അയാൾ ഉടനേ "അതുകൾ പോകട്ടെ (അക്കാൎയ്യം നിൽക്കട്ടെ) "നിന്റെ ജന്മദിക്കേതു്" എന്നു ചോദിക്കുന്നു. അവൾ "അതു് (ജന്മദിക്കു്) ആൎയ്യന്റേതുതന്നെ" എന്നു പറയുന്നു. "എന്റെയും നിന്റെയും ജനനസ്ഥലം ഒന്നാണെങ്കിൽ നീ എന്റെ ഭഗിനി (സോദരി) യാണല്ലോ" എന്നായി അയാൾ. തന്മൂലം (ഞാൻ ഭഗിനി (സുന്ദരി) ആയതുകൊണ്ടു്) ആണു് താങ്കൾ ഇതൊക്കെപ്പറയുന്നതു്" എന്നു് അവളും പറഞ്ഞു നിറുത്തുന്നു.

## സാമാന്യനീതികൾ

ഗുരുപാൎശ്വം ഗമിക്കാതെ
പുസ്തകത്തിൽ പഠിച്ചവ
നാരിതൻ ജാരഗൎഭംപോൽ
ശോഭിക്കില്ല സഭാന്തരേ. 275

ഉലൂകം പകൽ കാണ്മീല
കാകൻ കാണ്മീല രാത്രിയിൽ;
കാമാന്ധൻ പകലും രാവും
കാണ്മീലത്ഭുതമെത്രയും. 276

ഇല്ല കാമസമം രോഗ-
മില്ല കോപസമൻ രിപു
ഇല്ല വിദ്യാസമം മിത്ര-
മില്ല ബോധസമം സുഖം. 277

പുരുഷോത്തമനും പെൺചൊൽ
കേൾക്കിലോ രൂപവഞ്ചിതൻ
പരപ്പേറുമവനിയിൽ
സഞ്ചരിച്ചുഴലും ദൃഢം. 278

278. പുരുഷോത്തമൻ = ശ്രേഷ്ഠനായ പുരുഷൻ (വിഷ്ണുവെന്നും) പരപ്പേറുന്ന അവനിയിൽ, പരപ്പേറുന്ന വനിയിൽ (കാട്ടിൽ) എന്നും. യോഗ്യനായ പുരുഷനും സൌന്ദൎയ്യത്തിൽ മോഹിച്ച് സ്ത്രീയുടെ വാക്കുകേട്ടാൽ ഭൂമിയിൽ അങ്ങുമിങ്ങും സഞ്ചരിച്ച് വലയേണ്ടിവരും. വിഷ്ണുവിന്റെ അവതാരമായ ശ്രീരാമനും സീതയുടെ വാക്കുകേൾക്കയാൽ മാനിന്റെ രൂപത്താൽ വഞ്ചിതനായി കാട്ടിൽ നടന്നു വലഞ്ഞുവല്ലോ.

നെയ്ക്കുംഭംപോലെ മയ്ക്കണ്ണാൾ
തീക്കനൽക്കു സമം പുമാൻ
നെയ്യും തീയുമൊരേടത്തു
വെയ്ക്കൊലാ ബുധനായവൻ. 279

ബഹുവില്ലാളിമാരുണ്ടി-
ങ്ങൊന്നു രണ്ടാക്കുവാൻ ഭുവി;
രണ്ടൊന്നാക്കുന്ന മാരൻതാൻ
മഹാവില്ലാളിയത്ഭുതം. 280

മാനവും കാമവും തമ്മിൽ
മഹാശത്രുക്കൾ നിർണ്ണയം
മഹാനിൽ ജിഷ്ണുവാംമാന;-
മധമങ്കൽ മറിച്ചുമാം. (സു) 281

മദമില്ലാത്ത വിദ്വാനും
ചതിയില്ലാത്ത വേശ്യയും
പരഹിംസാരഹിതനാം
പ്രഭുതാനും ചുരുക്കമാം. 282

അന്യദാരസ്ത്രീക്കു നാണംപോൽ
പുമാന്നാഭരണം ക്ഷമ;
രതിയിൽ ധാർഷ്ട്യമെന്നോണ-
മപകാരേ പരാക്രമം. 283

മനഃകൃതംതാൻ കൃതമാം
ശരീരകൃതമല്ലതു്
ഭാര്യയെപ്പുൽകിടുംപോലെ
പുൽകുന്നു മകൾതന്നെയും. 284

യാചകൻ ലുബ്ധനും, ന്യായ
ബോധകൻ മൂക്കനും തഥാ
വേശ്യയ്ക്കു പതിയും, ചന്ദ്രൻ
ചോരനും ശത്രുവായിടും. 285

പുരാണാന്തം ശ്മശാനാന്തം
സുരതാന്തവുമിങ്ങനെ
മൂന്നിലും തോന്നിടും ബുദ്ധി-
യെന്നുമുള്ളോൻ വിവേകവാൻ. 286

പരാധീനം വൃഥാജന്മം,
പരസ്ത്രീസുഖവും തഥാ
വൃഥാ പരഗൃഹശ്രീയും
പുസ്തകസ്ഥിതവിദ്യയും. 287

പല്ലുകളിളകീടുന്നു
തലമുടിയെല്ലാം വെളുത്തുചമയുന്നു
കണ്ണുകളിരുൾകൈക്കൊള്ളു-
ന്നെന്നാലും ധനവധൂവശം ചിത്തം. 288

എന്നാൾവരെയലട്ടുന്നു-
കുന്നൊരു തീകത്തുകില്ല ചിത്തത്തിൽ
അന്നാൾവരെ നിലനില്ക്കും
വിദ്യ വിവേകം വിശുദ്ധി മഹിമാവും. 289

---

286. പുരാണശ്രവണാനന്തരം തോന്നുന്നതു് സദാചാരപ്രേമം ആകുന്നു.

നിറകുളമുണ്ടെന്നാലും
കാകൻ കുംഭോദകംകുടിക്കുംപോൽ
നിജസൽഭാൎയ്യയിരിക്കെ
നീചൻ പരനാരിയെക്കൊതിക്കുന്നു. 290

പികവാണികളാം ദൃഗ്-
പ്രകരം മദ്ധ്യത്തിലില്ലയെന്നാകിൽ
ലഘുവാം നിന്റെവഴിക്കി-
ല്ലകലംസംസാര! തെല്ലുമെന്നറിക. 291

വേശ്യാധരമധുവിങ്കൽനി-
വേശിപ്പിച്ചീടൊലാ മനസ്സിനെ നീ;
സ്മരനാകുന്ന പുളിന്ദൻ
വെച്ചൊരു വിഷമാണിരിപ്പതതിലറിക. 292

രിപുവൊടുസമമാകും യത്നമാണുററമിത്രം;
മടിയതു രിപുവത്രേ മിത്രമായ്ത്തോന്നിയാലും;
വിഷസമമതിഖേദംനൽകിടും വിദ്യപാത്താ-
ലമൃത, മമൃതിനൊക്കും നാരിയാളോവിഷം താൻ. 293

വയസ്സുപോയീടുകിലെന്തുകാമം?
ധനങ്ങൾ തീൎന്നീടുകിലെന്തുഭൃത്യൻ?
ജലം നശിച്ചീടുകിലെന്തുപൊയ്ക?
തത്ത്വംഗ്രഹിച്ചീടുകിലെന്തു ദുഃഖം? 294

ഗോരസഹീനം ഭോജനമരസം
ഗോരസഹീനൻ കഷ്ടകനരസൻ;
ഗോരസഹീനാ കാമിനിയരസാ
ഗോരസഹീനൻ പണ്ഡിതനരസൻ. 295

സ്ത്രീയും ധനം പുസ്തകവും പരങ്കൽ
പോയാൽ നശിച്ചീടുമതല്ലയെങ്കിൽ
പ്രത്യാഗമിച്ചീടുമശുദ്ധയായും
പലപ്പൊഴായും പരിജീർണ്ണമായും. 296

കേൾക്കുന്നവന്നറിവു ലേശവുമില്ലയെന്നാൽ
വാക്കുന്നതൻ പറകിലും വിലസുന്നതില്ല;
വേൾക്കുന്നവന്നു നഹി കണ്ണിണയെങ്കിൽ മങ്ക-
യാൾക്കുള്ള രാഗമിളിതം ലളിതം നിരർത്ഥം. 297

ഭുജിച്ചിടാതൊട്ടുമനാരതം സം-
ഗ്രഹിച്ചുവെയ്ക്കുന്ന നരന്റെവിത്തം
തനിച്ചുതാൻ കന്യകപോൽപരന്നായ്
നിനയ്ക്കു, ഗേഹത്തിലിരുന്നിടുന്നു. 298

എല്ലാഗ്ഗുണങ്ങളുമിണങ്ങി മഹിക്കു പാരം
ചൊല്ലാന്നൊരാഭരണമാകിന മർത്ത്യരത്നം
നല്ലാദരേണ വിരചിച്ചതു സത്വരം താ-
നില്ലാതെയാക്കുമജനോക്കിലതീവമൂർഖൻ. 299

---

295. ഗോവ് എന്നതിന് ക്രമേണ പശു, ഭൂമി, നേത്രം, വാക്ക് എന്നർത്ഥം.
97. ലളിതം = ശൃംഗാരചേഷ്ട.

ചിന്നും തിളയ്യൊട്ടു വെളുത്ത ശിരസ്സിലേററം
കുന്നിച്ച നിന്ദകലരുന്നൊരിളംമനസ്സിൽ
ഇന്നല്ലയെങ്കിലിഹ നാളെ നമുക്കുമേവം
വന്നീടുമെന്നൊരു വിചാരമശേഷമില്ല. 300

കല്ലിന്നുരത്നമിതി നാമമഹോ! ജനങ്ങൾ
ചൊല്ലുന്നതോക്കിൽ വെറുതേയതിന്നില്ലവാദം;
ഉല്ലാസധാടിഹൃദയേ സതതംവളൎത്തും
നല്ലോരുകാവ്യനിരതാന്നിഹ രത്നജാലം. (സു) 301

ശരീരരക്ഷാപരനെക്കൃതാന്തനും
ധനൗഘരക്ഷാപരനെദ്ദരിത്രിയും
പരംഹസിക്കുന്നിതു പുത്രലാളനാ-
പരൻ സ്വഭൎത്താവിനെ വേശ്യയെന്നപോൽ. 302

ആഹാരനിദ്രാഭയമൈഥുനങ്ങൾ
പശുക്കളും പാൎക്കിലാചരിപ്പൂ;
വിശിഷ്ടമായോരറിവില്ലയെന്നാൽ,
നരൻ ജഗത്തിൽ പശുതുല്യനത്രേ. 303

സത്തുക്കളായവരൊടൊത്തു വസിച്ചുവെന്നാ-
ലെത്തുന്നു മാന്യത പരം മലിനാശയക്കും
നൽത്തേൻതൊഴുംമൊഴികൾതൻമിഴിയോടുചേൎന്നാ-
ലുത്തുംഗമഞ്ജിമ മഷിക്കുമുദിക്കുമല്ലോ. (സു) 304

കലാരത്നം ഗാനം ഗഗനതലരത്നം ദിനകരൻ
സഭാരത്നം വിദ്വാൻ ശ്രവണപുടരത്നം ഹരികഥാ
നിശാരത്നം ചന്ദ്രൻ ശയനതലരത്നം ശശിമുഖീ
മഹീരത്നം ശ്രീമാൻ സകലകുലരത്നം സുതനയൻ. 305

നഭോരത്നം സൂര്യൻ നളിനവനരത്നം മധുകരം
വചോരത്നം സത്യം വരവിഭവരത്നം വിതരണം
മനോരത്നം പ്രേമം മധുസമയരത്നം മലർശരൻ
സഭാരത്നം സൂക്തം സകലജനരത്നം വിനയവും. 306

ഉണ്ടായിത്തത്ര്വകാരാ, ദ്വജകവസതിയിൽ
പുക്ക, പൗരാണികൗഘം
കൊണ്ടാടിക്കണ്ടു കായസ്ഥരെ, നണയരെയെ-
ല്ലാം പുണൎന്നക്കവീന്ദ്രാൻ
വേണ്ടുംവണ്ണം വണങ്ങി, ഗ്ഗണികകളൊടു ന-
ന്നായിണങ്ങീട്ടു, വാസം
പൂണ്ടേററം വാണിജന്മാരൊടു, കളവു സുഖി-
ക്കുന്നു തട്ടാന്റെ വീട്ടിൽ. 307

നീലാംഭോജാക്ഷിമാർ തൻനിരുപമസുഷമാ
പൂരിതാപാംഗകേളീ-
ജാലാംഭോരാശിയിൽപെട്ടുഴലുമവനവ-
ന്നെത്തിടും കീൎത്തിദോഷം;
പാലാഴിക്കുട്ടിയെന്നപ്പുകൾപെരുകിനപൂ-
ന്തിങ്കളും സ്വാഹയാൾതൻ
ലീലാലോലത്വമൎന്നിട്ടൊട്ടുവിലവമതി-
ത്തിങ്ങലാൽ മങ്ങിയല്ലോ. (സ്വ) 308

ഈടേറും ഗുണമുള്ളവക്കു ഗുണംഹീ-
നത്വം വിരോധത്തിനാൽ
പാടേ ശത്രുവരുത്തുകിൽ പുനരതു-
ണ്ടാക്കുന്നിതന്യം ഗുണം;
കേടേററം ശശിനൽകിയുള്ളൊരു സരോ-
ജാതങ്ങൾ നാരീകുച-
ത്തോടേല്ക്കുന്ന മനോജ്ഞകാന്തിവിഭവം
ചിക്കെന്നു കൈക്കൊണ്ടതേ. 309

മൂഢന്മാർ ദോഷമെല്ലാം ഗുണമിതി, ഗുണമ-
ദ്ദോഷമെന്നും വിചാരി-
ച്ചീടുമ്പോളോത്തുകണ്ടാലതിനൊരു ശരണം
കേവലം പണ്ഡിതന്മാർ;
ഈടേറുന്നോരതിൻനേരിവർ ബത! വിവരി-
ക്കുന്നതില്ലെന്നുവന്നാൽ
പാടേ കൈ മൌലിയിൽ ചേർത്തിഹ ഗുണമതിയായ്
രോദനം ചെയ്കിടട്ടേ. 310

പൂവേറീടും മരത്തിൽ കയറിടുമതുപോൽ
സാരവൃക്ഷം മുറിക്കും
കാവേണ്ടീ മൌലിമാരെപ്പുണരുമുദകമു-
ള്ളോരുദേശം കുഴിക്കും
താവും ദ്രവ്യംകലർന്നോനൊടു ധനരഹിതൻ
ബന്ധവും യാചനത്തെ-
ച്ചെയ്‌വൂ; ലോകത്തിൽ നന്നാണഗുണത; ഗുണമു-
ണ്ടാകിലാപത്തുതന്നെ. 311

---

311. അഗുണത = ഗുണമില്ലായ്ക.

ഈയ്യൂഴിക്കതിയായ കാന്തിയുളവാ-
　　ക്കീടുന്ന വാർതിങ്കൾതൻ-
പീയൂഷപ്രഭയസ്തമിക്കുവതിന്നായ്
　　ജാരൻ കൊതിക്കുന്നപോൽ
പൊയ്യല്ലിങ്ങു ഖലന്നു സജ്ജനമതിൽ
　　സൽകീർത്തി വിധ്വംസനം
ചെയ്യാനായിടയായിടേണമുടനെ-
　　ന്നുൾത്താരിലത്യാഗ്രഹം. 312

തൈക്കൊങ്കത്തടമൊന്നമർത്തിയതിൽനി-
　　ന്നോലുന്ന പാലെത്രയും
വായ്ക്കൊണ്ടങ്ങു നിറച്ചു ഫൂൽക്കൃതിയൊടേ
　　തുപ്പിക്കളിച്ചങ്ങനെ
തായ്ക്കുള്ളോരു മുഖത്തിൽനോക്കി വിഹസി-
　　ച്ചീടുന്ന നല്ലോമന-
ക്കൈക്കുഞ്ഞായ് വിലസുന്ന തൻതനയനെ-
　　ക്കാണുന്നവൻ പുണ്യവാൻ. 313

മുല്ലപ്പൂമൊട്ടുപോലുള്ളമലരുചി വിള-
　　ങ്ങുന്ന സൗന്ദര്യമേറും
പല്ലല്പം കാട്ടിയൊട്ടൊട്ടേഴ മതിമധുരം
　　പുഞ്ചിരിക്കൊഞ്ചലോടേ
ചൊല്ലപ്പോകാത കൗതൂഹലഭരമരുളും
　　കൊഞ്ഞയോതുന്ന കുഞ്ഞിൻ
ചെല്ലപ്പൂമേനി പുൽകുന്നിതു രസമൊടലം
　　വർണ്ണ്യരാം പുണ്യവാന്മാർ. 314

കൊള്ളാം ദാരിദ്ര്യവാനെങ്കിലുമഖിലകലാ-
നൈപുണ്യംചേൎന്ന വിദ്വാൻ;
കൊള്ളാ രത്നങ്ങൾ പൊന്നും പണവുമധികമു-
ണ്ടെങ്കിലും മൂഢനായോൻ,
കൊള്ളാതുള്ളോരു ജീൎണ്ണാംശുകമണിയുകിലും
ചാരുവാം നേത്രമുള്ളോൾ
കൊള്ളാം, നൽ സ്വൎണ്ണഭൂഷാനിരയണികിലുമി-
ങ്ങന്ധയാൾ കാന്തയാമോ? 315

തല്ക്കാലം പരമം സുഖം പലവിധം
നൽകീടിലും വേശ്യപോൽ
പില്ക്കാലത്തുതകുന്ന നല്പരിചയം
കൈക്കൊണ്ടിടാ ഭാൎഗ്ഗവി;
എക്കാലത്തുമൊരേവിധം കുലവധൂ-
തുല്യം ദൃഢപ്രേമമോ-
ടുൾക്കാമ്പിന്നു സുഖംവളൎത്തിടുവത-
ച്ചൊൽക്കൊണ്ട വാഗ്ദേവിതാൻ. 316

എന്നിൽ ചെയ്യോരു നിന്ദകൊണ്ടിഹ ജനം
നന്ദിച്ചിടുന്നാകിലോ
നന്നേ! ശോഭനമാമനുഗ്രഹമനാ-
യാസം ലഭിക്കുന്നു മേ;
തന്നത്താനഴൽപെട്ടു നേടിയ ധനം-
പോലും പരാരാധന-
ത്തിന്നായ് പൂരുഷർ പുണ്യമൊന്നു കരുതി-
ത്തള്ളുന്നവല്ലോ ഭുവി. 317

ഭർത്താവോടു സദാ സുഖിച്ചിരുന്നരുളുവാൻ
സൗകര്യമുണ്ടാകയി-
ല്ലൾത്താർ തിങ്ങിയവന്നെഴുന്ന മമത-
യ്ക്കാസ്ഥാനമാകില്ല താൻ
എത്താനും പണി യോഗ്യനാം തനയനെ-
സ്സ്വാസ്ഥ്യം ഭവിച്ചീടുകി-
ല്ലോർത്താലേററമസഹ്യമാണവനിയിൽ
സാപത്ന്യതാപം ദൃഢം. 318

ഒരേടം വീണാവാദന, മൊരിട-
മാഹേതിവിളിതാ-
നൊരേടം ശ്രീതിങ്ങും യുവതി,
മുതുമുത്തശ്ശിയൊരിടം
ഒരേടം വിദ്വാന്മാർസമിതി,
കുടിയന്മാർകലഹമി-
ങ്ങൊരേടം, സംസാരം പരമ-
മൃതമോ ഹന്ത! വിഷമോ? 319

ഭോഗജാലമഖിലം ക്ഷണപ്രഭകണക്ക
ചഞ്ചലതരം, സുഖാ-
ഭോഗമെന്നതതിലില്ലതെല്ല, മശ്രുചിതാ-
വാസമുടലും പരം
വേഗമിങ്ങു തുലയുന്നതാണിതി മനസ്സി-
ലോർത്തു പരകാമിനീ-
രാഗ'മെന്നതിലലിഞ്ഞിടാത്ത പുരുഷൻ
മഹാമതി മഹീതലേ.' 320

---

319. വിദ്വാന്മാർസമിതി = വിദ്വാന്മാരുടെ സഭ.

മിത്രങ്ങൾക്കത്തലുണ്ടാവതുപൊഴുതു പരീ-
ഹാരമാർഗ്ഗം നിസർഗ്ഗാ-
ലെത്തും ധൈര്യേണ ചെയ്യുന്നവനിഹ നിയതം
സത്തമൻ പൃത്ഥ്വിയിങ്കൽ;
മുത്തോടുൾക്കൊണ്ടു പൂർവ്വം ഭുവനദഹനമാ-
യബ്ധിമദ്ധ്യത്തിൽനിന്ന-
ങ്ങെത്തിക്കത്തിജ്ജ്വലിച്ചീടിന 'കഠിനവിഷം
ശങ്കരൻ ശങ്കയെന്യേ' 321

പാരം ധീരം പരമിഹ പരി-
ഷ്കാരകാലത്തുമന്ത-
സ്സാരം ചേരാതൊരുവക ജനം
കാളി മോദിപ്പതിന്നായ്
വാരം വാരം മൃഗബലി കഴി-
ക്കുന്നിതി ക്രൂരദുർവ്യാ-
പാരം ഘോരം 'ദുരിതമതിനായ്-
ത്തന്നെ സന്ദേഹമില്ല.' 322

പണ്ടാ മഹീപുത്രിയെ മൂഢരായോ-
രുണ്ടാക്കിയോരേഷണി കേട്ടു രാമൻ
വേണ്ടാ നമുക്കെന്നു വെടിഞ്ഞതോർത്താൽ
വേണ്ടാത്തതും വേണ്ടിവരും ചിലപ്പോൾ. 323

## വിവിധ വിഷയങ്ങൾ

വിദഗ്ദ്ധൻ മടിയിൽചേൎത്തു
വിരൽകൊണ്ടു തലോടവേ
കമനീയതരം 'രാഗം'
കാട്ടീടുന്നു വിപഞ്ചിക. 324

മാധുൎയ്യമുണ്ടു,ധരമൎദ്ദനയോഗ്യമത്രേ,
സാദം സുഖസ്വപനവും കലരും ഭുജിച്ചാൽ,
ഉള്ളം മഹാകഠിനമാം, പുറമേ മൃദുത്വം
കൊള്ളുന്നു, മാമ്പഴമിദം വനിതാമനോജ്ഞം. 325

ഒരുവളൊഴിച്ചീടും ജല-
മൊരുവൻ കുതുകത്തൊടേ കുടിക്കുമ്പോൾ
പുരുഷനഗസ്ത്യനെയോൎത്താൻ,
തരുണീമണി നാലു സാഗരങ്ങളെയും. 326

---

324. രാഗം = നാട്ട മുതലായവ; അനുരാഗമെന്നും.

325. സാദം = ക്ഷീണത. സ്വപനം = നിദ്ര. വനിതാമനോജ്ഞം = സ്ത്രീ എന്നപോലെ മനോജ്ഞം.

326. അഗസ്ത്യനായിരുന്നെങ്കിൽ അധികനേരം വെള്ളം കുടിക്കാമായിരുന്നു എന്നു പുരുഷനും; നാലു സമുദ്രങ്ങളിലെയും വെള്ളം ഉണ്ടായിരുന്നെങ്കിൽ അധികനേരം വെള്ളം ഒഴിച്ചുകൊണ്ടുനില്ക്കാമായിരുന്നു എന്നു സ്ത്രീയും പരസ്പരദൎശനാഭിലാഷത്താൽ ഓൎത്തു.

നീലാംഭോരുഹതുല്യമാം നയനവും
　　ബിംബോഷ്ഠവും ചേൎന്ന നൽ-
ച്ചേലാൎന്നുള്ളൊരു സുന്ദരാംഗി വിപിനേ
　　സംകേതമെത്തീടവേ
ചോരന്മാരവിടത്തിലെത്തിയവൾ തൻ-
　　ഭൂഷാഗണം സൎവ്വവും
പാരാതങ്ങു ഹരിച്ചുവെങ്കിലുമഹോ!
　　തൊട്ടില്ല നാസാമണി. 327

കപ്പാൻ കള്ളൻ തുരക്കുംപൊഴുതു ചുവരിടി-
　　ഞ്ഞായവൻ ചാകമൂലം
തൽഭാൎയ്യാവധ്യഭാവം ധനിയിലരുളിനാ-
　　ളായവൻ കാരുവിങ്കൽ,
ഉൾപ്പൂവാകൎഷണംചെയ്തൊരു വധുവിലവൻ
　　നാരി തട്ടാനിലും, 'ഞാ-
നല്ലാംഗൻ, ചെട്ടി നന്നെ'ന്നവനുമഥ നൃപൻ
　　ചെട്ടിയെത്തൂക്കിലിട്ടു. 328

---

327. മൂക്കുത്തി, കണ്ണിന്റെ കറുപ്പ് മേൽഭാഗത്തും അധരത്തിന്റെ ചെമപ്പ് കീഴ്ഭാഗത്തും സംഗമിച്ചതിനാൽ കുന്നിക്കുരുവാണെന്നു തോന്നിയതുകൊണ്ടു് ചോരന്മാർ അതിനെ ആഗ്രഹിച്ചില്ല.

328. 'അന്യായപുരം' രാജ്യത്തിൽ 'ദുമ്മതി' എന്നൊരു രാജാവുണ്ടായിരുന്നു. അവിടെ ഒരു ധനവാന്റെ ഗൃഹത്തിൽ ഒരു കള്ളൻ മോഷ്ടിക്കാനായി ചുവരുതുരന്ന സമയം ചുവരിടിഞ്ഞുവീണു് അവൻ മരിച്ചുപോയി. അങ്ങനെ ദുർബലമായി ചുവരുകെട്ടിച്ചു് തന്റെ ഭൎത്താവിനു് മരണം വരുത്തിയ ധനവാൻ വധ്യനാണെന്നു് കള്ളന്റെ ഭാൎയ്യ രാജസന്നിധിയിൽ ആവലാതിപ്പെട്ടു. രാജാവു് ധനവാനെ വരുത്തി ചോദിച്ചു. ചുവരുകെട്ടിയ ശില്പിയാണു് കുററക്കാരൻ എന്നു് അയാൾ വാദിച്ചു. ശില്പി താൻ ചുവരുകെട്ടുന്ന സമയം കടന്നുപോയ സ്ത്രീ തന്റെ മനസ്സിനെ ആകൎഷിച്ചതിനാൽ അവളാണു്

മുന്നിൽപെട്ടപദാർത്ഥമൊക്കെയണുവും
വ്യത്യാസമെത്താതെ താൻ
തന്നുള്ളത്തിലുടൻധരിക്കു,മെതിരാ-
യീടുന്നവർക്കഞ്ജസാ
തന്നെത്താനറിയുന്നതിന്നു വഴിയു-
ണ്ടാക്കീടുമീവണ്ണമീ
മന്നിൽ പണ്ഡിതതുല്യമായ് വിലസുമി-
ക്കണ്ണാടിയാനന്ദദം. (സ-പ) 329

## ചന്ദ്രികാപത്രത്തെക്കുറിച്ച്

ആറാതുള്ള വചോവിലാസമതിനാൽ,
മാറാതെ മൂഢവ്രജം
പേറാതുള്ള പരിഷ്കൃതത്വമഖിലം
വേറാക്കിടും 'ചന്ദ്രികേ!'
ആറാമാണ്ടിഹ പൂണ്ട തീയതിമഹ-
സ്സേറാൻമുതിർന്നിന്നിയും
നീറാമേനിയിലൊന്നിടുന്ന പരന്മാ-
ക്കുറ്റാളുമാറാകണം. 330

---

കുറ്റക്കാരി എന്നറിയിച്ചു. മനസ്സിനെ ആകർഷിച്ചതു് താൻ അണിഞ്ഞിരുന്ന ആഭരണമാകയാൽ അതു തീർത്ത തട്ടാനാണു് കുറ്റക്കാരനെന്നു് അവൾ ഉണർത്തിച്ചു. തട്ടാനെ വരുത്തി തൂക്കിലിടാൻ തീർച്ചയാക്കി കഴുകുമരത്തിനടുക്കൽ കൊണ്ടുപോയി. അപ്പോൾ സ്ഥൂലകായനായ ഒരു ചെട്ടിയാർ അതിലേ വരുന്നതുകണ്ടു് തട്ടാൻ, 'ഈ വലുതായ കഴുവിൽ കൃശനായ എന്നെ തൂക്കിലിടുന്നതു് ശരിയല്ല. ഈ ചെട്ടിയാർ തടിച്ച ആളാകയാൽ ഇയ്യാളാണു് ഈ കഴുവിനു ചേർച്ചയായ ആൾ' എന്നു് ബോധിപ്പിച്ചു. ശരിതന്നെയെന്നരുളിച്ചെയ്തിട്ടു് രാജാവു് ചെട്ടിയാരെ തൂക്കിലിടുവിക്കയുംചെയ്തു. ഇതാണു് ഈ ശ്ലോകത്തിലെ കഥ. 'ശൂലാന്ത്രപോവണിക്' എന്നു് സംസ്കൃതത്തിലും 'കഴുവിൽകോറാൻ കോമട്ടി' എന്നു മലയാളത്തിലും പറയുന്നതു് ഈ കഥയെ ഉദ്ദേശിച്ചാകുന്നു.

## സുധർമ്മാ പത്രത്തെക്കുറിച്ച്

അധർമ്മൗഘം ലേഖാവലി മഹി-
മയാൽത്തീർത്തുമിഹ ദുർ-
വിധന്മാരോടേല്ക്കും പ്രബലത-
രവൈരായുധമൊട്ടും
സുധർമ്മശ്രീനൽകും വിബുധവ-
രസംരക്ഷയൊട്ടുമി-
സ്സുധർമ്മാ ഭൂമീശാശ്രയസുഭ-
ഗയായ് വാഴ്ക സുചിരം (സ്വ) 331

## ദ്വിജവരൻ പത്രത്തെക്കുറിച്ച്

ഭാർഗ്ഗവസ്ഥിതി പുരസ്കരിച്ചു സ-
ന്മാർഗ്ഗനിഷ്ഠയൊടലം സുവൃത്തനായ്
വർണ്ണശുദ്ധി വിശദം വിളങ്ങിടും
ധന്യനാം 'ദ്വിജവര'ന്നു മംഗളം. (സ്വ) 332

---

331. ലേഖാവലി = ലേഖനസമൂഹം; ദേവസമൂഹമെന്നും. വൈരായുധം = വൈരം (വിരോധം) ആകുന്ന ആയുധം; വജ്റായുധമെന്നും, വിബുധവരസംരക്ഷ, പണ്ഡിതശ്രേഷ്ഠന്മാരുടെ സംരക്ഷണം, ഇന്ദ്രന്റെ സംരക്ഷണമെന്നും. ഭൂമീശാശ്രയം = രാജാവിന്റെ ആശ്രയം; വിഷ്ണുവിന്റെ ആശ്രയമെന്നും.

332. ഈ ശ്ലോകത്തിന് പത്രപരമായും ബ്രാഹ്മണപരമായും ചന്ദ്രപരമായും അർത്ഥമുണ്ട്. ഭാർഗ്ഗവസ്ഥിതി പുരസ്കരിച്ച് = പരശുരാമൻ നില്ക്കുന്ന രീതിയിലുള്ള ഒരു പടം ധരിച്ചിട്ട്; പരശുരാമൻ ഏർപ്പെടുത്തിയ സ്ഥിതിയെ (മര്യാദയെ) ആദരിച്ചിട്ട്; ശുക്രനക്ഷത്രത്തിന്റെ സാമീപ്യത്തോടുകൂടി എന്നും. സന്മാർഗ്ഗം = സദാചാരം; ആകാശമാർഗ്ഗമെന്നും. സുവൃത്തൻ = നല്ല കഥകളോടുകൂടിയതു്; നല്ല പ്രവൃത്തിയോടുകൂടിയവൻ; നല്ല വൃത്താകാരമുള്ളവൻ എന്നും. വർണ്ണം = അക്ഷരം. ജാതി = നിറം എന്നും.

## ഒരാൾക്കു പത്രവഴി കൊടുത്ത മറുവടി

(സ്വ)

വിദ്യാപദ്യയിലുദ്യമ-
മുദ്യദ്രസമാൎന്ന വാണിടും സുമതേ!
അദ്യ ഭവാനുടെ ഹൃദ്യം
പദ്യം ഞാനത്ര കണ്ടിതനവദ്യം. 333

മേലേ മേലേ ജോലിക-
ളാലേ മാലേറിടുന്നതിനാലേ
ചാലേ കൃതിലേഖനമിഹ
കാലേ മേ ലേഖിനിക്കു കുറയുന്നു. 334

കല്യാണി ഹൌണിമതിയേതിനുമെന്ന വാക്കിൽ
കല്യാശയത്വമിയലുന്നവർ കണ്ണടയ്ക്കിൽ
ചൊല്ലാൎന്ന നമ്മളുടെ കൈരളി ഹന്ത! മേലി-
"ലില്ലാതെയായിവരുമെന്നിഹ തോന്നിടുന്നു." 335

ലാളിത്യം കലരും മനോജ്ഞപദവി-
ന്യാസം രസസ്ഫൂൎത്തിയും
മേളിക്കും വരവൎണ്ണവും പ്രണയവും
ചേരും ഭവൽപത്രികാ-
മേളത്തോടിഹ കൈയിൽ മയ്യൽമിഴിപോ-
ലെത്തി പ്രമോദക്കടൽ-
ക്കോളിൽ ചേൎത്തു വലച്ചിതെന്നെയധികം
സാരസ്യവാരാന്നിധേ! (സ്വ) 336

ഉണ്ടാകുന്നുണ്ടു പത്രാവലി പരമധുനാ
കേരളീയോക്തിവല്ലി-
ത്തണ്ടാന്നൊന്നുള്ളതോത്താലതികുതുകരസം
വീക്ഷമാക്ഷം വിതർക്കം;
കൊണ്ടാടേണ്ടുന്ന കാലത്തതിനഥ മടിയാം
ചൂടെഴും വായുവേററി-
ട്ടുണ്ടാകും വാട്ടമെന്നുള്ളതുമിഹ നിയതം
കണ്ടിടുന്നുണ്ടു പാരിൽ. (സ്ര) 337

## കൊല്ലത്തുനിന്നു് തിരുവനന്തപുരത്തു പോകുന്ന അവസരത്തിൽ ഇംഗ്ലീഷ് ഹൈസ്കൂളിൽ യാത്രഅയയ്ക്കാനായി കൂടിയ സഭയിൽ ചൊല്ലിയവ

പ്രാണങ്ങൾക്കിഹ തുല്യമായി മരുവും
വിദ്യാർത്ഥിസംഘത്തെയും
പ്രാണപ്രേമവിലാസമോടമരുമീ-
യദ്ധ്യാപകൗഘത്തെയും
ചേണാന്നീടിന മംഗളപ്രഭയെഴ-
ന്നിംഗ്ലീഷുഹൈസ്കൂളിതും
കാണാതങ്ങു വസിച്ചിടേണ്ടതു നിന-
ച്ചുൾകണ്ഠയേറുന്നു മേ. 338

വന്നോരീ വലുതായിടുന്ന വിരഹം
തെല്ലും സഹിക്കാവത-
ല്ലെന്നാലും നൃപകല്പനാനുസരണം
പോകുന്നൊരെന്നിൽ സദാ

കുന്നിക്കും പ്രണയംകലന്ന ഭവതാ-
മല്ലേതരാനുഗ്രഹം
നന്ദിക്കാസ്സ്പദമായ് മുദാ വിലസുമെ-
ന്നോത്താശംസിക്കുന്നു ഞാൻ. 339

## ഭാരതഭൂവന്ദനം

(സ്വ)

ധാതാവമന്ദകുതുകം ത്രിദിവത്തിൽനിന്നു-
മേതാനുമംശമവനിക്കു കൊടുത്തവണ്ണം
ശ്രീതാവുമുന്നതഗുണങ്ങൾകലന്നൊരിൻഡ്യാ-
മാതാവിനായ് മഹിതഭക്തിയൊടേ തൊഴുന്നേൻ. 340

ഭൂതാനുകമ്പമുതലായ മഹാഗുണത്താൽ
പൂതാനുഭാവഭരമായൊരപത്യജാലം
ജാതാനുമോദമുളവാക്കി വിളങ്ങുമിൻഡ്യാ-
മാതാവിനായ് മഹിതഭക്തിയൊടേ തൊഴുന്നേൻ. 341

'ഗീതാദി'സാഹിതികൾകൊണ്ടലമാങ്ഗലേയ-
വ്രാതാദരത്തെയുമിയന്ന നിജാത്മജന്മാർ
സ്സീതാഭമേകിയ യശോഭരമാന്നൊരിൻഡ്യാ-
മാതാവിനായ് മഹിതഭക്തിയൊടേ തൊഴുന്നേൻ. 342

മേദിനിക്കമരനാഥനാണു താൻ;
ധൎമ്മരക്ഷ നിയതം നിജവ്രതം;
മൂല'ഭൂപരി ചിരം സുഖിപ്പതി-
ന്നെന്തുവേണ്ടതിതിലപ്പുറം ഗുണം? 343

343. മേദിനിക്ക് അമരനാഥൻ (ഇന്ദ്രൻ) രാജാവെന്നൎത്ഥം. അമരനാഥൻ = മരണമില്ലാത്തവരിൽ മുഖ്യൻ എന്നും. ധൎമ്മരക്ഷ = സദാചാരപരിപാലനം; കാലാൻറാ സംരക്ഷണമെന്നും.

ഭാഷാഭിവൃദ്ധികരമാകുമനേകകൃത്യം
നിത്യം നടത്തുമിവിടേയ്ക്കുതിദീർഘകാലം
ഭാഷാപിതാവു സുഖജീവിതമേകുമോക്കി-
ലാക്കാശയില്ല ഹൃദി തന്മകൾനന്മയിങ്കൽ. 344

തൻകൈയിങ്കൽ വിളങ്ങിടുന്നൊരു ശര-
ത്താരേശസങ്കാശമാം
വെൺകൊററക്കുടകൊണ്ടു നാടഖിലവും
നന്നായ്ത്തണുപ്പിക്കവേ
വങ്കത്തം കലരും ഖലക്കു ബത! സ-
ന്താപം വളർത്തീടുമി-
ത്തങ്കപ്പൂന്തിരുമേനി മൂലധരണീ-
പാലൻ ജയിച്ചീടണം. (സ്വ) 345

നാട്ടിൽ ചേർന്നുള്ള ശില്പാലയതതികളിലും
നവ്യമാമാവിയന്ത്രം
തോട്ടിന്നും കായലിന്നും നടുവിലുഴറിടും
ബോട്ടിലും ചെന്നിണങ്ങി
പാട്ടിൽ ചേരുന്ന ധൂമം കുഴൽവഴി കളയും
ശബ്ദമെന്നുള്ള കള്ളം-
കാട്ടി ശ്രീമൂലരാട്ടിൻജയപടഹമടി-
ക്കുന്നിതുദ്ധപ്രതാപം. 346

---

344. ഭാഷാ = സംസ്കൃതം മുതലായ ഭാഷ; സരസ്വതീദേവി എന്നും.

345. സന്താപം = ചൂടു്; ദുഃഖമെന്നും.

മാടാവനീമാനിനി മൗലിതന്നിൽ
മാനിച്ചു ചാർത്തുന്ന മനോജ്ഞരത്നം
മാലോകർതൻമോഹതമസ്സകററി
മേവേണമേവം ചിരമേവ മേലും. 347

ഋിമശ്നാഗതിക്കു സന്നിദശ്നായമാനമാം
'സുദശ്നാ'ഖ്യപത്രമേ! ദയാർദ്രനാം ജനാർദ്ദനൻ
അഭംഗമായ് വിളങ്ങിടുന്ന മംഗളോദയങ്ങൾ തേ
നിരന്തരം വരുംതരം വരന്തരും പരന്തപൻ. 348

ഹരിപൂരിഹ തേടാതെ
രാ തീരാ; തിരിയാരി:റി;
തുയിരായിതു തേ മാതേ!
പോടീ പോ; ലത തേ തല. (സ.പ) 349

---

348. സന്നിദശ്നം = നല്ല ദൃഷ്ടാന്തം.

349. ഇതു് സദുപദേശത്തെ അനുവത്തിക്കാതെ ദുഷ്ടവംശവദയായിത്തീന്ന ഒരു സ്ത്രീയോടു് പറയുന്നതാകുന്നു. ഹരിപൂരു് = വിഷ്ണുപുരത്തെ, വൈകുണ്ഠത്തെ. 'ഋക്പൂ'രിത്യാദികൊണ്ടുള്ള അകാരം സമാസാന്ത വിധിയുടെ അനിത്യത്വത്താൽ സ്വീകരിച്ചിട്ടില്ല. 'ത്രിഭുവനപുര ശില്പി' ഇത്യാദി പ്രയോഗവും ഉണ്ടല്ലോ. തേടാതെ = വിഷ്ണുഭജനം ചെയ്യാതെ. ഇഹ = ഇവിടെ. രാ = ഇരുട്ടു്; മോഹം. തീരാ = തീരു കില്ല. ആരു് ഇതി തിരി = നീ ആരാണെന്നു് അഥവാ ആ വിഷ്ണു തന്നെ ആരാണെന്നു് തിരിച്ചറിയുക. അല്ലയോ മാതേ! തേ = നിനക്കു്. ഇതു് = ഹരിഭജനവിമുഖമായ സ്ഥിതി. തുയിർആയി = ദുഃഖമായിട്ടാണു് തീന്നിരിക്കുന്നതു്. സദുപദേശം കേൾക്കാത്ത എടീ! നീ പോ പോ. തേ തല = നിൻെറ ബുദ്ധി. ലത = വല്ലി ആകുന്നു. വല്ലിപോലെ എങ്ങോട്ടും വളയ്ക്കാവുന്നതു്—ആരു പറ യുന്നതിനേയും വിശ്വസിക്കുന്നതു്—ആകുന്നു.

പ്രതാപമേറും പുരുരാജവംശ-
പ്രദീപമാനന്ദിതവീരസേനൻ
ശകുന്തലാഭാധികമോദിതാത്മാ
ദുഷ്ഷന്തനും നൈഷധനും സമന്മാർ. (സ്വ) 350

കാവ്യങ്ങളിൽ കേളി കലർന്നവയ്ക്കും
കാണായ്‌വരും ദോഷകണങ്ങൾ പാർത്താൽ;
കാമ്യം ഗുണൗഘം പരമൊന്നിലുംതാൻ
കാർത്സ്ന്യേന കണ്മാൻ കഴിയാ ജഗത്തിൽ. (സ്വ) 351

---

350. പുരുരാജവംശപ്രദീപം = പുരു എന്ന രാജാവിൻെറ വംശത്തിനു പ്രദീപമായുള്ളവൻ; അനേകങ്ങളായിരിക്കുന്ന രാജവംശങ്ങൾക്കു പ്രദീപമായുള്ളവൻ എന്നും. ആനന്ദിതവീരസേനൻ = ആനന്ദിപ്പിക്കപ്പെട്ട വീരസേനയോടു (വീരമുള്ള സേനയോടു) കൂടിയവൻ; ആനന്ദിപ്പിക്കപ്പെട്ട വീരസേനനോടു (സ്വപിതാവോടു) കൂടിയവനെന്നും. ശകുന്ത.........ത്മാ = ശകുന്തളയുടെ ആഭയാൽ അധികം മോദിക്കപ്പെട്ട മനസ്സോടുകൂടിയവൻ. ശകുന്തത്തിൻെറ = പക്ഷിയുടെ (അരയന്നത്തിൻെറ) ലാഭത്താൽ. ലാഭത്താൽ = ദൂതത്വേന ലഭിച്ചതിനാൽ അധികം മോദിക്കപ്പെട്ട മനസ്സോടുകൂടിയവൻ എന്നും.

352. കാർത്സ്ന്യേന = പൂർണ്ണമായിട്ട്.

# സംസ്കൃതശ്ലോകങ്ങൾ

## കോഴിക്കോട്ടുനിന്നും പി. ആർ. വെങ്കടാചല ശാസ്ത്രീകൾ കേരളവർമ്മവിലാസത്തെ അഭിനന്ദിച്ച് അയച്ച ശ്ലോകങ്ങൾ

"കവിതാ കില താവദേവ വന്ധ്യാ
ഭവിതാ യാവദിയം ന വര്ണ്ണ്യതേ ഹി
കവനേ കവികാളിദാസതുല്യോ
ധിഷണോ ധീവിഷയേഷു കേരളാഖ്യഃ. 1

കേരളീയകവികാളിദാസചരിതാമൃതൌഘ
പരിപൂരിതാ
കേശവാദ്രിഗളിതാ മുദാ വിബുധകോടിഭി
സ്സതതസേവിതാ
ഹൃദ്യപദ്യമയവാഗ്ഝരീസരസഭാവസാര-
സവിരാജിതാ
രാജതേ ജഗതി സാ മദീയഹൃദയാലവാല-
തലപോഷിണീ. 2

ഹൃദ്യാനവദ്യപദപല്ലവതല്ലജാഢ്യാ
പദ്യാകൃതിഃ കൃതിരിയം കവികല്പവല്ലീ
പ്രഖ്യാതകേരളകവീശയശഃപ്രശസ്ത-
പുഷ്പോജ്ജ്വലാ ലസതി കാവ്യകദംബവാട്യാം. 3

കേരളകവികുലചൂഡാ-
ഭൂഷണകവിരാജകേശവാകലിതാ
നവസുമമധുസമവാണീ
രമയതി രമണീവ മാമിയം കവിതാ. 4

'കേരളവർമ്മവിലാസം'
സരസാലങ്കാരചാരുപദലളിതം
കേശവകവിവരകലിതം
കലയതു കവിജാലമാനസാമോദം." 5

## മറുവടി

(സ്വ)

ശ്രീവെങ്കടാചലമഹീസുരവാഗ്വിലാസ-
പീയൂഷപാനലഹരീവിവശാന്തരംഗഃ
ഈശേന കിഞ്ചിദപി വക്തുമിഹാദ്യ സമ്യ-
ഗ്വൈവശ്യഭാജി ഹൃദയേ വചസാം ക്വ ശക്തിഃ. 6

അഥാപി തൽ സൌഹൃദസാരബോധ-
സഞ്ജാതകാർത്ത്യജ്ഞഭരപ്രഭാവഃ
പ്രകൃഷ്ടബുദ്ധേ! പ്രതിലേഖനായ
പ്രസഹ്യ മാം പ്രേരയതി പ്രകാമം. 7

വരഗുണമപി മലിനയിതും
ബഹവസ്സന്ത്യദ്യ പണ്ഡിതാ ഭുമൌ;
ലഘുഗുണമപി ശംസന്തോ
വിരളാ ഏവ ദൃശസ്സഖേ! സന്തഃ. 8

ഏഷാമകൃത്രിമഗുണോല്ലസിതാശയാനാ-
മേകൈവ നിർമ്മലതരാ മഹിതാ പ്രശംസാ
അസ്മാദൃശാമയി സഖേ! രസഭാവരമ്യ-
പ്രത്യഗ്രകാവ്യരചനോത്സുകതൈകഹേതുഃ. 9

## മാനവിക്രമഏട്ടൻതമ്പുരാൻ അവർകൾക്കു് അയച്ച മറുവടി

(സ്വ)

ദാവനാവരത്നമാലാം
തൃതീയസഹൃദയസമാഗമോദന്തം
ലേഖനമാലാമപി ഭോ-
സ്സർവമവൈക്ഷിഷി നൃപാലകവിമൌലേ. 10

വിദ്വന്മണികവിതല്ലജ-
ഹൃദ്യനവോല്ലേഖവിവിധരസലഹരീ
അദസീയാലംഭി മയാ
യയാ കൃപായൈ നമോസ്തു തേ തസ്യൈ. 11

ക്ഷോണീന്ദ്രാണീവര! ഗൈർ-
വാണീപരിപാലനൈകതാനത്വം
നാണീയസ്തവ ചാന്തർ-
വാണിപ്രണയം ന കേ സ്തുവന്ത്യധുനാ? 12

വിബുധാനന്ദമമന്ദം
കുർവന്നേവം കലാഭിരമലാഭിഃ
ആകല്പമിഹാകല്പോ
രാജൻ! ജേജീയതാം ഭവാൻ ഭൂമേഃ. 13

ക്വചന വിലസേദ്യന്മാഹാത്മ്യം
ദിവാകരവൽ സ്ഫുടം
ക്വചന സുതരാമവ്യക്തം സ്യാ-
ദ്ധിയാപി ദുരാസദം
കുശലമഖിലം കുർവ്വാണം ത-
ദ്രമാസുകൃതം സതാം
"സ്ഫുരതു ഹൃദയേ പ്രേമോദാരം
കിമപ്യമലം മഹഃ" 14

അസ്പൃഷ്ടമഭ്രസദൃശം ഖലു ശക്തിരൂപം
യൽ സന്തതം വസതി സർവ്വചരാചരേഷു
തസ്മാദവാങ്മനസഗോചരഭാവരൂപാ-
"ദന്യന്ന മേ ജഗതി ദൈവതമസ്തി കിഞ്ചിൽ." 15

വിവിധവിഭവോല്ലാസേ വാസേ,
മഹീയസി തേജസി,
സ്ഫുടമധിഗതേ ശാസ്ത്രേ, ഗാത്രേ
നവേ വയസി സ്ഥിതേ,
സഹജമിഹ യോ ഖർവ്വം ഗർവ്വം
ജഹാതി മഹാമതി-
"ന്നിഖിലജനതാമാന്യോ ധന്യ-
സ്സ ഏവ ഹി നാപരഃ." 16

## കൊച്ചിയിൽ വലിയതമ്പുരാൻ തിരുവനന്തപുരത്തു് എഴുന്നള്ളിയ സമയം കൊട്ടാരത്തിൽവച്ചു സമപ്പിച്ച ശ്ലോകങ്ങൾ

(സ്വ)

ശ്രീമൻ മാടമഹീസുധാകര വിഭോ!
സവ്ജ്ഞചൂഡാമണിം
നാനാ ചാരുകലാവിലാസവിഭവൈ-
രാനന്ദയന്തം ബുധാൻ
ദൃഷ്ട്വാ ഹന്ത! ഭവന്തമദ്യ കലിതാ-
നന്ദം ചിരാദീപ്സിതം
തൃപ്തിം നേത്രചകോരകോ മമ സതാ-
മാലംബ! നാലംബതേ. 17

ഗൈവ്വാണീമഹിതാങ്ഗലീനരപതിം
വാണീ ച ലക്ഷ്മീ സ്വയം
ധമ്മശ്രീരപി യം ഭജന്തി സരസം
സാപത്ന്യവൈരം വിനാ
തസ്യൈതസ്യ വിഭോരിഹാജിഗമിഷാ
തോഷാതിരേകേണ യ-
ജ്ജാതാ തദ്ദൃഢമസ്മദീയസുകൃത-
സ്യോജ്ജൃംഭിതം സാമ്പ്രതം. 18

രാകാശീതകരാവുഭൌ സമുദിതാ-
വുദ്യൽപ്രഭാഭാസ്വരൌ
സ്യാതാം യദ്യുദയാസ്തശൈലശിരസോ-
രാത്യന്തരേ ശാരദേ

താഭ്യാമഞ്ചിതവഞ്ചിമാടനൃപയോ-
രുത്തുംഗപൂർവ്വാപര-
പ്രാസാദസ്ഥിതയോരിഹാദ്യ ഭവതോ-
സ്സാമ്യം സമാകല്പ്യതാം. 19

അദ്യാന്യോന്യസമാഗമേന സദൃശേ-
നൈവം ചിരാൽ സംഭൃതം
സൌഹാർദ്ദം സുതരാം ദൃഢീകൃതവതോഃ
ശ്രീവഞ്ചിമാടേശയോഃ
ധൎമ്മൈകപ്രവണാത്മനോഽന്യദൃശോർ-
ദേയാദപായാപഹം
നേത്രാസേചനകാംഗയോശ്ചിരതരം
ശ്രീപദ്മനാഭശ്ശുഭം. 20

## സംസ്കൃതപാഠശാലയിലെ ഒരു സഭയിൽ ചൊല്ലിയതു്

(സ്വ)

യേനൈകോപി ന നീയതേ സമുചിത-
വ്യാപാരഹീനഃ ക്ഷണോ
യസ്യാലോകനതഃ ശ്രയന്തി ച നവാം
പ്രോത്സാഹലക്ഷ്മീം ബുധാഃ
നാദൃഷ്ടാസ്ത്വമുപൈതി യസ്യ മിഹിര-
സ്സൽകൎമ്മസൌജന്യജം
ശ്രീമാൻ കേരളവൎമ്മപൎപ്പനൃപതി-
സ്സോയം വിജേജീയതാം. 21

## ഗുരുവായൂർ ദീപസ്തംഭത്തെക്കുറിച്ച്

(സ്വ)

വിലസതി ദീപസ്തംഭഃ
പുരതോ ഗുരുവായുപുരവരസ്യായം
ശ്രീമച്ഛങ്കരനായക-
ഭക്ത്യുദ്രേകസ്ഫുടപ്രരോഹ ഇവ. 22

ബോധോ യസ്സകലേശ്വരസ്യ സകല-
വ്യാപ്തേര്യ്യദപ്യാങ്ഗുലീ-
വൈദുഷ്യം യതിഹാക്ഷദശ്കപടം
ചൈതാനി സൂക്ഷ്മാത്മനാം
ദേവാഗാരനിരാദരത്വധിഷണാം
നൄണാം ന കുര്യ്യുഃ കദാ-
പ്യേവം യോ വിവരീവരീതി മഹിത-
സ്സോയം വിജേജീയതാം. 23

* മാ ഗൈര്വ്വാണി! ശുചം ഗമ‘സ്സമുചിതം
ഹാ നാദ്രിയന്തേ ജനാഃ
കേചിന്മാ’മിതി; പാവനാംസ്തവ ഗുണാ-
നന്യാദൃശാനന്വഹം
ലോകാൻ ബോധയിതും നിരസ്യ വിഷമാം
ദൃഷ്ടിം ഗതോയം മഹീം
ജാഗർത്തി ദ്വിജരാജശേഖര ഇഹ
ശ്രീനീലകണ്ഠഃ സ്വയം! (സ്വ) 24

---

* പുന്നശ്ശേരി നീലകണ്ഠശർമ്മ അവർകളെക്കുറിച്ച്.

## 'വിജ്ഞാനചിന്താമണി' സംസ്കൃതപത്രഗ്രന്ഥത്തെപ്പററി

അസ്പഷ്ടതേഽപി ച ലിപിതതേ-
ര്യോ ഹരന്മാനസം ന-
സ്ത്യപ്യങ്കേ വിധുരിവ സുധാ-
സ്യന്ദിഭിർഗ്ഗോസമൂഹൈഃ
സോയം സമ്യക്സ്ഫുടനവലിപി-
സ്സാമ്പ്രതം പ്രോജ്ഝിതാങ്ക-
സ്യേന്ദോഃ'ശ്ചിന്താമണി'രധിഗതഃ-
ശ്രീലതാം ലാലസീതി. (സ്വ) 25

കൊല്ലവർഷം 1087 ധനുമാസത്തിലാണു് സാഹിത്യവിലാസം പ്രസിദ്ധംചെയ്തതു്. അതിനുശേഷം 1089 ചിങ്ങംവരെ കെ. സീ. യുടെ ഡയറിയിൽ എഴുതീട്ടുള്ള പദ്യങ്ങളിൽ പ്രധാനമെന്നു തോന്നിയവകൂടി താഴെ ചേർക്കുന്നു.

പ്രസാധകൻ.

## ഭാരതചന്ദ്രികപത്രത്തെക്കുറിച്ചു്

സൂരിചകോരനിരയ്ക്കനുവേലം
ഭൂരികുതൂഹലമേകിയുദാരാ
ഭാരതചന്ദ്രിക പാരിതിലെങ്ങും
ചാരുതരാഭയോടേ വിലസട്ടേ.

## 'ലക്ഷ്മീഭായി'യെക്കുറിച്ച്

വായിക്കുംതോറുമോരോവിധമഭിനവമാം
ബോധമേകി പ്രമോദ-
ശ്രീയിക്കാണായലോകക്കുന്നുദിവസമണ-
ച്ചന്ധകാരങ്ങളെല്ലാം
പായിക്കും പാകമാൎന്നീടിന നില പലനാ-
ളാസ്വഹിക്കുന്ന ലക്ഷ്മീ-
ഭായിക്കായിക്കടക്കണ്ണരുളുക കരുണാ-
ഗാരമേ! നീ രമേശ!

## കൊച്ചി വലിയതമ്പുരാൻെറ ഷഷ്ടിപൂൎത്തിയെപ്പററി

ആയുസ്സിൻസംഖ്യകല്പിപ്പവനുടെ വനിത-
യ്ക്കെപ്പൊഴും തൽപ്രതാപ-
ശ്രീയുത്സാഹത്തൊടേകും ശിതതരമതിയാ-
യുള്ള മാടക്ഷിതീശൻ
ആയുസ്സിൻ പൂൎവഖണ്ഡം ശുഭമൊടിഹ നയി-
ക്കുന്നതെന്തത്ഭുതം? മേൽ
ഭൂയസ്സൗഖ്യം നയിക്കും സുകൃതിയപരമാം
ഖണ്ഡവും ഭണ്ഡമെന്യേ.

## പെരുന്ന നായർസമാജമന്ദിരോൽഘാടനാവസരത്തിൽ ശ്രീ: മന്നത്തു പത്മനാഭപിള്ളയ്ക്കയച്ചതു്

പെരുന്നയാകും ദിശി സാമ്പ്രതം ശുഭം
തുറന്നിട്ടും നായർസമാജമന്ദിരം
ചിരം നിതാന്തം നിലനില്പതിന്നുമാ-
വരൻ വരം നല്കനിവോട്ട നല്കണം.

## കുഞ്ഞിക്കുട്ടൻതമ്പുരാൻെറ ചരമത്തെപ്പററി

മനമേ! കവിതാരസജ്ഞരാകും-
ജനമേ! മാഴ്കുവതിങ്കലെന്തു ലാഭം
ഇനിമേൽ നവവാഗ്രസം ഭുജിപ്പാ-
നനിമേഷാധിപർതന്നെ ഭാഗ്യവാന്മാർ.

'ഒരുനേരവുമിങ്ങു ഭാഷയാൾ വാ-
ണരുളീടായ്കതിനെന്തു ബന്ധ'മേവം
കരുതിക്കമലാസനൻ തിരക്കി-
ക്കരുണാഹീനമിവണ്ണമാചരിച്ചോ?

കവികൾക്കൊരു രത്നമായ് മഹത്താം
കവിയും സന്മതി കുഞ്ഞുകുട്ടഭൂപൻ
അവിതർക്കിതമായ്പ്പെടിഞ്ഞു നമ്മെ-
ദ്ദിവി ഹാഹന്ത! ജ്വാൽ ഗമിച്ചുവല്ലോ.

ഇതുചൊൽവൊരു ലേഖമിങ്ങു കണ്ടി-
ട്ടതുലം വ്യാകുലനായ്ച്ചമഞ്ഞഹോ! ഞാൻ
മതി മങ്ങിമയങ്ങി മർത്ത്യജന്മ-
സ്ഥിതിയോർത്തോട്ടു സമാശ്വസിച്ചു പിന്നെ.

ഒരുനാളൊരുകത്തു ഗദ്യമായ് ഞാ-
നരുമോദാലവിടേയ്ക്കയച്ചു മുന്നം
മറുകത്തിതിനങ്ങയച്ചതിൽ ചേ-
ർത്തൊരു പദ്യദ്വയമത്ര ചേർത്തിടുന്നേൻ:—

"താനേ ഗദ്യമതായെനിക്കയി ഭവാൻ
പത്രം കുറിച്ചീലയോ?
ക്രൂനേഴം പരമേശ്വരന്നു സരസ-
ശ്ലോകങ്ങളേകീലയോ?
താനേവം ബഹുപക്ഷപാതമിവിടെ-
ക്കാണിക്കുവാൻമാത്രമീ
ഞാനേതെങ്കിലുമപ്രിയം പ്രിയസഖ-
പ്രോത്തംസ! ചെയ്യുന്നതോ?

ആട്ടേ നേരംപോക്കിതു
പോട്ടേ പുകൾപൂണ്ട കവികൾമൗലിമണേ!
പാട്ടിൽ പദ്യമതെഴുതി-
ക്കാട്ടുക മേലാൽ നമുക്കുമതുപോരും."

ഇതുപോലിനിയാരു കത്തയപ്പാ-
നിതുപോലാരിനിയിഷ്ടനായിരിപ്പാൻ
ഇതുപോലിനിയാരു കൈരളിക്കാ-
യതുലം യത്നമജസ്രമേവ ചെയ്യാൻ!

## അനന്തപുരത്തു മൂത്തകോയിത്തമ്പുരാന്റെ ചരമത്തെപ്പററി

ആയുവ്വേദപയോധിയാമഭിനവ-
ശ്രീബാഹടാചാര്യരും
പോയല്ലോ കവികുഞ്ഞുകുട്ടനൃപനോ-
ടൊന്നിച്ചു വിണ്ണിൽ ദ്രുതം;
ഈയുള്ളോക്കിതു ചിന്തചെയ്യുമളവിൽ
സന്താപമാകുന്ന വൻ-
തീയുള്ളത്തിൽ വളന്നിടുന്നു; വിധിയോ-
ടേല്ലാവതാക്കാണഹോ!

## പാഴൂർ പടിപ്പുരയിൽവെച്ചു നടന്ന ഗണകസമാജത്തിനയച്ച മംഗളാശംസ

പരിഷ്കാരം നാട്ടിൽ പലവിധമുദിച്ചുന്നതപദം
തെരിക്കെന്നെത്തീടും ബഹുളമിഹ വദ്ധിച്ചവരവേ
ശരിക്കോരോവഗ്ഗസ്ഥിതർ നിജകുലാഭ്യുന്നതിയതി-
ന്നൊരുക്കം ചെയ്തീടുന്നതിനെയനുമോദിക്കുമെവനും.

ഗണകസാഹതി ചേൻ യഥോചിതം
ഗുണഗണം സ്വകുലത്തിൽ വളൎത്തുവാൻ
സമിതിയൊന്നുളവാക്കിയ വാൎത്ത കേ-
ട്ടമിതമായുളവായ് മമ സമ്മതം.

പ്രസിദ്ധം പാഴൂരിൻമഹിമ; യതുപോൽ
കുഞ്ഞുരാമാഖ്യദാക്ഷ്യം
പ്രസിദ്ധം തത്രൈവം തദധിപതയോ-
ടൊത്തുകൂട്ടും സദസ്സും
പ്രസിദ്ധിക്കൊത്തീടുംവിധമുരുശുഭശ്രീ
കലൎന്നീടുവാനായ്
പ്രസാദിച്ചീടേണം പ്രമഥപതിയാം
തമ്പുരാനൻപിനോടേ.

## പന്തളം കേരളവൎമ്മയുടെ
## രുഗ്മാംഗദചരിതം മഹാകാവ്യത്തെപ്പററി

ശ്രീരുഗ്മാംഗദഭൂവരന്റെ ചരിതം
ധീമൻ! മഹാകാവ്യമായ്
പേരാളുന്ന ഭവാൻ ചമച്ചതു ലഭി-
ച്ചുൽക്കുലകൗതൂഹലം
ധീരോത്തംസ! മുറയ്ക്കുനോക്കിയതുലം
ഭാവജ്ഞമാം സാഹിതീ-
സാരസ്യം സരസം നുകൎന്നിവനമ-
ന്ദാനന്ദമാൎന്നീടിനേൻ.

നാനാശബ്ദവിചിത്രഭംഗി വിവിധാ-
ത്ഥോല്ലേഖനശ്രീയുമ-
ന്യൂനാഭം കലരുന്നൊരി മഹിതമാ-
യീടുന്ന കാവ്യം ഭുവി
മാനാതീതയശസ്സുചേൻ സുകവേ!
മാന്യപ്രബന്ധോചിത-
സ്ഥാനാരോഹമിയന്നു മേവിടുമതി-
ന്നില്ലിങ്ങു കില്ലേതുമേ.

## ബ്രഹ്മാനന്ദസ്വാമിയെപ്പററി

ആചാരദോഷമുളവായ്വളരുന്നകാല-
മാചാര്യരായ് ചില മഹത്തുകളുത്ഭവിക്കും
ആ ശാന്തമാനസരനല്പയശോവിശേഷ-
മാശാന്തരങ്ങളിൽ നിറയ്ക്കുവതും പ്രസിദ്ധം.

അമ്മാഹാത്മ്യം ചേന്ന യോഗീന്ദ്രനാകും
ബ്രഹ്മാനന്ദസ്വാമിതൻ ജന്മതാരം
സമ്മോദംകൈക്കൊണ്ടു ഘോഷിപ്പതോത്താൽ
നിമ്മാതസൃന്മാക്കു പാരം രസിക്കും.

അറുപതുമൊന്നും വത്സര-
മധുനാ തികയുന്നൊരിമ്മഹാസുകൃതി
അതിസുഖമിനിയും ചിരതര-
മവനിയിൽ വാഴാൻ തുണയ്ക്ക ചിദ്രൂപൻ.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA 9 Acc. No. 28462

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

MA9
Gop-K

28462

ഗോപാലകൃഷ്ണപിള്ള കെ.[illegible]

കെ.സി. കേശവപിള്ളയുടെ
ലഘുകൃതികൾ